## നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും:

(i) 2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ

(ii) 2021-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ

(iii) 2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ

(iv) 2021-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ,

(v) 2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ഇന്നലെയാണ് സഭയിൽ സമർപ്പിച്ചത്. ഇതിന് ഭേദഗതി അവതരിപ്പിക്കാനുള്ള സമയപരിധി ഇന്ന് ഉച്ചയ്ക്ക് 12 മണിവരെയാണ് അനുവദിച്ചിരുന്നത്. ഞാൻ ഒരു കുറിപ്പ് നൽകിയതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ അതിനുള്ള സമയപരിധി രണ്ടുമണിവരെ ദീർഘിപ്പിച്ച് നൽകിയിരുന്നു. അത് ഇന്ന് വൈകുന്നേരം ആറുമണിവരെയാക്കി വർദ്ധിപ്പിക്കണം. രണ്ടാമത്തെ ബിൽ ചെറിയ ബില്ലായതിനാൽ പ്രശ്നമില്ല. എന്നാൽ ആദ്യത്തെ ബില്ലായ

സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ ഒരുപാട് ക്ലോസുകളുള്ള വലിയ ബില്ലാണ്. അതിനാൽ സമയം കുറച്ചുകൂടി നീട്ടി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: അങ്ങയുടെ കുറിപ്പുകൂടി പരിഗണിച്ചിട്ടാണ് സമയപരിധി രണ്ടുമണിവരെ നീട്ടി നൽകിയത്. ഇനിയും കൂടുതൽ സമയം അനുവദിക്കുന്നതിന് പ്രായോഗികമായ ബുദ്ധിമുട്ടുണ്ട്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, 2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ, 2021-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ, 2021-ലെ കേരള കർഷക തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ എന്നിവ ഞാൻ അവതരിപ്പിക്കുന്നു.

ഓർഡിനൻസുകൾ പ്രഖ്യാപിച്ചുകൊണ്ട് സത്വരനിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള ചട്ടം 75 (1) പ്രകാരമുള്ള സ്റ്റേറ്റ്മെന്റുകളും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

**തടസ്സവാദം**

ധനകാര്യമെമ്മോറാണ്ടത്തിലെ അവ്യക്തത

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, നിയമസഭയിൽ ഇപ്പോൾ അവതരിപ്പിക്കുന്ന 2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലിലെ ധനകാര്യമെമ്മോറാണ്ടം തെറ്റിദ്ധരിപ്പിക്കുന്നതും വസ്തുതാവിരുദ്ധവുമാണ്. ഈ ബിൽ നിയമമാകുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാനത്ത് സഞ്ചിതനിധിയിൽനിന്നും യാതൊരു അധിക ചെലവുമുണ്ടാകില്ലെന്നാണ് ധനകാര്യമെമ്മോറാണ്ടത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ യഥാർത്ഥ വസ്തുത വ്യത്യസ്തമാണ്. 1994-ലെ 16-ാം നമ്പർ ആക്ടിലെ വകുപ്പ് 7(4)-ൽ 'തയ്യൽത്തൊഴിലാളികളും സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ആളുകളും ഒരു വർഷം നൽകിയ അംശദായത്തിന്റെ പത്തു ശതമാനത്തിന് തുല്യമായ ഒരു തുക നിധിയിലേയ്ക്ക് ഗ്രാന്റായി ഗവൺമെന്റ് നൽകേണ്ടതാണ്' എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഭേദഗതി ബില്ലിലെ 2-ാം വകുപ്പ് പ്രാബല്യത്തിൽ വരുമ്പോൾ തൊഴിലാളികൾ നേരത്തെ നൽകിയിരുന്ന പ്രതിമാസം 20 രൂപ എന്നുള്ളത് 50 രൂപയായി വർദ്ധിപ്പിച്ച് നൽകേണ്ടി വരുന്നു. ഇപ്രകാരം ഒരു വർഷം 600

രൂപ തൊഴിലാളി വിഹിതമായി നിധിയിലേയ്ക്ക് നൽകേണ്ടി വരും. എന്നാൽ നേരത്തെ പ്രതിവർഷം 240 രൂപ എന്ന കണക്കിലാണ് നൽകിയിരുന്നത്. ബിൽ നിയമമാകുന്നതോടെ ഇപ്രകാരം വർദ്ധിച്ച തുകയുടെ 10 ശതമാനം വിഹിതമാണ് സർക്കാർ പ്രതിവർഷം ഗ്രാന്റിനത്തിൽ നിധിയിലേയ്ക്ക് നൽകേണ്ടി വരുന്നത്. ആക്ടിലെ 7 (4) വകുപ്പിൽ ഭേദഗതികൾ കൊണ്ടുവന്നിട്ടില്ലാത്ത സാഹചര്യത്തിൽ ഏഴ് ലക്ഷം തൊഴിലാളികൾ അംഗങ്ങളായ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ആനുപാതിക വർദ്ധനവുണ്ടാകുന്നതായി കാണാം. സർക്കാർ വിഹിതത്തിൽ രണ്ടര കോടി രൂപയുടെ വർദ്ധനവ് പ്രതിവർഷമുണ്ടാകുന്നു. എന്നാൽ ഈ വർദ്ധനവുമൂലം സംസ്ഥാന ഖജനാവിനുണ്ടാകുന്ന ആവർത്തന ചെലവ് സംബന്ധിച്ച വിവരം സഭയിൽനിന്നും മറച്ചുവയ്ക്കുന്നതിന് ബോധപൂർവ്വമായ ശ്രമമാണുണ്ടായിരിക്കുന്നത്. നടപടി ചട്ടം അനുസരിച്ച് റെക്കറിംഗ് ആൻഡ് നോൺ റെക്കറിംഗ് എക്സ്പെൻഡിച്ചർ വ്യക്തമായി ധനകാര്യ മെമ്മോറാണ്ടത്തിൽ കാണിച്ചിരിക്കണമെന്ന് 1996 സെപ്റ്റംബർ 6-ന് ബഹുമാനപ്പെട്ട സ്പീക്കർ സഭയിൽ നൽകിയ റൂളിംഗ് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അതുകൊണ്ട് അപാകതകൾ

പരിഹരിക്കുന്നതുവരെ ബില്ലിന്റെ അവതരണം മാറ്റിവയ്ക്കണമെന്നും ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗ് ഉണ്ടാകണമെന്നും ഞാൻ ആവശ്യപ്പെടുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, 1994-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ആക്ടിന്റെ 7(1) ഉപവകുപ്പ് ഭേദഗതി ചെയ്ത് 2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലിന്റെ വ്യവസ്ഥപ്രകാരം "ഓരോ തയ്യൽ തൊഴിലാളിയും സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഓരോ ആളും പ്രതിമാസം അൻപത് രൂപ വീതവും, ഓരോ തൊഴിലുടമയും, അയാൾ നിയോഗിച്ചിട്ടുള്ള ഓരോ തയ്യൽ തൊഴിലാളിയെ സംബന്ധിച്ചും, പ്രതിമാസം ഇരുപത്തിയഞ്ച് രൂപ വീതവും നിധിയിലേക്ക് അംശദായം നൽകേണ്ടതാണ്" എന്നാണ് വ്യവസ്ഥ ചെയ്യുന്നത്. ഓരോ തയ്യൽ തൊഴിലാളിയും സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ആളും നൽകേണ്ട അംശദായം 20 രൂപയിൽ നിന്ന് 50 രൂപയായി ബില്ലിന്റെ വ്യവസ്ഥ പ്രകാരം വർദ്ധിപ്പിക്കുന്നു. 1994-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ആക്ടിന്റെ 7(4) പ്രകാരം "തയ്യൽത്തൊഴിലാളികളും സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ആളുകളും

ഒരു വർഷം നൽകിയ അംശദായത്തിന്റെ പത്തു ശതമാനത്തിന് തുല്യമായ ഒരു തുക നിധിയിലേയ്ക്ക് ഗ്രാന്റായി ഗവൺമെന്റ് നൽകേണ്ടതാണ്.' പ്രസ്തുത വകുപ്പിന്റെ ക്ലിപ്തനിബന്ധനയിൽ "എന്നാൽ പ്രതിമാസ അംശദായ തുക 10 രൂപയിൽ അധികമായി വർദ്ധിക്കുമ്പോൾ, അപ്രകാരമുള്ള വർദ്ധനവിന് ആനുപാതികമായി നിധിയിലേയ്ക്ക് ഗ്രാന്റ് നൽകുന്നതിന് സർക്കാരിന് ബാധ്യത ഉണ്ടായിരിക്കുന്നതല്ല" എന്ന് വ്യവസ്ഥ ചെയ്യുന്നു. ബില്ലിന്റെ വ്യവസ്ഥകൾ പ്രകാരം തയ്യൽ തൊഴിലാളികളുടെയും സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെയും പ്രതിമാസ അംശദായ തുക 10 രൂപയിൽ അധികമായി വർദ്ധിപ്പിക്കുന്നതിനാൽ 1994-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ആക്ടിലെ 7(4) ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധന പ്രകാരം അംശദായ വർദ്ധനവിന് ആനുപാതികമായി സർക്കാർ ഗ്രാന്റ് നൽകേണ്ടതില്ല. ആയതിനാൽ ബിൽ പ്രാബല്യത്തിൽ വരുമ്പോൾ സംസ്ഥാന സഞ്ചിതനിധിയിൽനിന്നും ചെലവൊന്നും ഉണ്ടാകുന്നതല്ല. 2018-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലിന്റെ ധനകാര്യമെമ്മോറാണ്ടത്തിലും സഞ്ചിതനിധിയിൽനിന്നും ചെലവുവരില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട ശ്രീ. കെ. ബാബു

(തൃപ്പൂണിത്തുറ) എം.എൽ.എ.-യുടെ തടസ്സവാദം നിലനിൽക്കുന്നതല്ല.

**റൂളിംഗ്**

ധനകാര്യമെമ്മോറാണ്ടത്തിലെ അവ്യക്തത

മി.സ്പീക്കർ: ഓർഡർ, ഓർഡർ..... ഇന്ന് സഭയിൽ അവതരിപ്പിക്കുന്ന 2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്ന ധനകാര്യമെമ്മോറാണ്ടം ക്രമപ്രകാരമല്ലെന്നും വസ്തുതകൾക്ക് നിരക്കാത്തതുമാണെന്നാണ് ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) തടസ്സവാദത്തിലൂടെ ഉന്നയിച്ചത്. ബില്ലിലുൾപ്പെടുത്തിയിട്ടുള്ള ധനകാര്യമെമ്മോറാണ്ടത്തിന്റെ ഘടനയെ സംബന്ധിച്ച് ബില്ലിന്റെ ചുമതലയുള്ള ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി. സാധാരണഗതിയിൽ ക്ഷേമനിധികളുമായി ബന്ധപ്പെട്ട അംഗങ്ങളായ തൊഴിലാളികൾ ക്ഷേമനിധിയിലേയ്ക്ക് അടയ്ക്കേണ്ട അംശദായം വർദ്ധിപ്പിക്കുന്നതിനനുസൃതമായി സർക്കാർ നൽകേണ്ടിവരുന്ന വിഹിതം വർദ്ധിക്കുന്നതാണ്. എന്നാൽ മൂലനിയമത്തിന്റെ വകുപ്പ് 7(4)-ലെ ക്ലിപ്ത നിബന്ധനയിൽ അംശദായ വർദ്ധനവിനാനുപാതികമായി സർക്കാർ ഗ്രാന്റ്

നൽകേണ്ടതില്ലെന്ന് വ്യവസ്ഥ ചെയ്യപ്പെട്ടിരിക്കുന്നതിനാൽ സഞ്ചിതനിധിയിൽനിന്ന് അധിക ചെലവുണ്ടാകില്ലെന്നുള്ള സർക്കാർ വിശദീകരണം തൃപ്തികരമാണെന്ന് കാണുന്നു. അതിനാൽ ഇവിടെ ഉന്നയിക്കപ്പെട്ട തടസ്സവാദം നിലനിൽക്കുന്നതല്ല.

ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, 2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്കും 2021-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ, 2021-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ എന്നിവ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്കും അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ

പിന്താങ്ങുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, അഞ്ച് ഭേദഗതി ബില്ലുകളാണുള്ളത്. ചെറിയ ഭേദഗതികളാണുള്ളതെങ്കിലും അഞ്ചിനും പ്രാധാന്യമുണ്ടെന്ന കാര്യം ഞാൻ സൂചിപ്പിക്കുകയാണ്. രാജ്യത്ത് ക്ഷേമനിധികൾ ശക്തമായി പ്രവർത്തിക്കുന്ന ഏക സംസ്ഥാനം കേരളമാണ്. അവശതയും പ്രയാസവും ബുദ്ധിമുട്ടും അനുഭവിച്ചുകൊണ്ട് സാമൂഹ്യപരമായും സാമ്പത്തികപരമായും പിന്നോക്കം നിൽക്കുന്ന തൊഴിലാളി ജനവിഭാഗത്തെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള നിലപാടെടുക്കുന്ന ക്ഷേമനിധി ബോർഡുകളുള്ള സംസ്ഥാനം കേരളം മാത്രമാണ്. തൊഴിലാളികളെ സംരക്ഷിക്കുന്നതിനുവേണ്ടി സ്വാതന്ത്ര്യത്തിന് മുൻപും പിൻപുമുള്ള എല്ലാ തൊഴിൽ നിയമങ്ങളും ഭേദഗതി ചെയ്ത് തൊഴിലാളി വിരുദ്ധനിലപാടുകൾ സ്വീകരിക്കുന്ന നയമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. രാജ്യത്ത് ഏതാണ്ട് 29-ഓളം തൊഴിൽ നിയമങ്ങളുണ്ടായിരുന്നു. രാജ്യത്തെ തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുവാനും കാലാകാലങ്ങളിലുണ്ടാകുന്ന പ്രശ്നങ്ങളിൽ മുതലാളിയുമായി വിലപേശുവാനും ജീവിത നിലവാരം ഉയർത്തുന്നതിനും പ്രാപ്തമായ നിയമങ്ങളാണ്

ഉണ്ടായിരുന്നത്. എന്നാൽ കേന്ദ്ര (ബി.ജെ.പി.) ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം അതെല്ലാം റദ്ദ് ചെയ്ത് നാല് കോഡുകളാക്കി മാറ്റിയിരിക്കുകയാണ്. ആ നാല് കോഡുകളെ സംബന്ധിച്ച അഭിപ്രായം കേരള സർക്കാരിനോടും ചോദിച്ചിരിക്കുകയാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം നമുക്ക് ഒരു പ്രത്യേക സാഹചര്യമുണ്ട്. മറ്റൊരു സംസ്ഥാനത്തുമില്ലാത്ത തരത്തിലുള്ള തൊഴിൽ സംസ്കാരമാണ് കേരളത്തിലുള്ളത്. സമൂഹത്തിലുണ്ടാകുന്ന എല്ലാ കാര്യങ്ങളിലും ഇടപെടുന്നവരാണ് തൊഴിലാളികൾ. സമൂഹത്തിലുണ്ടാകുന്ന എല്ലാ പ്രതിസന്ധിഘട്ടങ്ങളിലും തൊഴിലാളികളുടെ സഹായം ഉണ്ടായിരുന്നുവെന്ന് കാണാൻ കഴിയും. കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകിയ അവസരത്തിൽ 'അത് ആവശ്യമുണ്ടോ' എന്ന സംശയം ഏതാനും ചില കോണുകളിൽ നിന്നെങ്കിലും ഉയർന്നുവന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. തയ്യൽ തൊഴിലാളികളും സമൂഹത്തിൽ ദുരിതം അനുഭവിക്കുന്നവരാണ്. ലേബർ വെൽഫെയർ ഫണ്ട് വിവിധ വിഭാഗം തൊഴിലാളികൾക്ക് ആശ്രയകേന്ദ്രമാണ്. പാരമ്പര്യവുമായി ബന്ധപ്പെട്ട വ്യവസായമാണ് കശുവണ്ടി വ്യവസായം. ആഗോളവത്കരണത്തിന്റെയും

ഉദാരവത്കരണത്തിന്റെയും യന്ത്രവത്കരണത്തിന്റെയും കാലഘട്ടത്തിൽ കശുവണ്ടി വ്യവസായം ഇന്ന് വല്ലാത്തൊരു പ്രതിസന്ധിയിലൂടെ പോകുന്ന സ്ഥിതിവിശേഷമുണ്ട്. ഇവിടെ ഇന്നവതരിപ്പിക്കുന്നത് ചെറിയ ഭേദഗതികളാണ്. ഒരു വാക്ക്, സെന്റൻസ് എന്നിങ്ങനെയൊക്കെയാണ് ഭേദഗതിയിൽ വരുന്നത്. എന്നാൽ കേരളത്തിന്റെ സാഹചര്യം വച്ചുനോക്കുമ്പോൾ പ്രസ്തുത ഭേദഗതികൾക്ക് വളരെ പ്രാധാന്യവുമുണ്ട്. ഭരണ-പ്രതിപക്ഷ കക്ഷികൾക്ക് ഒറ്റക്കെട്ടായി യോജിക്കാൻ കഴിയുന്ന കാര്യങ്ങൾ മാത്രമാണ് ഇതിൽ പറഞ്ഞിട്ടുള്ളത്. ക്ഷേമനിധികൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. കാരണം, കാലഘട്ടത്തിനനുസരിച്ച് തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ കൊടുക്കേണ്ടതുണ്ട്. ക്ഷേമനിധികളിൽ അംഗങ്ങളാകുന്ന തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവരുടെ മക്കളുടെ വിദ്യാഭ്യാസം.....

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, അങ്ങിവിടെ ക്ഷേമനിധികളുടെ കാര്യം പറഞ്ഞു. എല്ലാ സർക്കാരുകളുടെ കാലത്തും വിവിധ തൊഴിലാളി വിഭാഗങ്ങൾക്കുവേണ്ടി ക്ഷേമനിധികൾ ഉണ്ടായിട്ടുണ്ട്. പക്ഷേ ഒരു പ്രശ്നം, ഈ ക്ഷേമനിധിയിലേയ്ക്ക് തൊഴിലുടമ നൽകേണ്ട സംഖ്യ

പിരിച്ചെടുക്കുന്ന കാര്യത്തിൽ വലിയ വീഴ്ച വന്നുകൊണ്ടിരിക്കുകയാണ്. കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലേയ്ക്ക് കോടിക്കണക്കിന് രൂപയാണ് പിരിച്ചെടുക്കാനുള്ളത്. ഓരോ ക്ഷേമനിധിയുടെയും അവസ്ഥ ഇതുതന്നെയാണ്. നമ്മൾ ക്ഷേമനിധികൾ രൂപീകരിക്കുന്നുണ്ട്. അതിന്റെ ഭേദഗതികളൊക്കെ കൊണ്ടുവരുന്നുണ്ട്. എന്നാൽ അതിനൊപ്പംതന്നെ തൊഴിലുടമകളിൽനിന്ന് പിരിക്കേണ്ട വിഹിതം പിരിച്ചെടുക്കുന്നതിൽ വലിയ വീഴ്ച വന്നുകൊണ്ടിരിക്കുകയാണ്. അടിയന്തരമായി കുടിശ്ശിക പിരിച്ചെടുക്കാനുള്ള നടപടി അങ്ങ് സ്വീകരിക്കുമോ?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) പറഞ്ഞത് ശരിതന്നെയാണ്. അതിൽ എൽ.ഡി.എഫ്., യു.ഡി.എഫ്. എന്നുള്ള വ്യത്യാസമൊന്നുമില്ല. വലിയ തുകയാണ് നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിൽ വന്നിട്ടുള്ളത്. അതിൽ അങ്ങ് പറയാത്ത വേറൊരു അപാകതയുംകൂടിയുണ്ട്. അത് നമുക്ക് കൂട്ടായി ആലോചിച്ച് തീരുമാനിക്കേണ്ട കാര്യമാണ്. യഥാർത്ഥത്തിൽ യോഗ്യതയില്ലാത്ത ആളുകളും ആ ക്ഷേമനിധിയിൽ അംഗങ്ങളായി ചേർന്നിരിക്കുകയാണ്. ക്ഷേമനിധിയിൽ അംഗങ്ങളെ ചേർക്കുന്ന കാര്യത്തിൽ LDF, UDF, CITU,

AITUC, INTUC, UTC, BMS, HMS എന്ന വ്യത്യാസമൊന്നുമില്ല. യഥാർത്ഥ കെട്ടിടനിർമ്മാണ തൊഴിലാളിയല്ലാത്തവരേയും ചേർത്തിട്ടുണ്ട്. അതിന്റെ ഫലമായി ഇവർക്കെല്ലാം ആനുകൂല്യം കൊടുക്കേണ്ട സാഹചര്യം വന്നിരിക്കുന്നു. അതുകാരണം സാമ്പത്തികമായി വളരെ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. കഴിഞ്ഞ ദിവസം ഇക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രി തന്നെ യോഗം വിളിച്ചുചേർത്ത് കെട്ടിട നിർമ്മാണം നടത്തുന്നവരിൽനിന്നുള്ള സെസ്സ് പിരിക്കേണ്ട ചുമതല തദ്ദേശഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇനി അത് കൃത്യമായി പിരിച്ചെടുക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഇവിടെ ആളുകൾക്ക് ക്ഷേമനിധി പെൻഷനൊക്കെ വർദ്ധിപ്പിച്ചു. നല്ലതാണ്. പക്ഷെ അവർക്ക് വരുമാനം കുറവാണ്. വിധവാ പെൻഷൻ, വികലാംഗ പെൻഷൻ തുടങ്ങിയ പെൻഷനുകൾ ലഭിക്കുന്ന ആളുകളുണ്ട്. ഒരാൾ രണ്ട് പെൻഷൻ വാങ്ങാൻ പാടില്ലെന്ന് തീരുമാനിച്ചതോടുകൂടി അവർക്ക് പ്രതിമാസം കിട്ടിയിരുന്ന വരുമാനം കുറഞ്ഞു. അല്ലെങ്കിൽ അവർക്ക് വരുമാനം കുറച്ച്

കൂടുതലുണ്ടായിരുന്നതാണ്. തുകയുടെ കാര്യത്തിൽ ചെറിയ വ്യത്യാസമുണ്ടായിരുന്നു. ഗവൺമെന്റ് എന്തുചെയ്തു; തുക കുറച്ചങ്ങോട്ട് വർദ്ധിപ്പിച്ചു. പക്ഷേ അവർക്ക് മൊത്തം ലഭിക്കുന്ന വരുമാനം വളരെ താഴെയായിപ്പോയി. അപ്പോൾ ഈ പെൻഷൻ വാങ്ങണമെങ്കിൽ ഒന്നുകിൽ വിധവ അല്ലാതായി മാറണം, അത് നടക്കില്ലല്ലോ. വികലാംഗർക്കുള്ള പെൻഷൻ വേറെ രൂപത്തിലല്ലേ; അർഹിക്കുന്ന ആളുകൾക്ക് പെൻഷൻ കൃത്യമായി ലഭിക്കുന്നതിനും അവരുടെ പെൻഷൻ കട്ട് ചെയ്യുന്ന ഇപ്പോഴത്തെ സ്ഥിതി ഒഴിവാക്കുന്നതിനെക്കുറിച്ചും ആലോചിക്കുമോ?

<u>മി. സ്പീക്കർ</u>: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ മാസ്ക് ഇന്ന് ഫിക്സഡ് മാസ്കാണ്. മൂവിംഗല്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ വളരെ മാന്യനും പാവവുമാണെന്ന് അങ്ങേയ്ക്ക് പിടികിട്ടിയില്ലേ?

<u>മി. സ്പീക്കർ</u>: മാത്രമല്ല, ഇന്നലത്തെ മാസ്ക് സഭയിൽനിന്നും തന്നതല്ല എന്നും വ്യക്തമായി.

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, ബഹുമാനപ്പെട്ട മുൻ മന്ത്രി കൂടിയായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അങ്ങ് വിവിധ വകുപ്പുകൾ കൈകാര്യം ചെയ്തിരുന്ന

മന്ത്രിയായിരുന്നുവല്ലോ; ഒരുപാട് വകുപ്പുകൾ കൈകാര്യം ചെയ്തിട്ടുണ്ട്. അതിന്റെയൊക്കെ അനുഭവത്തിന്റെ അടിസ്ഥാനത്തിലൊക്കെയാണല്ലോ ഇക്കാര്യം പറഞ്ഞിട്ടുള്ളത്. അങ്ങ് കെ.എസ്.ആർ.ടി.സി. മുതലായ ധാരാളം വകുപ്പുകൾ കൈകാര്യം ചെയ്തിട്ടുണ്ടല്ലോ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഏതെങ്കിലും ഒരു വകുപ്പിൽപോലും ഞാൻ അനധികൃതമായി ഒരു കാര്യം ചെയ്തിട്ടുണ്ടെന്ന് റെക്കോർഡില്ല.

ശ്രീ. വി. ശിവൻകുട്ടി: സർ, അങ്ങ് പറഞ്ഞ കാര്യം നമുക്ക് ആലോചിക്കാം. അക്കാര്യം പരിശോധിക്കാം. അതുസംബന്ധിച്ച് എന്ത് ചെയ്യാൻ കഴിയും എന്നതിനെ സംബന്ധിച്ച് കൂട്ടായി ആലോചിച്ച് കാര്യങ്ങൾ ചെയ്യാൻ സാധിക്കുന്നതാണ്.

ഞാൻ ഒരുപാട് വിശദീകരണത്തിലേയ്ക്ക് പോകുന്നില്ല. ബഹുമാനപ്പെട്ട അംഗങ്ങൾ ചെറിയ പ്രസംഗത്തിലൂടെ ഇതിൽ സഹകരിക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഖാദർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ചെറിയ ഭേദഗതിയാണ് വിദ്യാഭ്യാസ രംഗത്തെ സംബന്ധിച്ചിടത്തോളമുള്ളത്. 'മികവിനായുള്ള സ്കൂൾ വിദ്യാഭ്യാസം -

വിദഗ്ദ്ധ സമിതി റിപ്പോർട്ട് എന്ന ഖാദർ കമ്മീഷൻ റിപ്പോർട്ടാണ്. ഡോ. എം. എ. ഖാദർ ചെയർമാനും ശ്രീ. ജി. ജ്യോതിചൂഡൻ, ഡോ. സി. രാമകൃഷ്ണൻ എന്നിവർ അംഗങ്ങളുമായിട്ടുള്ള സമിതിയുടെ റിപ്പോർട്ടാണ്. പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനെ സംബന്ധിച്ചും അക്കാദമിക്കായുള്ള കാര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനെ സംബന്ധിച്ചും അദ്ധ്യാപക സമൂഹത്തിന്റെ നിലവാരം മെച്ചപ്പെടുത്തുന്നതിനെ സംബന്ധിച്ചുമൊക്കെയുള്ള സമൂലമായ പരിവർത്തനം, ഒരു മാറ്റത്തിനെ സംബന്ധിച്ചാണ് ഖാദർ കമ്മീഷൻ റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്നത്. പ്രസ്തുത റിപ്പോർട്ട് ഗവൺമെന്റ് ഘട്ടംഘട്ടമായി അംഗീകരിച്ചിട്ടുള്ളതാണ്. അത് ഘട്ടംഘട്ടമായി നടപ്പിലാക്കേണ്ടതുമാണ്.

കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ എന്നുകേൾക്കുമ്പോൾ വിദ്യാഭ്യാസത്തിന്റെ മൊത്തം ഭേദഗതി എന്ന നിലയിൽ കാണേണ്ടതില്ല. ഇതിൽ ആകെ വരുന്ന ഭേദഗതി, വിദ്യാഭ്യാസ വകുപ്പ് എന്നുള്ളത് പൊതുവിദ്യാഭ്യാസ വകുപ്പ് എന്നാക്കി മാറ്റണം എന്നതാണ്. അതിനുള്ള അനുവാദം സഭ നൽകേണ്ടതുണ്ട്. അതുപോലെ, Director of Public Instruction (DPI) എന്നാണ് നമ്മളെല്ലാം പറഞ്ഞ് ശീലിച്ചത്. അതിനെ

പൊതുവിദ്യാഭ്യാസ ഡയറക്ടർ (DGE) എന്നാക്കി മാറ്റണം. അതുപോലെത്തന്നെ Headmaster എന്നുള്ളത്, ഇപ്പോൾ ലിംഗനീതിയെല്ലാം ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന കാലഘട്ടമായതുകൊണ്ട് Headmaster എന്ന വാക്കിനുപകരം Headmaster/Headmistress/Vice Principal എന്നാക്കണം. ഇത്രമാത്രമേ അതിൽ ഭേദഗതിയായിട്ടുള്ളൂ. പക്ഷേ വിദ്യാഭ്യാസ (ഭേദഗതി) ബിൽ എന്നുകേൾക്കുമ്പോൾ ഏതാണ്ട് സമൂലമായ പരിവർത്തനം എന്ന് തോന്നിയേക്കാം. അതിനാൽ വലിയ ചർച്ചയൊന്നും കൂടാതെ ഈ ഭേദഗതി പാസ്സാക്കാൻ സഹകരിക്കണമെന്നാണ് അക്കാര്യത്തെ സംബന്ധിച്ചിടത്തോളം സൂചിപ്പിക്കാനുള്ളത്. അതുകൊണ്ടാണ് ഞാനും വിദ്യാഭ്യാസ രംഗത്തെക്കുറിച്ചുള്ള പ്രസംഗം പൊതുവിൽ ചുരുക്കാൻ തീരുമാനിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മുൻമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെയൊക്കെ ബോഡി ലാംഗ്വേജ് കണ്ടാൽ ചർച്ച എത്രയും പെട്ടെന്ന് അവസാനിപ്പിച്ച് സഹകരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, കേരള ലേബർ വെൽഫെയർ ഫണ്ട് നിയമത്തിലെ ഭേദഗതി, സെക്ഷൻ 15-ൽ തൊഴിലാളി വിഹിതം 4 രൂപയിൽനിന്ന് 7.50 രൂപയാക്കി വർദ്ധിപ്പിക്കണം എന്നുള്ളതാണ്.

അക്കാര്യത്തിൽ നമുക്കാർക്കും എതിർപ്പുള്ളതല്ല. കാരണം, ആ കാശ് കിട്ടിയാൽ മാത്രമേ പാവപ്പെട്ട തൊഴിലാളികൾക്ക് എന്തെങ്കിലും കാര്യങ്ങൾ ചെയ്തുകൊടുക്കാൻ സാധിക്കുകയുള്ളൂ. "തൊഴിലുടമാവിഹിതവും തൊഴിലാളി വിഹിതവും പ്രതിമാസം 7.50 രൂപ എന്ന തോതിൽ ഏകീകരിച്ച് അർദ്ധ വർഷത്തേയ്ക്ക് 45 രൂപയാക്കി വർദ്ധിപ്പിക്കണം" എന്നുള്ളതാണ് ഭേദഗതി വരുത്തുന്നത്.

കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ആക്ടിലെ സെക്ഷൻ 5 (1) പ്രകാരം തൊഴിലാളി വിഹിതം ഒരു രൂപയാണ്. ഇന്ന് ഒരു രൂപ കാണാനില്ല. ഒരു രൂപ ഇന്നില്ല. ഒരിടത്തും കാണാൻ പറ്റില്ല. ഒരു രൂപ ഇന്ന് കിട്ടാനില്ല. ഇത് രണ്ട് രൂപയാക്കി വർദ്ധിപ്പിക്കുന്നതിനാണ് സെക്ഷൻ 5 ഭേദഗതി ചെയ്യുന്നത്. 2 രൂപയും കിട്ടാനില്ല. ഇന്നിപ്പോൾ 5 രൂപപോലും കാണാനില്ലാത്ത സാഹചര്യമാണ്. എങ്കിൽത്തന്നെ നമുക്ക് ഇന്നത്തെ സാഹചര്യമനുസരിച്ച് ഇതേ നിവൃത്തിയുള്ളൂ. അങ്ങനെ 2 രൂപയാക്കി മാറ്റുകയാണ്. സെക്ഷൻ 5 (1) പ്രകാരം തൊഴിലുടമാവിഹിതം ഒരു രൂപയായിരുന്നത് 2 രൂപയാക്കുകയാണ്. മുതലാളിയുടെ വിഹിതവും രണ്ട് രൂപയാക്കി മാറ്റുകയാണ്. സർക്കാർ വിഹിതം ഒരു രൂപയായി

നിജപ്പെടുത്തുന്നതിനുള്ള ഭേദഗതിയാണ് ഈ സെക്ഷനിൽ പ്രതിപാദിക്കുന്നത്. ഈ രണ്ട് ചെറിയ ഭേദഗതികൾ മാത്രമേയുള്ളൂ. ഒരു രൂപ 2 രൂപയാക്കുന്നു എന്നുള്ള ഭേദഗതിയാണ് ഇതിൽ പറയുന്നത്.

കർഷക തൊഴിലാളി (ഭേദഗതി) ബില്ലിലൂടെ സെക്ഷൻ 9 (1) ആണ് ഭേദഗതി ചെയ്യുന്നത്. ഭൂവുടമാവിഹിതം 20 ആർ.-ന് മുകളിൽ 40 ആർ. വരെ ഓരോ ആർ.-നും 50 പൈസയാക്കി. 50 പൈസയൊന്നും ഇപ്പോഴില്ല. 40 ആർ.-ന് മുകളിൽ ഓരോ ആർ.-നും ഒരു രൂപ നിരക്കിൽ വർദ്ധിപ്പിക്കുന്നതിനുവേണ്ടിയാണ് ഈ ഭേദഗതി കൊണ്ടുവരുന്നത്. സെക്ഷൻ 9 (2)-ൽ കർഷകത്തൊഴിലാളി വിഹിതം പ്രതിമാസം 5 രൂപയിൽനിന്നും 20 രൂപയാക്കി വർദ്ധിപ്പിക്കുന്നതിനുള്ള ഭേദഗതിയാണ് പ്രതിപാദിക്കുന്നത്. സെക്ഷൻ 9 (4)-ൽ കർഷകത്തൊഴിലാളി ഒടുക്കുന്ന തുകയുടെ 25 ശതമാനം ഓരോ സാമ്പത്തിക വർഷത്തിലും ക്ഷേമനിധിയിലേയ്ക്ക് സർക്കാർ വിഹിതമായി അടയ്ക്കുന്നതിനുള്ള ഭേദഗതിയാണ്.

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലിൽ ചെറിയൊരു ഭേദഗതിയേയുള്ളൂ. സെക്ഷൻ 7 (1) എന്നത് നിലവിൽ സ്വയംതൊഴിൽ വിഹിതവും തൊഴിൽ വിഹിതവും പ്രതിമാസം 20 രൂപ

വീതമായിരുന്നു. ഇതിൽ ഭേദഗതി വരുത്തി 50 രൂപയാക്കി വർദ്ധിപ്പിച്ചും ഓരോ തൊഴിലുടമയും അയാൾ നിയോഗിച്ചിട്ടുള്ള ഓരോ തയ്യൽത്തൊഴിലാളിക്കും പ്രതിമാസം 25 രൂപ നിധിയിലേയ്ക്ക് അംശദായം അടയ്ക്കണമെന്ന വ്യവസ്ഥ ഉൾപ്പെടുത്തി ഭേദഗതി ചെയ്യണം.

സെക്ഷൻ 7 (2)-ൽ ഓരോ തൊഴിലുടമയും ഉടമാ അംശദായവും തൊഴിലാളി അംശദായവും ചേർത്ത് 75 രൂപ പ്രതിമാസം നിധിയിലേയ്ക്ക് അടയ്ക്കേണ്ടതാണ്. എന്നാൽ തൊഴിലുടമയുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ അവരുടെ അംശദായം സ്വയം ഒടുക്കാൻ തയ്യാറാണെങ്കിൽ അവർക്ക് സ്വന്തമായി വിഹിതം അടയ്ക്കാവുന്നതാണ്.

തൊഴിലാളികളുടെ ക്ഷേമത്തിനും ഐശ്വര്യത്തിനും അവർക്ക് കൂടുതൽ ആനുകൂല്യം കൊടുക്കുന്നതിനും വേണ്ടിയുള്ള ക്രമീകരണമാണ് ഈ ചെറിയ ഭേദഗതികളിലൂടെ കൊണ്ടുവന്നിട്ടുള്ളത്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ പേര് കേൾക്കുമ്പോൾ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ, കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ, തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, കേരള ലേബർ വെൽഫെയർ ഫണ്ട് (അമെന്റ്മെന്റ്) ബിൽ, കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി

(ഭേദഗതി) ബിൽ എന്നിങ്ങനെ സമഗ്രമായിട്ടുള്ളൊരു ഭേദഗതിയെന്നാണ് തോന്നുക. ഈ ചെറിയ ഭേദഗതികളാണുള്ളത്. അതുകൊണ്ട് മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. ബഹുമാനപ്പെട്ട എല്ലാ അംഗങ്ങളും, സഭ ആകെത്തന്നെ സഹകരിച്ച് ഇതിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഇത് ഏകകണ്ഠമായിത്തന്നെ പാസ്സാക്കുന്നതിന് വേണ്ടിയുള്ള സഹകരണം ഉണ്ടാകണമെന്ന് വളരെ വിനയത്തോടുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: അഞ്ച് ബില്ലുകളും ഒരുമിച്ച് ചർച്ച ചെയ്യാവുന്നതാണ്. അഞ്ച് ബില്ലുകളിലുമായി 20 പേർ ആകെ ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കാനുണ്ട്. ബഹുമാനപ്പെട്ട മന്ത്രി തന്നെ വളരെ ചെറിയ ഭേദഗതികളാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല, പൊതുവിൽ യോജിപ്പുള്ളതുമാണ്. ഭേദഗതികളുടെ കാര്യത്തിൽ ഇരുപക്ഷവും യോജിക്കുന്നതാണ്. അതുകൊണ്ട് സമയം പാലിച്ചുകൊണ്ട്, ബില്ലിന്റെ തത്വത്തിൽ ഒതുങ്ങിനിന്ന് സംസാരിക്കാനും സമയം പാലിക്കാനും എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളോടും അഭ്യർത്ഥിക്കുകയാണ്.

## 2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ

Shri T. Siddiqu: Sir, I move that-

"This House resolves to disapprove The Kerala Education (Amendement) Ordinance,2021 (Ordinance No.101 of 2021)"

ഇവിടെ ബഹുമാനപ്പെട്ട മന്ത്രിയും അതിനുശേഷം ബഹുമാനപ്പെട്ട ചെയറും പറയുന്നതെല്ലാംതന്നെ അംഗീകരിച്ച് നടപ്പിലാക്കി മുന്നോട്ട് പോകുന്ന രീതിയാണ് ഞങ്ങൾ അംഗങ്ങൾ എല്ലാപേരും സ്വീകരിച്ചു പോകുന്നത്. സമയനിഷ്ഠ പാലിക്കണമെന്നും അമെന്റ്മെന്റ് വളരെ ചെറുതാണെന്നും സൂചിപ്പിച്ചു. ആ അമെന്റ്മെന്റിൽ ഹെഡ്മാസ്റ്റർ എന്നുള്ളതിന്റെ കൂടെ ഹെഡ്മിസ്ട്രസ് അതിന്റെകൂടെ വൈസ് പ്രിൻസിപ്പാൾ എന്നുള്ള പദം ഉൾപ്പെടെ, ഇതെല്ലാം കടന്നുവരുന്നതിന്റെ ബേസിക്കായിട്ടുള്ള ഒരു റിപ്പോർട്ടും ഇതിന്റെ അടിസ്ഥാന ഘടകമായി വർത്തിക്കുകയാണ്. അതുകൊണ്ടുതന്നെ വിദ്യാഭ്യാസപരമായ പ്രശ്നമായതുകൊണ്ടും, ഗൗരവകരമായ മാറ്റങ്ങൾക്ക് ഇടവരുന്ന സാഹചര്യമായതുകൊണ്ടും, സംസാരിക്കുന്നതിന് പര്യാപ്തമായ സമയം ഇല്ലെങ്കിലും അല്പസമയം അനുവദിക്കണമെന്നുള്ള അഭ്യർത്ഥനയോടുകൂടിയാണ് തുടങ്ങുന്നത്.

വിദ്യാഭ്യാസത്തിന്റെ മുഖ്യലക്ഷ്യം എല്ലാ കുട്ടികളുടെയും മികവുകൾ കണ്ടെത്തി....

മി. സ്പീക്കർ: വിദ്യാഭ്യാസം ആകെ ഭേദഗതി ചെയ്യുന്നില്ലെന്നാണ് മന്ത്രി പറഞ്ഞത്.

ശ്രീ. ടി. സിദ്ധിഖ്: സർ, ഹയർ സെക്കണ്ടറിയും സെക്കണ്ടറിയും കൂട്ടിയോജിപ്പിച്ച് അവിടെ പ്രധാനഅദ്ധ്യാപകനും അതിന്റെ താഴെ വൈസ് പ്രിൻസിപ്പാളുമാക്കി മാറ്റുന്ന ഭേദഗതി വളരെ പ്രധാനപ്പെട്ടതാണ്. അതിന്റെ അടിസ്ഥാനം ഖാദർ കമ്മീഷൻ റിപ്പോർട്ടാണ്, അതിനെ അടിസ്ഥാനപ്പെടുത്തിയാണ് സംസാരിക്കുന്നത്. അതിപ്രധാനമായ സാഹചര്യമായതുകൊണ്ടാണ് പറയുന്നത്. വിദ്യാഭ്യാസത്തിന്റെ മുഖ്യലക്ഷ്യം കുട്ടികളുടെ മികവുകൾ കണ്ടെത്തി പഠനാനുഭവങ്ങളിലൂടെ അവർക്ക് ഏറ്റവും ഉന്നത തലങ്ങളിലേയ്ക്ക് അവരുടെ എല്ലാ വാസനകളും വികസിപ്പിക്കാൻ ആവശ്യമായ അവസരതുല്യത ഉറപ്പുവരുത്തി, ജനകീയവും ജനാധിപത്യപരവും മതനിരപേക്ഷതയുടെ അടിസ്ഥാനത്തിലും ഉയർന്നു വരാൻ ആവശ്യമായ സമൂഹത്തെ സൃഷ്ടിക്കുക എന്നുള്ളതാണ്. അതിൽ സാമൂഹ്യനീതിയുടെ ഭാഗം, പരിസ്ഥിതിയുടെ അവബോധം, പൗരബോധം,

ദേശീയ ബോധം, അവകാശങ്ങളെക്കുറിച്ചുള്ള ബോധം, ശാസ്ത്ര സാങ്കേതിക മേഖലയെക്കുറിച്ചുള്ള ബോധം, അതുപോലെ സാംസ്കാരിക ബോധം, തൊഴിൽ നൈപുണ്യം, മൂല്യങ്ങൾ, ചെറുത്ത് നിൽപ്പ് തുടങ്ങി ഖാദർ കമ്മീഷൻ റിപ്പോർട്ട് പറഞ്ഞതും പറയാത്തതുമായിട്ടുള്ള നിരവധിയായ ഘടകങ്ങൾ അന്വർത്ഥമാക്കുന്ന മേഖലയാണ് തീർച്ചയായും വിദ്യാഭ്യാസമേഖല. ഇതിൽ പ്രധാന കാര്യം പ്രാഥമികമായി ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. 2019-ലെ ദേശീയ വിദ്യാഭ്യാസനയത്തെ ഇടതുപക്ഷ ഗവൺമെന്റ് തത്വത്തിൽ, ടോട്ടലായി അംഗീകരിക്കുന്നുണ്ടോ എന്നുള്ളതാണ് ഏറ്റവും പ്രസക്തമായ ചോദ്യം. 2019-ൽ കസ്തൂരിരംഗൻ റിപ്പോർട്ടിനെ അധികരിച്ചുകൊണ്ട് 2020-ൽ നാഷണൽ എഡ്യൂക്കേഷൻ പോളിസി രൂപപ്പെടുത്തുകയുണ്ടായി. നാഷണൽ എഡ്യൂക്കേഷൻ പോളിസിയുടെ ഭാഗമായി പ്രീ-പ്രൈമറിയും ഒന്നാം ക്ലാസ്സും രണ്ടാം ക്ലാസ്സും, ഈ മൂന്ന് ക്ലാസ്സുകളും ചേർന്ന് പ്രിപ്പറേറ്ററി സെഗ്മെന്റിന് നേതൃത്വം കൊടുക്കുകയാണ്. മൂന്ന്, നാല്, അഞ്ച് ക്ലാസ്സുകൾ ചേർന്ന് ഫൗണ്ടേഷൻ കോഴ്സുകൾക്ക് നേതൃത്വം കൊടുക്കുന്നു. ആറ്, ഏഴ്, എട്ട് ക്ലാസ്സുകൾ ചേർന്ന് മിഡിൽ സ്റ്റേജ് ആയിട്ടുള്ള സമീപനത്തിന് നേതൃത്വം

കൊടുക്കുകയാണ്. ഇനി ഞാൻ പറയുന്നത് ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിച്ച് കേൾക്കണം, ഒൻപത്, പത്ത്, പതിനൊന്ന്, പന്ത്രണ്ട് തുടങ്ങിയ നാല് ക്ലാസ്സുകൾ ചേർന്ന് സെക്കണ്ടറി വിദ്യാഭ്യാസ മേഖല വരികയാണ്. ഇത് നാഷണൽ എഡ്യൂക്കേഷൻ പോളിസിയാണ്. ഒൻപത്, പത്ത്, പതിനൊന്ന്, പന്ത്രണ്ട് എന്നുപറയുന്ന നാലു ക്ലാസ്സുകൾ ഒരുമിച്ച് ചേർന്ന് 2020-ലെ ശ്രീ. നരേന്ദ്ര മോദി സർക്കാരിന്റെ നാഷണൽ എഡ്യൂക്കേഷൻ പോളിസിയുടെ ഭാഗമായി സെക്കൻഡറി വിദ്യാഭ്യാസ ക്രമത്തേയും ഹയർ സെക്കൻഡറി വിദ്യാഭ്യാസ ക്രമത്തേയും യോജിപ്പിച്ചുകൊണ്ട് ഒരു ചരടിൽ കോർക്കാനാവശ്യമായ സമീപനത്തിന്റെ അടിസ്ഥാനത്തിൽ എൻ.ഇ.പി.-യെ എതിർക്കുന്ന ഇടതുപക്ഷ ഗവൺമെന്റ് തന്നെ, കേന്ദ്രീകൃത വിദ്യാഭ്യാസത്തിന് എതിരായ സമീപനം സ്വീകരിക്കുന്ന ഇടതുപക്ഷ ഗവൺമെന്റ് തന്നെ, ഖാദർ കമ്മിറ്റി റിപ്പോർട്ടിലൂടെ അത് കേരളത്തിൽ നടപ്പിലാക്കുന്നുവെന്നതാണ്, ദൂരവ്യാപക പ്രത്യാഘാതമുളവാക്കുന്ന ഈ വിദ്യാഭ്യാസ ഭേദഗതികൾ എന്നുള്ളതാണ് അതിപ്രധാനമായ ഒരു ഘടകം.

ഇത് ചെറിയ തലത്തിൽ ചർച്ച ചെയ്യപ്പെടേണ്ട കാര്യമല്ല. വൈസ് പ്രിൻസിപ്പാൾ എന്നുപറയുന്ന ഒരു തസ്തിക കടന്നുവരുന്നത് ഒരു വലിയ

തലത്തിലുളവായിരിക്കുന്ന ചർച്ചയുടേയും ഒരു വലിയ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിലാണ്. ബഹുമാനപ്പെട്ട മന്ത്രി ബില്ലിൽ പറഞ്ഞിരിക്കുന്ന പ്രധാനപ്പെട്ട പാരഗ്രാഫ് - 2009-ലെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശത്തിന്റെ ആക്ട്, ആ ആക്ടിനോട് അനുബന്ധിച്ച് ഇതിൽ പറയുന്നത് സമഗ്രപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ എം. എ. ഖാദർ ചെയർമാനായ ഒരു കമ്മിറ്റിയെ സർക്കാർ രൂപീകരിച്ചു. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കുന്നു, നിങ്ങൾ എം. എ. ഖാദർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു അമെന്റ്മെന്റ് കൊണ്ടുവരുമ്പോൾ സമഗ്ര വിദ്യാഭ്യാസ റിപ്പോർട്ട് ഖാദർ കമ്മീഷൻ നിങ്ങൾക്ക് നൽകിയിട്ടുണ്ടോയെന്നുള്ളതാണ്? ഞാൻ മനസ്സിലാക്കുന്നത് ആദ്യഭാഗം റിപ്പോർട്ട് മാത്രമാണ് ഖാദർ കമ്മീഷൻ നിങ്ങൾക്ക് നൽകിയിട്ടുള്ളത് എന്നാണ്. ആദ്യഭാഗമെന്നു പറഞ്ഞാൽ ഘടനാപരമായ വ്യത്യാസത്തിന്റെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ട് മാത്രമാണ് നൽകിയിട്ടുള്ളത്. അക്കാഡമിക് നിലവാരം മെച്ചപ്പെടുത്താനുള്ള റിപ്പോർട്ട് ഖാദർ കമ്മീഷൻ സർക്കാരിന് നൽകിയിട്ടില്ലെന്നുള്ളതാണ് എന്റെ പ്രധാന നിഗമനം. പീസ് മീൽ ആയ ഒരു റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു

വിദ്യാഭ്യാസക്രമത്തെ ഉടച്ചുവാർക്കുന്ന ഒരു സമീപനം, അതും കേന്ദ്ര സമീപനത്തിന് ആധാരമായി സർക്കാർ സ്വീകരിക്കുന്നത് ന്യായമായ നടപടിയാണോയെന്ന് ബഹുമാനപ്പെട്ട മന്ത്രി ആദ്ദേഹത്തിന്റെ മറുപടി പ്രസംഗത്തിൽ സൂചിപ്പിക്കണമെന്നുള്ളതാണ് പ്രധാനമായും ചൂണ്ടിക്കാണിക്കാനുള്ള ഒരു കാര്യം.

കേന്ദ്ര സർക്കാരിന്റെ അതേ സമീപനം, കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ സമീപനം, നാഷണൽ എഡ്യൂക്കേഷൻ പോളിസിയുടെ സമീപനം, കേന്ദ്രീകൃത വിദ്യാഭ്യാസത്തിന്റെ സമീപനം കേരളത്തിലേയ്ക്കും കൊണ്ടുവരികയാണ്. ആ നടപടി എതിർക്കപ്പെടേണ്ടതാണെന്നുള്ള കാര്യത്തിൽ തർക്കമില്ല. അതിന്റെ ഭാഗമാണ് താങ്കൾ അവതരിപ്പിച്ച വൈസ് പ്രിൻസിപ്പാൾ എന്ന കേഡർ സെക്കണ്ടറി വിദ്യാഭ്യാസത്തിന്റെ ഭാഗമായി വരാനുള്ള പ്രധാനപ്പെട്ട കാരണം. വിദ്യാഭ്യാസ മേഖലയുടെ ചർച്ചയുണ്ടാകുമ്പോൾ എല്ലാ സന്ദർഭങ്ങളിലും ചർച്ച ചെയ്യുന്ന, അതിപ്രധാനമായ ഇന്ത്യാ രാജ്യത്തെ വിദ്യാഭ്യാസ ക്രമത്തിന്റെ മാഗ്നാകാർട്ട എന്നു വിശേഷിക്കപ്പെടുന്ന ഡോ. കോത്താരി കമ്മീഷൻ റിപ്പോർട്ട്, ലോകത്തെ വിദ്യാഭ്യാസ ക്രമം മുഴുവൻ ചർച്ച ചെയ്യുന്ന, ഇന്ത്യാ രാജ്യത്തിന്റെ

വിദ്യാഭ്യാസ ക്രമത്തിന്റെ അടിസ്ഥാന നിഘണ്ടുവെന്ന് പറയുന്ന കോത്താരി കമ്മീഷൻ വിദ്യാഭ്യാസ ക്രമത്തിൽ മാറ്റം വരുത്താനാവശ്യമായ സമീപനം സ്വീകരിച്ചപ്പോൾ അതിൽ കുറെകാര്യങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്. അതിൽ വിദ്യാർത്ഥികളുടെ മനശാസ്ത്രപരമായ കാര്യം ചർച്ച ചെയ്തിട്ടുണ്ട്. അടിസ്ഥാനപരമായ ഘടകങ്ങളെക്കുറിച്ചും ബോധനരീതികളെക്കുറിച്ചും ചർച്ച ചെയ്തിട്ടുണ്ട്, അതെല്ലാം നിരാകരിച്ചുകൊണ്ട്, കോത്താരി കമ്മീഷന്റെ എല്ലാഭാഗവും അതേപടി നിലനിർത്തണമെന്നുള്ള അഭിപ്രായമല്ല. പക്ഷെ കോത്താരി കമ്മീഷൻ റിപ്പോർട്ടിൽ പറയുന്ന അടിസ്ഥാനപരമായ മാർഗരേഖകളെ ലംഘിച്ചുകൊണ്ടാണ് ഇവിടെ സമീപനം സ്വീകരിക്കപ്പെട്ടിട്ടുള്ളതെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട ഘടകം. പാർലമെന്റിൽ കൂടുതൽ ചർച്ച ചെയ്തുകൊണ്ടല്ല നാഷണൽ എഡ്യൂക്കേഷൻ പോളിസി പാസ്സാക്കിയിട്ടുള്ളത്. ബഹുമാനപ്പെട്ട ചെയർ, ദേശീയതലത്തിൽ ബി.ജെ.പി.-യുടെ എല്ലാ രീതിയിലുമുള്ള, എൻ.ഡി.എ.-യുടെ എല്ലാ രീതിയിലുമുള്ള, വിദ്യാഭ്യാസ മേഖലയിലെ കാവിവൽക്കരണ (saffronisation) മൂവ്മെന്റുകൾക്കെതിരായി വളരെയധികം ശ്രദ്ധയോടുകൂടി, കരുതലോടുകൂടി നേതൃത്വം വഹിച്ചിരുന്ന വ്യക്തിത്വമാണ്.

പാർലമെന്റിൽ ചർച്ച ചെയ്യാതെ ഓർഡിനൻസുകളായി ഇന്ത്യാ രാജ്യത്തിന്റെ വിദ്യാഭ്യാസ ക്രമത്തിന്റെമേലെ ഇതുപോലെയുള്ള നടപടികൾ നടപ്പിലാക്കുകയാണ്. കേരളക്കരയിലും ഇതുപോലെ ഗൗരവതരമായ ഒരു ചർച്ച നടത്തിയിട്ടല്ല ഈ കാര്യങ്ങൾ നടപ്പിലാക്കുന്നതെന്നുള്ളതും ഇതിന്റെ കൂടെ ചേർത്ത് വായിക്കേണ്ടതുണ്ട്.

ഞാൻ നേരത്തെ പറഞ്ഞ കാര്യത്തിലേക്ക് വീണ്ടും പോകുകയാണ്, ഖാദർ കമ്മീഷൻ അവരുടെ റിപ്പോർട്ട് മുഴുവനായും നൽകിയിട്ടില്ല എന്നുള്ള അതിപ്രധാന വാദഗതി ഞാൻ വീണ്ടും ഇവിടെ അടിവരയിട്ട് പറയുകയാണ്. ഘടനാപരമായ മാറ്റത്തെക്കുറിച്ച് മാത്രം പറഞ്ഞിട്ടുള്ള, അക്കാഡമിക് ഗുണനിലവാരം സംബന്ധിച്ച് ഒരു കാര്യവും ചൂണ്ടിക്കാണിക്കാതെ അതിനെക്കുറിച്ച് ഒന്നും പറയാതെ, ഘടനാപരമായ മാറ്റത്തിലൂടെ കേരളത്തിലെ വിദ്യാഭ്യാസ രംഗത്തിന് ഗുണമേന്മയുണ്ടാകുക എങ്ങനെയാണ്? അടിസ്ഥാനപരമായി ഒരു ചോദ്യം ചോദിക്കുന്നു, ഗുണനിലവാരത്തെ സംബന്ധിച്ചുള്ള മാർഗ്ഗകാര്യങ്ങൾ ഒന്നും ചർച്ച ചെയ്യാതെ ഘടനാപരമായ മാറ്റങ്ങൾ വരുത്തി വിദ്യാഭ്യാസ മേഖലയിൽ ഗൗരവതരമായ ഗുണമേന്മയുണ്ടാകുമെന്ന് പറഞ്ഞാൽ അത് അംഗീകരിക്കാൻ പറ്റുമോ? ഇനി

ഒരു കാര്യംകൂടി ചോദിക്കുന്നു; നാളെ ഖാദർ കമ്മീഷൻ, കരിക്കുലവുമായി ബന്ധപ്പെട്ട, അക്കാഡമിക് മേഖലയുമായി ബന്ധപ്പെട്ട റിപ്പോർട്ട് നൽകുമ്പോൾ അത് സർക്കാരിന് പറ്റുന്നതല്ല, കേരളത്തിന് പറ്റുന്നതല്ല, പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് പറ്റുന്നതല്ല എന്നാണ് നമ്മുടെ കണ്ടെത്തലെങ്കിൽ നിങ്ങൾ ഇപ്പോൾ നടപ്പിലാക്കുന്ന ഈ ഘടനാപരമായ മാറ്റം എങ്ങനെ മുന്നോട്ട് കൊണ്ടുപോകാൻ പറ്റും? ഇതുണ്ടാക്കുന്ന പ്രത്യാഘാതം വളരെ വലുതാണ്, സമഗ്ര റിപ്പോർട്ട് എന്നുപറയുന്നത് സമഗ്ര റിപ്പോർട്ടല്ല എന്നുള്ളതാണ് ഞാൻ പറഞ്ഞുകൊണ്ടിരിക്കുന്ന പ്രധാനപ്പെട്ട കാര്യം.

മി. സ്പീക്കർ: ശ്രീ. ടി. സിദ്ദിഖ് അങ്ങ് അനർഗളമായി 10 മിനിട്ട് പ്രസംഗിച്ചുകഴിഞ്ഞു.

ശ്രീ. ടി. സിദ്ദിഖ്: സർ, പ്രധാനപ്പെട്ട കാര്യത്തിലേയ്ക്ക് എത്തിയില്ല. പെട്ടെന്ന് അവസാനിപ്പിക്കാം.

മി. സ്പീക്കർ: പെട്ടെന്ന് അവസാനിപ്പിക്കണം.

Shri T. Siddiqu: Sir, It is a comprehensive report. It is intended for having the administrative approach. ആ റിപ്പോർട്ട് സംബന്ധിച്ച

നിങ്ങളുടെ സംസാരം ഇത്തരത്തിലായിരുന്നു. അക്കാഡമിക് ഡെവലപ്പ്മെന്റിനുവേണ്ടിയുള്ള റിപ്പോർട്ട്. ഞങ്ങൾ ആ റിപ്പോർട്ട് വായിച്ചു. ആ റിപ്പോർട്ടിൽ അക്കാഡമിക് ഡെവലപ്മെന്റിനെക്കുറിച്ചുള്ള വാക്കുകളില്ല, ഘടനാപരമായ കാര്യങ്ങളില്ല, അതൊരു Comprehensive റിപ്പോർട്ടുമല്ല. സമഗ്രറിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള നീക്കം എന്നാണ് ഈ ബില്ലിൽ പറയുന്നത്. ഭാഗികമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇത്തരം ഒരു നടപടി സ്വീകരിക്കാമോ? ഗ്രീക്ക് മിത്തോളജിയിൽ പ്രൊക്രൂസ്റ്റസിനെക്കുറിച്ച് പറയുന്നുണ്ട്. വയലാർ രാമവർമ്മ അത് കവിതയുമാക്കിയിട്ടുണ്ട്. പ്രൊക്രൂസ്റ്റസ് ഇരകളെ കട്ടിലിൽ കിടത്തിയാണ് അതിന്റെ അവസാനകാര്യം ചെയ്യാറുള്ളത്. ആളുകളുടെ നീളം കുറവാണെങ്കിൽ വലിച്ചുനീട്ടും. നീളം കൂടുതലാണെങ്കിൽ അടിച്ചുകുറയ്ക്കും. ഇതുപോലെ ബെയ്സ് തലത്തിൽ ഒരു ഖാദർ കമ്മീഷൻ റിപ്പോർട്ടുണ്ടാക്കി കുറയ്ക്കാനുള്ളത് നിങ്ങൾ കുറയ്ക്കുക, കൂട്ടാനുള്ളത് നിങ്ങൾ കൂട്ടുക, ഇതെന്ത് നടപടിയുടെ അടിസ്ഥാനത്തിലാണ്?

നിങ്ങൾ വൈസ് പ്രിൻസിപ്പാളിനെക്കുറിച്ച് സൂചിപ്പിച്ചു. പ്രിൻസിപ്പാൾമാർ പുതുതായി വരികയാണ്. വയനാട്ടിൽ പാമ്പ് കടിയേറ്റ് ഒരു കുട്ടി മരിച്ച അതിദാരുണമായ സംഭവമുണ്ടായി. അതിനെത്തുടർന്ന്

അവിടെയുള്ള ഹെഡ്മാസ്റ്ററെ സസ്പെൻഡ് ചെയ്തു. അതോടൊപ്പം അവിടത്തെ പ്രിൻസിപ്പാളിനെയും സസ്പെൻഡ് ചെയ്തു. ഈ പ്രിൻസിപ്പാളിനെന്താ ഇതിൽ ഉത്തരവാദിത്വം; നിങ്ങൾ നടപ്പിലാക്കുന്ന പദ്ധതികളിൽ പ്രിൻസിപ്പാളിന് ഉത്തരവാദിത്വമുണ്ടാകണമെങ്കിൽ, അത് കൃത്യതയോടുകൂടി അവരെ ബോദ്ധ്യപ്പെടുത്താൻപോലും നിങ്ങൾക്ക് കഴിഞ്ഞിട്ടില്ല. അപ്പോൾ വിദ്യാഭ്യാസമേഖലയിൽ നിങ്ങൾ കൊണ്ടുവരുന്നത് അക്കാഡമിക് രംഗത്തിന് ഭൂഷണമല്ലാത്ത വലിയ നടപടികളാണ്.

ഹയർ സെക്കണ്ടറി മേഖലയിൽ വലിയ തലത്തിൽ നിരവധി പ്രശ്നങ്ങളുണ്ട്. അവിടെ സീനിയർ-ജൂനിയർ പ്രശ്നമുണ്ട്. അത് കുറേക്കാലമായി നിലനിൽക്കുകയാണ്. ആ പ്രശ്നം പരിഹരിക്കാനാവശ്യമായ എന്തെങ്കിലും നടപടി സ്വീകരിച്ചോ; ഒരു നടപടിയും സ്വീകരിച്ചില്ല. പി.ജി.-യും നെറ്റ്-ഉം ബി.എഡ്.-ഉം, എം.എഡ്.-ഉം ഒക്കെ കഴിഞ്ഞ മിടുക്കരായ കുട്ടികൾ ഹയർ സെക്കണ്ടറിയിൽ പഠിപ്പിക്കുമ്പോൾ അതേ ഹയർ സെക്കണ്ടറിയിൽ പഠിപ്പിക്കുന്ന ഒരേ ക്വാളിഫിക്കേഷനുള്ള അദ്ധ്യാപകരം നിങ്ങൾ ജൂനിയറും സീനിയറും ആക്കുകയാണ്. അവിടെ അവർക്ക് കിട്ടുന്ന ശമ്പളത്തിൽ വ്യത്യാസം, പ്രിൻസിപ്പാൾ ആകാൻ പറ്റില്ല, മുഖ്യ പരീക്ഷാ ചുമതലകൾ

ഏറ്റെടുക്കാൻ പറ്റില്ല. സീനിയർ ജൂനിയർ വ്യത്യാസം പരിഹരിക്കാനുള്ള വല്ല നടപടികളും ഇതിന്റെ ഭാഗമായി .....

മി. സ്പീക്കർ: യെസ്... യെസ്.. പ്ലീസ് കൺക്ലൂഡ്... അങ്ങ് പ്രൊക്രൂസ്റ്റസിനെ ഉദ്ധരിച്ചിട്ട് പിന്നെ നീട്ടരുത്.

ശ്രീ. ടി. സിദ്ദിഖ്: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. രണ്ടുമൂന്ന് മിനിട്ടുകൊണ്ട് അവസാനിപ്പിക്കാം.

മി. സ്പീക്കർ: രണ്ട് മിനിട്ട് അനുവദിക്കാം.

ശ്രീ. ടി. സിദ്ദിഖ്: സർ, ഈ പരിഷ്കരണം കേരളത്തിലെ വിദ്യാഭ്യാസമേഖലയ്ക്ക് ഗൗരവതരമായ ആഘാതമേൽപ്പിക്കുന്ന നടപടിയാണ്. ഹയർ സെക്കണ്ടറി എന്നുപറഞ്ഞാൽ ഉന്നത വിദ്യാഭ്യസത്തിന്റെ സ്റ്റെപ്പിംഗ് സ്റ്റോൺ ആണ്. അവിടെ പഠിപ്പിക്കുന്ന നിരവധി വിഷയങ്ങളുണ്ട്. കുട്ടികളെ പഠിപ്പിക്കുമ്പോൾ അതിനാധാരമായ അവരുടെ മനോഭാവം, വൈകാരികത, സമീപനം, മാനസിക നിലവാരം എന്നിവയെല്ലാം പ്രധാന ഘടകങ്ങളാണ്. ഇത് Pre-KG വിദ്യാർത്ഥികളുടെ കൂടെ ഹയർ സെക്കണ്ടറിയെ കൂട്ടിക്കെട്ടി ഒരു സമീപനമുണ്ടാക്കുകയെന്ന് പറഞ്ഞാൽ അതുണ്ടാക്കുന്ന ആഘാതം ചെറുതാണോ? ഇവിടെ ഒരു കാര്യംകൂടി പരാമർശിക്കേണ്ടതുണ്ട്. 1986-ലെ

യു.ഡി.എഫ്. മന്ത്രിസഭയിൽ ടി. എം. ജേക്കബ് കേരളത്തിന്റെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്നു. അന്ന് കേരളത്തിൽ പ്രീ-ഡിഗ്രി ബോർഡ് കൊണ്ടുവന്നു. അതിനെതിരായി SFI, DYFI, CPM തുടങ്ങി എല്ലാ സംഘടനകളുടെയും നേതൃത്വത്തിൽ വലിയ സമരം നടന്നു. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ശിവൻകുട്ടി ഉൾപ്പെടെയുള്ള ആളുകൾ പങ്കാളികളായിരുന്ന സമരം. എന്തിനായിരുന്നു ആ സമരം? കോളേജുകളിൽനിന്നും സ്കൂളിലേയ്ക്ക് പ്രീ-ഡിഗ്രി മാറ്റാൻ പറ്റില്ല. പ്രീ-ഡിഗ്രി ബോർഡ് വിരുദ്ധസമരം. ആ സമരത്തിന്റെ അടിസ്ഥാനത്തിൽ അവസാനം എൽ.ഡിഎഫ്. ഗവൺമെന്റ് വന്നു. 1986-ലെ പ്രീ-ഡിഗ്രി പരീക്ഷാ ഹാളുകളിൽ ഗുണ്ടകൾ കയറി. പരീക്ഷാ കേന്ദ്രങ്ങൾ അടിച്ചുതകർത്തു, മൂല്യനിർണ്ണയകേന്ദ്രങ്ങൾ അടിച്ചുതകർത്തു, കുട്ടികളുടെ ഉത്തരക്കടലാസുകൾ വരെ ചുട്ടെരിക്കുന്ന സംഭവമുണ്ടായി. ആയിരക്കണക്കിന് കുട്ടികൾ ആ സമരത്തിന്റെ ഏറ്റവും വലിയ അപകടകരമായ സാഹചര്യത്തെ നേരിട്ടു. 1987-ൽ എൽ.ഡി.എഫ്. സർക്കാർ വന്നു. നിങ്ങൾ വന്നപ്പോൾ ആ പ്രീ-ഡിഗ്രി പോലും നടപ്പാക്കിയില്ല. പിന്നീട് 1998-ൽ എൽ.ഡി.എഫ്. ഗവൺമെന്റ് പ്ലസ്ടു നടപ്പിലാക്കി. എന്തിനെതിരെയാണോ സമരം ചെയ്തത്; അത് നിങ്ങൾ

പിന്നീട് നടപ്പിലാക്കി. കേരളത്തിന്റെ വിദ്യാഭ്യസമേഖലയ്ക്ക് എത്രകാലത്തെ നഷ്ടമാണുണ്ടായത്; അതുമാത്രമല്ല അന്ന് പ്രീ-ഡിഗ്രി ബോർഡിനെതിരെ സമരം ചെയ്തവർ ഇന്ന് സെക്കണ്ടറി വിദ്യാഭ്യാസത്തിന്റെ കൂടെ പ്ലസ് ടു-വിനെ ഇരുത്താനുള്ള നടപടികളാണ് സ്വീകരിക്കുന്നത്.

മി. സ്പീക്കർ: ശ്രീ. ടി. സിദ്ദിഖ് ദയവായി സഹകരിക്കണം.

ശ്രീ. ടി. സിദ്ദിഖ്: സർ, എത്രത്തോളം അപകടകരമായ സാഹചര്യമാണ്. അതുകൊണ്ട് ഇവിടെയുണ്ടായ ഈ ഗൗരവതരമായ സാഹചര്യം, ഈ നടപടികൾ ഖാദർ കമ്മിഷൻ റിപ്പോർട്ട് വളരെ കരുതലോടെ നടപ്പിലാക്കേണ്ട ഒരു വസ്തുതയാണ്. അത് കേരളത്തിന്റെ വിദ്യാഭ്യാസക്രമത്തിന് യോജിച്ചതാണോ എന്നത് ഗൗരവതരമായി പരിശോധിക്കണം. ഹയർ സെക്കണ്ടറിയും സെക്കണ്ടറി വിദ്യാഭ്യാസവും അടിസ്ഥാനപരമായ പല ഘടകങ്ങൾകൊണ്ട് വിവക്ഷിക്കപ്പെട്ടതാണ്. അത് ഒന്നിച്ച് ചേർക്കാനാവശ്യമായ ഗൂഢലക്ഷ്യം... ഹയർ സെക്കണ്ടറി മേഖലയിൽ ഇടതുപക്ഷ സംവിധാനങ്ങൾക്കുള്ള മേൽക്കോയ്മയില്ലാത്ത നടപടി സെക്കണ്ടറി വിദ്യാഭ്യാസത്തിന്റെ കൂടെകൂട്ടി യോജിപ്പിച്ച് ഉണ്ടാക്കിയെടുക്കാനുള്ള ഒരു വലിയ രാഷ്ട്രീയ ലക്ഷ്യം ഇതിന്റെ കൂടെയുണ്ട്

എന്നുള്ളതും കരുതണം. ഞാൻ വയനാട് ജില്ലയിൽനിന്നും വരുന്ന ജനപ്രതിനിധിയാണ്. ആ വയനാട് ജില്ലയിൽ 837 ട്രൈബൽ വിദ്യാർത്ഥികൾ പാസ്സായിട്ടുണ്ട്. ആ വിദ്യാർത്ഥികൾക്ക് മുഴുവൻ പ്ലസ് വൺ അഡ്മിഷൻ ഉറപ്പുവരുത്താനുള്ള നടപടികൾ ദയവ് ചെയ്ത് സ്വീകരിക്കണം. അങ്ങ് ഇന്നലെ മറുപടിയിൽ പറഞ്ഞു, രണ്ട് എം.ആർ.എസ്.-കളിൽ അഡീഷണൽ ബാച്ച് കൊടുക്കാനുള്ള തീരുമാനമെടുത്തു. അവിടെ 5 എം.ആർ.എസ്.-കളുണ്ട്. ആ എം.ആർ.എസ്-കളിലും അഡീഷണൽ ബാച്ചും സൗകര്യവും കൊടുക്കാനുള്ള തീരുമാനമെടുക്കണം. ട്രൈബൽ വിദ്യാർത്ഥികളാണ്. അവർക്കും അഡ്മിഷൻ കിട്ടാനാവശ്യമായ നടപടികൾ സ്വീകരിക്കണം. ഒരു ഭാഗത്ത് ഗുഡല്ലൂർ, ഒരു ഭാഗത്ത് കുടക്, ഒരു ഭാഗത്ത് ചാമരാജ് നഗർ. അടുത്ത ജില്ലകളായ കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലേയ്ക്ക് കടക്കണമെങ്കിൽ ചുരമിറങ്ങിപോകണം. ഈ കുട്ടികൾക്ക് വേറെ മാർഗ്ഗമില്ല. വയനാട് ജില്ലയിൽത്തന്നെ എല്ലാ കുട്ടികൾക്കും പഠിക്കാനാവശ്യമായ പ്ലസ് വൺ പ്രവേശന സാധ്യതകൾ ഉറപ്പുവരുത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, കേരള വിദ്യാഭ്യാസ ഭേദഗതി ബില്ലുമായി ബന്ധപ്പെട്ട 2021-ലെ 101-ാം നമ്പർ ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയത്തെ പിന്തുണച്ചുകൊണ്ട് ഞാൻ സംസാരിക്കുകയാണ്. ബഹുമാന്യനായ അംഗം ടി. സിദ്ദിഖ് ഈ വിഷയവുമായി ബന്ധപ്പെട്ട് ഒരുപാട് കാര്യങ്ങൾ പരാമർശിച്ച സ്ഥിതിക്ക് ഞാനത് ആവർത്തിക്കുന്നില്ല. 2009-ലെ മൻമോഹൻസിംഗ് ഗവൺമെന്റ് ഇൻഡ്യയിൽ സാധാരണക്കാരന്റെ മനസ്സ് തൊട്ടറിഞ്ഞ, സാധാരണക്കാരന് പ്രതീക്ഷ നൽകുന്ന ഗവൺമെന്റായിരുന്നു, ആ കാലയളവിലെ ചില പദ്ധതികളിൽ ഏറ്റവും മികച്ച പദ്ധതിയായിരുന്നു വിദ്യാഭ്യാസ അവകാശനിയമം. 6 മുതൽ 14 വയസ്സുവരെയുള്ള മുഴുവൻ കുട്ടികൾക്കും നിർബന്ധിത സൗജന്യ വിദ്യാഭ്യാസം നൽകുകയെന്നുള്ള ഉദ്ദേശ്യത്തോടുകൂടി സമർപ്പിക്കപ്പെട്ട വിദ്യാഭ്യാസ അവകാശനിയമത്തിന്റെ ചുവട് പിടിച്ചുകൊണ്ട് ഇൻഡ്യയിലെ സംസ്ഥാനങ്ങളോട് മികച്ച നിർദ്ദേശങ്ങൾ സമർപ്പിക്കാനാണ് അന്ന് കേന്ദ്രം നിർദ്ദേശിച്ചത്. ആ നിർദ്ദേശത്തിന്റെ ഭാഗമായി ഖാദർ കമ്മിറ്റി രൂപീകരിക്കുകയും കേരളത്തിലെ അദ്ധ്യാപക സംഘടനകളുമായൊന്നും ചർച്ച ചെയ്യാതെ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ (സി.പി.ഐ.(എം.))

അദ്ധ്യാപക സംഘടനയുമായി മാത്രം ആലോചിച്ചുകൊണ്ട് ചുരുങ്ങിയ കാലയളവിൽ സമർപ്പിക്കപ്പെട്ട ഖാദർ കമ്മിഷൻ റിപ്പോർട്ടിന്റെ ചുവടുപിടിച്ചുകൊണ്ടാണ് ഈ ഭേദഗതി ബിൽ ഇന്ന് നിയമസഭയിൽ ചർച്ചയ്ക്ക് വരുന്നത്. ഖാദർ കമ്മിറ്റി റിപ്പോർട്ടിനെത്തുടർന്ന് കേരള എഡ്യൂക്കേഷൻ റൂളിൽ 128 ഭേദഗതികൾ ഇപ്പോൾത്തന്നെ വരുത്തിയിട്ടുണ്ട്. കെ.എച്ച്.എസ്.റ്റി.യു. സംസ്ഥാന പ്രസിഡന്റ് ഈ സന്ദർഭത്തിൽ അതിനെ കോടതിയിൽ ചോദ്യം ചെയ്തു. കേരള എഡ്യൂക്കേഷൻ റൂളിലെ 128 അമെന്റ്മെന്റും ആക്ടിന് വിരുദ്ധമാണെന്ന് അങ്ങനെ കണ്ടെത്തുകയുണ്ടായി. അത് തിരുത്താനായി സർക്കാർ ചെയ്തിട്ടുള്ളത് 5 എക്സ്ട്രാഓർഡിനറി ഗസറ്റുകൾ 5 ദിവസംകൊണ്ട് ഇറക്കുക എന്നതാണ്. സർക്കാർ മൈൻഡ് അപ്ലൈ ചെയ്യാതെ വളരെ ലാഘവത്തോടെയാണ് ഇത്തരം നിയമനിർമ്മാണങ്ങളും ഭേദഗതികളും നടത്തുന്നുവെന്നത് വളരെ വ്യക്തമാകുകയാണ്. ഈ ബില്ലുമായി ബന്ധപ്പെട്ടുകൊണ്ട് ഞാൻ ഒരു ഉദാഹരണം സൂചിപ്പിക്കാം. Section 9- Salary of teachers:- ഇതിൽ അദ്ധ്യാപകരുടെ ശമ്പളത്തെക്കുറിച്ച് പറയുന്നുണ്ട്,

9. Salary of teachers, etc. and grants to aided schools.- (1) The Government shall pay the salary of all teachers in aided schools direct or through the Headmaster of the school.

ഈ ഖണ്ഡികയിൽ headmaster എന്ന സ്ഥലത്ത് headmistress/vice principal എന്ന് മാറ്റിച്ചേർത്തിട്ടുണ്ട്. കേരളത്തിലുള്ള എല്ലാ ഹയർസെക്കണ്ടറി സ്കൂളുകളുടെ പ്രിൻസിപ്പാൾമാരുടെയും ശമ്പളം വാങ്ങികൊടുക്കേണ്ടത് ഇവിടെയുള്ള ഹെഡ്മാസ്റ്റർമാരും വൈസ് പ്രിൻസിപ്പാൾമാരുമാണെന്ന അവസ്ഥ വരുന്നു. സെക്രട്ടേറിയറ്റിലെ ചീഫ് സെക്രട്ടറിയുടെ ശമ്പളം ഡ്രോ ചെയ്യേണ്ട അധികാരം അവിടെയുള്ള അണ്ടർസെക്രട്ടറിക്ക് കൊടുക്കുന്നതുപോലെയാണ്, ബില്ലുമായി ബന്ധപ്പെട്ടുകൊണ്ട് സൂചിപ്പിക്കുന്ന ഒരു കാര്യം ഇതാണ്. അതോടൊപ്പം പറയാനുള്ളത്, വിദ്യാഭ്യാസ വകുപ്പിനെ ഉന്നതവിദ്യാഭ്യാസ വകുപ്പെന്നും പൊതുവിദ്യാഭ്യാസ വകുപ്പെന്നും രണ്ടായി വിഭജിച്ച് ഭരണം നടത്തുന്ന ഒരു സർക്കാരാണ് വിദ്യാഭ്യാസ വകുപ്പിനെ ഇത്തരത്തിൽ കേന്ദ്രീകൃത സംവിധാനത്തിലേയ്ക്ക് നയിക്കുന്നത് എന്നാണ്. സംയോജിത സംവിധാനത്തിലേയ്ക്ക് മാറ്റപ്പെടുന്ന 1 മുതൽ 12 ക്ലാസ് വരെയുള്ള സ്കൂളുകളുടെ

മേധാവി പ്രിൻസിപ്പാൾ ആയിരിക്കും. എന്നാൽ എന്റെ ജില്ലയിലെ (കാസർഗോഡ്) 80 ശതമാനം സർക്കാർ സ്കൂളുകളിലും പ്രിൻസിപ്പാൾമാരില്ല. അതിനാൽ ഈ വിദ്യാലയങ്ങൾ നാഥനില്ലാത്ത അവസ്ഥയിലായിരിക്കും. ഒരുപാടുവർഷം സർവ്വീസുള്ള, ഹെഡ്മാസ്റ്റർ തസ്തികയിൽ എത്തേണ്ട അദ്ധ്യാപകർക്ക് ഇതിൽ ആശങ്കയുണ്ട്. ഹെഡ്മാസ്റ്റർ തസ്തിക ഇല്ലാതാകുമെന്ന ആശങ്ക അവർ ഉയർത്തുന്നുണ്ട്. ഹയർസെക്കണ്ടറി ക്ലാസുകളുള്ള സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാർ വൈസ് പ്രിൻസിപ്പാൾമാരാകും, ഹയർസെക്കണ്ടറി ഇല്ലാത്ത സ്കൂളുകളിൽ ഹെഡ്മാസ്റ്റർ തസ്തിക തുടരും. ഇങ്ങനെ സമാന തസ്തികയിലുള്ളവർ വെവ്വേറെ പേരിൽ അറിയപ്പെടുന്നത് അനീതിയാണ്. ഈ വിദ്യാഭ്യാസ ബില്ലുമായി ബന്ധപ്പെട്ടുകൊണ്ട് കേരള നിയമസഭയിൽ ചർച്ച വരുമ്പോൾ, കേരളത്തിലെ രക്ഷിതാക്കളും വിദ്യാർത്ഥികളും ആശങ്കയോടുകൂടി ഈ സഭയെ നോക്കിക്കാണുന്നുണ്ട്. അക്കാര്യം നിയമസഭയിൽ അടിയന്തരപ്രമേയവും സബ്മിഷനും ശ്രദ്ധക്ഷണിക്കലുമൊക്കെയായി ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ അവതരിപ്പിക്കപ്പെട്ടതാണ്. കോവിഡ് മഹാമാരിക്കുശേഷം വളരെ പ്രതീക്ഷയോടെ കേരളപ്പിറവി ദിനമായ നവംബർ ഒന്നാം തീയതി കുട്ടികൾ

വിദ്യാലയങ്ങളിലേയ്ക്ക് മടങ്ങിപ്പോകുമ്പോൾ വലിയ ഒരു പ്രതിസന്ധി അവർ നേരിടുകയാണ്, കേരള ചരിത്രത്തിലാദ്യമായി ഒരു ലക്ഷത്തിലധികം കുട്ടികൾ എല്ലാ വിഷയങ്ങളിലും എ പ്ലസ് നേടിയിട്ടും അയ്യായിരത്തിലധികം കുട്ടികൾക്ക് ഇപ്പോഴും പ്ലസ് വൺ -ന് സീറ്റ് കിട്ടിയിട്ടില്ലെന്നുള്ളതാണ് ആ വിഷയം. കേരളത്തിന്റെ ബഹുമാന്യനായ മന്ത്രിയാണ് ഇക്കാര്യം സഭയെ അറിയിച്ചത്. ഒരുഭാഗത്ത് കുട്ടികൾക്ക് പ്ലസ്‌വൺ -ന് സീറ്റില്ലാതെ പ്രയാസപ്പെടുന്ന അവസ്ഥ നിലനിൽക്കുമ്പോൾ മറുഭാഗത്ത് ഒന്നാം തീയതി സ്കൂളുകൾ തുറക്കുമ്പോൾ അദ്ധ്യാപകരില്ലാത്ത വലിയൊരു പ്രയാസം നമ്മൾ അനുഭവിക്കുകയാണ്. ഇതിലെ ഏറ്റവും ഭീകരമായ അവസ്ഥ അനുഭവിക്കുന്നത് കേരളത്തിന്റെയും കർണ്ണാടകത്തിന്റെയും അതിർത്തിപ്രദേശമായ മഞ്ചേശ്വരം, കാസർഗോഡ് മണ്ഡലങ്ങളും കാസർഗോഡ് ജില്ലയുമാണ്. മഞ്ചേശ്വരം താലൂക്ക് പരിധിയിൽ നിരവധി കുട്ടികൾ എസ്.എസ്.എൽ.സി. പഠനം കഴിഞ്ഞ് ഉന്നത പഠനത്തിന് സൗകര്യമില്ലാതെ പ്രയാസപ്പെടുകയാണ്. ഈ പ്രാവശ്യം കോവിഡ് കഴിഞ്ഞ് കുട്ടികൾ വീണ്ടും സ്കൂളുകളിലേയ്ക്ക് പോകുമ്പോൾ എന്റെ മേഖലയിലെ ഭാഷാ ന്യൂനപക്ഷമായ കന്നഡ കുട്ടികൾ വലിയൊരു പ്രയാസം അനുഭവിക്കുന്നുണ്ട്,

അതിർത്തിക്ക് തൊട്ടപ്പുറത്തുള്ള മംഗരാപുരത്ത് ഒന്നാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയും, കേരളത്തിൽ പത്താംക്ലാസ് കഴിഞ്ഞതിനുശേഷം മംഗലാപുരത്തെ ജൂനിയർ കോളേജിൽ PUC (Pre-University Course) -യ്ക്ക് പഠിക്കാൻ പോകുന്നവരുമായ കുട്ടികൾ മുഴുവനും ബുദ്ധിമുട്ടുകയാണ്. കർണ്ണാടക ഗവൺമെന്റ്, കേന്ദ്രഗവൺമെന്റിന്റെയും കോടതിയുടെയും ഉത്തരവ് ലംഘിച്ചുകൊണ്ട് മനുഷ്യത്വരഹിതമായി അതിർത്തി അടച്ച കാര്യം എല്ലാവർക്കുമറിയാം. ഇതിന്റെ പേരിൽ കാസർഗോഡ് ജില്ലയിലെ കാസർഗോഡ്, മഞ്ചേശ്വരം മണ്ഡലത്തിലെ കുട്ടികൾ മംഗലാപുരത്തേയ്ക്ക് അഡ്മിഷന് പോകാൻ ഭയപ്പെടുകയാണ്. ആ കുട്ടികൾക്കുടി ഇവിടെ അധികമായി അഡ്മിഷൻ നൽകേണ്ട അവസ്ഥയിൽ, ഇന്നലെകളിൽ പരമ്പരാഗതമായി മംഗരാപുരത്തെ ആശ്രയിച്ചിരുന്ന മഞ്ചേശ്വരത്തെയും കാസർഗോഡിലെയും ഈ കുട്ടികൾക്കുകൂടി കേരളത്തിൽ അഡ്മിഷൻ ലഭ്യമാകാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളണമെന്ന് വളരെ ബഹുമാനത്തോടുകൂടി ബഹുമാന്യനായ മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. എന്റെ മണ്ഡലത്തിൽ വർഷങ്ങൾക്കുമുമ്പ് ഹയർസെക്കണ്ടറി അനുവദിക്കപ്പെട്ട കുഞ്ചത്തൂർ, ബങ്കരമഞ്ചേശ്വരം, ഉപ്പള, മംഗൽപാടി, ബേക്കൂർ, ഹേരൂർ

മീപ്പിരി, ഷിറിയ, പൈവളിഗെ നഗർ, കുമ്പള, അംഗടിമുഗർ എന്നീ സ്കൂളുകളിൽ പുതിയ കോഴ്സുകളും അധിക ബാച്ചുകളും അനുവദിക്കണം. എന്റെ മണ്ഡലത്തിന്റെ കവാടമായ ജി.എച്ച്.എസ്., മൊഗ്രാൽ -ൽ സയൻസ് ബാച്ച് അനുവദിക്കണമെന്ന ആവശ്യവും ഉന്നയിക്കുകയാണ്. ഇവിടങ്ങളിലെല്ലാം കുട്ടികൾ അഡ്മിഷനായി ക്യൂവിൽ നിൽക്കുകയാണ്. അതുപോലെ ഇതുവരെ പ്ലസ് ടു കോഴ്സ് ലഭ്യമാകാത്ത കേരളത്തിന്റെ അതിർത്തി പ്രദേശത്തുള്ള കടമ്പാർ, കൊടിയമ്മ, ഉദ്യാവർ, മൂടമ്പയിൽ, സൂരമ്പയിൽ എന്നീ സർക്കാർ ഹൈസ്കൂളുകൾക്ക് താത്ക്കാലികമായി പുതിയ ബാച്ചുകൾ നൽകുമെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഈ സഭയിൽ അറിയിച്ചതാണ്, ഇതും ലഭ്യമാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. വർത്തമാനകാല ഇന്ത്യയിൽ ശ്രീ. നരേന്ദ്രമോദിയുടെ ഗവൺമെന്റ് കൃത്യമായി വിദ്യാഭ്യാസ മേഖല കാവിവൽക്കരിക്കുമെന്ന കാര്യം നമുക്കൊക്കെ അറിയാം, ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ അംഗങ്ങൾ അംഗീകരിക്കുന്ന ഒരു വസ്തുതയാണിത്. കഴിഞ്ഞ രണ്ടുദിവസം മുമ്പ് ഇന്ത്യക്കാർക്ക് കേട്ടുകേൾവിയില്ലാത്ത രീതിയിൽ ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള ഒരു ക്രിക്കറ്റ് കളി നടന്നപ്പോൾ ഇന്ത്യക്കാരനായ മുഹമ്മദ് ഷെമി (Mohammed Shami) എന്നുപറയുന്ന ഒരു

ക്രിക്കറ്റർക്കെതിരെ ഇന്ത്യക്കാർ മുഴുവനും തലകുനിക്കുന്ന രീതിയിൽ നവമാധ്യമങ്ങളിൽ അധിക്ഷേപകരമായ ഒരു വാർത്ത വന്നു, ആ വിഷയത്തിൽ സച്ചിൻ ടെണ്ടുൽക്കറിനെപ്പോലെയുള്ള വീരേന്ദർ സെവാഗിനെപ്പോലെയുമുള്ള പ്രഗത്ഭരായ താരങ്ങൾ പ്രസ്തുത താരത്തിന്റെ കൂടെനിന്നുകൊണ്ട് പിന്തുണച്ച് സംസാരിക്കുന്നതാണ് നാം കണ്ടത്. മുഹമ്മദ് ഷെമി എന്നുപറയുന്ന ഒരു ക്രിക്കറ്റർക്കെതിരെ ഏറ്റവും ക്രൂരമായ രീതിയിൽ... അദ്ദേഹത്തിന്റെ പേരാണ് പ്രശ്നം, അദ്ദേഹത്തിന്റെ മതമാണ് പ്രശ്നം എന്ന രൂപത്തിലുള്ള ആക്ഷേപം ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള ഒരു കളി നടക്കുന്നസമയത്ത് ഉയർന്നുവരുമ്പോൾ നാം ചിന്തിക്കേണ്ട ഒരു കാര്യമുണ്ട്. കേരളത്തിന്റെ നിയമസഭയിൽ വിദ്യാഭ്യാസ ഭേദഗതി ബില്ലുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ചർച്ച വരുമ്പോൾ നമ്മുടെ സംസ്ഥാനത്താണ് പ്രശ്നം. അതായത് ഇന്ത്യയിലെ ഏറ്റവും വലിയ ഫാസിസ്റ്റ് സംഘടനയായ ആർ.എസ്.എസ്. ഇവിടെ അവരുടേതായ സ്കൂളുകൾ തുടങ്ങാൻ പോകുകയാണ്, ചെറുപ്പത്തിൽത്തന്നെ കുട്ടികളുടെ മസ്തിഷ്കത്തിലേയ്ക്ക് വർഗ്ഗീയതയുടെ വിഷബീജം കുത്തിവയ്ക്കുകയാണ്, ഇതിനൊരു പര്യവസാനമുണ്ടാകേണ്ടതുണ്ട്. ഇന്ത്യയ്ക്ക് മതേതര മേഖലയിൽ മോഡലായ

സംസ്ഥാനമാണ് കേരളമെന്ന് നമുക്കറിയാം. കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങൾക്ക് മാതൃകയായ വിദ്യാഭ്യാസ പദ്ധതികളുണ്ടായിരുന്നു. ഈ വിദ്യാഭ്യാസ ഭേദഗതിയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ചർച്ച നടക്കുമ്പോൾ വിദ്യാഭ്യാസ മേഖലയിൽ സമൂലമായ മാറ്റങ്ങളാണ് വരുത്തേണ്ടത്. 1-ാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെയുള്ള കുട്ടികളെ യോജിപ്പിക്കുന്നതിനുപകരം നാം ആലോചിക്കേണ്ടത് ഒന്നാം ക്ലാസ് മുതൽ അവർക്ക് ശുചിത്വത്തെക്കുറിച്ച് പഠിപ്പിച്ചുകൊടുക്കണം, മതേതരത്വത്തെക്കുറിച്ച് പഠിപ്പിച്ചുകൊടുക്കണം, പരിസ്ഥിതിയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള വിഷയങ്ങൾ പഠിപ്പിച്ചുകൊടുക്കണം എന്നെല്ലാമാണ്. സ്വാഭാവികമായും മുഹമ്മദ് ഷെമി എന്ന ക്രിക്കറ്റർക്കെതിരെ വാർത്ത വന്നുവെന്ന വിഷയം ഞാൻ അവതരിപ്പിക്കാൻ കാരണം, നവമാധ്യമങ്ങളിൽ അദ്ദേഹത്തിനെതിരെ അതിശക്തമായ ആക്രമണമുയരുന്ന സാഹചര്യമൊരുക്കിയത് ഇന്ത്യയിൽ വിദ്യാഭ്യാസ മേഖലയിൽ ആർ.എസ്.എസ്.-ഉം ബി.ജെ.പി.-യും കൊണ്ടുവന്ന വർഗ്ഗീയ നീക്കത്തിന്റെ പരിണതഫലമാണെന്നും അതാണ് നമ്മളിവിടെ അനുഭവിച്ചുകൊണ്ടിരിക്കുന്നതെന്നും സൂചിപ്പിക്കാനാണ്. ഭേദഗതിയുമായി

ബന്ധപ്പെട്ടുകൊണ്ട് സംസാരിക്കുമ്പോൾ എന്റെ ജില്ലയായ കാസർഗോഡ് ഭാഷാന്യൂനപക്ഷങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശത്തുള്ള സ്കൂളുകളുടെ ഒരു പട്ടികതന്നെ ബഹുമാന്യനായ മന്ത്രിയുടെ മുമ്പിൽ ഞാൻ അവതരിപ്പിച്ചുകഴിഞ്ഞു, ഞങ്ങളുടെ മേഖലയെ പ്രത്യേകം പരിഗണിക്കണം. പ്രത്യേകിച്ച് അതിർത്തി അടച്ചതിന്റെ പേരിൽ അതിഭീകരമായതും മനുഷ്യത്വരഹിതമായതുമായ ഒരു അനുഭവം ഞങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ഘട്ടത്തിൽ, കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം മണ്ഡലത്തിലെ മേൽപ്പറഞ്ഞ സ്കൂളുകളിലെ നൂറുശതമാനം കുട്ടികൾക്കും പ്ലസ് വൺ -ന് സീറ്റ് ലഭ്യമാക്കണമെന്നും ഞങ്ങളുടെ എല്ലാ സ്കൂളുകൾക്കും പ്രത്യേക ബാച്ച് അനുവദിച്ച് മഞ്ചേശ്വരം മണ്ഡലത്തിനായി ഒരു പ്രത്യേക പാക്കേജ് പ്രഖ്യാപിക്കണമെന്നും അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ബഹുമാനപ്പെട്ട അംഗം ബില്ലുമായി ബന്ധപ്പെട്ടുകൊണ്ടുള്ള സംസാരം നടത്തിക്കൊണ്ടിരിക്കുകയാണ്, മലപ്പുറം ജില്ലയിൽ അദ്ധ്യാപകരുടെ ക്ഷാമം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. മലപ്പുറം ജില്ലയിൽ ഇപ്പോൾ എൽ.പി.എസ്.എ. അദ്ധ്യാപകരുടെ പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ട്. റിപ്പോർട്ട് ചെയ്യപ്പെട്ട 548

ഒഴിവുകളിലേയ്ക്ക് പി.എസ്.സി. റാങ്ക് ചെയ്തിട്ടുള്ളത് ആയിരത്തോളം ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് മാത്രമാണ്. സത്യത്തിൽ ഇനിയുമെത്രയോ ഒഴിവുകൾ വരാനുമുണ്ട്. കാരണം ഇപ്പോൾത്തന്നെ 250-ഓളം അദ്ധ്യാപകരെ ഹെഡ്മാസ്റ്റർമാരായി സ്ഥാനക്കയറ്റം നൽകുകയാണ്. അത്തരം ഒഴിവുകൾകൂടി ഇപ്പോൾ റിപ്പോർട്ട് ചെയ്യപ്പെടും. ഇതുകൂടി കണക്കിലെടുക്കുമ്പോൾത്തന്നെ ഏകദേശം 800 ഒഴിവുകളായിക്കഴിഞ്ഞു. ഈ കാലയളവിൽ അപ്പോയിന്റ്മെന്റ് അപ്രൂവൽ ഈ കാലയളവിലൊന്നും നടന്നിട്ടുമില്ല. ആ വേക്കൻസികളുമുണ്ടാകും. പോസ്റ്റ് ക്രിയേഷൻപോലും നിജപ്പെടുത്താത്ത സാഹചര്യത്തിൽ രണ്ടായിരത്തോളം ഒഴിവുകൾ മലപ്പുറം ജില്ലയിൽത്തന്നെ വരാനുണ്ട്. എന്നിട്ടും പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ആയിരത്തോളം ആളുകളെമാത്രമാണ്. അതുകൊണ്ട് പി.എസ്.സി. റാങ്ക് ലിസ്റ്റ് വിപുലീകരിക്കണം എന്നൊരഭിപ്രായം പൊതുവായി ഉയരുന്നുണ്ട്. ഈ കാര്യങ്ങൾ ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, ബഹുമാന്യനായ അംഗം സൂചിപ്പിച്ച കാര്യം വിദ്യാലയങ്ങൾ പുതിയതായി തുറക്കുന്ന ഘട്ടത്തിൽ,

അദ്ധ്യാപകർ ഇല്ലാതെ പ്രയാസമനുഭവിക്കുന്ന ഘട്ടത്തിൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഗൗരവത്തോടെ എടുക്കേണ്ട വിഷയമാണ്. ഈ സഭയിൽ സബ്മിഷനിലൂടെ കാസർഗോഡ് അദ്ധ്യാപക ക്ഷാമത്തെക്കുറിച്ച് അവതരിപ്പിച്ചപ്പോൾ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഉറപ്പുതരികയും അതിന്റെ അടിസ്ഥാനത്തിൽ താല്ക്കാലികമായി അദ്ധ്യാപകരെ നിയമിക്കാനുള്ള ഉത്തരവ് ആ ഉറപ്പിന്റെ അടിസ്ഥാനത്തിൽ നൽകിയതിന് ഞാൻ സന്തോഷപൂർവ്വം ഓർക്കുകയാണ്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ബഹുമാനപ്പെട്ട അംഗവും ഞാനും കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം മണ്ഡലത്തെയാണ് പ്രതിനിധാനം ചെയ്യുന്നത്. കേരളത്തിന്റെ ഭാഗമാണ് ഈ രണ്ട് മണ്ഡലങ്ങളും. ഈ രണ്ട് മണ്ഡലങ്ങളിലും മലയാളം മീഡിയം ഇല്ലാത്ത ഹൈസ്കൂളുകൾ ഉണ്ടെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മറ്റൊന്ന് പ്ലസ് വൺ-ന് സീറ്റ് കിട്ടാത്ത ദുരിതത്തെക്കുറിച്ച് അങ്ങ് വളരെ വ്യക്തമായി വിശദീകരിച്ചു. അതിനെക്കാളും വലിയ ദുരിതം കുറെ കാലമായി അനുഭവിച്ചുകൊണ്ടിരിക്കുന്നത്, എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റുകളിലെ തിരുത്തലിനുവേണ്ടി പല കുട്ടികളുടെയും രക്ഷിതാക്കൾ എം.എൽ.എ.-മാരുടെ കയ്യിൽ ഏല്പിക്കുന്നുണ്ട്.

കാസർഗോഡ് ജില്ലയിൽ നിന്നുള്ള എല്ലാ എം.എൽ.എ.-മാരും അനുഭവിക്കുന്ന ദുരിതമാണ്. പക്ഷെ പരീക്ഷാഭവനിൽ അത് സബ്മിറ്റ് ചെയ്താൽ എത്രകാലം അതിനുവേണ്ടി എടുക്കുന്നതെന്ന് അങ്ങേയ്ക്കറിയാമോ; പ്ലസ് വൺ സീറ്റ് എന്നത് ഒരു കിട്ടാക്കനിയാണ്. ഒരു കുട്ടിക്ക് പ്ലസ് വൺ സീറ്റ് നൽകാമെന്ന് ഒരു എയ്ഡഡ് സ്കൂൾ സമ്മതിച്ചു. പക്ഷെ വലിയ തടസ്സമെന്ന് പറയുന്നത് ആ കുട്ടി എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയത് നമ്മുടെ സിലബസിലല്ല. അത് ഏതോ വിദേശ രാജ്യത്തെ സിലബസാണ്. അതിനൊരു ഈക്വലൻസി സർട്ടിഫിക്കറ്റ് വേണം, അതിനുള്ള അപേക്ഷ എസ്. സി. ഇ. ആർ. ടി.-യിൽ സമർപ്പിച്ചു. സെപ്റ്റംബറിൽ സമർപ്പിച്ചതാണ്. അതിന് ഇതുവരെയും ഒരു തീരുമാനം എടുക്കാൻ സാധിച്ചിട്ടില്ല. ഓരോ സബ്ജക്ടും പരിശോധിക്കാൻ ഓരോ അദ്ധ്യാപകർ വേണം, അവസാനം അതിനൊരു കമ്മിറ്റി കൂടണം, അപ്പോൾ ഈ കടമ്പകളൊക്കെ എളുപ്പം പരിഹരിക്കുന്ന കാര്യം അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, വിദ്യാഭ്യാസ ഭേദഗതിബില്ലുമായി ബന്ധപ്പെട്ട് സംസാരിക്കുമ്പോൾ ബഹുമാന്യനായ അംഗം എൻ. എ. നെല്ലിക്കുന്ന്, സൂചിപ്പിച്ച വിഷയം വളരെ എളുപ്പത്തിൽ പരിഹരിക്കാൻ

കഴിയുന്ന കാര്യമാണ്. എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് തിരുത്തലുമായി ബന്ധപ്പെട്ടുകൊണ്ട് മാസങ്ങളോളം കാത്തുനിൽക്കുകയും പ്രവാസികൾ ഏറ്റവും കൂടുതൽ തിങ്ങിപ്പാർക്കുന്ന സ്റ്റേറ്റ് എന്ന നിലയ്ക്ക് ഒരു ചെറിയ തിരുത്തലിനുവേണ്ടി വിസ നഷ്ടപ്പെടുന്ന അനുഭവങ്ങൾപോലും ഉണ്ടായത് ഞങ്ങൾക്കൊക്കെ പങ്കുവയ്ക്കാൻ കഴിയും. എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് തിരുത്തൽ ഈസിയായി ചെയ്യാൻ കഴിയുന്ന കാര്യമാണ്, അത് ബഹുമാന്യനായ മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. കേരളത്തിന്റെ അതിർത്തിയിൽ മലയാള ഭാഷയ്ക്ക് ഏറ്റവും പ്രാധാന്യം കൊടുത്ത് അതിനുവേണ്ടി പ്രോത്സാഹനവും അതിന്റെ പ്രചരണ പ്രവർത്തനങ്ങളും നടത്തുകയാണ്. കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം മണ്ഡലത്തിലെ വോർക്കാടി പഞ്ചായത്ത് കന്നട മഹാ ഭൂരിപക്ഷ പഞ്ചായത്ത് ആണെങ്കിലും ഇന്നുവരെ ആ പഞ്ചായത്ത് കേരളത്തിന്റെ ഭാഗമാണ്, ഒരൊറ്റ മലയാളം സ്കൂളില്ലായെന്നത് വർഷങ്ങളായി മുൻകാല എം.എൽ.എ.-മാരൊക്കെ ഉന്നയിച്ച വിഷയമാണ്. അതോടൊപ്പം ഈക്വലൻസി സർട്ടിഫിക്കറ്റിന്റെ കാര്യം പറഞ്ഞു. ഈ നിയമസഭയിൽത്തന്നെ Calling Attention-ലൂടെ ഉന്നയിച്ചൊരു വിഷയമാണ്. കേരളത്തിന്റെ അതിർത്തിയിൽ മംഗലാപുരത്ത് പഠിച്ച Allied

Health Sciences Courses പഠിക്കുന്ന കുട്ടികൾക്ക് ഗൾഫിലേക്ക് പോകാൻ കഴിയാത്തൊരു സ്ഥിതി വിശേഷം 140 എം.എൽ.എ.-മാർക്കും അറിയാവുന്നൊരു വസ്തുതയാണ്. അത് പഠിച്ചതിനുശേഷം പി.എസ്.സി.-യിൽ കയറാൻ കഴിയുന്നില്ല, അവർക്ക് ഗൾഫിൽ പോകാൻ കഴിയാത്തൊരു സ്ഥിതി വരുന്നു. സെപ്റ്റംബറോടുകൂടി കൗൺസിൽ രൂപീകരിച്ച് അവരുടെ പ്രശ്നം പരിഹരിക്കപ്പെടുമെന്ന് ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി ഇവിടെ പ്രസ്താവിച്ചതാണ്. ആ വിശ്വാസത്തോടുകൂടി അവരിപ്പോഴും കാത്തുനിൽക്കുകയാണ്. അതിൽ എത്രയും പെട്ടെന്നൊരു ഇടപെടൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. മഞ്ചേശ്വരത്തും കാസർഗോഡും പുതിയ ബാച്ചുകൾ അനുവദിച്ച് അദ്ധ്യാപക ക്ഷാമം പരിഹരിക്കുന്നതോടൊപ്പം അവിടത്തെ അനാഥാലയങ്ങൾ നടത്തുന്ന ഏതാനും സ്കൂളുകളുണ്ട്. എന്റെ മണ്ഡലത്തിൽ അൺഎയ്ഡഡ് ആണെങ്കിലും മുഹിമാത്ത് എഡ്യൂക്കേഷൻ ട്രസ്റ്റ് നടത്തുന്ന മുഹിമാത്ത് സ്കൂളുണ്ട്, അവിടെ 200-ഓളം കുട്ടികൾ എസ്.എസ്.എൽ.സി. പാസ്സായി. അവിടത്തെ സ്കൂളിൽ പഠിക്കാൻ കഴിയാത്തൊരു സാഹചര്യമുണ്ട്. മുഹിമാത്ത് സ്കൂളിൽ പ്രത്യേക ബാച്ച് അനുവദിക്കണം എന്നുള്ള അഭ്യർത്ഥനകൂടി ഞാനിവിടെ സമർപ്പിച്ചുകൊണ്ട് വിദ്യാഭ്യാസ

ഭേദഗതി ബില്ലിനെ നിരാകരിച്ചുകൊണ്ട് എന്റെ പ്രമേയം അവസാനിപ്പിക്കുന്നു.

ശ്രീ. ലിന്റോ ജോസഫ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. ആന്റണി ജോൺ: സർ, 2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30.10.2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

നമ്മുടെ രാജ്യത്തിനും ലോകത്തിനും മാതൃകയാകുന്ന വിദ്യാഭ്യാസ മേഖല ഓരോ മലയാളിയെ സംബന്ധിച്ചും നമുക്ക് അഭിമാനത്തോടെ പറയാൻ കഴിയുന്നൊരു കാര്യമാണ്. വിദ്യാഭ്യാസ പരിഷ്കരണത്തിന് അപ്പുറം കേരളത്തിലെ വിദ്യാഭ്യാസ മേഖല കാലാനുസൃതമായ പരിഷ്കാരങ്ങൾക്ക് വിധേയമായിട്ടുണ്ട് എന്ന് പ്രത്യേകം ഓർക്കേണ്ടതുണ്ട്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് വിഭിന്നമായി അത്തരമൊരു പരിഷ്കരണത്തിന് വിധേയമായതുകൊണ്ടാണ് സംസ്ഥാനത്ത് വിദ്യാഭ്യാസവും വിദ്യാഭ്യാസ സംവിധാനങ്ങളും രാജ്യത്തിനാകെ മാതൃകയായതും ലോകോത്തരമായി ഇപ്പോഴും നില കൊള്ളുന്നതും. എല്ലാ പരിഷ്കാരങ്ങളും അതാത് കാലത്തെ വിദ്യാഭ്യാസ രീതികളെ സമഗ്രമായ പഠനത്തിന് വിധേയമാക്കിയതിനുശേഷം ഉരുത്തിരിഞ്ഞുവന്ന നിർദ്ദേശങ്ങളുടെ നടപ്പിലാക്കലിലൂടെ

ആർജ്ജിച്ചെടുതാണ്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമെന്ന കാഴ്ചപ്പാടിൽ ഊന്നിനിന്നുകൊണ്ട് എല്ലാ കുട്ടികൾക്കും ഗുണമേന്മയും ജനാധിപത്യ മതനിരപേക്ഷ മൂല്യങ്ങൾ ഉളവാക്കുന്നതുമായ ജനകീയ വിദ്യാഭ്യാസ ക്രമം വികസിപ്പിച്ചെടുക്കുന്നതിന് ഇവിടെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുമുതൽതന്നെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ കൂടുതൽ വേഗത്തിൽ മുന്നോട്ടുപോകുകയാണ്. ഒന്നാം ക്ലാസിൽ ചേരുന്ന ഏതാണ്ട് എല്ലാ കുട്ടികളും 12-ാം ക്ലാസ് വരെ തുടരുന്ന ഒരു സാഹചര്യമാണ് സംസ്ഥാനത്തുള്ളത്. അതുകൊണ്ട് ദേശീയതലത്തിൽനിന്നും വ്യത്യസ്തമായി ഗുണമേന്മ വിദ്യാഭ്യാസത്തിനാണ് കൂടുതൽ ഊന്നൽ കൊടുക്കേണ്ടത്. സ്കൂളിൽ എത്തുന്ന മുഴുവൻ കുട്ടികൾക്കും തുല്യ പരിഗണനയും തുല്യ അവസരവും നൽകി അവർക്ക് പഠിക്കാനും വളരാനുമുള്ള സാഹചര്യം ഉണ്ടാക്കി എടുക്കാനാണ് നമ്മളിവിടെ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇതിനായി നിലനിൽക്കുന്ന സംവിധാനത്തിനകത്ത് എന്തെല്ലാം മാറ്റങ്ങൾ അനിവാര്യമാണ് എന്നതാണ് ഈ ബില്ലിലൂടെ മുന്നോട്ട് വയ്ക്കുന്ന ആശയം. കേരളീയ പൊതുസമൂഹത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിന്റെ ഗതിവിഗതികൾ നിർണ്ണയിക്കുന്നതിൽ അതി പ്രധാനമായ ഘടകമാണ് സ്കൂൾ വിദ്യാഭ്യാസം.

സാമൂഹ്യനീതി, പുരോഗമന കാഴ്ചപ്പാടോടെയുള്ള ജനാധിപത്യം, സെക്യുലർ മനോഭാവം എന്നിവയുടെ വികസനത്തിനായി നിലകൊള്ളാൻ സമൂഹത്തെ പ്രാപ്തനാക്കുന്നതിൽ എന്നും സ്കൂൾ വിദ്യാഭ്യാസം മുഖ്യ പങ്ക് വഹിച്ചിട്ടുണ്ട്. സമൂഹത്തിനുണ്ടായ മാറ്റങ്ങൾ സ്കൂൾ വിദ്യാഭ്യാസത്തെയും സ്കൂൾ വിദ്യാഭ്യാസത്തിനുണ്ടായ വളർച്ച സാമൂഹിക പരിവർത്തനത്തെയും പരസ്പരം സ്വാധീനിച്ചിട്ടുണ്ട്. മുഖ്യധാരയിൽനിന്ന് പലകാരണങ്ങളാൽ അടർത്തി മാറ്റിയതും എടുത്തെറിയപ്പെട്ടതും പാർശ്വവൽക്കരിക്കപ്പെടുന്നതുമായ അവസ്ഥ മാറ്റിക്കൊണ്ട് എല്ലാപേർക്കും ഇടമുള്ള തുല്യ അവസരവും അവകാശവും അംഗീകരിക്കപ്പെടുന്ന ഒരു ലോകക്രമത്തിനായുള്ള നിലപാട് കേരളീയ വിദ്യാഭ്യാസ വികസനത്തിൽ അന്തർലീനമാണ്. വ്യക്തിപരവും വിഭാഗീയവുമായ ചിന്തകൾക്കുപരി ഉയരുക വഴിയുള്ള സന്തുലിത വികസനത്തിന് പ്രാമുഖ്യം നൽകുന്ന മാനവ സമൂഹത്തെ സൃഷ്ടിക്കാനുള്ള ശ്രമങ്ങൾ കേരളീയ വിദ്യാഭ്യാസത്തിന്റെ ഇന്നലെകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സാമൂഹിക പുരോഗതിയുടെ ഭാഗമായാണ് വിദ്യാഭ്യാസ രംഗം വളർന്നുവന്നത്. ഇതുസംബന്ധിച്ച് പല പുതിയ ധാരണകളും ഇപ്പോൾ വികസിക്കുകയുണ്ടായി. വിദ്യാഭ്യാസ രംഗത്ത് കഴിഞ്ഞ വർഷങ്ങളിലുണ്ടായ വലിയ മുന്നേറ്റം കേരളീയ

വിദ്യാഭ്യാസ വികാസ ചരിത്രത്തിൽ ഒട്ടേറെ അനന്യമായ അനുഭവങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞ കുറച്ചുവർഷങ്ങൾകൊണ്ടുതന്നെ സാധിച്ചിട്ടുണ്ട്. വിദ്യാഭ്യാസത്തിന്റെ നിർവചനം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് മനുഷ്യനെ മനുഷ്യനാക്കി മാറ്റുക എന്നുള്ളതാണ്. വിദ്യാഭ്യാസം എന്നതുകൊണ്ട് ലക്ഷ്യംവയ്ക്കുന്നതും കുട്ടിയുടെ സമഗ്ര വളർച്ചയാണ്. കുട്ടികളുടെ സമഗ്ര വളർച്ചയ്ക്ക് ഉതകുന്ന വിദ്യാഭ്യാസ പ്രവർത്തനങ്ങളാണ് കേരളത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. നമുക്കറിയാം കുട്ടികൾക്ക് കൊടുക്കാൻ കഴിയുന്ന ഏറ്റവും വലിയ കാര്യം മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുക എന്നതുതന്നെയാണ്. സർക്കാരിന്റെ വിദ്യാഭ്യാസ മേഖലയ്ക്കകത്തെ നയസമീപനങ്ങളെയും ആ നിലയിൽതന്നെയാണ് കാണേണ്ടത്. വിദ്യാഭ്യാസത്തിനായി നീക്കിവയ്ക്കുന്ന ഓരോ രൂപയും ഭാവിയിലേയ്ക്കുള്ള നിക്ഷേപമാണെന്ന് കണ്ടുകൊണ്ടുതന്നെയാണ് ഇത്തരം ഇടപെടലുകൾ സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. അക്കാഡമിക് രംഗത്തെ മുന്നേറ്റത്തിനുള്ള അംഗീകാരമായിതന്നെ, നീതി ആയോഗ് നടത്തിയിട്ടുള്ള ഗുണനിലവാര പഠനത്തിൽ  തുടർച്ചയായി ഒന്നാം സ്ഥാനം കേരളത്തിന് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുകയാണ്. സർക്കാർ മുന്നോട്ടുവച്ച

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം കേരളത്തിന്റെ പൊതുസമൂഹം ഏറ്റെടുത്തുവെന്നുള്ളതിന്റെ തെളിവാണ് കുട്ടികളുടെ എണ്ണത്തിലുണ്ടായ വലിയ വളർച്ച. കുട്ടികളുടെ എണ്ണത്തിനകത്ത് മാത്രമല്ല, അക്കാഡമിക് നിലവാരത്തിലും  വലിയ മുന്നേറ്റം കൊണ്ടുവരാൻ സാധിച്ചു. അതോടൊപ്പം സ്കൂളുകളുടെ ഭൗതികസാഹചര്യങ്ങൾ വലിയതോതിൽ മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയ്ക്ക് ഗുണകരമായ തരത്തിലുള്ള പരിഷ്കാരങ്ങൾ വരുമ്പോൾ അതിനെ കേവലം രാഷ്ട്രീയ ലക്ഷ്യം വച്ചുകൊണ്ടുമാത്രം എതിർക്കുന്ന നിലയിലേയ്ക്ക് ഉത്തരവാദിത്തപ്പെട്ട പ്രതിപക്ഷം മാറരുതെന്നാണ് ഈ അവസരത്തിൽ  സൂചിപ്പിക്കാനുള്ളത്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം സ്വപ്നതുല്യമായ വിജയത്തിലേയ്ക്ക് എത്തിയിരിക്കുന്നുവെന്നുള്ളത് ഇന്ന് എല്ലാവരും അംഗീകരിക്കുന്ന കാര്യമാണ്. പൊതു വിദ്യാഭ്യാസത്തെ ഒരു കുടക്കീഴിലാക്കണമെന്നുള്ളത്, ഇടതുപക്ഷ സർക്കാരും പൊതുസമൂഹവും ഏറെക്കാലമായി ആഗ്രഹിക്കുന്ന ഒന്നാണ്. ഇടതുപക്ഷ സർക്കാർ അധികാരത്തിൽ വരുന്നതിനുമുമ്പ് യു.ഡി.എഫ്. ഈ മേഖലയെ കൈകാര്യം ചെയ്തിരുന്ന കാലത്ത് അവർ തന്നെ വിശേഷിപ്പിച്ചിരുന്നത് ഈജിയൻ തൊഴുത്ത് എന്നാണ്. ഇത് നമ്മൾ

പ്രത്യേകം ഓർക്കേണ്ടതുണ്ട്. ഈ തൊഴുത്ത് വൃത്തിയാക്കാൻ ജനങ്ങൾ ഏൽപ്പിച്ച ഇടതുപക്ഷ സർക്കാരാണിത്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്തും ഇപ്പോൾ വീണ്ടും ഈ സർക്കാർ അധികാരത്തിൽ വന്നിട്ടുള്ള ഘട്ടത്തിലും നന്നായി മുന്നോട്ടുകൊണ്ടുപോകുന്നു. ഞങ്ങളൊക്കെ ആ കാലത്ത് വിദ്യാർത്ഥി സംഘടനാ രംഗത്ത് പ്രവർത്തിച്ചുവന്ന ആളുകളാണ്. എന്തെല്ലാം തെറ്റായ സമീപനങ്ങൾ കേരളത്തിലെ വിദ്യാഭ്യാസ മേഖലയ്ക്കകത്ത് നടപ്പിലാക്കാൻ ശ്രമിച്ചിട്ടുണ്ട്. പരീക്ഷകൾപോലും കൃത്യമായി നടത്താതെ കേരളത്തിലെ കുട്ടികളെയും അവരുടെ രക്ഷിതാക്കളെയും ആശങ്കയിലാഴ്ത്തിയ ഒരു കാലമായിരുന്നു അത്. അദ്ധ്യാപക സ്ഥലം മാറ്റത്തിലും പുസ്തകവിതരണത്തിലും യൂണിഫോം വിതരണത്തിലും ഹയർസെക്കണ്ടറി സ്കൂളുകൾ അനുവദിക്കുന്നതിലും അൺഎയ്ഡഡ് സ്കൂളുകൾ അനുവദിക്കുന്നതിലും എസ്.എസ്.എ. നിയമനത്തിലും തുടങ്ങിയ സകല മേഖലയ്ക്കകത്തും അഴിമതി നടത്തുന്ന സമീപനങ്ങൾ സ്വീകരിച്ചിട്ടുണ്ട്. പ്ലസ് ടു കോഴയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഒട്ടേറെ ചർച്ചകൾ ഇവിടെ നടത്തിയിട്ടുണ്ട്. പ്ലസ് ടു വിന്റെ പേരിൽ കോഴ വാങ്ങുകയും ആ കോഴപ്പണമുപയോഗിച്ചുകൊണ്ട് പിന്നീട് ഇഞ്ചികൃഷി നടത്തി കോടീശ്വരനായ ആളുകളെയും

സമൂഹത്തിനകത്ത് കണ്ടിട്ടുണ്ട്. അങ്ങനെ അഴിമതിയുടെ നാറുന്ന കഥകൾ മാത്രം പത്രത്താളുകളിൽ ഇടംപിടിച്ച ഒരു കാലമായിരുന്നില്ലേ അത്. എന്നാൽ കേരളത്തിനകത്ത് വലിയ മാറ്റംകൊണ്ടുവരാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. അദ്ധ്യാപക മേഖലയിൽ അക്കാലത്ത് പുതിയ നിയമനങ്ങളുണ്ടായിരുന്നില്ല. എല്ലാ വർഷവും കുട്ടികൾ കുറഞ്ഞുകൊണ്ടിരുന്നു. അദ്ധ്യാപകർക്ക് ജോലി നഷ്ടപ്പെടുമെന്ന ഭീതി അക്കാലത്ത് നിലനിന്നിരുന്നു. അങ്ങനെ ഏതുനിലയിൽനോക്കിയാലും സ്കൂൾ മാനേജർമാരും ഭൂമാഫിയയ്ക്കും വഴങ്ങി സ്കൂളുകൾ അടച്ചുപൂട്ടുന്ന സമീപനം സ്വീകരിച്ചു. പരീക്ഷാഫല പ്രഖ്യാപനംപോലും യഥാസമയം നടത്താൻ കഴിയാത്ത അവസ്ഥയിലായിരുന്നു അന്ന് കാര്യങ്ങൾ നടന്നിരുന്നത്. സർക്കാരിന്റെ നയംമൂലം തന്റെ വിദ്യാഭ്യാസ മോഹങ്ങൾ പാതി വഴിയിൽ ഉപേക്ഷിക്കപ്പെടേണ്ടി വന്നപ്പോൾ എത്ര കുട്ടികളാണ് യു.ഡി.എഫ്. ഭരണകാലത്ത് കേരളത്തിനകത്ത് ആത്മഹത്യ ചെയ്തതെന്ന് നമ്മൾ മനസ്സിലാക്കണം. വിദ്യാർത്ഥികൾ ആത്മഹത്യ ചെയ്യുന്ന നാടായി കേരളം മാറിയത് യു.ഡി.എഫ്. കേരളം ഭരിക്കുമ്പോഴാണ്. രജനി എസ്. ആനന്ദും, ഫാസിലയും അമ്പാടിയും വേളാങ്കണ്ണിയുമുൾപ്പെടെ നിരവധി വിദ്യാർത്ഥികൾ

തന്റെ വിദ്യാഭ്യാസ മോഹങ്ങൾ പാതിവഴിയിൽ ഉപേക്ഷിക്കപ്പെടേണ്ടി വന്നപ്പോൾ അവർ ആത്മഹത്യ ചെയ്യേണ്ട നിലയിലേയ്ക്ക് കാര്യങ്ങൾ മുന്നോട്ടുപോയി. ഇവിടത്തെ പൊതുവിദ്യാഭ്യാസ മേഖല ഈജിയൻ തൊഴുത്താണെന്നുള്ളത് ഭരണകക്ഷിയിൽപ്പെട്ടവരും അവരുടെ പത്രത്താളുകളും തുറന്നെഴുതേണ്ടി വന്നു. ഇതെല്ലാം പഴങ്കഥയായി മാറിയെന്നുമാത്രമല്ല, രക്ഷപ്പെടില്ലെന്ന് കരുതിയിരുന്നവർപോലും പൊതുവിദ്യാഭ്യാസമേഖലയിൽ വലിയ മുന്നേറ്റമുണ്ടായെന്ന് തുറന്ന് സമ്മതിക്കുന്ന നിലയിലേയ്ക്ക് ഇന്ന് കാര്യങ്ങൾ എത്തിയിരിക്കുകയാണ്. സി. ബി. എസ്. ഇ., അൺ എയ്ഡഡ് ഐ.സി.എസ്.ഇ. വിദ്യാലയങ്ങളിൽ പഠിക്കുന്നവർപോലും കുട്ടികളെ അവിടെനിന്നും മാറ്റി പൊതു വിദ്യാലയങ്ങളിലേയ്ക്ക് അയയ്ക്കുന്ന മാറ്റം കേരളത്തിൽ സംഭവിച്ചിരിക്കുന്നു. കുട്ടികളെ പൊതു വിദ്യാലയങ്ങളിലേയ്ക്ക് മാത്രമെ അയയ്ക്കുകയുള്ളുവെന്ന് രക്ഷിതാക്കൾ ഒറ്റക്കെട്ടായി പറഞ്ഞുതുടങ്ങിയ കാലം വന്നിരിക്കുന്നു. ഇത് പൊതു വിദ്യാഭ്യാസ മേഖലയുടെ വസന്തകാലമാണെന്ന് ഇന്ന് എല്ലാവരും സമ്മതിക്കുന്നു. പൊതു വിദ്യാഭ്യാസമേഖലയെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി നടപ്പിലാക്കുന്ന വിദ്യാഭ്യാസ പരിഷ്കാരങ്ങളെ രാഷ്ട്രീയമായി

ആരുടെയൊക്കെയോ താൽപ്പര്യം സംരക്ഷിക്കാനും അതുവഴി ഈ മേഖലയെ ദുർബലപ്പെടുത്താനും ശ്രമിക്കുന്നത് എന്തിനുവേണ്ടിയാണെന്ന് മനസ്സിലാകുന്നില്ല. എക്കാലവും പൊതുവിദ്യാഭ്യാസ മേഖലയെ കച്ചവടമാക്കി മാറ്റാൻ ശ്രമിച്ച ആളുകളെല്ലാം ഒത്തുചേരുന്ന കാഴ്ചയും കാണാൻ സാധിക്കുന്നുണ്ട്. പൊതുവിദ്യാഭ്യാസമേഖലയുടെ വളർച്ച അവരെ വല്ലാതെ അലോസരപ്പെടുത്തുന്നുണ്ട്. ഈ വിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാര പരിഷ്കരണം ബാധിക്കുമെന്ന് എന്തടിസ്ഥാനത്തിലാണ് പറയുന്നത്? ഈ പരിഷ്കരണം എങ്ങനെയാണ് വിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരത്തെ ബാധിക്കുന്നത്. പന്ത്രണ്ടാം ക്ലാസ്സുവരെയുള്ള പഠനം സ്കൂളിന്റെ ഭാഗമാക്കി മാറ്റണമെന്ന് 1964-66-ൽ പ്രവർത്തിച്ച കോത്താരി കമ്മീഷൻ ഉൾപ്പെടെ വളരെ വ്യക്തമായി പറയുന്നുണ്ട്. ദേശീയ വിദ്യാഭ്യാസ നയത്തിലും ഒന്ന് മുതൽ പന്ത്രണ്ട് വരെ ഒറ്റ യൂണിറ്റാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 1986-ലെ ദേശീയ വിദ്യാഭ്യാസ നയവും ആ വിദ്യാഭ്യാസം നടപ്പിലാക്കുന്നതിനുള്ള പ്രോഗ്രാം ഓഫ് ആക്ഷൻ നിശ്ചയിച്ച ആചാര്യ രാമമൂർത്തി കമ്മീഷനും ഒന്ന് മുതൽ പന്ത്രണ്ട് വരെ സ്കൂളിന്റെ ഭാഗമാകണമെന്നുതന്നെയാണ് ആവശ്യപ്പെട്ടിട്ടുള്ളത്. കേരളത്തിൽ ഘടനാപരമായ മാറ്റം വരുമ്പോൾ പാഠപുസ്തകത്തിലോ

സിലബസ്സിലോ സ്കൂളിന്റെ സമയത്തോ ഒരു മാറ്റവുമുണ്ടാകുന്നില്ല. എന്നുമാത്രമല്ല, സ്ഥാപനത്തിലെ മേധാവി ഒരാളാകുന്നുവെന്ന പ്രത്യേകത മാത്രമാണ്. പിന്നെ എങ്ങനെയാണ് ഇവിടെ നിലവാരത്തകർച്ചയുണ്ടാകുന്നത്? നിലവിലുള്ള രണ്ട് അധികാരകേന്ദ്രങ്ങളുണ്ടായതിനെത്തുടർന്നുള്ള ബുദ്ധിമുട്ടുകൾ ആകെ അവസാനിക്കുകയും സ്കൂളിന്റെ ഭൗതീകവും അക്കാദമികവുമായ കാര്യങ്ങൾ എല്ലാവർക്കും ഒരുപോലെ പ്രയോജനപ്പെടുകയും ചെയ്യുമ്പോൾ അക്കാദമിക് നിലവാരമുയരുകയാണ്. നിലവിലുള്ള ദേശീയ നയത്തിന്റെയും 2009-ലെ വിദ്യാഭ്യാസ അവകാശ നിയമത്തിന്റെയും പശ്ചാത്തലത്തിൽ പൊതുസമൂഹത്തിന്റെയും അക്കാദമിക് വിദഗ്ദ്ധരുടെയും ഉൾപ്പെടെ അഭിപ്രായം ഇതുതന്നെയാണ്. പൊതുവിദ്യാഭ്യാസ മേഖലയെ ഇത്രമേൽ ഉന്നതിയിലേയ്ക്കെത്തിച്ച സർക്കാരിൽനിന്നും വിദ്യാഭ്യാസ മേഖലയ്ക്ക് ദോഷകരമായ ഒരു പ്രവൃത്തിയുമുണ്ടാകുമെന്ന് ആരും കരുതുന്നില്ല. രാഷ്ട്രീയ പ്രേരിതമായി അപവാദ പ്രചരണങ്ങൾ നടത്തി ഈ മേഖലയെ ദുർബലപ്പെടുത്തുന്നതിന് പകരം അതിനെ ശക്തിപ്പെടുത്തുന്നതിനാവശ്യമായ ക്രിയാത്മകമായ പിന്തുണയും നിർദ്ദേശങ്ങളുമാണ് ഈ വേളയിൽ പ്രതിപക്ഷം നൽകേണ്ടതെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. വി. ആർ. സുനിൽകുമാർ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. ഇ. കെ. വിജയൻ: സർ, 2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

2009-ലെ വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പശ്ചാത്തലത്തിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണെന്ന കാഴ്ചപ്പാടിലൂന്നി നിന്നുകൊണ്ട് എല്ലാ കുട്ടികൾക്കും ഗുണമേന്മയുള്ളതും ജനാധിപത്യ മതനിരപേക്ഷകമൂല്യം ഉളവാക്കുന്നതുമായ ജനകീയ വിദ്യാഭ്യാസ നയം നടപ്പിലാക്കണമെന്നതാണ് സർക്കാരിന്റെ തീരുമാനം. ഇതിന്റെ ഭാഗമായി പ്രീ-സ്കൂൾ മുതൽ ഹയർ സെക്കണ്ടറി തലം വരെയുള്ള സ്കൂൾ വിദ്യാഭ്യാസത്തിന്റെ നാനാവശങ്ങൾ പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കണമെന്ന് ഗവൺമെന്റ് ഒരാവശ്യം ഉന്നയിക്കുകയുണ്ടായി. അതിന്റെ ഭാഗമായി 19.10.2017-ൽ ഗവൺമെന്റ് തീരുമാനിച്ചപ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പ് ഡോ. എം. എ. ഖാദർ, ശ്രീ. ജി. ജ്യോതിചൂഡൻ, ഡോ. സി. രാമകൃഷ്ണൻ എന്നിവരടങ്ങിയ വിദഗ്ദ്ധസമിതിയെ രൂപീകരിച്ചു. അതിന്റെ ചെയർമാൻ ഡോ. എം. എ. ഖാദർ ആയിരുന്നു. നമ്മൾ

സംസാരിക്കുന്ന ഈ സാഹചര്യം ഇന്ത്യാരാജ്യത്ത് വിദ്യാഭ്യാസ രംഗത്ത് മികവിന്റെ ഏറ്റവും ഉന്നതിയിലെത്തി നിൽക്കുന്ന ഒരു സാഹചര്യമാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിലൂടെ വലിയ മുന്നേറ്റമുണ്ടാക്കിയെടുക്കാൻ കഴിഞ്ഞു. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഇപ്പോഴുള്ള നമ്മുടെ ക്ലാസ്സുകളിൽ നാൽപ്പത്തി അയ്യായിരത്തിലേറെ ക്ലാസ്സ്റൂമുകളെ ഹൈടെക് ആക്കി മാറ്റാൻ കഴിഞ്ഞിട്ടുണ്ട്. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ രാജ്യത്തെ വിദ്യാഭ്യാസ നിലവാരത്തിന്റെ കാര്യത്തിൽ കഴിഞ്ഞ മൂന്നുനാല് വർഷങ്ങളായി കേരളം ഒന്നാമത് എത്തിയിരിക്കുന്നു. മികച്ച സംസ്ഥാനമെന്ന നിലയ്ക്ക് കേരളത്തിന് അംഗീകാരം ലഭിക്കുകയാണ്. അത് കേവലം യാദൃശ്ചികമായ സംഭവമല്ല. അതിന് അതിന്റേതായ ചരിത്രപശ്ചാത്തലമുണ്ട്. കേരള സംസ്ഥാന ചരിത്രത്തിലേക്ക് കടന്നാൽ അതിനുള്ള നിരവധി ഉദാഹരണങ്ങളുണ്ട്. വിദ്യാഭ്യാസ രംഗത്ത്, 1957-ലെ പ്രഥമ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് മുതൽ ഇപ്പോഴത്തെ സർക്കാർ വരെ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. അതിനുമുമ്പ് മലബാർ മേഖലയിൽ മലബാർ ഡിസ്ട്രിക് ബോർഡാണ് പൊതുവിദ്യാഭ്യാസ സംരക്ഷണമെന്നനിലയ്ക്ക് വ്യാപകമായി ഏകാദ്ധ്യാപക വിദ്യാലയവും

വിദ്യാലയങ്ങളും ആരംഭിക്കുന്ന സമീപനം കൈക്കൊണ്ടിരുന്നത്. ഇടതുപക്ഷ മനസ്സ് ഇത്തരം പരിഷ്കരണങ്ങളെ മുന്നോട്ടുകൊണ്ടുപോകുന്നതിന് വലിയ സഹായങ്ങളാണ് ചെയ്തിരുന്നത്. മാത്രവുമല്ല ജനകീയമായി വലിയ കൂട്ടായ്മകളും അതിന്റെ ഭാഗമായി ഉയർന്നുവന്നിരുന്നു. വലിയ തോതിൽ ലൈബ്രറി പ്രസ്ഥാനങ്ങൾ, അക്ഷര വെളിച്ചത്തിലൂടെ സ്വന്തം മക്കളെ വിദ്യ അഭ്യസിപ്പിക്കാനുള്ള കൂട്ടായ്മകൾ, എന്നിവയെല്ലാം ഉയർത്തിക്കൊണ്ടുവന്നിരുന്നു. കമ്മ്യൂണിസ്റ്റ് ഇടതുപക്ഷ സർക്കാരുകൾ വിദ്യാലയങ്ങളുടെ വാതിലുകൾ തുറന്നിട്ട് അതിനുള്ള സൗകര്യങ്ങളൊരുക്കി. പഴഞ്ചൻ ചിന്താഗതികളെ വിലവയ്ക്കാതെ കുട്ടികളുടെ കയ്യും പിടിച്ച് വിദ്യാലയങ്ങളിലേയ്ക്ക് നടന്നെത്തുന്ന രക്ഷിതാക്കളെ, പ്രത്യേകിച്ച് അമ്മമാരെ നമുക്ക് കാണാൻ കഴിയുന്ന രീതിയിലേയ്ക്ക് കേരളം മാറി. ഇപ്പോഴത്തെ സർക്കാർ അതിനെ ബഹുദൂരം മുന്നിലെത്തിക്കുന്ന നിരവധി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. അതിന്റെ ഭാഗമായാണ് ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, വലിയ മുന്നേറ്റം പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ നേടിയെടുക്കാൻ കഴിഞ്ഞിട്ടുള്ളത്. എല്ലാ മണ്ഡലങ്ങളുമെടുത്ത് പരിശോധിച്ചാൽ നമുക്ക് അത് കാണാൻ കഴിയും.

വിദ്യാഭ്യാസ പരിഷ്കരണത്തിനപ്പുറം കേരളത്തിലെ വിദ്യാഭ്യാസമേഖല കാലാനുസൃതമായ പരിഷ്കരണങ്ങൾക്ക് വിധേയമാക്കണം, അത് ആയിട്ടുണ്ട്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വിഭിന്നമായി അത്തരം ഒരു പരിഷ്കരണത്തിന് വിധേയമായതുകൊണ്ടാണ് സംസ്ഥാനത്തെ വിദ്യാഭ്യാസവും വിദ്യാഭ്യാസ സംവിധാനവും രാജ്യത്തിന് ആകെ മാതൃകയാകുന്നത്. ലോകോത്തരമായതും എല്ലാ പരിഷ്കരണങ്ങളും അതത് കാലത്തെ വിദ്യാഭ്യാസ രീതികളെ സമഗ്രമായ പഠനത്തിന് വിധേയമാക്കിയതിനുശേഷം ഉരിത്തിരിഞ്ഞുവന്ന നിർദ്ദേശങ്ങളും നടപ്പിലാക്കിയതിലൂടെ ആർജ്ജിച്ചെടുത്തതാണ് ഈ മുന്നേറ്റം. അതിനിടയിൽ പിന്തിരിപ്പൻ പരിഷ്കരണ ശ്രമങ്ങളുണ്ടായപ്പോൾ ചെറുത്തുനിൽപ്പിലൂടെ അതിനെ തോൽപ്പിച്ച ചരിത്രവും കേരളത്തിനുണ്ട്.

<u>ശ്രീ. പി. ബാലചന്ദ്രൻ</u>: സർ, പ്രിയപ്പെട്ട അംഗം ശ്രീ. ടി. സിദ്ദിഖ് ഇവിടെ സൂചിപ്പിച്ചത് ദേശീയ വിദ്യാഭ്യാസത്തിന്റെയും കേരള വിദ്യാഭ്യാസത്തിന്റെയും അടിത്തറ അല്ലെങ്കിൽ മാഗ്നാക്കാർട്ട എന്ന് വിശേഷിപ്പിക്കാവുന്നത് കോത്താരി കമ്മീഷൻ റിപ്പോർട്ടാണെന്നാണ്. ഉദ്ദേശം പതിനാല് കോടി രൂപ നികുതി പണത്തിൽ നിന്ന് ചെലവ് ചെയ്ത്

ദേശീയ ഗവൺമെന്റ് രൂപം കൊടുത്ത കോത്താരി കമ്മീഷൻ റിപ്പോർട്ട് കോൾഡ് സ്റ്റോറേജിൽ വച്ച് പൂട്ടിയതിന്റെ ധാർമ്മിക ഉത്തരവാദിത്വം ഏറ്റെടുക്കാനുള്ള പാർട്ടി ആരാണ്? അര നൂറ്റാണ്ടുകാലം ഇന്ത്യ ഭരിച്ച പാരമ്പര്യമുള്ള പ്രസ്ഥാനങ്ങൾക്ക് അവകാശപ്പെട്ടതല്ലേ അത്? അങ്ങനെ ദേശീയ വിദ്യാഭ്യാസത്തിന്റെ മാഗ്നാക്കാർട്ടയായി പതിനാല് കോടി രൂപ, 167 സിറ്റിംഗുകൾ, ഒരു പക്ഷേ കേരള നിയമസഭയിലും രണ്ടോ മൂന്നോ തവണ സിറ്റിംഗ് നടത്തിയിട്ടുള്ള നിയമസഭ സാമാജികർക്ക് മുമ്പിൽ എത്തിയിട്ടുള്ള കമ്മീഷൻ റിപ്പോർട്ടാണ് കോത്താരി കമ്മീഷൻ റിപ്പോർട്ട്. ആ കമ്മീഷൻ റിപ്പോർട്ടിന്റെ പ്രസക്തമായ ഭാഗം തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, മാതൃഭാഷയിലൂടെയുള്ള വിദ്യാഭ്യാസം, അതുപോലെ തന്നെ ജനങ്ങളെ തമ്മിൽ കൂട്ടിയിണക്കുന്ന പൊതുഭാഷയിൽ അധിഷ്ഠിതമായ വിദ്യാഭ്യാസം എന്നിവയാണ്. ഈ നയങ്ങളിൽനിന്ന് വ്യതിചലിക്കുന്ന വിദ്യാഭ്യാസ സമ്പ്രദായം ഇന്ത്യയിൽ കൊണ്ടുവന്നത് ആരാണ്? രാജീവ് ഗാന്ധിയുടെ കാലത്ത് കൊണ്ടുവന്ന 'ന്യൂ എഡ്യൂക്കേഷൻ പോളിസി', സത്യത്തിൽ വരേണ്യവത്കൃത വിദ്യാഭ്യാസ സമ്പ്രദായം ഇന്ത്യയിൽ ഉദ്ഘാടനം ചെയ്തുവെന്നാണ് വിദ്യാഭ്യാസ വിചക്ഷണൻമാർ പറയുന്നത്. ഒരു

ഭാഗത്ത് നാം നന്നായി നോക്കേണ്ടതാണ്, ഇ. കെ. നായനാർ ഗവൺമെന്റിന്റെ കാലത്ത് കേരളത്തിൽ സാർവ്വത്രികമായി അക്ഷരാഭ്യാസം ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള സജീവപരിശ്രമമുണ്ടായി. 'Pedagogy of the Oppressed', മർദ്ദിതരുടെ ബോധനശാസ്ത്രം Paulo Freire-ന്റെ ആ ധാരണയിൽ നിന്നുകൊണ്ട് മർദ്ദിതരുടെ ബോധനശാസ്ത്രവുമായി ബന്ധപ്പെട്ട് എങ്ങനെ വിദ്യാഭ്യാസ സമ്പ്രദായത്തെ അഴിച്ച് പണിയാമെന്നല്ല, അതിന്റെ അന്തസത്ത ഉൾക്കൊണ്ടുകൊണ്ട് കേരളത്തിൽ അക്ഷരമറിയാത്ത മുഴുവൻ ജനങ്ങൾക്കും അക്ഷരം കൊടുക്കുന്നതിനുള്ള സാക്ഷരത പദ്ധതിപോലെയുള്ള ജനകീയ വിദ്യാഭ്യാസ പ്രോഗ്രാമുകൾ ഇടതുപക്ഷ ഗവൺമെന്റ് പ്ലാൻ ചെയ്യുകയാണുണ്ടായത്. അതിനെത്തുടർന്ന് കേരളത്തിൽ ആസൂത്രണം ചെയ്ത എല്ലാ പരിഷ്കാരങ്ങൾക്കും അടിത്തറയായിട്ടുള്ള ഈ വിദ്യാഭ്യാസ പരിഷ്കാരത്തിനെ മുഴുവൻ പുറകോട്ടടിക്കുന്ന രീതിയിൽ ഇന്ത്യയിൽ കൊണ്ടുവന്നിട്ടുള്ള വരേണ്യവത്കൃത  വിദ്യാഭ്യാസ സമ്പ്രദായം ഇപ്പോൾ വർഗ്ഗീയവത്കരണ വിദ്യാഭ്യാസത്തിലേയ്ക്ക് കൂപ്പുകുത്തിയിരിക്കുകയാണ് എന്നുള്ളത് യാഥാർത്ഥ്യമാണ്. പക്ഷേ ഇതിന്റെ എല്ലാം രാഷ്ട്രീയമായ നടത്തിപ്പുകാർ, അന്തസത്ത ശരിയായ രീതിയിൽ ഇന്ത്യയിൽ ഉൾക്കൊണ്ട്

പ്രവർത്തിക്കേണ്ടവർ ആരായിരുന്നു. അങ്ങനെ പ്രവർത്തിക്കാത്തതുകൊണ്ടാണ് വിദ്യാഭ്യാസ രംഗത്ത് ഈ ദോഷങ്ങളുണ്ടായത്. അതിന് പ്രതികൂലമായി കേരളത്തിലെ രണ്ട് ഗവൺമെന്റും ഇന്ന് പ്രവർത്തിക്കുന്നു എന്നതിന്റെ അനന്തരഫലമായി കേരളത്തിൽ മലയാളം ഐച്ഛിക വിഷയമായി എടുത്ത പതിനെട്ട് കുട്ടികൾ ഐ.എ.എസ്. പാസ്സായിരിക്കുന്നു. ആദിവാസി ഊരുകളിലേയ്ക്ക് ഇന്ത്യൻ സിവിൽ സർവ്വീസ് പരീക്ഷ പാസ്സായതിന്റെ വാർത്ത ശ്രീധന്യയെ പോലുള്ളവർ എത്തിക്കുന്നു. ആദിവാസി ഊരുകളിൽ നിന്ന് സിവിൽ സർവ്വീസ് പരീക്ഷ പാസ്സാകുന്ന വിധത്തിൽ കേരളത്തിലെ വിദ്യാഭ്യാസ രംഗത്തെ പ്രോജ്ജ്വലിപ്പിക്കുന്ന അത്രയും വിദഗ്ദ്ധമായ രീതിയിൽ ആസൂത്രണം ചെയ്തു, കഴിഞ്ഞ വിദ്യാഭ്യാസ വകുപ്പിന്റെ ചുമതല വഹിച്ച ഡോ. കെ. ടി. ജലീലും പ്രൊഫ. സി. രവീന്ദ്രനാഥും അതുപോലെ ഇപ്പോൾ മാതൃകാപരമായ പ്രവർത്തനത്തിന് നേതൃത്വം നൽകുന്ന ഡോ. ആർ. ബിന്ദുവും ശ്രീ. വി. ശിവൻകുട്ടിയും ഉൾപ്പെടെയുള്ള മന്ത്രിമാരുണ്ട്. കേരളത്തിലെയും ഇന്ത്യയിലെയും പുരോഗമന വിദ്യാഭ്യാസ ചിന്തകൾക്ക് എതിരെനിന്നിട്ടുള്ള രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ രീതി പരിശോധിക്കപ്പെടേണ്ടതാണ്. അക്കാര്യം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഇ. കെ. വിജയൻ: സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. പി. ബാലചന്ദ്രൻ ഈ രംഗത്ത് ഏറെ ശ്രദ്ധ പതിപ്പിച്ചുകൊണ്ട് പഠനം നടത്തുന്ന ഒരു ജനപ്രതിനിധിയാണ്. നേരത്തെ ബഹുമാനപ്പെട്ട അംഗം ശ്രീ. ടി. സിദ്ദിഖ് ഇവിടെ പറഞ്ഞതുമായി ബന്ധപ്പെട്ട് അതിനുള്ള വിശദീകരണമാണ് യഥാർത്ഥത്തിൽ ശ്രീ. പി. ബാലചന്ദ്രൻ ഇവിടെ നിർവ്വഹിച്ചിട്ടുള്ളത്. നമ്മുടെ ആദ്യത്തെ ദേശീയ വിദ്യാഭ്യാസ കമ്മീഷൻ റിപ്പോർട്ട് ഡോ. എസ്. രാധാകൃഷ്ണന്റെ സർവ്വകലാശാല കമ്മീഷൻ റിപ്പോർട്ടാണ്. അത് കോത്താരി കമ്മീഷൻ റിപ്പോർട്ടുപോലെതന്നെ മാതൃഭാഷയിൽ വിദ്യാഭ്യാസം, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, സ്ത്രീ വിദ്യാഭ്യാസത്തിന്റെ പ്രസക്തി എന്നിവയൊക്കെ സൂചിപ്പിച്ചിരുന്നെങ്കിൽപോലും അൻപത് വർഷത്തിലേറെക്കാലം ഇന്ത്യ ഭരിച്ച കോൺഗ്രസ് ഈ രംഗത്തെടുത്ത നിലപാടുകൾ അത് രജ്നി കോത്താരിയെടുത്ത നിലപാടിന്റെ ഭാഗമായാണ്. അൻപത് ശതമാനത്തിലേറെപ്പേർ നിരക്ഷരരായി തുടരുന്ന സാഹചര്യമുണ്ടായി എന്നതാണ് യാഥാർത്ഥ്യം. അത് കാണാതെയാണ് ശ്രീ. ടി. സിദ്ദിഖ് ഈ വിഷയങ്ങൾ ഇവിടെ സൂചിപ്പിച്ചത്. അതോടൊപ്പംതന്നെ

ശ്രീ. പി. ബാലചന്ദ്രൻ പറഞ്ഞതുപോലെ ന്യൂ എഡ്യൂക്കേഷൻ പോളിസി രാജീവ് ഗാന്ധി കൊണ്ടുവന്നത് ഒരു വരേണ്യവർഗ്ഗ വിദ്യാഭ്യാസ സമ്പ്രദായം നമ്മുടെ രാജ്യത്ത് നടപ്പിലാക്കാനുള്ള സമീപനത്തിന്റെ ഭാഗമായാണ്. സമൂഹമാകെ വിദ്യ അഭ്യസിപ്പിക്കുക എന്നതിനപ്പുറം പ്രോത്സാഹനം നൽകുന്ന സമീപനങ്ങളാണുണ്ടായത്. അതിന്റെ ഗുണം ലഭിച്ചത് വരേണ്യവർഗ്ഗത്തിന് മാത്രമായിരുന്നു. അതിന്റെ ഭാഗമായാണ് ഡീംഡ് കോളേജുകളും ഡീംഡ് യൂണിവേഴ്സിറ്റികളുമെല്ലാം യഥാർത്ഥത്തിൽ ഉയർന്നുവരുന്നത്. പ്രത്യേകിച്ച് ഇതുപോലെയുള്ള സാഹചര്യങ്ങളിൽ അതിന്റെ സംഘാടകർ ആരാണെന്നുകൂടി കാണണം. നമുക്ക് ഇതിന്റെ പൊതുവായ ചർച്ചകളിൽ ഉയർന്നുവരേണ്ടത് കരിക്കുലം തീരുമാനിക്കുന്നതിലുള്ള ശ്രദ്ധയാണ്. ഇനി അങ്ങോട്ടുള്ള കാലയളവിൽ എങ്ങനെകൊണ്ടുപോകണം എന്നതിനെക്കുറിച്ച് കാഴ്ചപ്പാടുണ്ടാകണം. നമ്മുടെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി A+ ലഭിക്കുന്നവരുടെ എണ്ണം കൂടുകയാണ്. അതിന് ആനുപാതികമായി എടുക്കുന്ന നിലപാടുകളെക്കുറിച്ച് നമുക്ക് നല്ല മുൻധാരണയുണ്ടാകേണ്ടതുണ്ട്. എവിടെയെങ്കിലും ഒരു സ്ക്രീനിംഗ് നടത്തി ഡിഗ്രിയിലേയ്ക്കും പി.ജി.-യിലേയ്ക്കും

മറ്റ് തൊഴിലധിഷ്ഠിത വിദ്യാഭ്യാസ മേഖലയിലേയ്ക്കും പോകുന്നതിന് പ്രൈമറി സ്കൂൾ മുതൽ കുട്ടികളുടെ കഴിവ് മനസ്സിലാക്കി ആ വഴിയിലേയ്ക്ക് അവരെ തിരിച്ചുവിടുന്ന സംവിധാനം ഒരുക്കിയില്ലെങ്കിൽ അത് നമുക്ക് ഭാവിയിൽ വലിയ പ്രയാസമായി വരാനിടയുണ്ട്. ഈ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിൽ ഘട്ടംഘട്ടമായി കടക്കുമ്പോഴേയ്ക്കും ഉയർന്ന തലങ്ങളിലേയ്ക്ക് അതിന്റെ മാറ്റം കടന്നുവരുമ്പോൾ അതിനെ ഉൾക്കൊള്ളാൻ കഴിയുന്ന രീതിയിലേയ്ക്ക് കരിക്കുലത്തിൽ മാറ്റം വരുത്തി പ്രൈമറി സ്കൂൾ മുതൽ അവരുടെ കഴിവ് കണ്ടെത്തി ആ രീതിയിലേയ്ക്ക് വളർത്തണം. കല, സാംസ്കാരികം, കാർഷികം, വ്യവസായം തുടങ്ങിയ മേഖലയിലെ അവരുടെ അഭിരുചി മനസ്സിലാക്കിക്കൊണ്ടുപോകുന്ന ഒരു സമീപനം നമ്മുടെ നാട്ടിൽ ഉയർന്നുവരേണ്ടതുണ്ടെന്ന് ഞാൻ ഇതിന്റെ ഭാഗമായി ചേർക്കുകയാണ്. ഇന്ന് പുതിയ കുട്ടികളുടെ കൈകളിലേയ്ക്ക് ലോകം എത്തിയിരിക്കുകയാണ്. കോവിഡിന്റെ പ്രത്യേക സാഹചര്യത്തിൽ കയ്യിൽ മൊബൈൽ ഫോൺ, ലാപ്ടോപ്പ്, ടാബ് എന്നിവയുണ്ട്. അതിലൂടെ അവർ ലോകം കണ്ടുപഠിക്കുകയാണ്. അതിനനുസൃതമായി മാറ്റം വരുത്തുന്ന കരിക്കുലം സംവിധാനങ്ങൾ ഇതിന്റെ ഭാഗമായി ഉയർത്തിക്കൊണ്ടുവരാൻ കഴിയണം.

കാരണം അദ്ധ്യാപകരെക്കാൾ വിദ്യയറിയുന്ന കുട്ടികൾ ഇന്ന് നമ്മുടെ മുമ്പിൽ ഇരിക്കുമ്പോൾ തീർച്ചയായും അതിനനുസരിച്ചാണ് മാറ്റം വരേണ്ടത്. നിശ്ചയദാർഢ്യത്തോടെ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള കഴിഞ്ഞ ഗവൺമെന്റിന്റെ കാലയളവിൽ തുടങ്ങിവച്ച ഈ വിദ്യാഭ്യാസ സംവിധാനം ഉയർത്തിക്കൊണ്ടുവന്ന് തൊഴിലധിഷ്ഠിത മേഖലകളിലേയ്ക്ക് കൊണ്ടുവരാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് ഇത്തരം ഒരു മാറ്റം ഇവിടെ കൊണ്ടുവരുന്നത്. തീർച്ചയായും ഇതിന് കുറച്ചുകൂടി വ്യാപ്തിയുണ്ടാകണമെങ്കിൽ ഇത് സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന നിർദ്ദേശം വച്ചുകൊണ്ട് ഞാൻ എന്റെ ഭേദഗതി ഇവിടെ മൂവ് ചെയ്യുന്നു.

(ii) <u>2021-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ</u>

ശ്രീ. ഐ. സി. ബാലകൃഷ്ണൻ ചുമതലപ്പെടുത്തിയതുപ്രകാരം <u>Shri P. C. Vishnunadh</u> : Sir, I move that " This House resolves to disapprove 'The Kerala Cashew Workers' Relief and Welfare Fund (Amendment) Bill Ordinance, 2021 (Ordinance No. 128 of 2021)."

ഈ ബിൽ ഇവിടെ ചർച്ച ചെയ്യുന്ന സമയം കേരളത്തിലെ കശുവണ്ടി വ്യവസായം അതിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ പ്രതിസന്ധികളിൽക്കൂടി കടന്നുപൊയ്ക്കൊണ്ടിരിക്കുകയാണ്. ഞാൻ ഈ നിയമസഭയിൽ ഇത്തവണ സാമാജികനായി എത്തിയശേഷം ബഡ്ജറ്റ് ചർച്ചയിലും സബ്മിഷനായുമൊക്കെത്തന്നെ നിരവധി തവണ ഈ വിഷയം ഗവൺമെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവന്നിട്ടുള്ളതാണ്. കേരളത്തിലെ കശുവണ്ടി വ്യവസായത്തിന്റെ പ്രധാന കേന്ദ്രം എന്റെ നിയമസഭാ മണ്ഡലമായ കുണ്ടറകൂടി ഉൾക്കൊള്ളുന്ന കൊല്ലം ജില്ലയാണ്. കശുവണ്ടി വ്യവസായത്തിന്റെ പ്രതാപകാലം ആ ജില്ലയുടെ പ്രതാപ ഐശ്വര്യങ്ങളുടെ കാലംകൂടിയായിരുന്നു. എന്നാൽ ഇന്ന് ബഹുഭൂരിപക്ഷം കശുവണ്ടി ഫാക്ടറികളും അടഞ്ഞുകിടക്കുകയാണ്. 750-ഓളം സ്വകാര്യ കശുവണ്ടി ഫാക്ടറികളുള്ളതിൽ 600 എണ്ണവും അടഞ്ഞുകിടക്കുകയാണ്. കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും കീഴിലുള്ള ചില ഫാക്ടറികൾ തുറന്നുപ്രവർത്തിക്കുന്നുണ്ടെങ്കിലും മുൻകാലങ്ങളിലേതുപോലുള്ള തൊഴിൽ ദിനങ്ങളില്ലാത്തതിന്റെ പ്രശ്നങ്ങൾ തൊഴിലാളികൾ അഭിമുഖീകരിക്കുകയാണ്. ആ സന്ദർഭത്തിലാണ് നമ്മൾ ഇത്തരമൊരു

ഭേദഗതി നിയമനിർമ്മാണവുമായി ബന്ധപ്പെട്ട് വരുന്നത്. കശുവണ്ടി തൊഴിലാളികൾ അനുഭവിക്കുന്ന ഒരുപാട് പ്രയാസങ്ങളുണ്ട്. അവർക്ക് ലഭിച്ചുകൊണ്ടിരുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു ആകർഷണം ഇ.എസ്.ഐ.-യുടെ സൂപ്പർ സ്പെഷ്യാലിറ്റി ട്രീറ്റ്മെന്റിന്റെ ആനുകൂല്യമായിരുന്നു. ആറ് മാസത്തിനിടയിൽ തുടർച്ചയായി 78 തൊഴിൽ ദിനങ്ങൾ ഹാജരുണ്ടെങ്കിൽ മാത്രമേ ഇ.എസ്.ഐ. സൂപ്പർ സ്പെഷ്യാലിറ്റി ട്രീറ്റ്മെന്റിന് തൊഴിലാളിക്ക് അർഹതയുണ്ടാകൂ എന്ന ഒരു കരിനിയമം ശ്രീ. നരേന്ദ്രമോദി സർക്കാർ കൊണ്ടുവന്നതിന്റെപേരിൽ തൊഴിലാളികൾക്ക് മേൽപ്പറഞ്ഞ ആനുകൂല്യം ഇല്ലാതാകുകയാണ് ചെയ്തത്. ആറ് മാസത്തിനിടയിൽ തുടർച്ചയായി 78 ദിവസം ഹാജരുണ്ടാകുക എന്നത് ഇപ്പോഴത്തെ കാലത്ത് അസാധ്യമായ കാര്യമാണ്. ഒരു കശുവണ്ടി തൊഴിലാളിക്ക് ഹൃദ്രോഗമുണ്ടായാൽ തങ്ങളുടെ കയ്യിലുള്ള പണം മുടക്കി ആൻജിയോപ്ലാസ്റ്റി ചെയ്യാൻ അവർക്ക് കഴിയില്ല. അവരുടെ ഭർത്താവിനോ മകൾക്കോ മകനോ രോഗമുണ്ടായാലും അതിന് കഴിയില്ല. ഇ.എസ്.ഐ.-യുടെ സൂപ്പർ സ്പെഷ്യാലിറ്റി ട്രീറ്റ്മെന്റിലൂടെ അത് സൗജന്യമായി ലഭിച്ചുകൊണ്ടിരുന്നതാണ്. ട്രേഡ് യൂണിയനുകളും പ്രത്യേകിച്ച് കേരളത്തിലെ

എം.പി.-മാരുമെല്ലാം സംയുക്തമായി സമ്മർദം ചെലുത്തിയതിന്റെ അടിസ്ഥാനത്തിൽ കോവിഡ് കാലത്ത് ഹാജർ ദിവസങ്ങളുടെ എണ്ണം 38-40 ദിവസമായി കുറച്ചുകൊണ്ടുവന്നെങ്കിൽപ്പോലും ആ ആനുകൂല്യം തൊഴിലാളിക്ക് മാത്രമാണ് ലഭ്യമാകുന്നത്, ആശ്രിതർക്ക് അതിന്റെ ആനുകൂല്യം ലഭിക്കാത്ത ഒരു സാഹചര്യമുണ്ട്. കശുവണ്ടി കോർപ്പറേഷനിൽപ്പോലും തൊഴിലാളികൾക്ക് തുടർച്ചയായി 38 ദിവസം തൊഴിൽ നൽകാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ട്. ഈ മാസത്തിൽ ഇതുവരെ ആറോ ഏഴോ തൊഴിൽ ദിനങ്ങളാണ് കശുവണ്ടി മേഖലയിൽ ലഭിച്ചിട്ടുള്ളത്. സ്വകാര്യ ഫാക്ടറികൾ ആകെയും അടഞ്ഞ് കിടക്കുന്ന അവസ്ഥയാണ്. 15 ദിവസം തൊഴിലുണ്ടായിരുന്നു എന്നൊക്കെ പറയുമെങ്കിലും അടുത്ത് പരിശോധിക്കുമ്പോഴാണ് കാര്യങ്ങൾ മനസ്സിലാകുന്നത്. ഒരു കശുവണ്ടി ഫാക്ടറിയിൽ ഷെല്ലിംഗിൽ അഞ്ച് ദിവസം പണിയുണ്ടാകും. ഷെല്ലിംഗിൽ പണി തുടങ്ങി മൂന്നാമത്തെ ദിവസമായിരിക്കും പീലിംഗിൽ പണി തുടങ്ങുന്നത്. പീലിംഗിലും അഞ്ച് ദിവസം പണി കിട്ടും. അവിടെ പണി തുടങ്ങിക്കഴിഞ്ഞ് മൂന്ന് ദിവസം കഴിഞ്ഞിട്ടായിരിക്കും ഗ്രേഡിംഗിൽ പണി തുടങ്ങുന്നത്. അവിടെയും അഞ്ച് ദിവസം പണി കിട്ടും.

പതിനഞ്ച് ദിവസം പണി കൊടുത്തു, പതിനഞ്ച് ദിവസം കമ്പനി പ്രവർത്തിച്ചു എന്ന് തോന്നുമെങ്കിലും ഫലത്തിൽ ഷെല്ലിംഗിലെയും പീലിംഗിലെയും ഗ്രേഡിംഗിലെയും തൊഴിലാളികൾക്ക് ആകെ അഞ്ച് ദിവസം വീതം മാത്രമേ ജോലി കിട്ടിയിട്ടുള്ളൂ. ഇവർക്ക് ആറ് മാസത്തിനിടയിൽ 38 തുടർ ഹാജരുണ്ടാകണമെന്ന് പറഞ്ഞാൽ എങ്ങനെ സാധിക്കും; കോവിഡ് നിയന്ത്രണത്തിന്റെ മാനദണ്ഡങ്ങളൊക്കെ മാറിയാൽ വീണ്ടും അത് 78 ദിവസത്തിലേയ്ക്ക് മാറും. പാവപ്പെട്ട കശുവണ്ടി തൊഴിലാളികൾക്ക് അവർ ഏറ്റവും വലിയ ആനുകൂല്യമായി കരുതിയിരുന്ന ഇ.എസ്.ഐ.-യുടെ ഉയർന്ന ചികിത്സാ ആനുകൂല്യം അഞ്ചാറ് കൊല്ലമായി ലഭ്യമാകുന്നില്ല എന്നുള്ള ഏറ്റവും ദുരിതമായ ഒരവസ്ഥ ഞാൻ ഈ അവസരത്തിൽ സഭയുടെയും ഗവൺമെന്റിന്റെയും ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരികയാണ്. അതുപോലെതന്നെ, മറ്റൊരു പ്രധാനപ്പെട്ട കാര്യം കൂലി ഇതുവരെ പുതുക്കി നിശ്ചയിച്ചിട്ടില്ല എന്നതാണ്. ജീവിതച്ചെലവുകൾ വർദ്ധിക്കുകയാണ്. തുച്ഛമായ തൊഴിൽ ദിനങ്ങളാണ് അവർക്ക് ലഭിക്കുന്നത്. വളരെ തുച്ഛമായ കൂലിയിലാണ് അവർ ജോലി ചെയ്യാൻ നിർബന്ധിതരാകുന്നത്. 2016 ഫെബ്രുവരിയിലാണ് അവസാനമായി കൂലി

പുതുക്കി നിശ്ചയിച്ചത്. ഏറ്റവും പാവപ്പെട്ടവരും സാധാരണക്കാരുമായിട്ടുള്ള, ദാരിദ്ര്യത്തിൽ കഴിയുന്ന തൊഴിലാളികളുള്ള മേഖലയിൽ ആറ് കൊല്ലമായി കൂലി പുതുക്കി നിശ്ചയിച്ചിട്ടില്ല. കശുവണ്ടി മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളിൽ തൊണ്ണൂറ്റിയഞ്ച് ശതമാനവും സ്ത്രീകളാണ് എന്നതാണ് ഈ മേഖലയുടെ ഒരു പ്രത്യേകത. ആ സ്ത്രീകൾ പണിയെടുക്കുന്ന ഒരു പ്രധാനപ്പെട്ട തൊഴിൽ മേഖലയിൽ കഴിഞ്ഞ ആറ് വർഷമായി കൂലി പുതുക്കി നിശ്ചയിച്ചിട്ടില്ല എന്നത് വളരെ സങ്കടമുള്ള കാര്യമാണ്. ഒരുപാട് സമ്മർദ്ദം ചെലുത്തി സ്വകാര്യ ഫാക്ടറികൾ  തുറന്ന് പ്രവർത്തിപ്പിക്കുന്നുണ്ടെങ്കിലും തൊഴിലവകാശങ്ങളുടെ കാര്യമൊന്നും പറയാതിരിക്കുന്നതാണ് ഭേദം. അഞ്ച് ദിവസം ജോലി ചെയ്താൽ മൂന്ന് ദിവസം ഹാജർ കൊടുക്കുന്ന രീതിയൊക്കെയുണ്ട്. അവരുടെ മറ്റ് കോൺട്രിബ്യൂഷനിലൊക്കെ കുറവ് വരുത്തുന്നതിനുവേണ്ടിയാണിത്. എല്ലാവരും അങ്ങനെ ചെയ്യുന്നു എന്ന് ഞാൻ പറയുന്നില്ല, ഈ മേഖലയിൽ പലരും അത്തരത്തിലുള്ള തൊഴിൽ ചൂഷണങ്ങൾ നടത്തുന്നു എന്ന കാര്യവും അങ്ങയുടെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരികയാണ്. ട്രേഡ് യൂണിയൻ രംഗത്ത് പ്രവർത്തിക്കുന്ന പ്രമുഖനായ ട്രേഡ് യൂണിയൻ നേതാവുകൂടി ആയതുകൊണ്ട് അങ്ങേയ്ക്ക് ഈ കാര്യം

പറഞ്ഞാൽ മനസ്സിലാകും എന്നുള്ളതുകൊണ്ടാണ് ഞാൻ സൂചിപ്പിച്ചത്. നമുക്ക് നിർബന്ധിക്കാൻ കഴിയുന്നില്ല. ഒരുപാട് പ്രയാസപ്പെട്ട് അനുനയിപ്പിച്ചൊക്കെയാണ് പല സ്വകാര്യ ഫാക്ടറികളും തുറന്ന് പ്രവർത്തിപ്പിക്കുന്നത്. അതുകൊണ്ടുതന്നെ തൊഴിൽ ചൂഷണങ്ങൾ ഇല്ലെന്ന് പറയുന്നില്ല. തൊഴിൽ ചൂഷണങ്ങൾ അവിടെ നിലനിൽക്കുന്നുണ്ട്. അതുകൂടി പരിഹരിക്കാനുള്ള ഒരു സമ്പ്രദായമുണ്ടാകണം. 285 രൂപ കൂലിയിലൊക്കെയാണ് തൊഴിലാളികൾ ഇപ്പോഴും ജോലി ചെയ്യുന്നത്. ഫാക്ടറികളുടെ അകത്ത് കയറിച്ചെന്നാൽ ഏറ്റവും ദുരിതപൂർണ്ണമായ സാഹചര്യത്തിൽ ഇരുന്നാണ് സ്ത്രീകൾക്ക് ജോലി ചെയ്യേണ്ടതെന്ന് കാണാൻ സാധിക്കും. ഇരുന്ന് ജോലി ചെയ്യുന്നതിനാൽ ഒരുപാട് അസുഖങ്ങൾ ഉണ്ടാകുന്നുണ്ട്. ഈ ഷെഡുകൾക്കകത്തെല്ലാം ചുട്ടുപൊള്ളുന്ന കാലാവസ്ഥയാണുള്ളത്. മതിയായ ഒരു സൗകര്യവും പല കമ്പനികളിലുമില്ല. 285 രൂപ തുച്ഛമായ കൂലി ലഭിക്കുന്ന സാഹചര്യത്തിൽ ഈ കൂലി പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൂടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇന്നലെ ഞാൻ മറ്റൊരു ക്ഷേമനിധിയുമായി ബന്ധപ്പെട്ട് സംസാരിച്ചപ്പോൾ

ബഹുമാനപ്പെട്ട മന്ത്രി പി. രാജീവാണ് ഇവിടെയുണ്ടായിരുന്നത്, ഈ ക്ഷേമനിധികളിലെല്ലാം തൊഴിലാളികളിൽനിന്നും പിരിക്കുന്ന അംശദായത്തിന്റെ അല്ലെങ്കിൽ ആകെയുള്ള വരുമാനത്തിന്റെ എത്ര ശതമാനമാണ് അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസസായി പോകുന്നതെന്ന് ഞാൻ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് 0.7% മാത്രമേ തൊഴിലാളി വിഹിതമായി കിട്ടുന്നുള്ളൂ, ബാക്കിയെല്ലാം മറ്റ് വരുമാനത്തിലൂടെയാണ് വരുന്നത് എന്നാണ്. ഇവിടെ ഭേദഗതി എന്നുപറയുന്നത് എന്താണ്? തൊഴിലാളിയുടെ വിഹിതം മുൻപ് 50 പൈസയായിരുന്നു, 0.5:1:1 എന്നിങ്ങനെ 50 പൈസ തൊഴിലാളിയുടെയും ഒരു രൂപ തൊഴിലുടമയുടെയും ഒരു രൂപ സർക്കാരിന്റെയും വിഹിതമായിരുന്നു. 50 പൈസ എന്നുള്ളത് പിന്നീട് ഒരു രൂപയായും ഇപ്പോൾ അത് രണ്ട് രൂപയായും വർദ്ധിപ്പിച്ചു. ആദ്യം സർക്കാർ വിഹിതം ഒരു രൂപയായിരുന്നപ്പോൾ തൊഴിലാളിയുടെ വിഹിതം 50 പൈസ ആയിരുന്നെങ്കിൽ ഇപ്പോൾ തൊഴിലാളിയുടെ വിഹിതം 2 രൂപയാകുമ്പോൾ സർക്കാരിന്റെ വിഹിതം, മാച്ചിംഗ് ഗ്രാന്റ് 4 രൂപയാക്കേണ്ടതാണ്. പകരം ഈ ബില്ലിലെ ഭേദഗതി എന്താണ്? സർക്കാരിന്റെ വിഹിതം പകുതിയാക്കി കുറയ്ക്കുകയും തൊഴിലാളിയുടെ

വിഹിതം ഇരട്ടിയാക്കുകയുമാണ്. ഇത് തൊഴിലാളി വിരുദ്ധ സമീപനമല്ലേ, അത് നമുക്ക് സ്വീകരിക്കാൻ കഴിയുന്ന ഒന്നാണോ? 50 പൈസ തൊഴിലാളി വിഹിതമായിരുന്നപ്പോൾ ഒരു രൂപയാണ് സർക്കാർ അടച്ചുകൊണ്ടിരുന്നത്. പിന്നീടത് ഒരു രൂപയായും ഇപ്പോൾ അത് 2 രൂപയായും വർദ്ധിപ്പിക്കുമ്പോൾ സർക്കാരിന്റെ വിഹിതം 2 രൂപയിൽ നിന്ന് 4 രൂപയാക്കി വർദ്ധിപ്പിക്കേണ്ടതാണ്. അതുണ്ടാകുന്നില്ല എന്നുമാത്രമല്ല സർക്കാരിന്റെ ബാധ്യത പകുതിയാക്കി ചുരുക്കുകയും തൊഴിലാളിയുടെ ബാധ്യത ഇരട്ടിയാക്കുകയും ചെയ്യുന്ന സമീപനം ശരിയാണോ എന്നുള്ളത് പരിശോധിക്കേണ്ടതാണ്. ഇന്നലെ കേരള കയർ തൊഴിലാളി ക്ഷേമനിധി ബില്ലുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ആകെ വരുമാനത്തിന്റെ 0.7% ആണെന്നാണ്. എനിക്കുതന്നെ അത് കേട്ടപ്പോൾ അത്ഭുതമായി തോന്നി. ഞാൻ വൈകുന്നേരം പോയി ഒന്നുകൂടി പരിശോധിച്ചു, ഞാൻ മനസ്സിലാക്കുന്നത് ഇതിനകത്ത് പെൻഷൻ നൽകുന്ന തുക മന്ത്രി വരുമാനത്തിൽ കൂട്ടിയിരിക്കുകയാണ് എന്നാണ്. അങ്ങനെ എടുക്കാൻ സാധിക്കുമോ?

<u>മി. ചെയർമാൻ</u>: യെസ്.... യെസ്....

ശ്രീ. പി. സി. വിഷ്ണുനാഥ്: ബഹുമാനപ്പെട്ട ചെയർ, ഞാൻ വളരെ കുറച്ച് സമയമേ എടുത്തിട്ടുള്ളൂ.

മി. ചെയർമാൻ: പത്ത് മിനിറ്റ് ആയി.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, നിയമനിർമ്മാണങ്ങൾക്ക് സാധാരണഗതിയിൽ സമയക്ലിപ്തതയില്ല. എന്നാൽപ്പോലും ഇന്ന് 5 ബില്ലുകളുള്ളതുകൊണ്ട്...

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം, ചെയറുമായി ചില അറേഞ്ച്മെന്റ്സ് ഉണ്ടല്ലോ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, അതുണ്ട്. പക്ഷെ ഞാൻ ഈ ബില്ലിന് പുറത്തുപോയി ഒന്നും സംസാരിക്കുന്നില്ല. ഒരു ദിവസം 5 ബില്ലുകൾ കൊണ്ടുവന്നിട്ട് അതിന്റെ പോരായ്മകൾ സഭയുടെ ശ്രദ്ധയിൽപ്പെടുത്തി അത് പരിഹരിക്കുന്നില്ലെങ്കിൽപ്പിന്നെ ചടങ്ങിനാണോ ഈ നിയമനിർമ്മാണം നടത്തുന്നത്. ഇത്രയും പണം ചെലവാക്കി ഒരു നിയമസഭാ സമ്മേളനം നടത്തുക, എന്നിട്ട് കശുവണ്ടി തൊഴിലാളികളുടെ ജീവിതത്തെ ബാധിക്കുന്ന ഒരു ബില്ലിനകത്ത് ഭേദഗതിയെക്കുറിച്ച് സംസാരിക്കുമ്പോൾ എന്ത് ധാരണയാണ്? ഒരു ധാരണയുമില്ല. ധാരണ എന്നുപറയുന്നത് നമ്മൾ സ്വയം

നിയന്ത്രിക്കും എന്നതാണ്. പക്ഷെ അങ്ങ് വന്നയുടനെ ഇത്തരം നിയന്ത്രണം കൊണ്ടുവരാൻ പാടില്ല. ഞാൻ പറഞ്ഞല്ലോ, ഞാൻ ഈ ബില്ലിന് പുറത്തുള്ള ഒന്നും സംസാരിക്കുന്നില്ല.

ഇതിനകത്തെ ഏറ്റവും പ്രധാനപ്പെട്ട കാര്യം, മുൻപ് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കശുവണ്ടി തൊഴിലാളികൾക്ക് ക്ഷേമനിധി പെൻഷൻ, സോഷ്യൽ സെക്യൂരിറ്റി പെൻഷൻ എന്നിങ്ങനെ രണ്ട് പെൻഷനുകൾ ലഭിക്കുമായിരുന്നു. ഡോ. ടി. എം. തോമസ് ഐസക് ധനകാര്യമന്ത്രിയായിരുന്ന കാലത്ത് ഉമ്മൻചാണ്ടി ഗവൺമെന്റിന്റെ കാലത്തുണ്ടായിരുന്ന ഈ രണ്ട് പെൻഷനുകളിൽ ആദ്യത്തെ പെൻഷൻ ഒരു ഉത്തരവുവഴി 600 രൂപയാക്കി കുറയ്ക്കുകയും രണ്ടാമത്തെ പെൻഷൻ 1200 രൂപയായി നിലനിർത്തുകയും ചെയ്തു. അപ്പോൾ 1200 രൂപ വച്ച് രണ്ട് പെൻഷന് അർഹതയുണ്ടായിരുന്നവർക്ക് ഒരു പെൻഷൻ 600 രൂപയാക്കി കുറച്ചു. അതിനുശേഷം 2017 ജൂൺ മാസം കശുവണ്ടി തൊഴിലാളിക്കും കർഷക തൊഴിലാളിക്കുമൊക്കെ ബാധകമായ ഏറ്റവും വലിയ കറുത്ത ഉത്തരവ്..., ബഹുമാനപ്പെട്ട ചെയർ മനസ്സിലാക്കണം ഇപ്പോൾ ഇവിടെ 2 രൂപയാക്കാൻവേണ്ടി ബിൽ നിയമസഭയിൽ കൊണ്ടുവന്ന്

പാസ്സാക്കിയെടുക്കുകയല്ലേ, അങ്ങനെ നിയമസഭവഴി കശുവണ്ടി തൊഴിലാളികൾക്ക് ലഭിച്ച ഒരു അധികാരം 2017 ജൂൺ മാസത്തിൽ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയുടെ വകുപ്പിലെ ഒരു എക്സിക്യൂട്ടീവ് ഉത്തരവിലൂടെ ഇല്ലാതാക്കിയിരിക്കുകയാണ്. അപ്പോൾ ഈ നിയമനിർമ്മാണസഭ പാസ്സാക്കുന്ന നിയമങ്ങൾക്ക് എന്ത് വിലയാണുള്ളത്. അതിനുള്ള അധികാരമുണ്ടോ? ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെയുണ്ട്, അങ്ങയുടെയും ശ്രദ്ധയിൽപ്പെടുത്തുകയാണ്, നമ്മൾ ഇത്രയും പ്രയാസപ്പെട്ട് നിയമങ്ങൾ പാസ്സാക്കിയെടുക്കുമ്പോൾ ആ നിയമംവഴി ഒരു തൊഴിലാളിക്ക് ലഭ്യമാക്കിക്കൊടുക്കുന്ന അവകാശത്തെ പിന്നീട് ഒരു എക്സിക്യൂട്ടീവ് ഓർഡറിലൂടെ ഇല്ലാതാക്കാൻ കഴിയുമെങ്കിൽ ഈ നിയമനിർമ്മാണസഭയ്ക്ക് എന്ത് വിലയാണുള്ളത്; ഇവിടെ പാസ്സാക്കുന്ന നിയമങ്ങൾക്ക് എന്ത് വിലയാണുള്ളത്? അങ്ങനെ ഒരു പെൻഷനാക്കി പരിമിതപ്പെടുത്തി. ഇന്നലെ ഇവിടെ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി പറഞ്ഞപ്പോൾ വലിയ പെൻഷൻ വരുമാനത്തെക്കുറിച്ചാണ് പറഞ്ഞത്. പെൻഷൻ വരുമാനം എങ്ങനെയാണ് റവന്യൂ വരുമാനത്തിലേയ്ക്ക് വരുന്നത്. അത് കമ്മിറ്റഡ് എക്സ്പെൻഡീച്ചറാണ്. കശുവണ്ടി തൊഴിലാളികൾക്ക് 1600

രൂപ ക്ഷേമനിധി വഴി നിങ്ങൾ നൽകുന്നില്ലെങ്കിൽപ്പോലും അവർക്ക് വാർദ്ധക്യകാല പെൻഷൻ ലഭിക്കും. അതേ 1600 രൂപതന്നെയല്ലേയുള്ളൂ. ഈ 1600 രൂപ സോഷ്യൽ സെക്യൂരിറ്റി പെൻഷൻ വഴി ലഭിക്കുന്ന ഒരാൾക്ക്..., ക്ഷേമനിധി ബോർഡിന് ഒരു വർഷം ചെലവാക്കാൻ 120 കോടി രൂപയുണ്ട്. ആ 120 കോടി രൂപ ലഭ്യമാകുന്നത് പെൻഷൻ നൽകാനായി ഗവൺമെന്റ് ഓരോ മാസവും നൽകുന്ന 10 കോടി രൂപയിൽ നിന്നാണ്. ആ 120 കോടി രൂപ വച്ചിട്ടാണ് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഇന്നലെ പറഞ്ഞത് 0.7 ശതമാനം മാത്രമേ അംശദായം വരുന്നുള്ളൂവെന്ന്. എന്നാൽ അത് ശരില്ല. 3 രൂപ വച്ച് എടുക്കുകയാണെങ്കിൽ അത് വച്ച് കണക്കുകൂട്ടുന്ന തുകയുടെ സിംഹഭാഗവും ഇതിലേയ്ക്കാണ് പോകുന്നത്. ഏതാണ്ട് 2.4 കോടി രൂപ ഗവൺമെന്റ് ശമ്പളത്തിനായി നൽകുന്നുണ്ട്. അംശദായമായി പിരിച്ചുകിട്ടുന്നത് 1.5 കോടി രൂപയാണ്. മറ്റ് കാര്യങ്ങൾ മാറ്റിനിർത്തിയാൽ അതിൽനിന്നാണ് ഇവർക്ക് ആനുകൂല്യം നൽകുന്നത്. അപ്പോൾ 1.5 കോടി രൂപ തൊഴിലാളിക്ക് നൽകാൻവേണ്ടി 2.5 കോടി രൂപ ചെലവഴിക്കുകയാണ്. അതിനുവേണ്ടിയാണ് ബോർഡ് പ്രവർത്തിക്കുന്നത്. ഞാൻ ബോർഡിനെ കുറ്റപ്പെടുത്തുകയല്ല, ഈ ബിൽ

മുൻപ് നിയമസഭയിൽവന്ന രണ്ട് ഘട്ടങ്ങളിലും പറഞ്ഞിട്ടുണ്ട്, കശുവണ്ടി മേഖലയിൽനിന്നും സർക്കാർ വാങ്ങുന്ന ടാക്സിന്റെ ഒരു വിഹിതം ഈ ക്ഷേമനിധി ബോർഡിന് കൊടുക്കണം. ഇപ്പോൾ 70 ലക്ഷം രൂപയാണ് ഒരു മാസം ലഭിക്കുന്നത്.

മി. ചെയർമാൻ: യെസ് പ്ലീസ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, 70 ലക്ഷം രൂപ വച്ചിട്ട് 250 രൂപയുടെ ആനുകൂല്യമാണ് ഒരു അക്കൗണ്ടിൽ ഒരു കശുവണ്ടി തൊഴിലാളിക്ക് ലഭിക്കുന്നത്. മരണപ്പെട്ടാൽ funeral-ന് നൽകുന്നത് 2,000 രൂപയാണ്. അതൊരു 10,000 രൂപയാക്കി നൽകാൻ കഴിയും. അതിന് എന്താണ് ചെയ്യേണ്ടത്? കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡിന് കശുവണ്ടി മേഖലയിൽനിന്നും സർക്കാരിന് ലഭിക്കുന്ന ടാക്സിന്റെ ഒരു പങ്ക് കൂടി ക്ഷേമനിധി ബോർഡിന് നൽകണം. അല്ലെങ്കിൽ 1.10 കോടി രൂപ ചെലവഴിക്കുന്നതിനുവേണ്ടി പ്രതിമാസം 2.5 കോടിയുടെ ചെലവിന്റെ ആവശ്യമുണ്ടോ? അതുകൊണ്ട് തൊഴിലാളിക്ക് എന്തെങ്കിലും പ്രയോജനമുണ്ടാകണ്ടേ? നിങ്ങൾ പറയുന്നതുപോലെ പെൻഷൻ കൊടുക്കാനാണെങ്കിൽ മുൻപ് രണ്ട് പെൻഷൻ കിട്ടിക്കൊണ്ടിരുന്നു, ഒരു

പെൻഷൻ ഇല്ലാതാക്കി, തൊഴിലാളി സ്നേഹം പറയുന്ന ഒരു ഗവൺമെന്റല്ലേ, എന്തുകൊണ്ട് രണ്ട് പെൻഷൻ തൊഴിലാളികൾക്ക് നൽകുന്നില്ല.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞ കാര്യംതന്നെയാണ് ഞാനും ചോദിക്കാനാഗ്രഹിക്കുന്നത്. കാരണം യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് രണ്ട് പെൻഷനുണ്ടായിരുന്നു. ശ്രീ. കോവൂർ കുഞ്ഞുമോൻ, മനസ്സിലായില്ലേ.

മി. ചെയർമാൻ: യെസ്... യെസ്...

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഈ സർക്കാർ വന്നപ്പോൾ ഒരു പെൻഷൻ നിർത്തലാക്കി. അതിന്റെ ഫലമായി ഇപ്പോൾ യഥാർത്ഥത്തിൽ സാമൂഹ്യ പെൻഷൻ കിട്ടുന്നവർക്ക് അവർ ക്ഷേമനിധിയിൽ അംഗങ്ങളായാലും..., ആ ക്ഷേമനിധിതന്നെ അപ്രസക്തമാണ്. കാരണം അവർക്ക് അതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. ഇത് ഗവൺമെന്റ് തിരുത്തേണ്ടതല്ലേ? അങ്ങയുടെ അഭിപ്രായം എന്താണ്.

ശ്രീ. വി. ജോയി: സർ, യു.ഡി.എഫ്. ഗവൺമെന്റ് രണ്ട് പെൻഷൻ കൊടുത്തപ്പോൾ എത്ര തുകയുണ്ടായിരുന്നുവെന്ന് പറയാമോ?

മി. ചെയർമാൻ: യെസ്.... യെസ്....

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ബഹുമാന്യനായ പി. സി. വിഷ്ണുനാഥ് എം.എൽ.എ. കശുവണ്ടി മേഖലയെ സംബന്ധിച്ച് വളരെ അഗാധമായി പഠിച്ചിട്ടാണ് ഇവിടെ കാര്യങ്ങൾ ബോധ്യപ്പെടുത്തുന്നത്. ഇവിടെ രണ്ട് പെൻഷനെ സംബന്ധിച്ച് പ്രതിപാദിക്കുകയുണ്ടായി. കേരളത്തിലെ കശുവണ്ടി തൊഴിലാളികൾക്ക് മരണ ഫണ്ട് ഉണ്ടായിരുന്നു, അത് വർഷങ്ങളായി ഉള്ളതായിരുന്നു. യു.പി.എ. ഗവൺമെന്റ് കേന്ദ്രം ഭരിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടത്തിലാണ് അത് നിർത്തലാക്കിയത് എന്നത് അങ്ങേയ്ക്ക് ബോധ്യമുണ്ടോ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, കശുവണ്ടി തൊഴിലാളികൾക്ക് ലഭിച്ചുകൊണ്ടിരുന്ന എല്ലാ ആനുകൂല്യങ്ങളും തിരിച്ച് കിട്ടണമെന്നാണ് ഞാൻ പറഞ്ഞത്. ശ്രീ. വി. ജോയി ഇവിടെ പറഞ്ഞത് രണ്ട് പെൻഷൻ കൊടുത്തുകൊണ്ടിരുന്ന കാലഘട്ടത്തിൽ എത്ര പേർക്ക് കൊടുക്കും എന്നതാണ്. ....(ബഹളം.)....

മി. ചെയർമാൻ: പ്ലീസ് പ്ലീസ്. ശ്രീ. പി. സി. വിഷ്ണുനാഥ്, പ്ലീസ് കൺക്ലൂഡ്. ....(ബഹളം.)....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടെ നേരത്തെതന്നെ ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിച്ചതാണ്. പെൻഷൻ തുക ഇവർ കൂട്ടുന്നു പക്ഷെ വരുമാനം കുറയുകയാണ്. അതിന് കാരണമെന്താണ്? വികലാംഗർക്ക് കിട്ടിക്കൊണ്ടിരിക്കുന്ന വികലാംഗ പെൻഷനും അതേസമയം അയാൾ ഒരു തയ്യൽ തൊഴിലാളിയും കൂടിയാണെങ്കിൽ തയ്യൽ തൊഴിലാളി പെൻഷനും കൂടി ലഭിക്കും. അയാൾ ഈ രണ്ട് പെൻഷനും അർഹനാണ്. അതൊന്നും സംഭാവനയല്ല. അതിലൊന്ന് കട്ട് ചെയ്തിട്ട് മറ്റേ പെൻഷനിൽ നൂറ് രൂപ കൂട്ടിക്കൊടുത്തു. അപ്പോൾ ആകെ വരുമാനം കുറഞ്ഞില്ലേ? തൊഴിലാളി ക്ഷേമം എന്നുപറയുന്നതിൽ എന്ത് അർത്ഥമാണുള്ളത്? അവർക്ക് കിട്ടിക്കൊണ്ടിരിക്കുന്ന ആകെ വരുമാനം കുറയ്ക്കാതെ അതിനെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടിയുണ്ടോ എന്നുള്ളതല്ലേ അങ്ങയുടെ ചോദ്യം.

മി. ചെയർമാൻ: ശ്രീ. പി. സി. വിഷ്ണുനാഥ്, ദയവായി അവസാനിപ്പിക്കൂ.

ശ്രീ. വി. ജോയി: സർ, ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായ ആളുകൾക്ക് പെൻഷൻ കൊടുക്കുന്നതിന് മതിയായ ഫണ്ടില്ല. അത്

അങ്ങേയ്ക്ക് അറിയാവുന്ന കാര്യമാണ്. അവർക്ക് പെൻഷൻ കൊടുക്കുന്നത് സംസ്ഥാന സർക്കാരാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, താങ്കൾ പറഞ്ഞ വസ്തുത നന്നായിട്ടറിയാം. രണ്ട് പെൻഷൻ വിതരണം ചെയ്തിരുന്ന കാലത്ത്, ബഹുമാന്യനായ വി. ജോയി എം. എൽ. എ., പറഞ്ഞതുപോലെ ക്ഷേമനിധി ബോർഡുകൾക്ക് അവരുടെ വരുമാനത്തിൽനിന്നും കൊടുക്കാൻ കഴിയുമായിരുന്നില്ല. എന്നാൽ ആ സമയത്തും രണ്ട് സർക്കാരുകളും ബോർഡുകൾക്ക് പണം നൽകിയിട്ടുണ്ട്. കാരണം അംശദായം കൊണ്ടുമാത്രം ഇത് കൊടുക്കാൻ കഴിയില്ല. അങ്ങ് പറഞ്ഞത് ശരിയാണ്. അതുകൊണ്ടാണ് വരുമാനത്തിന് ഞാനൊരു മാർഗ്ഗം നിർദ്ദേശിച്ചത്.

മി. ചെയർമാൻ: ബഹുമാന്യനായ അംഗം ദയവായി ചുരുക്കി സംസാരിക്കണം.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, വി. എസ്. അച്യുതാനന്ദൻ സർക്കാരിന്റെ ആദ്യകാലത്ത് പെൻഷൻ തുകയായി വിതരണം ചെയ്തിരുന്നത് 300 രൂപയായിരുന്നു. ആ സർക്കാരിന്റെ കാലാവധി പൂർത്തിയാകുന്ന സമയത്ത് 400 രൂപയാക്കി. അതിനുശേഷം ഞങ്ങളുടെ സർക്കാർ ആദ്യം

അത് 600 രൂപയാക്കി, അതിനുശേഷം 800 രൂപയാക്കി വർദ്ധിപ്പിച്ചു. പന്ത്രണ്ട് ലക്ഷം ആളുകൾക്കായിരുന്നു ആദ്യം ആനുകൂല്യം ലഭിച്ചുകൊണ്ടിരുന്നത്. അത് 32 ലക്ഷം ആൾക്കാരെ ഉൾപ്പെടുത്തുന്ന രീതിയിലേക്ക് ഞങ്ങൾ വർദ്ധിപ്പിച്ചു. ഞങ്ങളുടെ സർക്കാരിന്റെ കാലത്ത്, പെൻഷൻ കുടിശ്ശികയാക്കിയിരുന്നതായി നിങ്ങൾ പ്രചരണം നടത്തുന്നുണ്ട്. അതായത് പ്രഖ്യാപനം മാത്രമേ ഉണ്ടായിട്ടുള്ളൂ, വിതരണം ചെയ്തിട്ടില്ലെന്നാണ് നിങ്ങളുടെ പരാമർശം. ഇതുമായി ബന്ധപ്പെട്ട്, മുൻ അംഗം ശ്രീ. എം. സ്വരാജിന്റെ ഒരു നിയമസഭാചോദ്യത്തിന് അന്നത്തെ ധനകാര്യവും കയറും വകുപ്പുമന്ത്രി ശ്രീ. ടി. എം. തോമസ് ഐസക് 26-04-2017-ൽ നൽകിയ മറുപടി വായിക്കാം "ഈ സർക്കാർ അധികാരമേൽക്കുമ്പോൾ ക്ഷേമപെൻഷനുകൾ എത്ര മാസം കുടിശ്ശികയുണ്ടായിരുന്നുവെന്ന് തരംതിരിച്ച് അറിയിക്കാമോ? മറുപടി- ഈ സർക്കാർ അധികാരമേൽക്കുമ്പോൾ 2014 നവംബർ മുതൽ 2015 ജനുവരി വരെയുള്ള പെൻഷൻ തുക വിതരണം ചെയ്യപ്പെടാതെ, വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, വികലാംഗപെൻഷൻ, അൻപത് വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ എന്നിവ കുടിശ്ശികയുണ്ടായിരുന്നു.

കർഷക തൊഴിലാളി പെൻഷൻ 2014 ഡിസംബർ മാസത്തെ തുക കുടിശ്ശികയായിട്ടുണ്ടായിരുന്നു. 2015 ഫെബ്രുവരി മുതലുള്ള തുക ഗുണഭോക്താക്കൾക്ക് ഡി.ബി.റ്റി.(ഡയറക്ട് ബാങ്ക് ട്രാൻസ്ഫർ) സംവിധാനത്തിൽ വിതരണം ചെയ്തുവരികയായിരുന്നു. ഗുണഭോക്താക്കളുടെ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്താത്തതുമൂലവും തെറ്റായ രേഖപ്പെടുത്തലുകൾ, ബാങ്ക് അക്കൗണ്ടുകളുമായി ബന്ധപ്പെട്ട സാങ്കേതിക തടസ്സങ്ങൾ, എന്നീ കാരണങ്ങളാൽ വിതരണം ചെയ്ത തുക ലഭിക്കാതെ വന്നതുമൂലവും കുടിശ്ശികയുണ്ടായിട്ടുണ്ട്. കുടിശ്ശികയിനത്തിൽ 1389 കോടി രൂപ നൽകിയിട്ടുണ്ട്." ശ്രീ. എം. സ്വരാജിന് ശ്രീ. ടി. എം. തോമസ് ഐസക് നൽകിയ മറുപടിയാണിത്. നിങ്ങൾ പറഞ്ഞപ്രകാരമുള്ള കുടിശ്ശികയുണ്ടെങ്കിൽ, അത്രയും കുടിശ്ശിക കൊടുത്തതിന്റെ കണക്ക് ഇവിടെ കാണേണ്ടതാണ്. ബഡ്ജറ്റ് എന്നാൽ ആന്വൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് ആണ്. ഞങ്ങളുടെ ഭരണകാലത്തെ കുടിശ്ശിക നിങ്ങൾ കൊടുത്തിട്ടുണ്ടെങ്കിൽ, ബഡ്ജറ്റ് പുസ്തകത്തിൽ എവിടെയെങ്കിലും ഒരിടത്ത് അതുണ്ടാകണം. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ചോദിച്ച പ്രസക്തമായ ചോദ്യത്തിന് രണ്ട് മറുപടിയുണ്ട്. ഒന്ന്, ഞാൻ ചോദ്യം ചെയ്യുന്നത്

നിയമപരമായിട്ടുള്ള പ്രശ്നമാണ്. നിയമസഭ പാസ്സാക്കിയ ഒരു ബില്ലിന്റെ അടിസ്ഥാനത്തിൽ ഒരു തൊഴിലാളിക്ക് ലഭിക്കുന്ന ക്ഷേമനിധി ആനുകൂല്യത്തെ ഒരു എക്സിക്യൂട്ടീവ് ഉത്തരവ് വഴി 2017-ൽ ശ്രീ. ടി. എം. തോമസ് ഐസക് ഇല്ലാതാക്കിയിരിക്കുകയാണ്. അത് ശരിയാണോ? രണ്ട്, സോഷ്യൽ സെക്യൂരിറ്റി പെൻഷനായി വിതരണം ചെയ്യുന്ന 1600 രൂപ, ക്ഷേമനിധി പെൻഷനിൽ ഉൾപ്പെടുത്തിക്കൊടുത്തശേഷം, ഒരു പെൻഷൻ രണ്ട് ബുക്കിൽ എഴുതിവച്ചിരിക്കുകയാണ്. സോഷ്യൽ സെക്യൂരിറ്റി പെൻഷൻ നോക്കിയാൽ അവിടെയും ക്ഷേമനിധി പെൻഷൻ നോക്കിയാൽ അവിടെയും പേരുണ്ട്. എന്നാൽ 1600 രൂപയേ കൊടുക്കുന്നുള്ളൂ. രണ്ട് ബുക്കിൽ ചെലവുണ്ട്. ഇങ്ങനെയുള്ള കബളിപ്പിക്കലാണ് പാവപ്പെട്ട തൊഴിലാളികളോട് നിങ്ങൾ ചെയ്യുന്നത്. ഇപ്പോൾ കാര്യങ്ങൾ വ്യക്തമായിക്കാണുമല്ലോ.

കയറുമായി ബന്ധപ്പെട്ട വിഷയത്തിൽ, ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി വിശദമായി സംസാരിക്കുകയുണ്ടായി. കയർ മേഖലയിൽ പ്രതിസന്ധിയുണ്ടായ സമയത്ത് സർക്കാർ 'ഇൻകം സപ്പോർട്ട് സ്കീം' നടപ്പിലാക്കി. കയർ മേഖലയിലുള്ളതുപോലെ മറ്റ് പരമ്പരാഗത തൊഴിൽ

മേഖലയിലും 'ഇൻകം സപ്പോർട്ട് സ്കീം' നടപ്പിലാക്കണമെന്ന് ഞാൻ സഭയോട് ആവശ്യപ്പെടുകയാണ്. കശുവണ്ടി മേഖലയിൽ 'ഇൻകം സപ്പോർട്ട് സ്കീം' അടിയന്തരമായി നടപ്പിലാക്കാതെ ഈ മേഖലയെ ഇനി പിടിച്ച് നിർത്താൻ സാധിക്കില്ല.

ശ്രീ. ജി. എസ്. ജയലാൽ: സർ, അങ്ങയുടെ തൊഴിലാളി സ്നേഹത്തെക്കുറിച്ച് യാതൊരു തർക്കവുമില്ല. അങ്ങ് ഇത്ര വാചാലമായി സംസാരിക്കുമ്പോൾ, യു.ഡി.എഫ്. കാലത്ത് കശുവണ്ടി മേഖലയിലെ കോർപ്പറേഷൻ ഫാക്ടറികളുടെയും കാപെക്സിന്റെയും സ്ഥിതിയെന്തായിരുന്നുവെന്ന് അങ്ങേയ്ക്ക് പറയാമോ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, സി. അച്യുതമേനോൻ സർക്കാരിന്റെ കാലം മുതൽ, പ്രസ്തുത ബിൽ ആദ്യം വരുന്ന സി. എച്ച്. മുഹമ്മദ് കോയ സാഹിബ് മുഖ്യമന്ത്രിയായിരുന്ന കാലം മുതൽ ഓരോ സർക്കാരും ഈ മേഖലയിൽ ചെയ്ത കാര്യങ്ങളെ നമുക്ക് തരംതിരിച്ച് കാണാവുന്നതാണ്. താങ്കൾ വളരെ അന്തസ്സായി, ഗൗരവത്തോടെ തൊഴിലാളികൾക്കൊപ്പംനിന്ന് കഴിഞ്ഞ ആഴ്ച ഈ സഭയിൽ ഒരു ശ്രദ്ധക്ഷണിക്കൽ കൊണ്ടുവന്നതല്ലേ? ഞാൻ ഇൻകം സപ്പോർട്ട് സ്കീം

വേണമെന്ന് പറഞ്ഞ സമയത്തുതന്നെ എനിക്കിട്ടൊരു കുത്ത് തരാൻ എഴുന്നേൽക്കാൻ പാടില്ലായിരുന്നു.

മി. ചെയർമാൻ : പ്ലീസ് കൺക്ലൂഡ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, 'ഇൻകം സപ്പോർട്ട് സ്കീം' നടപ്പിലാക്കിക്കൊണ്ടുമാത്രമേ ഈ മേഖലയെ സംരക്ഷിക്കാൻ സാധിക്കുകയുള്ളൂ. 40 ഫാക്ടറികൾ മാത്രമേ സർക്കാരിന്റെ കയ്യിലുള്ളൂ. ബാക്കി എഴുന്നൂറ്റിയമ്പതോളം ഫാക്ടറികൾ സ്വകാര്യ മേഖലയിലാണ്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിക്കും തൊഴിൽ വകുപ്പുമന്ത്രിക്കും ഇക്കാര്യത്തെക്കുറിച്ച് വ്യക്തമായിട്ടറിയാം. ബഹുമാന്യരായ മുഖ്യമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും നല്ല ഇടപെടലുകൾ നടത്തുന്നുണ്ട്. സ്വകാര്യ കശുവണ്ടി മുതലാളികൾ എടുത്തിരിക്കുന്ന ബാങ്ക് വായ്പകളുടെ 20 %-ത്തിനുവേണ്ടി ബാങ്കുകൾ അവർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിരിക്കുകയാണ്. അസറ്റ് റീ കൺസ്ട്രക്ഷൻ കമ്പനിയെ ഇത് ഏൽപ്പിച്ചിരിക്കുകയാണ്. മാർവാടി കമ്പനികളെ ഇത് ഏൽപ്പിച്ചിരിക്കുകയാണ്. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബാങ്കുകളുടെ മീറ്റിംഗ് വിളിച്ചുകൂട്ടി ഒ.റ്റി.എസ്.(വൺ ടൈം സെറ്റിൽമെന്റ്)-നെക്കുറിച്ച് ചർച്ച

ചെയ്തുകൊണ്ടിരുന്ന സമയത്തുതന്നെ ഇവിടെ വ്യവസായികളുടെ സ്ഥാപനങ്ങൾ ജപ്തി ചെയ്തുകൊണ്ടുപോകുകയാണ്. അങ്ങനെ ജപ്തി ചെയ്താൽ ഈ സ്ഥാപനങ്ങൾ അടച്ചുപൂട്ടേണ്ട സാഹചര്യമുണ്ടാകും. ഏതാണ്ട് 15,000 കോടി രൂപ വാർഷിക വിദേശ നാണയത്തിന്റേതായി ഉണ്ടായിരുന്ന ഒരു മേഖലയാണ്. ഇന്നത് ഏതാണ്ട് 3000 കോടി രൂപയിലേയ്ക്ക് താഴുകയാണ്. അതുകൊണ്ട് ഈ വ്യവസായത്തെ സംരക്ഷിക്കുന്നതിനുവേണ്ടി 'ഇൻകം സപ്പോർട്ട് സ്കീം' നടപ്പിലാക്കണം. അതോടൊപ്പംതന്നെ ബഹുമാന്യരായ വ്യവസായ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും നടത്തുന്ന ഇടപെടലുകൾക്ക് വിരുദ്ധമായി ബാങ്കുകൾ, മാർവാടി കമ്പനികളെക്കൊണ്ട് അവരുടെ വസ്തു വകകൾ ജപ്തി ചെയ്യുന്ന സമീപനം സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. സ്വകാര്യ സംരംഭകരെ ഉപദ്രവിക്കുന്ന സ്ഥിതിവിശേഷമാണ് നടക്കുന്നത്. ഇക്കാര്യത്തിൽ അടിയന്തരമായി സർക്കാരിന്റെ ഇടപെടലുണ്ടാകണം. ഞാൻ ആവർത്തിക്കുകയാണ്. ഇതിനകത്ത് അമ്പത് പൈസയായിരുന്നത് ഒരു രൂപയാക്കി വർദ്ധിപ്പിച്ചു. ഇപ്പോൾ ഒരു രൂപ രണ്ട് രൂപയാക്കി വർദ്ധിപ്പിക്കുന്ന സാഹചര്യത്തിൽ സർക്കാരിന്റെ മാച്ചിംഗ് ഗ്രാന്റ് 2 രൂപയെന്നുള്ളത് 4 രൂപയാക്കാത്ത ഒരു സമീപനമാണ് ഇതിനകത്തുള്ളത്.

അടിമുടി തൊഴിലാളി താൽപ്പര്യത്തിന് വിരുദ്ധമായി ഇത്തരം സമീപനങ്ങളുമായി മുന്നോട്ട് പോകുന്നതുകൊണ്ട് ഞാൻ എന്റെ നിരാകരണപ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച  നിരാകരണ പ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്.

ഇവിടെ അവതാരകൻ ചൂണ്ടിക്കാണിച്ചതുപോലെ, കശുവണ്ടി മേഖലയുടെ ഏറ്റവും വലിയ പ്രതിസന്ധി കാലഘട്ടത്തിലൂടെയാണ് നമ്മൾ കടന്നുപോകുന്നത്. ഈ സമയത്ത്, ബില്ലിൽ പുതുതായി വരുന്ന നിർദ്ദേശങ്ങൾ പ്രായോഗികമായി എങ്ങനെ നടപ്പിലാക്കാൻ കഴിയുമെന്ന പ്രശ്നം ബഹുമാനപ്പെട്ട മന്ത്രിയും സർക്കാരും പരിശോധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇവിടെ ചൂണ്ടിക്കാണിച്ചിരിക്കുന്നതനുസരിച്ച് കമ്പനികൾ മുഴുവൻ പൂട്ടിക്കിടക്കുന്നു, തൊഴിലാളികൾക്ക് പണിയില്ല, ഇത്തരമൊരു സാഹചര്യത്തിൽ കശുവണ്ടി തൊഴിലാളികളുടെയും കശുവണ്ടി മേഖലയുടെ സംരക്ഷണത്തിനുംവേണ്ടി സർക്കാർ പുതിയ പാക്കേജുകൾ പ്രഖ്യാപിച്ച് അവരുടെ ജീവിതവും സ്ഥാപനങ്ങളും നിലനിർത്താനുള്ള സഹായം കൊടുക്കേണ്ട സമയത്ത്, അടച്ചുപൂട്ടിക്കിടക്കുന്ന തൊഴിലില്ലാതെ

കഷ്ടപ്പെടുന്ന, ആത്മഹത്യയുടെ വക്കിൽ നിൽക്കുന്ന ഇവർ എങ്ങനെ അംശദായം അടയ്ക്കും? പ്രായോഗികമായി നടപ്പാക്കാൻ കഴിയാത്ത ഒരു കാലഘട്ടത്തിലാണ് ഇത് കൊണ്ടുവരുന്നതെന്നുള്ളതാണ് ഏറ്റവും വലിയ വിരോധാഭാസം. സർക്കാരിന്റെ ഉദ്ദേശ്യശുദ്ധി, സർക്കാരിന് പണമില്ല, കൊടുക്കുന്നതിന് മാർഗമില്ല, പണം കണ്ടെത്തുന്നതിനുവേണ്ടിയുള്ള നിർദ്ദേശമെന്ന നിലയിൽ ഓർഡിനൻസിലൂടെ ഇങ്ങനെയൊരു നിലപാടെടുത്തു. പക്ഷെ ഇത് നടപ്പാക്കുന്നതിനുവേണ്ടി നിയമനിർമ്മാണത്തിലേയ്ക്ക് വരുമ്പോൾ ഈ കാലഘട്ടത്തിന്റെ പ്രത്യേകതകളും സാഹചര്യങ്ങളും സർക്കാർ പരിശോധിക്കേണ്ടതായിരുന്നു. കോവിഡ് പശ്ചാത്തലത്തിൽ മനുഷ്യർ മുഴുവൻ വിഷമിക്കുന്ന അതീവ ഗുരുതരമായ പ്രതിസന്ധി നേരിടുന്ന സാഹചര്യം നമ്മുടെ സംസ്ഥാനത്തും രാജ്യത്തും ലോകത്തൊട്ടാകെയും നിലനിൽക്കുന്നു. എന്തെല്ലാം സഹായങ്ങൾ കൊടുക്കാൻ കഴിയുമോ, അതെല്ലാം കൊടുക്കാൻ വേണ്ടിയുള്ള ശ്രമങ്ങൾ നടക്കുന്നു. അത്തരമൊരു സാഹചര്യത്തിൽ സർക്കാർ ഇതിനൊന്നും പരിഗണന നൽകാതെ തൊഴിലാളി വിരുദ്ധമായൊരു സമീപനം പ്രസ്തുത ബില്ലിലൂടെ കൊണ്ടുവരുന്നെന്നുള്ളതാണ് ഞങ്ങൾ വിയോജിച്ച്

പ്രകടിപ്പിക്കുന്നതിന് മുഖ്യകാരണം. ഗവൺമെന്റിന് ആത്മാർത്ഥതയുണ്ടായിരുന്നെങ്കിൽ അംശദായത്തിൽ സർക്കാരിന്റെ വിഹിതം നാല് രൂപയാക്കി മാറ്റുന്നതിനുള്ള നിലപാടെടുക്കണമായിരുന്നു. അതിനുപകരം ഗവൺമെന്റിന്റെ പണം കുറയ്ക്കുകയും തൊഴിലാളികളുടേത് ഇരട്ടിയായി കൂട്ടുകയും ചെയ്തു. തികച്ചും അന്യായമായ ഒരു സമീപനം ഇക്കാര്യത്തിലെടുത്തുവെന്നതിലുള്ള പ്രതിഷേധം ഞങ്ങൾ പ്രകടിപ്പിക്കുകയാണ്. ഇന്ന് കശുവണ്ടി മേഖലയുടെ യഥാർത്ഥ അവസ്ഥയെന്താണ്? പ്രതിസന്ധിയിൽനിന്നും കശുവണ്ടി വ്യവസായത്തെ പുനരുദ്ധരിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികളുണ്ടാകണം. കഴിഞ്ഞ ഗവൺമെന്റിന്റെയും ഈ ഗവൺമെന്റിന്റെയും സമയത്ത് നിരവധി പ്രാവശ്യം ഇക്കാര്യങ്ങൾ നിയമസഭയിൽ ചർച്ച ചെയ്തു. അതിനാവശ്യമായ നടപടികളിലേയ്ക്ക് വരാൻ നിർഭാഗ്യവശാൽ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. ഗവൺമെന്റ് പ്രഖ്യാപിച്ച കാര്യങ്ങളൊന്നും നടപ്പാക്കാൻ ഈ രംഗത്ത് സാധിച്ചിട്ടുമില്ല. ഇന്ത്യയുടെ കാർഷിക കയറ്റുമതിയുമായി ബന്ധപ്പെട്ട് വിവരങ്ങൾ പരിശോധിക്കുമ്പോൾ നാല് കാർഷിക കയറ്റുമതി ഇനങ്ങളിൽ ഒരിനമായി കശുവണ്ടി നിൽക്കുകയാണ്. നമ്മുടെ രാജ്യത്ത് 2017-ൽ

കശുവണ്ടി കയറ്റുമതിയിനത്തിൽ 5213 കോടി രൂപ സമ്പാദിക്കാൻ കഴിയുന്ന സാഹചര്യമുണ്ടായി. ഈ നേട്ടം രാജ്യത്ത് കൈവരിച്ചപ്പോൾ കേരളത്തിൽ കശുവണ്ടിയുടെ ഏറ്റവും വലിയ ആസ്ഥാനമായ കൊല്ലത്തും സംസ്ഥാനത്തിന്റെ വിവിധ മേഖലകളിലും ഇവിടെയുള്ളതുംകൂടി ഇല്ലാതായിപ്പോയെന്ന പ്രശ്നമാണ് നേരിടുന്നത്. ഗുരുതരമായ പ്രതിസന്ധിയെത്തുടർന്ന് കേരളത്തിലെ ഇൻപുട്ട് ചെലവ് വർദ്ധിക്കുകയും വലിയ നഷ്ടം വരികയും ചെയ്തതിനെത്തുടർന്ന് അടച്ചുപൂട്ടലിലേയ്ക്ക് സ്ഥാപനങ്ങൾ വന്നിരിക്കുന്നു. രജിസ്റ്റർ ചെയ്ത 840-ഓളം കശുവണ്ടി ഫാക്ടറികളിൽ 80 ശതമാനവും അടച്ചുപൂട്ടിയെന്നത് ഗവൺമെന്റ് കണ്ണുതുറന്ന് കാണേണ്ട കാര്യമാണ്. കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ തൊഴിലാളികൾക്ക് തൊഴിലില്ലാത്ത നിലയിലേയ്ക്ക് കാര്യങ്ങൾ പോയി. രണ്ട് മാസം മുമ്പ് തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റ് പടിക്കൽ കശുവണ്ടി തൊഴിലാളികളുടെ എത്രവലിയ പ്രതിഷേധസമരമാണ് നടന്നത്. അതിൽ സ്ത്രീകൾ പങ്കെടുത്ത് ഹൃദയഹാരിയായതും വളരെ വേദനാജനകമായതുമായ അനുഭവങ്ങൾ പങ്കുവച്ചുകൊണ്ട് ജീവിക്കാൻ മാർഗ്ഗമില്ല, ആത്മഹത്യയല്ലാതെ രക്ഷയില്ലായെന്ന് പറഞ്ഞ് സങ്കടപ്പെട്ടുകൊണ്ടുള്ള സാഹചര്യം സംഭവിച്ചത്

നമ്മുടെ കൺമുമ്പിലാണ്. പ്രൈവറ്റ് കമ്പനികൾ അടച്ചുപൂട്ടി. Kerala State Cashew Workers Apex Industrial Co-operative Society Ltd (CAPEX) -ന്റെയും Cashew corporation-ന്റെയും സ്ഥാപനങ്ങൾ അടഞ്ഞുകിടക്കുന്നു. തൊഴിലാളികൾ പട്ടിണിയിൽ കഴിഞ്ഞുകൂടുന്ന സാഹചര്യമാണ്. അങ്ങനെ കശുവണ്ടി മേഖല പരിപൂർണ്ണമായും ദുരിതത്തിൽ കഴിയുന്ന ഈ അവസ്ഥയിൽനിന്നും ഇതിനെ മോചിപ്പിക്കാൻ കഴിയുന്ന വിധത്തിലുള്ള എന്തെങ്കിലും നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായോയെന്ന ചോദ്യം ഇവിടെ ഉയരുമ്പോൾ ഗവൺമെന്റിന് മറുപടിയില്ല. സഹായിക്കാൻ മാർഗ്ഗമില്ലാതെ ഗവൺമെന്റ് കൈ മലർത്തുകയാണ്. സർക്കാർ കൈ മലർത്തിയിട്ട് തൊഴിലാളികളോട് ഏറ്റെടുക്കാൻ പറയുന്നു. ഏറ്റെടുക്കുന്നതിന് പറ്റുന്ന സാഹചര്യമായിരുന്നെങ്കിൽ ഞങ്ങൾ അനുകൂലിക്കുമായിരുന്നു. അതിന് പറ്റുന്ന ഒരു സാഹചര്യമല്ല ഇന്ന് നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്നതെന്നുള്ളതാണ് ഏറ്റവും വലിയ പ്രശ്നം. ഇത്രയും വലിയ പ്രതിസന്ധി നിൽക്കുന്ന സമയത്ത് ബാങ്കുകൾ ചെയ്യുന്ന അന്യായമായ നടപടിയെക്കുറിച്ച് ശ്രീ. പി. സി. വിഷ്ണുനാഥ് ചൂണ്ടിക്കാണിക്കുകയുണ്ടായി. ബാങ്കുകൾ ജപ്തിയുമായി

ഇറങ്ങിത്തിരിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാന ഗവൺമെന്റ് ഈ വിഷയത്തിൽ ഇടപെടുകയാണ്. ജപ്തികളെല്ലാം നിർത്തിവയ്ക്കണം, റിക്കവറി നടപടികളുണ്ടാകരുതെന്ന് പറഞ്ഞ് ഒരു മൂന്നംഗ കമ്മിറ്റിയെ ഗവൺമെന്റ് വച്ചു. അത് നല്ല കാര്യമാണ്. പക്ഷെ അതുകൊണ്ട് എന്തെങ്കിലും ഗുണമുണ്ടായോ? യാതൊരു ഗുണവുമുണ്ടാകാത്ത വിധത്തിൽ ആ മൂന്നംഗ കമ്മിറ്റിയുടെ യോഗം നടന്നുകൊണ്ടിരുന്ന സമയത്ത് വീടുകളിൽ കയറി ജപ്തി നടപടികളും റിക്കവറിയുമായി ബാങ്കുകാർ അഴിഞ്ഞാട്ടം നടത്തുന്ന സാഹചര്യമാണുണ്ടായതെന്ന് അവതാരകനെന്ന നിലയിൽ ശ്രീ. പി. സി. വിഷ്ണുനാഥ് ഇവിടെ ചൂണ്ടിക്കാണിച്ചു. ഇതുപോലെ ഗുരുതരമായ പ്രതിസന്ധി നേരിടുന്ന ഘട്ടത്തിൽ ഇത്തരമൊരു നടപടിയിലേയ്ക്ക് വരുമ്പോൾ അതിൽ ഫലപ്രദമായി ഇടപെട്ടുകൊണ്ട് അതിനെ തടയാനുള്ള യാതൊരു നടപടിയും ഗവൺമെന്റിന് സ്വീകരിക്കാൻ കഴിഞ്ഞില്ല. അത് ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും പരിശോധിക്കണം. ഇപ്പോഴും ഈ പ്രശ്നം നിലനിൽക്കുകയാണ്. കാരണം, കശുവണ്ടി ഫാക്ടറി ഉടമകളെ മുതലാളിമാരായി കണ്ടുകൊണ്ട് അവരുടെ നേരെ ഇറങ്ങിത്തിരിക്കുമ്പോൾ

അവർ മുതലാളിമാരാണെന്ന് പറഞ്ഞാലും തൊഴിലാളിയേക്കാൾ കഷ്ടത്തിൽ നിൽക്കുന്നതായിട്ടാണ് കാണാൻ കഴിയുന്നത്. മുതലാളിയെന്നോ തൊഴിലാളിയെന്നോ വ്യത്യാസമില്ലാതെ കശുവണ്ടി മേഖല ഗുരുതരമായ പ്രതിസന്ധിയിലൂടെ കടന്നുപോകുമ്പോൾ അവരെ സഹായിക്കാൻ കഴിയുന്ന വിധത്തിലുള്ള നിലപാട് ഗവൺമെന്റിന് സ്വീകരിക്കാനുള്ള കടമയുണ്ട്. ഗവൺമെന്റെടുത്ത തീരുമാനംപോലും വെള്ളത്തിലാക്കിക്കൊണ്ട്, അട്ടിമറിച്ചുകൊണ്ട്, അതിന് പുല്ലുവില കൽപ്പിച്ചുകൊണ്ട് ബാങ്കുകൾ ഇറങ്ങിത്തിരിച്ചിരിക്കുന്നു. ബാങ്കുകളെപ്പോലെ വിവിധ മാർവാടി കമ്പനികളും ഇറങ്ങിത്തിരിച്ചിരിക്കുന്നു. ഇവരെല്ലാം ചേർന്നുകൊണ്ട് വലിയ അനിശ്ചിതാവസ്ഥ ഈ രംഗത്തുണ്ടാക്കുമ്പോൾ സർക്കാർ കയ്യുംകെട്ടി നിൽക്കുകയാണ്. എത്രമാത്രം പ്രതിസന്ധികളാണ്. ഒറ്റത്തവണ തീർപ്പാക്കലിന്റെ കാര്യത്തിൽ ഗവൺമെന്റ് ഒരു തീരുമാനമെടുത്തു. ഗവൺമെന്റ് പരിശോധിച്ച് അതിന് സാവകാശം കൊടുക്കാൻ നിശ്ചയിച്ചു. അതിനുള്ള കാലാവധിയും സമയവും പറഞ്ഞു. ഇത് ആരാണ് അംഗീകരിക്കുന്നത്. ഗവൺമെന്റ് പ്രഖ്യാപിച്ച ഈ തീരുമാനം ബാങ്കുകൾ അംഗീകരിക്കുന്നില്ല. ഇത്തരം വിഷയത്തിൽ ഗവൺമെന്റിന് ഒരു

ഉത്തരവാദിത്തമുണ്ടെന്നാണ് ഞാൻ ചൂണ്ടിക്കാണിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട ബാങ്കിംഗ് അതോറിറ്റികളെ മുഴുവൻ വിളിച്ച് കർശനമായ ഒരു നിലപാട് ഗവൺമെന്റ് സ്വീകരിക്കണ്ടേ. ഈ പ്രതിസന്ധിയിൽ സംരക്ഷണം കൊടുക്കാനും സഹായം കൊടുക്കാനും കഴിയുന്ന ഒരു സ്ഥിതി വിശേഷമുണ്ടാക്കണമെങ്കിൽ ബന്ധപ്പെട്ടവരെ മുഴുവൻ വിളിച്ചുവരുത്തി ഗവൺമെന്റ് കർശനമായ നിലപാട് സ്വീകരിക്കണം. ഒരു കാരണവശാലും ഈ സമയത്ത് റിക്കവറി, ജപ്തി നടപടികളിലേയ്ക്ക് പോകാൻ പാടില്ലെന്ന ഉറച്ച നിലപാടെടുക്കണം. രണ്ട്, ഒറ്റത്തവണ തീർപ്പാക്കലിന് സാഹചര്യം വരുമ്പോൾ ന്യായയുക്തമായ വിധത്തിൽ ഗവൺമെന്റ് സജസ്റ്റ് ചെയ്യുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നതിന് ബന്ധപ്പെട്ട ബാങ്കുകൾക്ക് നിർദ്ദേശം കൊടുക്കണം. ആ നിലയിലുള്ള ഇടപെടലിന് ഗവൺമെന്റ് തയ്യാറാകാത്ത സാഹചര്യങ്ങൾ ഏറ്റവും പ്രതിഷേധാർഹമാണെന്ന് ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ടും ഇക്കാര്യത്തിൽ പ്രശ്നങ്ങളുണ്ട്. അത് ഞങ്ങൾ വിസ്മരിക്കുന്നില്ല. Employees State Insurance (ESI) ചികിത്സാ ആനുകൂല്യങ്ങൾ ഉൾപ്പെടെയുള്ള കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് വരേണ്ട

സഹായങ്ങളുടെ കാര്യത്തിലും വലിയ പ്രതിസന്ധി സംജാതമായിട്ടുണ്ട്. ഇവിടെ നമ്മുടെ എം.പി.-മാർ ഉൾപ്പെടെ അക്കാര്യങ്ങളിൽ ശക്തമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ പൊതുവിഷയമെന്ന നിലയിൽ സംസ്ഥാന ഗവൺമെന്റ് ഈ വിഷയത്തിൽ ഫലപ്രദമായി ഇടപെട്ടിട്ടുണ്ടോ? ഫലപ്രദമായി ഇടപെട്ടിട്ടില്ലായെന്നതാണ് ഞങ്ങളുടെ പരാതി. കശുവണ്ടി മേഖലയുടെ സംരക്ഷണത്തിനുവേണ്ടി കാര്യമായ ഇടപെടലുകൾ ഈ രംഗത്ത് നടത്തുന്നതിനും ചികിത്സ സംബന്ധിച്ചും മറ്റ് ആനുകൂല്യങ്ങൾ സംബന്ധിച്ചും കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് ലഭ്യമാകേണ്ട കാര്യങ്ങളിൽ സംസ്ഥാന ഗവൺമെന്റിന്റെ സജീവമായ ഇടപെടലുണ്ടാകുകയെന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അംശദായത്തിന്റെ വിഷയം പറയുമ്പോൾ, കേരളത്തിലെ ഏതാണ്ട് മൂന്നര ലക്ഷത്തോളം വരുന്ന കശുവണ്ടി തൊഴിലാളികളുടെ ജോലിസ്ഥിരത ഉറപ്പുവരുത്തുന്ന കാര്യത്തിൽ ഗവൺമെന്റിന്റെ നിലപാടെന്താണ്; എന്തെങ്കിലും ഇക്കാര്യത്തിൽ ഫലപ്രദമായി ചെയ്യാൻ ഗവൺമെന്റിന് കഴിയുന്നുണ്ടോ? ജോലിസ്ഥിരത ഉറപ്പുവരുത്തുന്ന കാര്യത്തിൽ ഗവൺമെന്റിന് കഴിയുന്നില്ലായെന്ന് മാത്രമല്ല തൊഴിൽ നഷ്ടപ്പെട്ട്

പ്രതിസന്ധിയിലും വിഷമത്തിലും കഴിഞ്ഞുകൂടുന്ന സാഹചര്യങ്ങൾ ഇന്ന് നിലനിൽക്കുകയാണ്. ഇവിടെ കോർപ്പറേഷൻപോലും മാസത്തിൽ പത്ത് ദിവസമാണ് തൊഴിൽ കൊടുക്കുമെന്ന് പറയുന്നത്. അതിൽ വളരെ പരിമിതമായ സ്ഥാപനങ്ങൾ മാത്രമാണുള്ളത്. മഹാഭൂരിപക്ഷവും പ്രൈവറ്റ് കമ്പനികളാണ് വരുന്നത്. പ്രൈവറ്റ് കമ്പനികളിലുൾപ്പെടെ നിൽക്കുന്ന മുഴുവൻ തൊഴിലാളികളും വലിയ ആശങ്കയിലൂടെ കടന്നുപോകുമ്പോൾ അവരെ സംരക്ഷിക്കാനും സഹായിക്കാനും കഴിയുന്ന വിധത്തിലുള്ള നിലപാട് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. അതിന് കഴിയാത്ത ഒരു സാഹചര്യം നമ്മുടെ സംസ്ഥാനത്ത് സംജാതമായിരിക്കുന്നുവെന്നുള്ളതുകൊണ്ടാണ് ഇത്തരത്തിലുള്ള ഒരു വിയോജിപ്പ് ഞങ്ങൾ പ്രകടിപ്പിക്കുന്നത്. രണ്ട് വർഷങ്ങളായി ഈ രംഗത്തുണ്ടായിട്ടുള്ള ഗുരുതരമായ പ്രതിസന്ധിയുടെ മുമ്പിൽ ഇത്തരത്തിലുള്ള ഒരു നടപടിയിലേയ്ക്ക് ഗവൺമെന്റ് വന്നാൽ തൊഴിലാളികൾക്ക് എങ്ങനെ അതിനോട് സഹകരിക്കാൻ കഴിയും. അതുകൊണ്ട് തീർച്ചയായും നമ്മുടെ സംസ്ഥാനത്തിന്റെ പൊതുതാൽപ്പര്യം കണക്കിലെടുത്ത് കശുവണ്ടി മേഖലയുടെയും ഫാക്ടറികളുടെയും സംരക്ഷണത്തിനുവേണ്ടി പ്രതിപക്ഷം

ക്രിയാത്മകമായ നിർദ്ദേശങ്ങൾ വയ്ക്കുമ്പോൾ ഞങ്ങളെ അത്ഭുതപ്പെടുത്തുന്നത്., ഞങ്ങളൊന്നും കശുവണ്ടി മേഖലയിൽനിന്നുള്ളവരല്ല. പക്ഷെ കശുവണ്ടി മേഖലയിലുള്ള ശ്രീ. കോവൂർ കുഞ്ഞുമോൻ ഇതിനകത്ത്... ഞങ്ങൾ കശുവണ്ടി തൊഴിലാളികൾക്കുവേണ്ടിയും .....

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, (മൈക്ക് ഓഫ്).

ശ്രീ. മോൻസ് ജോസഫ്: സർ, കടുത്തുരുത്തിയും കശുവണ്ടിയുമായിട്ടുള്ള ബന്ധം മനുഷ്യരോടുള്ള ആത്മബന്ധമാണ്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, (മൈക്ക് ഓഫ്)... തമ്മിലുള്ള ബന്ധം കടലും കടലാടിയും തമ്മിലുള്ള ബന്ധമാണെന്നാണ് ശ്രീ. കോവൂർ കുഞ്ഞുമോൻ എന്നോട് സ്വകാര്യമായി പറഞ്ഞത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കൈകൊണ്ട് കശുവണ്ടി പീലിംഗ് നടത്തുന്ന തൊഴിലാളികളുടെ കൈ കണ്ടാൽ നമുക്ക് വിഷമം തോന്നും. അവർ നല്ല സാമർത്ഥ്യത്തോടെ പണി ചെയ്യും. എന്നാൽ പണിയിൽനിന്ന് പിരിയുമ്പോൾ കശുവണ്ടിപ്പരിപ്പുപോലെ കുനിഞ്ഞിരിക്കുന്ന രൂപത്തിലേയ്ക്ക് അവരുടെ രൂപവും ഭാവവും മാറും. ഇത് മാറ്റാൻ മാർഗ്ഗമുണ്ടോയെന്നുള്ളതാണ് പ്രശ്നം. ബാക്കിയുള്ള കാര്യങ്ങളെ

സംബന്ധിച്ച് എത്ര ചർച്ച ചെയ്തിട്ടും കാര്യമില്ല. രണ്ടര ലക്ഷത്തോളം വരുന്ന കശുവണ്ടി തൊഴിലാളികളുടെ വരുമാനം കൂട്ടണം. ഇതിന് മാറ്റം വരുത്തണം. ശ്രീ. കോവൂർ കുഞ്ഞുമോൻ കുറേ മാറ്റി. അദ്ദേഹം മാറിയതല്ലാതെ തൊഴിലാളികൾ മാറിയില്ല. അതിനാൽ അവരെ രക്ഷപ്പെടുത്താനുള്ള മാർഗ്ഗത്തെക്കുറിച്ച് ആലോചിക്കണം.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഈയടുത്ത കാലത്തും കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പ് വേളയിലും കശുവണ്ടി ഫാക്ടറികൾ സന്ദർശിച്ചിട്ടില്ലെന്ന് തോന്നുന്നു. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഓരോ കശുവണ്ടി ഫാക്ടറികളിലും നടപ്പിലാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ, പണ്ട് കശുവണ്ടി ഫാക്ടറിയിൽ കശുവണ്ടി തല്ലുന്നിടത്തിരുന്നായിരുന്നു തൊഴിലാളികൾ ആഹാരം കഴിച്ചിരുന്നത്. അവരുടെ പ്രാഥമികാവശ്യങ്ങൾപോലും നിറവേറ്റാനുള്ള സംവിധാനങ്ങൾ ഇല്ലായിരുന്നു. കശുവണ്ടി ഫാക്ടറികളിൽ ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് ധാരാളം മാറ്റങ്ങളാണ് നടപ്പിലാക്കിയിരിക്കുന്നത്. കേരളത്തിലെ കശുവണ്ടി വികസന കോർപ്പറേഷന്റെ മുപ്പത് ഫാക്ടറികളിലും കാപെക്സിന്റെ

പത്ത് ഫാക്ടറികളിലും നിങ്ങൾ സന്ദർശനം നടത്തണം. എന്തെല്ലാം മാറ്റങ്ങളാണ് ഉണ്ടായിരിക്കുന്നതെന്ന് അപ്പോൾ മനസ്സിലാകും. അത് മറന്നുകൊണ്ട് നിങ്ങൾ സംസാരിക്കുന്നത് ഉചിതമാണോ?

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കശുവണ്ടിയെക്കുറിച്ച് പറയുമ്പോൾ എനിക്ക് മിണ്ടാതിരിക്കാൻ കഴിയില്ല. കശുവണ്ടി തോട്ടങ്ങളിൽ എൻഡോസൾഫാൻ കീടനാശിനി അടിച്ചതിന്റെ ദുരിതമാണ് കാസർഗോഡ് ജില്ലയിലെ സാധാരണ ജനങ്ങൾ ഇന്നും അനുഭവിക്കുന്നതെന്ന കാര്യം അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. സണ്ണി ജോസഫ്: സർ, കേരളത്തിലെ കാഷ്യൂ മേഖലയിലെ ഒരു പ്രശ്നം, ഫാക്ടറികളിൽ തൊഴിലാളികൾക്ക് പണിയെടുക്കുന്നതിനാവശ്യമായ തോട്ടണ്ടി ലഭ്യമല്ല. തോട്ടണ്ടി പലപ്പോഴും വലിയ സംഖ്യ കൊടുത്ത് വിദേശത്തുനിന്ന് ഇറക്കുമതി ചെയ്യേണ്ടതായി വരുന്നു. എന്നാൽ മികച്ച കശുവണ്ടി ഉൽപ്പാദിപ്പിക്കുന്ന കണ്ണൂർ ജില്ലയിലെ കശുവണ്ടി കർഷകർ ഉൽപ്പാദന സീസണിൽ ഇത് വിൽക്കാൻ ബുദ്ധിമുട്ടുകയാണ്. ഗവൺമെന്റ് ഏൽപ്പിക്കുന്ന സംഭരണ ഏജൻസികളൊന്നും (കാപ്പെക്സാകട്ടെ കോർപ്പറേഷനാകട്ടെ) കഴിഞ്ഞ കാഷ്യൂ സീസണിൽ മികച്ചയിനം

കശുവണ്ടി ഉൽപ്പാദിപ്പിക്കുന്ന കണ്ണൂർ മേഖലയിലെ ഇരിട്ടിയിൽ ഒരു ഡിപ്പോപോലും ആരംഭിച്ച് കൃഷിക്കാരിൽനിന്ന് കശുവണ്ടി സംഭരിക്കാൻ തയ്യാറായില്ലെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. മോൻസ് ജോസഫ്: സർ, തീർച്ചയായും. കശുവണ്ടി സംഭരണത്തിന്റെ കാര്യത്തിൽ ഇടപെടേണ്ടത് ഗവൺമെന്റാണ്. ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഇത്തരത്തിലുള്ള ഫലപ്രദമായ ഇടപെടൽ ഉണ്ടാകാത്ത പ്രശ്നമാണ് നമ്മൾ ചൂണ്ടിക്കാണിച്ചത്. ഞാൻ ഈ വിഷയത്തെക്കുറിച്ച് സംസാരിക്കുമ്പോൾ ബഹുമാനപ്പെട്ട ചീഫ് വിപ്പ് ചോദിച്ചു, ഡോ. എൻ. ജയരാജും നമ്മളെല്ലാവരും കർഷകരുടെ പാർട്ടിയെന്ന നിലയിൽ കേരള കോൺഗ്രസ്സിന്റെ ഹൃദയവികാരമുണ്ടല്ലോ, കർഷകനും കർഷകത്തൊഴിലാളിയും ഒരു നാണയത്തിന്റെ രണ്ട് വശമാണെന്ന് പറഞ്ഞ കെ.എം.ജോർജ്ജിന്റെ നിലപാട് മാത്രം ഓർത്താൽ മതിയാകും. കടുത്തുരുത്തിയും കാഞ്ഞിരപ്പള്ളിയും കശുവണ്ടി/കശുമാങ്ങ കഴിക്കുന്നതെന്നതിന് അപ്പുറത്തേയ്ക്ക് നമുക്ക് വലിയ പശ്ചാത്തലമില്ല. ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞതുപോലെ, കശുവണ്ടിയുടെ അവസ്ഥയിലേയ്ക്ക് വളഞ്ഞുപോകുന്ന കശുവണ്ടി

തൊഴിലാളികളുടെ വേദനാജനകമായ സാഹചര്യം., ഇപ്പോൾ ശ്രീ. കോവൂർ കുഞ്ഞുമോൻ ഫാക്ടറികൾ നന്നായെന്ന് പറഞ്ഞു. അക്കാര്യത്തെ ഞാൻ നിഷേധിക്കുന്നില്ല. അങ്ങ് ചങ്ങനാശ്ശേരിയിൽനിന്നാണെങ്കിലും അങ്ങ് ഇക്കാര്യം ഓർക്കണം..... നമ്മളെല്ലാവരും കർഷകരുടെ കാര്യങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്യുന്ന സമയത്ത് ഇതുപോലെ ബെല്ലടിക്കരുത്. ഇതുപോലെ ബെല്ലടിച്ച് വേദനിപ്പിക്കരുത്. ബില്ലിനെക്കുറിച്ചുള്ള ചർച്ചയാണ് നടക്കുന്നത്. ഞാൻ പ്രസംഗം അവസാനിപ്പിക്കാം ...........

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്........ പ്ലീസ് കൺക്ലൂഡ്........

ശ്രീ. മോൻസ് ജോസഫ്: സർ, ഇതിൽ ഒരു പ്രധാനപ്പെട്ട വിഷയമുണ്ട്. ശ്രീ. കോവൂർ കുഞ്ഞുമോൻ ഫാക്ടറികൾ നന്നായിയെന്ന് പറഞ്ഞു. എന്നാൽ ഫാക്ടറികളിൽ പണി ചെയ്യാൻ സാധിക്കാതെ അവ പൂട്ടിയിട്ടിരിക്കുന്നു. പണിയെടുക്കാൻ വരുന്ന തൊഴിലാളികൾ പട്ടിണിയിലായിരിക്കുന്നു. രണ്ട് വർഷമായി 80 ശതമാനം ഫാക്ടറികളും അടച്ചുപൂട്ടിയിരിക്കുന്നു. ഈ വിഷയം ഗൗരവമുള്ളതാണ്. ഇക്കാര്യത്തിൽ നമുക്കെല്ലാവർക്കും യോജിപ്പുവേണം. തൊഴിലാളികളെ കഷ്ടപ്പെടുത്താതെ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിച്ചുകൊണ്ട് കേരളത്തിന്റെ പ്രധാനപ്പെട്ട അടിസ്ഥാന

മേഖലകളിലൊന്നെന്ന നിലയിൽ കശുവണ്ടി രംഗത്ത് വിദേശനാണ്യം നേടിത്തരുന്ന, ധാരാളം തൊഴിലാളികൾ ആശ്രയിക്കുന്ന, മുഖ്യമായും സ്ത്രീ തൊഴിലാളികൾ ആശ്രയിക്കുന്ന, കർഷകന് ഉപയോഗം ലഭിക്കുന്ന സംഭരണം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ഫലപ്രദമായി തീരുമാനം ഉണ്ടാക്കാൻ കഴിയുന്ന ഒരു ജീവിത സാഹചര്യവും ജോലിസ്ഥിരതയും ഉറപ്പുവരുത്താൻ കഴിയുന്ന സ്ഥിതിയിലേയ്ക്ക് ഈ മേഖലയെ തിരിച്ചുകൊണ്ടുവരാനുള്ള ഉത്തരവാദിത്തമാണ് ഗവൺമെന്റിന് തൊഴിലാളികളോടും നാടിനോടും സ്നേഹമുണ്ടെങ്കിൽ ചെയ്യേണ്ടത്. അതിനുള്ള നടപടിയിലേയ്ക്ക് വരാതെ ഇങ്ങനെയൊരു കാര്യം അടിച്ചേൽപ്പിക്കുന്നുവെന്ന് പറയുന്നത് തികഞ്ഞ തൊഴിലാളി വിരുദ്ധതയും ജനദ്രോഹവുമാണ്. അതുകൊണ്ട് ഞാൻ ഈ നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, 2021-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-11-2021-വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

കടുത്തുരുത്തിയും കശുവണ്ടിയുമായുള്ള ബന്ധം ഞാൻ സൂചിപ്പിച്ചത്, കർഷകരോടുള്ള സ്നേഹം കേരള കോൺഗ്രസ്സിന് ഒട്ടും കുറഞ്ഞിട്ടില്ല, പഴയതുപോലെതന്നെയുണ്ട്. നമ്മൾ അകന്നുപോയെങ്കിലും കർഷകരുടെ കാര്യത്തിൽ ഇപ്പോഴും മനസ്സുകൊണ്ട് അടുത്തുനിൽക്കുന്നവരാണെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ബഹുമാനപ്പെട്ട സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി വി. എൻ. വാസവൻ ശ്രീ. മോൻസ് ജോസഫിനോട് ചോദിക്കുന്നത് അടുക്കാൻ വല്ല ഉദ്ദേശ്യവും ഉണ്ടോയെന്നാണ്......... നമുക്ക് യാതൊരു ബുദ്ധിമുട്ടുമില്ല. നമ്മൾ വളരെ സുരക്ഷിതരാണ്, സന്തോഷത്തിലാണ് ജീവിക്കുന്നത്, ഞങ്ങൾ സംതൃപ്തരാണ്. ഞാൻ കശുവണ്ടി മേഖലയുമായി ബന്ധപ്പെട്ട ചർച്ചയിൽ പങ്കെടുക്കുമ്പോൾ ബഹുമാന്യനായ കാസർഗോഡ് അംഗം എൻ. എ. നെല്ലിക്കുന്ന് പറഞ്ഞ ഒരു കാര്യം ഓർക്കുകയാണ്. എൻഡോസൾഫാൻ ബാധിതരുടെ വലിയ ചിത്രം അംബികാസുതൻ മാങ്ങാടിന്റെ 'എൻമകജെ' എന്നുപറയുന്ന മനോഹരമായ നോവലിൽ പ്രതിപാദിക്കുന്നു. കാസർഗോഡിന്റെ പശ്ചാത്തലത്തിൽ എൻഡോസൾഫാൻ ബാധിതരുടെ ജീവിതകഥയെക്കുറിച്ച് എഴുതിയ ഒരു

പുസ്തകമാണത്. എന്റെ ഓർമ്മ ശരിയാണെങ്കിൽ ഒരുകാലത്ത് മാതൃഭൂമി പത്രത്തിൽ മനരാജ് എടുത്ത ജീവിക്കുന്ന രക്തസാക്ഷിയായ സൈനബയുടെ ചിത്രം ഒരുപക്ഷേ ലോകത്തിന്റെ മുമ്പിൽ ഈ മേഖലയുടെ വലിയ ദുരന്തത്തെ കാട്ടിക്കൊടുത്ത ഒരു ചിത്രമായിരുന്നു. ഒരു കാലഘട്ടത്തിൽ യന്ത്ര പക്ഷിയിൽനിന്ന് പെയ്തിറങ്ങിയ വിഷമരുന്ന്, അതിന്റെ മഴയിൽ തകർന്നുപോയ ധാരാളം കുടുംബങ്ങളുടെയും കുട്ടികളുടെയുമൊക്കെ ചിത്രം സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി അംഗമായിരുന്ന സമയത്ത് നേരിട്ട് കാണാൻ കഴിഞ്ഞു. നമ്മുടെയൊക്കെ തീൻമേശയിൽ കശുവണ്ടിയുടെ വെളുത്ത വലിയ രൂപം കാണുമ്പോൾ പലപ്പോഴും മനസ്സിൽ കടന്നുവരാറുള്ളത് അങ്ങനെ സംഭവിച്ച, ഒരു കാലഘട്ടത്തിൽ ഇല്ലാത്ത ഒരു ജീവിയുടെ പേരിൽ നടത്തിയ ഒരു മരുന്ന് കമ്പനിയുടെ/കോർപ്പറേറ്റിന്റെ പ്രവർത്തനത്തിന്റെ ദുരന്തം കാസർഗോഡിന്റെ വിവിധ മേഖലകളിൽ ഇപ്പോഴും പൂർണ്ണമായും അവസാനിക്കാതെ പിന്തുടരുന്ന ഒരു ചിത്രംകൂടി ഞാൻ ഈ സന്ദർഭത്തിൽ ഓർക്കുകയാണ്. ഗവൺമെന്റ് കശുവണ്ടി മേഖലയിൽ കാര്യമായൊന്നും ചെയ്തില്ലായെന്നൊക്കെ ബഹുമാന്യനായ

മോൻസ് ജോസഫ് സൂചിപ്പിക്കുകയുണ്ടായി. യഥാർത്ഥ്യം നമുക്കൊരിക്കലും വിസ്മരിക്കാൻ കഴിയില്ല. ഒരു കാലഘട്ടത്തിൽ, 1920-കളിൽ ആദ്യമായി കശുവണ്ടി ഇറക്കുമതി ചെയ്ത സംസ്ഥാനം കേരളമാണ്. കശുവണ്ടി മേഖലയ്ക്ക് ഏതാണ്ട് 50 വർഷക്കാലത്തെ വലിയൊരു വസന്തകാലം കേരളത്തിന്റെ ആഭ്യന്തര ഉൽപ്പാദനത്തിന്റെ കാര്യത്തിലും വരുമാനത്തിന്റെ കാര്യത്തിലുമുണ്ടായിരുന്നു. പിന്നീടുണ്ടായ പല കാരണങ്ങൾകൊണ്ട് അത് നഷ്ടപ്പെട്ടുപോയിയെന്നുള്ളത് അല്ലെങ്കിൽ monopoly നഷ്ടപ്പെട്ടുപോയിയെന്നുള്ളത് ശരിയാണ്. അതിന് പല കാരണങ്ങളുണ്ട്. ഒന്ന്, അസംസ്കൃത വസ്തുവിന്റെ ലഭ്യതക്കുറവ് ഒരു പ്രധാനപ്പെട്ട ഘടകമാണ്. പോർച്ചുഗീസുകാരാണ് കശുവണ്ടി കേരളത്തിൽ കൊണ്ടുവന്നതെന്നാണ് ചരിത്രം പറയുന്നത്. ഞാൻ ഇത് എടുത്തുപറയാൻ കാരണം, നമ്മുടെ നാട്ടിലൊക്കെ മണ്ണിടിച്ചിലിന്റെ കാലഘട്ടമാണ്. പോർച്ചുഗീസുകാർ ഇത് ആദ്യം ഇവിടെ കൊണ്ടുവരുന്നത് നാനൂറ് വർഷങ്ങൾക്കുമുമ്പാണ്. കശുമാവ് കേരളത്തിൽ കൊണ്ടുവരുന്നതിന്റെ പ്രധാനപ്പെട്ട ലക്ഷ്യം കോസ്റ്റൽ ഏരിയായിലെ മണ്ണൊലിപ്പ് (soil erosion) ഒഴിവാക്കുന്നതിനുവേണ്ടിയായിരുന്നു. അങ്ങനെയാണ് കേരളത്തിൽ

കശുമാവ് വന്നത്. ഈ കാലഘട്ടത്തിൽ ഉൽപ്പാദനത്തിന്റെ കുറവ് ഒരു പ്രധാന ഘടകമാകുമ്പോൾ കേരളത്തിന്റെ പല പ്രദേശങ്ങളിലും (കാഞ്ഞിരപ്പള്ളിയിലും പൂഞ്ഞാറിലുമൊക്കെയുള്ള മലയോര മേഖലകളിലൊക്കെ) മണ്ണിടിച്ചിൽ വളരെ രൂക്ഷമാകുന്ന കാലഘട്ടത്തിൽ ഈ കൃഷിയെ കുറെക്കൂടി വ്യാപകമാക്കാൻ കഴിയുന്ന അല്ലെങ്കിൽ അതിന് ആവശ്യമായിട്ടുള്ള അസംസ്കൃത വസ്തുക്കൾ കേരളത്തിൽത്തന്നെ കശുവണ്ടിയെ രൂപപ്പെടുത്താൻ കഴിയുന്ന ചിന്തകൾ തീർച്ചയായും അതിനോടൊപ്പമുണ്ടാകേണ്ട ഒരുകാര്യംകൂടിയാണെന്ന് ഞാൻ പ്രത്യേകമായി സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഒരു export oriented traditional industry എന്ന നിലയിൽ ധാരാളം സാധ്യതകൾ നമുക്കുണ്ടായിരുന്നു. എന്നാൽ പിന്നീട് ഈ രംഗത്തുണ്ടായ പ്രധാനപ്പെട്ട കാര്യം ഉൽപ്പാദനം കുറഞ്ഞുവന്നുള്ളതാണ്. മറ്റൊന്ന്, ഉൽപ്പാദന ചെലവിന്റെ വിഷയമാണ്. ഉൽപ്പാദന ചെലവ് കേരളത്തിൽ കൂടുകയും മറ്റുസംസ്ഥാനങ്ങളിൽ വളരെ കുറയുകയും ചെയ്യുമ്പോൾ competitive market സ്വാഭാവികമായും റാ മെറ്റീരിയലിനുവേണ്ടിയുള്ള മാർക്കറ്റിലെ വലിയ മത്സരം, ഉൽപ്പാദിപ്പിക്കപ്പെടുന്ന വസ്തുവിന്റെ മാർക്കറ്റിലെ മത്സരം എല്ലാംകൂടെ

കൂട്ടിച്ചേരുമ്പോൾ ഈ മേഖലയ്ക്ക് മുന്നോട്ടുപോകാൻ സാധിക്കാത്ത വലിയ പ്രതിസന്ധിയുണ്ടായിട്ടുണ്ട്. ഇക്കാര്യത്തിൽ ഗവൺമെന്റുകൾ കാലാകാലങ്ങളിൽ ഇടപെട്ടിട്ടുണ്ടെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അത്തരം ഇടപെടലിന്റെ ഭാഗമായി ഈ ഗവൺമെന്റ് വന്നതിനുശേഷം, കശുവണ്ടി മേഖലയുടെ വളർച്ചയ്ക്കുവേണ്ടി നിരവധി പ്രവർത്തനങ്ങൾ ഗവൺമെന്റ് തലത്തിൽ നടപ്പാക്കിയിട്ടുണ്ടെന്നുള്ള യാഥാർത്ഥ്യം നമുക്കറിയാം. ഇവിടെ പ്രധാനമായും ഞാൻ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്ന ഒരു കാര്യം , 2021-22-ലെ ബഡ്ജറ്റിൽ സംസ്ഥാന സർക്കാർ കശുവണ്ടി വികസന കോർപ്പറേഷന് 600 ലക്ഷം രൂപയും കാപെക്സിന് 550 ലക്ഷം രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. ആ മേഖലയ്ക്ക് ഗവൺമെന്റ് കൊടുക്കുന്ന വലിയൊരു പ്രാധാന്യം കണ്ടില്ലായെന്ന് ഒരിക്കലും നമുക്ക് പറയാൻ കഴിയില്ല.

<u>ശ്രീ. വി. ജോയി</u>: സർ, ഇടതുപക്ഷ മുന്നണി ഗവൺമെന്റ് എല്ലാ പരമ്പരാഗത വ്യവസായങ്ങളോടും നീതി പുലർത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം സംസാരിച്ചുകൊണ്ടിരിക്കുന്നത് കശുവണ്ടി മേഖലയുമായി ബന്ധപ്പെട്ടാണ്. കശുവണ്ടി മേഖലയിൽ കഴിഞ്ഞ ഗവൺമെന്റിന്റെ

ഭരണകാലത്താണ് കാഷ്യൂ ബോർഡ് നിലവിൽ വരുന്നത്. ആ കാഷ്യൂ ബോർഡാണ് ഇപ്പോൾ തോട്ടണ്ടി സംഭരിച്ച് കാപെക്സിനും കശുവണ്ടി വികസന കോർപ്പറേഷനുമടക്കം നൽകുന്നത്. അടുത്ത കാലത്ത് 38 കോടിയലധികം രൂപ കാഷ്യൂ ബോർഡിന് നൽകി കശുവണ്ടി വാങ്ങി നൽകുന്നതിനായി ശ്രമിച്ചിട്ടുണ്ട്. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോ. എൻ. ജയരാജ്: സർ, കേരള കാഷ്യൂ ബോർഡിന് ഈ സാമ്പത്തിക വർഷം ഏതാണ്ട് 8000 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനുവേണ്ടിയുള്ള ഫണ്ട് ഗവൺമെന്റ് അനുവദിച്ചുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. 2021 ഡിസംബർ വരെ നമ്മുടെ ഫാക്ടറികൾ പ്രവർത്തിക്കാനാവശ്യമായിട്ടുള്ള....

ശ്രീ. പി. എസ്. സുപാൽ: സർ, കശുവണ്ടി മേഖലയുമായി ബന്ധപ്പെട്ട് വളരെ സജീവമായ ചർച്ചകളാണ് നടക്കുന്നത്. യു.ഡി.എഫ്.-ന്റെ ബഹുമാനപ്പെട്ട മെമ്പർമാരുടെ കശുവണ്ടി വ്യവസായവുമായി ബന്ധപ്പെട്ട ചർച്ചകൾ കേട്ടാൽ തോന്നും അവരുടെ കാലഘട്ടത്തിലാണ് ഈ വ്യവസായത്തെ പരിപോഷിപ്പിക്കാൻ വലിയ പ്രവർത്തനങ്ങൾ നടന്നതെന്ന്. യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് സംസ്ഥാനത്തെ എല്ലാ

കശുവണ്ടി ഫാക്ടറികളും അടഞ്ഞ് കിടക്കുകയായിരുന്നു. കശുവണ്ടി വികസന കോർപ്പറേഷൻ ഈ രംഗത്തെ പൊതുമേഖലാ സ്ഥാപനമാണ്. ഒരു മോഡൽ എംപ്ലോയർ കൂടിയാണ്. എൽ.ഡി.എഫ്. ഗവൺമെന്റ് എപ്പോഴെല്ലാം അധികാരത്തിൽ വരുന്നുവോ അപ്പോൾ മാത്രമാണ് സംസ്ഥാനത്ത് കശുവണ്ടി വികസന കോർപ്പറേഷൻ തുറന്ന് പ്രവർത്തിപ്പിച്ചുകൊണ്ട് തൊഴിലാളികൾക്ക് ജോലി നൽകുന്ന സാഹചര്യമുണ്ടാകുന്നത്. 2011-2016 കാലഘട്ടത്തിൽ യു.ഡി.എഫ്. ഗവൺമെന്റാണ് ഭരിച്ചിരുന്നത്. അന്ന് കശുവണ്ടി ഫാക്ടറികളെല്ലാം അടഞ്ഞ് കിടക്കുകയായിരുന്നു. ഒരു തൊഴിലാളിക്കും ജോലി നൽകിയിരുന്നില്ല. പിന്നീട് വന്ന എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്താണ് നിങ്ങൾ അന്ന് മുടക്കംവരുത്തിയ ഗ്രാറ്റുവിറ്റി കുടിശ്ശികയടക്കം നൽകിക്കൊണ്ട് കശുവണ്ടി തൊഴിലാളികളെ സംരക്ഷിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചത്. യു.ഡി.എഫ്.-ന്റെ ഭരണകാലഘട്ടത്തിൽ കശുവണ്ടി മേഖലയോട് തികഞ്ഞ അവഗണന കാണിച്ച കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോ. എൻ. ജയരാജ്: സർ, തീർച്ചായായും ഇവിടെ സൂചിപ്പിച്ചതുപോലെ ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം....

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ബഹുമാനപ്പെട്ട മെമ്പർ തീർച്ചയായും എന്ന് പറഞ്ഞുവല്ലോ, അന്ന് നമ്മൾ ഒരുമിച്ചായിരുന്നു. കെ. എം. മാണി സാർ ആയിരുന്നു അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി. അന്ന് ഫണ്ട് നൽകാത്തതുകൊണ്ടാണ്.

ഡോ. എൻ. ജയരാജ്: സർ, 'ഇന്നലെ ചെയ്തോരബദ്ധം...' എന്ന് കുമാരനാശാൻ പറഞ്ഞിട്ടുണ്ട് അതുകൊണ്ട് ഇന്നലെ ഒരബദ്ധം ചെയ്തുപോയി എന്നുവച്ചുകൊണ്ട് ആ അബദ്ധങ്ങൾ എപ്പോഴും ആവർത്തിക്കണമെന്നില്ലെന്നുള്ളതാണ് എനിക്ക് അങ്ങയോട് വിനയപൂർവ്വം പറയാനുള്ളത്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, കുമാരനാശാനെ വെറുതെ വിടൂ. ഞാൻ മറ്റേ ആശാന്റെ കാര്യമാണ് പറഞ്ഞത്.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ബഹുമാനപ്പെട്ട പി. എസ്. സുപാൽ എം.എൽ.എ. സൂചിപ്പിച്ചതുപോലെ, ഒരു വർഷം 365 ദിവസമുണ്ടെങ്കിൽ അതിൽ 200 തൊഴിൽദിനങ്ങളിലധികം കേരളത്തിലെ കശുവണ്ടി

തൊഴിലാളികൾക്ക് നൽകിയിട്ടുള്ളൊരു ഗവൺമെന്റാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. കഴിഞ്ഞതിന്റെ അങ്ങേ തവണ യു.ഡി.എഫ്. കേരളത്തിൽ ഭരിച്ചപ്പോൾ ചില കശുവണ്ടി ഫാക്ടറികൾ പ്രവർത്തിച്ചു. 45 ദിവസത്തെ തൊഴിൽ ദിനങ്ങളാണ് ആ പാവപ്പെട്ട കശുവണ്ടി തൊഴിലാളികൾക്ക് നൽകിയത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ ഭരണമായിരുന്നു. അതെല്ലാം മറന്നുകൊണ്ടാണ് സംസാരിക്കുന്നതെന്ന് അങ്ങയുടെ ശ്രദ്ധയിലുണ്ടോ? തോട്ടണ്ടി സംഭരണത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട കണ്ണൂർ എം.എൽ.എ. ഇവിടെ പറഞ്ഞു. തോട്ടണ്ടി സംഭരണം, കുത്തക സംഭരണം നടപ്പിലാക്കിയത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റാണ്. കണ്ണൂരും കാസർഗോഡുമുള്ള തോട്ടത്തിലെ കശുവണ്ടി തമിഴ്നാട്, ആന്ധ്രാ പ്രദേശ്, കർണ്ണാടക എന്നിവിടങ്ങളിലേയ്ക്കാണ് പോയിരുന്നത്. കുത്തക സംഭരണം ഏർപ്പെടുത്തിയത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഭരണകാലഘട്ടത്തിലാണെന്ന് അങ്ങേയ്ക്ക് ഓർമ്മയുണ്ടോ?

മി. ചെയർമാൻ: യെസ്... യെസ്...പ്ലീസ്... പ്ലീസ്...

ഡോ. എൻ. ജയരാജ്: സർ, തീർച്ചയായും. നമ്മളെക്കാളേറെ ഈ മേഖലയുമായി ബന്ധപ്പെട്ട് വളരെ അടുത്ത് പ്രവർത്തിക്കുന്നൊരു വ്യക്തികൂടിയാണ് പ്രിയപ്പെട്ട ശ്രീ. കോവൂർ കുഞ്ഞുമോൻ.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ശ്രീ. കോവൂർ കുഞ്ഞുമോനെ ഈ മേഖലയിൽ മാത്രമായി ഒതുക്കേണ്ട. മറ്റെല്ലാ മേഖലയിലും അദ്ദേഹം ഫിറ്റാണ്. (മൈക്ക് ഓഫ്)..

ഡോ. എൻ. ജയരാജ്: സർ, കശുവണ്ടി തൊഴിലാളി മേഖലയിൽ....

ശ്രീ. സണ്ണി ജോസഫ്: സർ, ശ്രീ. കോവൂർ കുഞ്ഞുമോൻ നേരത്തെ ഇവിടെ പറഞ്ഞ കശുവണ്ടി സംഭരണ കുത്തക നിയമം, അത് നിയമ വിരുദ്ധമാണ്, ഭരണഘടനാ വിരുദ്ധമാണെന്ന് പറഞ്ഞ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി റദ്ദ് ചെയ്ത നിയമമാണ്. കശുവണ്ടി കുത്തക സംഭരണ നിയമത്തിനെതിരെ അന്നത്തെ കേരളത്തിലെ പ്രതിപക്ഷം അതിശക്തമായി, സഖാവ് എം. വി. രാഘവൻ, കെ. പി. നൂറുദ്ദീൻ സാഹിബ്, ശ്രീ. കെ. പി. കുഞ്ഞിക്കണ്ണൻ, കേരള കോൺഗ്രസ്സിന്റെ എം.എൽ.എ. ആയിരുന്ന ശ്രീ. മാത്യു സ്റ്റീഫൻ ഉൾപ്പെടെയുള്ള ആളുകൾ ഇവിടെ നിരാഹാര സമരം ചെയ്തിരുന്നത് അങ്ങേയ്ക്ക് ഓർമ്മയുണ്ടോ? കർഷക വിരുദ്ധ നിയമമായിരുന്നു.

ഡോ. എൻ. ജയരാജ്: സർ, നമ്മൾ ഏത് തീരുമാനമെടുക്കുമ്പോഴും സ്വാഭാവികമായും അത് ആ മേഖലയുടെ വളർച്ചയ്ക്ക് സഹായകരമായ നിലപാടെടുക്കുകയാണെങ്കിൽ, ഒരുപക്ഷേ അതിനെ അംഗീകരിക്കാതിരിക്കാൻ നമുക്ക് സാധിക്കില്ലെന്നുള്ളതാണ് പ്രധാനപ്പെട്ടൊരു കാര്യം. ഞാൻ ദീർഘിപ്പിക്കുന്നില്ല, ഇപ്പോൾത്തന്നെ പതിനൊന്ന് മിനിട്ട് കഴിഞ്ഞു. ഇവിടെ സൂചിപ്പിച്ചതുപോലെ, ഇക്കാര്യത്തിൽ ഗവൺമെന്റെടുത്ത ധാരാളം നിലപാടുകളുണ്ട്. നമ്മുടെ കൃഷിക്കാർക്ക്, പ്രത്യേകിച്ച് പുനരുദ്ധാരണ പാക്കേജുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ശ്രീ. മോൻസ് ജോസഫ് സൂചിപ്പിച്ചൊരു കാര്യമുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വിവിധ ബാങ്കുകളിലുള്ള വായ്പകൾ ക്രമീകരിക്കുന്നതുമായി ബന്ധപ്പെട്ടും അതുപോലെ ഒറ്റതവണ തീർപ്പാക്കൽ ഉൾപ്പെടെയുള്ള പദ്ധതികൾ ഈ മേഖലയിൽ നടപ്പാക്കാൻ വേണ്ടിയുമുള്ളൊരു സംവിധാനം ഗവൺമെന്റ് രൂപീകരിച്ചിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അക്കാര്യത്തിലെല്ലാം ഗവൺമെന്റ് ഇടപെടലുകൾ ഉണ്ടായിട്ടുണ്ടെന്നാണ് ഞാൻ സൂചിപ്പിച്ചത്.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, വ്യവസായത്തെ സംരക്ഷിക്കാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നടപ്പിലാക്കുന്ന പുനരുദ്ധാരണ പാക്കേജിനെക്കുറിച്ചാണ് ബഹുമാനപ്പെട്ട മെമ്പർ സംസാരിക്കുന്നത്. വളരെ ക്രിയാത്മകമായിട്ടാണ് ഗവൺമെന്റ് അതിൽ ഇടപെടുന്നത്. തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി വ്യവസായികൾക്ക് സഹായം നൽകി പാക്കേജ് നടപ്പിലാക്കുക എന്നതാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അത് വളരെ നല്ല കൺസെപ്റ്റാണ്. ചില വ്യവസായികളെങ്കിലും ഗവൺമെന്റിന്റെ ഈ ആനുകൂല്യത്തെ ഒരു ആനുകൂല്യം വാങ്ങുക എന്ന രീതിയിലേക്ക് മാത്രം കാണുകയും തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുന്ന തരത്തിലേക്ക് പ്രാവർത്തികമാക്കാതിരിക്കുകയും ചെയ്യുന്നുണ്ട്. ആനുകൂല്യം വാങ്ങുക എന്ന ലക്ഷ്യത്തോടുകൂടി പാക്കേജിനെ കാണുന്ന ഒരു അവസ്ഥയുണ്ടെന്നത് യാഥാർത്ഥ്യമാണ്. വൺടൈം സെറ്റിൽമെന്റ് അല്ലെങ്കിൽ പലിശയിളവ് പാക്കേജ് എന്നുപറയുമ്പോൾ അതിൽ തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതനുസരിച്ച് സബ്സിഡി നൽകുന്ന ഒരു സ്കീമിലേക്ക് ഗവൺമെന്റ് വന്നാൽ അത് തൊഴിൽ മേഖലയ്ക്ക് കുറച്ചുകൂടി ഗുണകരമാകുമെന്ന്

അങ്ങേയ്ക്ക് അഭിപ്രായമുണ്ടോ?

ഡോ. എൻ. ജയരാജ്: സർ, തീർച്ചയായും ഈ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ജനപ്രതിനിധികളെന്ന നിലയിൽ അത് വളരെയേറെ സ്വാഗതാർഹമാണ്. ഈ മേഖലയിലെ റിക്കവറി നടപടികൾ വളരെപെട്ടെന്ന് നിർത്തിവയ്ക്കാനുള്ള നടപടികളുമായി ബന്ധപ്പെട്ട് ഒരു ഫോർമുലതന്നെ രൂപീകരിച്ചിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഏതായാലും നമ്മുടെ....

മി. ചെയർമാൻ: യെസ്... യെസ്... പ്ലീസ്...സമയം....

ശ്രീ. പി. എസ്. സുപാൽ: സർ, ഒരുകാര്യം ശ്രദ്ധയിൽപ്പെടുത്താനുള്ളത് നമ്മുടെ സംസ്ഥാനത്ത് സ്വകാര്യ ഫാക്ടറികൾ കുറച്ചെങ്കിലും അടഞ്ഞ് കിടക്കുന്നുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകയ്യെടുത്ത് വ്യവസായികളുടെയും ബാങ്കുകളുടെയുമെല്ലാം യോഗം വിളിച്ചുകൂട്ടി ഒരു പുനരുദ്ധാരണ പാക്കേജിന് രൂപം നൽകി. ബഹുമാനപ്പെട്ട മന്ത്രിക്കും ഇതുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും അറിയാം. അദ്ദേഹവും അക്കാര്യങ്ങൾക്ക് മുൻകയ്യെടുക്കുന്ന ആളാണ്. ബഹുമാനപ്പെട്ട ഡോ. എൻ. ജയരാജ് പറഞ്ഞതുപോലെ, ഇത് വളരെ വലിയതും

പ്രാധാന്യമുള്ളതുമായൊരു വ്യവസായമായിരുന്നു. പക്ഷേ, ഇപ്പോൾ അത് വലിയ പ്രതിസന്ധി നേരിടുകയാണ്. ആ രംഗത്ത് വ്യവസായികളെന്ന് പറയുന്ന പലരും ഇന്ന് ഈ സംവിധാനം മുന്നോട്ട് കൊണ്ടുപോകാൻ പ്രയാസമനുഭവിക്കുകയാണ്. ആറ് ഫാക്ടറികൾ ഉള്ളൊരു ചെറുപ്പക്കാരനെ എനിക്കറിയാം. അദ്ദേഹത്തിന് ആറു ഫാക്ടറിയും നടത്താൻ കഴിയാത്ത രീതിയിൽ നിൽക്കുന്നൊരു സാഹചര്യമുണ്ട്. ഒരു പ്രത്യേക പാക്കേജ് കശുവണ്ടി ഫാക്ടറിയുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയെങ്കിൽ മാത്രമേ, ചിലപ്പോൾ ഇ.എസ്.ഐ. വിഹിതം, ഗ്രാറ്റുവിറ്റി അടക്കമുള്ള ചിലത് ഗവൺമെന്റ് ഏറ്റെടുക്കേണ്ടിയും വരും. അങ്ങനെയൊരു പാക്കേജ് പ്രഖ്യാപിച്ചെങ്കിൽ മാത്രമേ നമുക്ക് ഈ വ്യവസായത്തെ തുടർന്ന് മുന്നോട്ട് കൊണ്ടുപോകാൻ കഴിയുകയുള്ളൂ. ആ നിലയ്ക്ക് ഒരു സംവിധാനം ഒരുക്കുന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കേണ്ടതല്ലേ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

ഡോ. എൻ. ജയരാജ്: സർ, തീർച്ചയായിട്ടും.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ഇവിടെ അടഞ്ഞുകിടക്കുന്ന ഫാക്ടറികൾ ധാരാളമുണ്ട്. കൊല്ലത്ത് 14 ഫാക്ടറികൾ നടത്തുന്ന VLC ഗ്രൂപ്പ്

നാളിതുവരെ ഫാക്ടറികൾ തുറന്നിട്ടില്ല. ബഹുമാന്യരായ മുഖ്യമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും നേരിട്ട് വിളിച്ച കോൺഫറൻസിൽ അദ്ദേഹം പങ്കെടുത്തില്ല. അദ്ദേഹം തൊഴിലാളികളോട് നിഷേധാത്മകമായ നിലപാട് സ്വീകരിക്കുന്നു. മറ്റൊരുകാര്യം അടഞ്ഞു കിടക്കുന്ന ഫാക്ടറികളുടെ അംശദായം സംബന്ധിച്ചാണ്. ഇപ്പോൾ പ്രോവിഡന്റ് ഫണ്ട് സഞ്ചിത നിധിയിലേയ്ക്ക് മൂന്ന് സ്ട്രക്ചറിലാണ് പോകേണ്ടത്. ഒന്ന് തൊഴിലാളിയുടെ വിഹിതം, രണ്ട് മുതലാളിയുടെ വിഹിതം മൂന്നാമത്തേത് ഗവൺമെന്റ് വിഹിതം. മുതലാളിമാർ തൊഴിലാളിയുടെ വിഹിതവും മുതലാളിയുടെ വിഹിതവും അടച്ചെങ്കിൽ മാത്രമേ ഗവൺമെന്റിന് മൂന്നാമത്തെ വിഹിതം പ്രോവിഡന്റ് ഫണ്ട് സഞ്ചിത നിധിയിലേയ്ക്ക് അടയ്ക്കാൻ സാധിക്കൂ. അങ്ങനെ പല ഫാക്ടറികളിലും മുതലാളിമാർ അടയ്ക്കാത്തതുകൊണ്ട് പാവപ്പെട്ട തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യവും പ്രസവാനുകൂല്യവും ലഭിക്കുന്നില്ല. അങ്ങനെയുള്ള ബുദ്ധിമുട്ടുകളുണ്ട്. അതുകൂടി പരിഗണിക്കുന്ന കാര്യം അങ്ങയുടെ തുടർന്നുള്ള പ്രസംഗത്തിൽ ഉൾപ്പെടുത്തുമോ?

ഡോ. എൻ. ജയരാജ്: സർ, തീർച്ചയായും, ഇവിടെ സൂചിപ്പിച്ച വിഷയം വളരെ ഗൗരവമുള്ളതാണ്. തൊഴിലാളികളുടെയും ജീവനക്കാരുടെയുടെയും

ക്ഷേമപദ്ധതികൾ, തൊഴിലാളികൾക്കുള്ള വേതനമുൾപ്പെടെയുള്ളത് മുടക്കം കൂടാതെ നൽകാനുള്ള നടപടികൾ ഗവൺമെന്റ് തീർച്ചയായും സ്വീകരിക്കുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഞാൻ ദീർഘിപ്പിക്കുന്നില്ല, ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു. ഇവിടെ സൂചിപ്പിച്ചതുപോലെ, കേരളത്തിന്റെ പ്രത്യേകിച്ചും പരമ്പരാഗത മേഖലയുടെ ഏറ്റവും അഭിഭാജ്യമായ ഒരു ഘടകമായിരുന്നു കശുവണ്ടി മേഖല. വളരെ അഭിമാനകരമായ ഒരു പ്രവർത്തനം കാഴ്ചവച്ച മേഖലയാണിത്. പക്ഷെ കാലത്തിന്റെ ഒരുപാട് പ്രശ്നങ്ങൾ, മാർക്കറ്റിലുണ്ടായ മാറ്റങ്ങൾ അതോടൊപ്പംതന്നെയുള്ള വിഷയങ്ങളെല്ലാം ഈ മേഖലയെ വല്ലാതെ ബാധിച്ചിട്ടുണ്ട്. പ്രത്യേകിച്ച് ഏറ്റവും കൂടുതൽ സ്ത്രീത്തൊഴിലാളികളുള്ള മേഖലയാണിത്. 97 ശതമാനത്തോളം വനിതകൾ ജോലി ചെയ്യുന്ന കേരളത്തിലെ ഏക മേഖലയായിരിക്കും കശുവണ്ടി മേഖല. വളരെ ഗൗരവത്തോടും പ്രാധാന്യത്തോടും കാണേണ്ട ഒരു മേഖല കൂടിയാണിത്. തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടാതെ കൂടുതൽ മെക്കനൈസേഷനിലേയ്ക്ക് കടന്നുവരിക എന്നുള്ളത് ഉൾപ്പെടെയുള്ള പരിഹാര മാർഗ്ഗങ്ങൾ ഇതുമായി ബന്ധപ്പെട്ട് തീർച്ചയായും

ഉണ്ടാകേണ്ടതുണ്ട്. അത്തരം പ്രവർത്തനങ്ങൾക്കെല്ലാം കുറച്ചുകൂടി ശാക്തീകരണം നൽകുന്നതിനുവേണ്ടിയുള്ള പ്രവർത്തനത്തിന്റെ ഭാഗമായാണ് ഗവൺമെന്റ് ഈ ബിൽ കൊണ്ടുവന്ന്, അംശദായത്തിന്റെ കാര്യത്തിലുണ്ടാകുന്ന മാറ്റം ഇവിടെ നിർദ്ദേശിച്ചിട്ടുള്ളതെന്ന് ഞാൻ മനസ്സിലാക്കുന്നു. ഒരിക്കൽകൂടി ഈ ബില്ലിനെ പിന്താങ്ങിക്കൊണ്ട്, ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, 2021-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്), ശ്രീ. മോൻസ് ജോസഫ് എന്നീ ബഹുമാന്യരായ അംഗങ്ങൾ ഇവിടെ നിരാകരണപ്രമേയം അവതരിപ്പിക്കുമ്പോൾ സർവ്വശ്രീ പി. എസ്. സുപാൽ, കോവൂർ കുഞ്ഞുമോൻ അടക്കമുള്ള ബഹുമാന്യരായ അംഗങ്ങൾ അതിൽ ഇടപെട്ടുകൊണ്ട് അവിടെയുള്ള ഫാക്ടറികളും തൊഴിലാളികളും നേരിടുന്ന പ്രശ്നങ്ങളും ആശങ്കകളുമൊക്കെ സൂചിപ്പിക്കുകയുണ്ടായി. അതിന്റെ പ്രാധാന്യം

അവരൊക്കെ ഉൾക്കൊള്ളുന്നതുകൊണ്ടും അതുമായി ബന്ധപ്പെട്ട് ധാരാളം പ്രശ്നങ്ങൾ ഉള്ളതുകൊണ്ടുമാണെന്ന് വളരെ വ്യക്തമാണ്. പരമ്പരാഗത വ്യവസായ മേഖലയിൽ ഏറ്റവും സുപ്രധാനമായ മേഖലയാണ് കശുവണ്ടി വ്യവസായ മേഖലയെന്നതും അവിടെ പണിയെടുക്കുന്ന തൊഴിലാളികളെന്നതും വളരെ കൃത്യമായി ഈ സഭയിലെ എല്ലാവരെയും ബോധ്യപ്പെടുത്തുന്ന തരത്തിലാണ് അവരുടെയെല്ലാം ഇടപെടൽ ഉണ്ടായത്. അതുകൊണ്ട് ഗവൺമെന്റ് ഈ നിയമം/ബിൽ കൊണ്ടുവരുമ്പോൾ ഇവിടത്തെ തൊഴിലാളികൾക്ക് ഗുണകരമായ രൂപത്തിൽ, അവരെ പ്രയാസപ്പെടുത്താത്ത രൂപത്തിൽ അതോടൊപ്പം ആ വ്യവസായം പരിപോഷിപ്പിക്കുന്ന തരത്തിലുള്ള ചില മാറ്റങ്ങൾക്ക് വിധേയമാക്കാൻ ശ്രമിക്കണം, ശ്രദ്ധിക്കണം എന്ന് ആദ്യമേ ഞാൻ അഭ്യർത്ഥിക്കുകയാണ്. മറ്റൊന്ന്, ഇതുമായി ബന്ധപ്പെട്ട് ഫാക്ടറികൾ അടഞ്ഞുകിടക്കുന്നു, തൊഴിലാളികൾക്ക് പണിയില്ല എന്നുപറയുമ്പോൾ ആദ്യമേ അവർക്കെല്ലാം വേണ്ടി ഞാൻ പറയുകയാണ്, പൂട്ടിക്കിടക്കുന്ന അത്തരം ഫാക്ടറികൾ ഗവൺമെന്റ് ഏറ്റെടുത്ത് തൊഴിലാളികൾക്ക് പണികൊടുക്കാൻ ആവശ്യമായ നടപടിയുണ്ടാകണമെന്നാണ്. കാരണം ആ തൊഴിലാളികളുടെ

സംരക്ഷണത്തിനുവേണ്ടി അത് ഉതകുന്നതാണെന്ന് പറയാതിരിക്കാൻ വയ്യ. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട പരമ്പരാഗത വ്യവസായമാണ് കശുവണ്ടി വ്യവസായം. ആഗോള കശുവണ്ടിയുടെ തലസ്ഥാനം എന്ന് വിശേഷണമുള്ള കൊല്ലം ജില്ല അടങ്ങുന്നതാണ് കേരള സംസ്ഥാനം. ഇന്ന് കശുവണ്ടി വ്യവസായം തകർച്ച നേരിടുകയാണെന്നത് നാമെല്ലാം ഇവിടെ സൂചിപ്പിച്ചു.

ശ്രീ. പി. എസ്. സുപാൽ: സർ, കശുവണ്ടി വ്യവസായത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രമാണ് കൊല്ലം. ലോകത്തുതന്നെ ആദ്യമായി കശുവണ്ടി കയറ്റുമതി ചെയ്തത് കൊല്ലത്തുനിന്നാണ്. അതോടൊപ്പം ഏറ്റവും പ്രധാനപ്പെട്ട കാര്യം, ലോകത്ത് കശുവണ്ടി മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളിൽ ഏറ്റവും വൈദഗ്ദ്ധ്യമുള്ളവരും കൊല്ലം ജില്ലയിലാണെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, തീർച്ചയായും. അതുകൊണ്ടാണ് ഞാൻ ഇവിടെ പറഞ്ഞത്, കൊല്ലത്താണ് ഏറ്റവും കൂടുതൽ കശുവണ്ടി ഫാക്ടറികളും തൊഴിലാളികളും ഉള്ളതെന്നും അതിന്റെ വൈദഗ്ദ്ധ്യം നേടിയ പ്രവർത്തനം നടക്കുന്നതെന്നും. അതുകൊണ്ട് നിങ്ങളുടെകൂടി

നിൽക്കുന്ന തൊഴിലാളികൾക്കുവേണ്ടിയാണ് ഞാൻ ഇക്കാര്യങ്ങൾ പറയുന്നത്. ഏകദേശം അഞ്ചുലക്ഷത്തിൽപ്പരം പേർക്ക് നേരിട്ടും അല്ലാതെയും ജീവനോപാധിയായിരുന്ന ഈ മേഖലയുടെ ഭാവി ഇരുളടഞ്ഞതിന്റെ ഒരു രൂപമാണ് സത്യത്തിൽ ഇന്ന് ഇവരെല്ലാം ഇവിടെ അവതരിപ്പിച്ചത്. ഇതിലൂടെ സംസ്ഥാനത്തിന്റെ സംസ്കൃതിയുടെ തകർച്ചകൂടി അനുഭവിക്കുകയാണ്. കൊല്ലം ജില്ലയിൽമാത്രം ഏകദേശം രണ്ട് ലക്ഷം തൊഴിലാളികൾ ഈ മേഖലയിൽ പണിയെടുക്കുന്നു. ശ്രീ. കോവൂർ കുഞ്ഞുമോൻ പറഞ്ഞതനുസരിച്ചാണെങ്കിൽ അതിൽ 97 ശതമാനവും സ്ത്രീകളാണ്. ഉൽപ്പാദന മേഖലയിലും കശുവണ്ടി വ്യവസായ മേഖലയിലെയും തകർച്ച പരിഹരിക്കാൻ ക്രിയാത്മകമായ നടപടികൾ സ്വീകരിക്കാതെ വരുമാനം കണ്ടെത്താൻ ശ്രമിക്കുകയാണ് ഈ ബില്ലിലൂടെ എന്നതാണ് ഇതിന്റെ പ്രത്യേകത. ഫാക്ടറികൾ പ്രവർത്തിപ്പിക്കാതെ അല്ലെങ്കിൽ അതിനാവശ്യമായ ഗുണപരമായ മാറ്റങ്ങൾ വരുത്താതെ നിലവിലുള്ള തൊഴിലാളികളിൽനിന്ന് ഒരു വരുമാനം കണ്ടെത്തുന്നത്, കാഷ്യൂ ബോർഡിന്റെയും അതുമായി ബന്ധപ്പെട്ട ഒഫിഷ്യൽ പ്രവർത്തനങ്ങളും നടത്തുന്നതിനുവേണ്ടി പാവപ്പെട്ട തൊഴിലാളികളിൽനിന്നും അംശദായം

പിരിച്ചെടുക്കുന്ന എന്നതാണ് ഈ ബില്ലിലൂടെ വരുന്ന വലിയ മാറ്റത്തിന്റെ പ്രയാസം എന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ ദശകത്തിൽ സംസ്ഥാനത്ത് കശുവണ്ടി കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതിയും ഉല്പാദനവും ഗണ്യമായി കുറഞ്ഞിട്ടുണ്ട്. 2010-11-ൽ 34780 ടണ്ണായിരുന്ന ഉൽപ്പാദനം, 2019-20-ൽ അത് 19440 ടണ്ണായി കുറഞ്ഞിട്ടുണ്ട്. ഈ കാലയളവിൽ കശുമാവ് കൃഷിയുടെ വിസ്തൃതി 43850 ഹെക്ടറിൽനിന്നും 39890 ഹെക്ടറായി കുറഞ്ഞതും കശുമാവ് കൃഷിയുടെ സാധ്യതകളെ കാര്യമായി ബാധിക്കുകയാണ്. വളരെ പ്രയാസം ഇതിന്റെ ഭാഗമായി ഉണ്ടാകുകയാണ്.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ഓരോ വർഷത്തേയും തോട്ടണ്ടി ഉൽപ്പാദനത്തിലെ കുറവ് അല്ലെങ്കിൽ നമുക്ക് ലഭിച്ചതിന്റെ കുറവാണ് കാണിച്ചിട്ടുള്ളത്. കശുവണ്ടിയുടെ പ്രയാസം ചർച്ച ചെയ്യുമ്പോൾ, കശുവണ്ടി കൊല്ലത്ത് എത്തുക എന്നതല്ലല്ലോ; കശുവണ്ടി ഉൽപ്പാദനം രാജ്യത്ത് വർദ്ധിപ്പിക്കണ്ടേ? അങ്ങനെയാകുമ്പോൾ അത് ഉൽപ്പാദിപ്പിക്കുന്ന കൃഷിക്കാരന് എന്തെങ്കിലും സഹായം നൽകണം അവർക്ക് ഇൻസെന്റീവ് കൊടുക്കണമെന്ന കാര്യത്തെക്കുറിച്ച് ആലോചന

വേണ്ടതല്ലേ; അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, തീർച്ചയായും ഈ ബിൽ കൊണ്ടുവരുമ്പോൾ അല്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ട ചർച്ച നടക്കുമ്പോൾ അവരെക്കൂടി അതിൽ പ്രതിപാദിക്കേണ്ടതായിരുന്നു. പക്ഷെ ഈ ബിൽ ഇവിടത്തെ തൊഴിലാളികളിൽനിന്ന് അംശദായം പിരിച്ചെടുക്കുന്നതിന് വേണ്ടി മാത്രമായി ഉള്ളതാണ് എന്നതാണ് ഇതിന്റെയൊരു പ്രയാസവും പ്രത്യേകതയും. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ എന്നാണ് ഈ ബില്ലിന്റെ പേര് തന്നെയുള്ളത്. ഈ സമ്മേളനത്തിൽ ഇവിടെ അവതരിപ്പിച്ച എല്ലാ ക്ഷേമനിധി ബില്ലുകളുടെയും ഉദ്ദേശ്യകാരണം അംശദായം വർദ്ധിപ്പിക്കുക എന്നുള്ളതാണ്. കൂടാതെ എല്ലാ ബില്ലുകളിലും നിധിയിലേയ്ക്കുള്ള സർക്കാർ വിഹിതം പകുതിയായി കുറച്ചിരിക്കുകയാണ്. തൊഴിലാളി വിഹിതത്തിന്റെ ഇരട്ടിയും തുല്യവുമായ വിഹിതം മുൻ സർക്കാർ അടച്ചുകൊണ്ടിരുന്നിടത്താണ് തൊഴിലാളി വർഗ്ഗപ്രസ്ഥാനത്തിന്റെ ഭാഗത്തുനിന്ന്, ഒരു ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് തൊഴിലാളികളിൽനിന്നുമാത്രം ഇരട്ടിവേതനം പിരിച്ചെടുക്കുന്നത് എന്നതാണ് ഇതിന്റെയൊരു പ്രയാസകരമായ അനുഭവം. തൊഴിലാളികൾ

എന്നുപറയുന്നത്, ഏകദേശം 834 ഫാക്ടറികൾ സംസ്ഥാനത്തുണ്ടെന്നാണ് എന്റെ അറിവ്. അതിൽ 700 ഫാക്ടറികളും കൊല്ലത്താണ്. അവിടെയുള്ള വളരെ ചുരുങ്ങിയ ഫാക്ടറികൾ മാത്രമാണ് പ്രവർത്തിക്കുന്നത്. അങ്ങനെ പ്രവർത്തിക്കാത്ത തൊഴിലാളികളിൽനിന്നടക്കം അല്ലെങ്കിൽ പ്രവർത്തിക്കുന്ന ഫാക്ടറികളിലെ കുറച്ച് തൊഴിലാളികളിൽനിന്ന് ക്ഷേമനിധി ബോർഡിലേയ്ക്ക് പണം സ്വരൂപിക്കുക എന്നൊരു ദുരുദ്ദേശ്യം ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകാൻ പാടില്ലാത്തതായിരുന്നു എന്നതാണ് എന്റെ അഭിപ്രായം. ക്ഷേമനിധിയിൽനിന്നുള്ള വരുമാനം തികച്ചും അപര്യാപ്തമായതിനാൽ ഭരണച്ചെലവ് വഹിക്കുന്നതിനാണ് ഇങ്ങനെ അംശദായം വർദ്ധിപ്പിച്ചുകൊണ്ടുള്ള ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. കശുവണ്ടി ഫാക്ടറിയിൽ ജോലിചെയ്യുന്ന തൊഴിലാളി ഓരോ ദിവസത്തേയും ജോലിക്കും തൊഴിലാളിയും തൊഴിലുടമയും നിധിയിലേയ്ക്ക് രണ്ട് രൂപ അംശദായം നൽകണമെന്നും ഭേദഗതിയിൽ വ്യവസ്ഥ ചെയ്യുകയാണ്. എന്നാൽ സർക്കാർ വിഹിതത്തിൽ ഒരു വർദ്ധനവും വരുത്താൻ ഈ ഗവൺമെന്റ് തയ്യാറായിട്ടില്ല. നിധിയിലേയ്ക്കുള്ള സർക്കാർ വിഹിതം വർദ്ധിപ്പിക്കാതെ വർദ്ധനവ് തൊഴിലാളികളുടെ ചുമരിൽമാത്രം

കെട്ടിവയ്ക്കുകയാണ് ചെയ്തിരിക്കുന്നത്. അംശദായം വർദ്ധിപ്പിക്കുന്നതല്ലാതെ തൊഴിലാളികൾക്ക് നൽകുന്ന ആനുകൂല്യത്തിൽ യാതൊരു വർദ്ധനവും വരുത്താൻ സർക്കാർ തയ്യാറാകുന്നില്ല. അംശദായം വർദ്ധിപ്പിക്കുന്നതുവഴി ക്ഷേമനിധി ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുകയെന്ന ഉദ്ദേശ്യവും ഈ ബില്ലിൽ നാമമാത്രമായ വർദ്ധനവ് മാത്രമാണുള്ളതെങ്കിലും തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ കൂടി സർക്കാർ തയ്യാറാകണം. അതാണ് ഇവിടെ എല്ലാവരും സൂചിപ്പിച്ചത്. തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള ഒരു നിലപാടും ഈ ബില്ലിന്റെ ഭാഗമായി ഗവൺമെന്റിൽനിന്നും ഉണ്ടായിട്ടില്ല എന്നതുതന്നെയാണ് പ്രയാസം. നമ്മൾ ഒരുപാട് പ്രശ്നങ്ങളും പ്രയാസങ്ങളും നേരിടുന്നുണ്ട്. എന്റെ നിർദ്ദേശം എന്നുപറയുന്നത്, അംശദായം കൂട്ടുന്നതുകൊണ്ടുമാത്രം ബോർഡിന്റെ വരുമാനം കൂടുകയില്ല. അടഞ്ഞുകിടക്കുന്ന കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിച്ച് തൊഴിലാളികൾക്ക് തൊഴിൽദിനങ്ങൾ ലഭ്യമാക്കിയാൽ മാത്രമേ നിധിയിലേയ്ക്ക് വരുമാനം എത്തുകയുള്ളൂ. നിലവിൽ പരിമിതമായ ഫാക്ടറികൾ മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. ഭൂരിപക്ഷം തൊഴിലാളികളും ഇന്ന്

തൊഴിലില്ലാതെ കഷ്ടപ്പെടുകയാണ്. അപ്പോൾ സ്വാഭാവികമായും അടയ്ക്കുന്ന അംശദായത്തിൽ കുറവുണ്ടാകും. തൊഴിൽദിനങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിനുമുള്ള നടപടികൾ സർക്കാർ സ്വീകരിക്കണം. ഫാക്ടറികൾ തുറക്കുന്നതിനും ഏറ്റെടുക്കുന്നതിനുമുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല എന്നതാണ് പ്രയാസകരമായ കാര്യം. ഇത്തവണത്തെ ബഡ്ജറ്റിൽ കശുവണ്ടി കൃഷിക്കായി 5.5 കോടി രൂപയും.........

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: സർ, അങ്ങ് പറയുന്ന കാര്യങ്ങളോട് ഞാൻ യോജിക്കുകയാണ്. കേരളത്തിൽ ചെറുതും വലുതുമായിട്ടുള്ള 840 കശുവണ്ടി ഫാക്ടറികളുണ്ട്. അവയിൽ 30 ഫാക്ടറികൾ കശുവണ്ടി വികസന കോർപ്പറേഷന്റെയും 10 ഫാക്ടറികൾ കാപെക്സിന്റേതുമാണ്. അതുകൂടാതെ മുതലാളിമാർ നടത്തുന്ന കുറച്ച് ഫാക്ടറികളും തുറന്നുപ്രവർത്തിക്കുന്നുണ്ട്. അടച്ചിട്ടിരിക്കുന്ന മുഴുവൻ ഫാക്ടറികളും സർക്കാരിന് ഏറ്റെടുക്കാൻ കഴിയില്ല. ഏത് ഗവൺമെന്റ് വന്നാലും അങ്ങനെ എറ്റെടുക്കാൻ കഴിയില്ല. അതിന് അധികമായി സാമ്പത്തികം കണ്ടെത്തണം. അതുകൊണ്ട് കുറച്ച് ഫാക്ടറികൾ സംസ്ഥാന ഗവൺമെന്റ് ഏറ്റെടുക്കണം. ഇ. കെ. നായനാർ

കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്നപ്പോഴാണ് 30 ഫാക്ടറികൾ കശുവണ്ടി വികസന കോർപ്പറേഷൻ ഏറ്റെടുത്തത്. ഇത്രയും ഫാക്ടറികൾ ഏറ്റെടുക്കാൻ കഴിയില്ലെങ്കിലും കുറച്ച് ഫാക്ടറികളെങ്കിലും ഏറ്റെടുക്കണം. ആര് പറഞ്ഞാലും കൊല്ലത്തെ VLC (Vijayalaxmi Cashew Company) കേൾക്കില്ല. കേരളത്തിലെ ബഹുമാന്യനായ മുഖ്യമന്ത്രി അവരെ വിളിച്ചുവരുത്തിയിട്ടും അവർ ഫാക്ടറി തുറക്കുകയില്ല. അവിടെ പണിയെടുത്തിരുന്ന ആയിരക്കണക്കിന് തൊഴിലാളികൾക്ക് അംശദായം അടയ്ക്കുന്നില്ല. കശുവണ്ടി ഫാക്ടറികളുടെ മാനുവൽ പ്രകാരം ഒരു വർഷം ഇത്ര ദിവസത്തെ തൊഴിൽ ദിനങ്ങൾ നൽകിയെങ്കിൽ മാത്രമേ ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കുകയുള്ളൂ. അവർക്ക് ചികിത്സ ലഭ്യമാകുന്നില്ല. അത്രയ്ക്ക് ബുദ്ധിമുട്ടാണ് ഈ മേഖലയിലുണ്ടായിരിക്കുന്നത്. ആ പ്രതിസന്ധി മാറ്റിയെടുക്കുന്നതിന് ഒരു പുനരുദ്ധാരണ പാക്കേജ് ഗവൺമെന്റ് പ്രഖ്യാപിക്കേണ്ടതായിട്ടുണ്ട്. അതുസംബന്ധിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, തീർച്ചയായും അങ്ങ് പറഞ്ഞതിനോട് ഞാൻ യോജിക്കുകയാണ്. ബഡ്ജറ്റിൽ പണം

നൽകിയിട്ടുണ്ടെന്ന് പറയുന്നെങ്കിലും പൂട്ടിക്കിടക്കുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിക്കുന്നതിനോ തകരുന്ന കശുവണ്ടി വ്യവസായം പുനരുജ്ജീവിപ്പിക്കുന്നതിനോ ആവശ്യമായ തുക വകയിരുത്തിയിട്ടില്ല. മുഴുവൻ ഫാക്ടറികളും ഏറ്റെടുക്കണമെന്ന് ഞാനും പറഞ്ഞിട്ടില്ല. കുറച്ച് പണം വകയിരുത്തി കുറച്ച് ഫാക്ടറികൾ ഏറ്റെടുത്ത് പരമാവധി തൊഴിലാളികളുടെ പ്രയാസങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് പറയുന്നത്. സർക്കാർ നൂറ് ദിന കർമ്മപദ്ധതി പ്രഖ്യാപിച്ചു. അതിന്റെ ഭാഗമായി ഒരു പ്രഖ്യാപനവും വന്നില്ലെന്നുള്ളത് പരിതാപകരമായ സ്ഥിതിയാണ്. കയർ വ്യവസായ മേഖലയിൽ ഇൻകം സപ്പോർട്ട് സ്കീമിലുൾപ്പെടുത്തി സബ്സിഡി അടക്കമുള്ള സംവിധാനങ്ങൾ ചെയ്തുവരുന്നുണ്ട്. അതുപോലെ കശുവണ്ടി മേഖലയിലും ഇത്തരത്തിലുള്ള ഇൻകം സപ്പോർട്ട് സ്കീം പോലെയുള്ള പദ്ധതികളുൾപ്പെടുത്തി അവരെ സഹായിക്കാനാവശ്യമായ നിലപാടുകൾ സർക്കാർ സ്വീകരിക്കണമെന്നാണ് ഞാനിവിടെ സൂചിപ്പിക്കുന്നത്. കേരളത്തിൽ 840 ഫാക്ടറികളുള്ളതിൽ 40 ഫാക്ടറികൾ മാത്രമേ തുറന്ന് പ്രവർത്തിക്കുന്നുള്ളൂ എന്നാണ് അങ്ങിവിടെ പറഞ്ഞത്. ഇതിൽ 95 ശതമാനം

ഫാക്ടറികളും കഴിഞ്ഞ മൂന്ന് വർഷത്തിലേറെയായി പൂട്ടിക്കിടക്കുകയാണ്. സ്വകാര്യ ഫാക്ടറികൾ മറ്റ് സംസ്ഥാനങ്ങളിലേയ്ക്കൊക്കെ പോകുകയും ചെയ്യുന്നു. അത്തരം പ്രയാസങ്ങൾ പരിഹരിക്കുന്നതിനാണ് കുറച്ചെങ്കിലും കമ്പനികളും ഫാക്ടറികളും ഏറ്റെടുക്കണമെന്ന് സൂചിപ്പിക്കുന്നത്. കശുവണ്ടി മേഖല ഇപ്പോൾ പരിപൂർണ്ണമായ തകർച്ച നേരിടുകയാണ്. വർഷങ്ങളായി സ്വകാര്യ ഫാക്ടറികൾ പ്രവർത്തിക്കുന്നില്ല. കോർപ്പറേഷന്റെയും കാപെക്സിന്റെയും കീഴിലുള്ള 40 ഫാക്ടറികൾ മാത്രമാണ് നാമമാത്രമായെങ്കിലും പ്രവർത്തിക്കുന്നത്. ആ ഫാക്ടറികളിലെ തൊഴിലാളികൾക്കുപോലും 78 ദിവസത്തെ ഹാജർ തികയ്ക്കാൻ കഴിയാത്തതിനാൽ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ അടക്കമുള്ള പല ഇ.എസ്.ഐ. ആനുകൂല്യങ്ങളും തൊഴിലാളികൾക്ക് ലഭിക്കുന്നില്ലെന്ന് ശ്രീ. പി. സി. വിഷ്ണുനാഥും മറ്റ് പലരും ഇവിടെ സൂചിപ്പിച്ചു. പല സ്വകാര്യ മുതലാളിമാരും അവരുടെ സ്ഥാപനങ്ങൾ പൂട്ടുകയും മിനിമം വേതനം വ്യവസ്ഥ ചെയ്തിട്ടില്ലാത്ത മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് കൊണ്ടുപോകുകയുമാണ്. സംസ്ഥാനത്തെ സ്വകാര്യ ഫാക്ടറികൾ തുറക്കാനുള്ള ഒരു നടപടിയും സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നില്ല. കാലാകാലങ്ങളായി ഇത്തരം

സാഹചര്യങ്ങളിൽ സർക്കാർ ഇടപെടലുകൾ നടത്താറുള്ളതാണ്. പൂട്ടിക്കിടക്കുന്ന ഫാക്ടറികൾ ഏറ്റെടുത്ത് പ്രവർത്തിപ്പിക്കാനും തൊഴിലാളികൾക്ക് തൊഴിൽ നൽകാനുമുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഒരു നോട്ടീസ് പോലും കൊടുക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. പൂട്ടിക്കിടക്കുന്ന ഫാക്ടറികൾ തുറക്കുന്നതിനോ അല്ലെങ്കിൽ പരിമിതമായ ചില നിലപാടുകൾ സ്വീകരിക്കുന്നതിനോ അവരുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഒരു പ്രവർത്തനവും ഗവൺമെന്റ് നടത്തുന്നില്ലെന്നുള്ളതാണ് വളരെ പ്രയാസകരമായ കാര്യം. സാധാരണഗതിയിൽ തൊഴിലാളി മേഖലയിൽ മൂന്ന് വർഷം കൂടുമ്പോൾ തൊഴിലാളികളുടെ ശമ്പളം പുതുക്കി നിശ്ചയിക്കുന്നതാണ്. ഇപ്പോൾ ഏഴ് വർഷമായിട്ടും വേതനം പുതുക്കുന്നത് സംബന്ധിച്ച് ഒരു നടപടിയും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. എന്റെ ഓർമ്മ ശരിയാണെങ്കിൽ, യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത്, ഏകദേശം 2015-ലാണ് അവസാനമായി വേതനം വർദ്ധിപ്പിച്ചിട്ടുള്ളത്. തോട്ടണ്ടി തല്ലുന്ന ഒരു തൊഴിലാളിക്ക് കിലോയ്ക്ക് 36.19 രൂപയും പീലിംഗ് തൊഴിലാളിക്ക് ഒരു കിലോയ്ക്ക് 46 രൂപയും ഗ്രേഡിംഗിന് ഒരു കിലോയ്ക്ക്

285 രൂപയുമാണ് നൽകുന്നത്. തൊഴിലുറപ്പ് തൊഴിലാളിക്ക് ഇതിൽ കൂടുതൽ വേതനം ലഭിക്കുന്നുണ്ട്. സംസ്ഥാനത്ത് ഏറ്റവും കുറഞ്ഞ വേതനം വാങ്ങി തൊഴിലെടുക്കുന്ന വിഭാഗം കശുവണ്ടി തൊഴിലാളികളാണ്. കേരളത്തിന് ഏറ്റവും കൂടുതൽ വിദേശനാണ്യം നേടിത്തരുന്ന വ്യവസായ മേഖലയാണിത്. 2015-ൽ 6000 കോടി രൂപയുടെ വിദേശനാണ്യവും ആഭ്യന്തര വിപണിയിൽ 5000 കോടി രൂപയും നേടിത്തന്ന കശുവണ്ടി വ്യവസായം ഇന്ന് എവിടെ എത്തിനിൽക്കുന്നു എന്നതിന്റെ വളരെ പ്രയാസകരമായ അനുഭവമാണ് ഈ ബില്ലിന്റെ ചർച്ചകൾക്കിടയിൽ ഇടപെട്ടുകൊണ്ട് ബഹുമാന്യരായ അംഗങ്ങൾ പറഞ്ഞത്. മുതലാളിമാരോട് കേന്ദ്രസർക്കാർ കാണിക്കുന്ന സമീപനം ഇവിടെയും സ്വീകരിക്കുന്നതിൽനിന്ന് പുറകോട്ട് പോകണമെന്നാണ് എന്റെ അഭ്യർത്ഥന. നേരത്തെയുണ്ടായിരുന്ന കശുവണ്ടി തോട്ടങ്ങളിൽ ഭൂരിഭാഗവും ഇന്ന് റബ്ബർ തോട്ടങ്ങളായിമാറി. കശുവണ്ടിയുടെ വിലയിടിവ് കാരണം കൂടുതൽ കർഷകരും കശുമാവ് കൃഷി ഉപേക്ഷിക്കാനൊരുങ്ങുകയാണ്. കശുവണ്ടിക്ക് ന്യായമായ വില ലഭിക്കാൻ നടപടിയുണ്ടാകണം. കണ്ണൂർ, കാസർഗോഡ്, മലപ്പുറം എന്നീ ജില്ലകളിലാണ് ഇപ്പോൾ കശുമാവ് കൃഷി കൂടുതലുള്ളത്. വിലയിടിവിനെത്തുടർന്ന് 70 ശതമാനം കർഷകരും മറ്റ്

കൃഷികളിലേയ്ക്ക് പോകുകയാണ്. അതിന്റെ പ്രയാസമാണ് ശ്രീ. എൻ. എ. നെല്ലിക്കുന്ന് ഇവിടെ സൂചിപ്പിച്ചത്. എന്റെ അറിവ് ശരിയാണെങ്കിൽ, പ്ലാന്റേഷൻ കോർപ്പറേഷന്റെ തോട്ടങ്ങളിലാണ് എൻഡോസൾഫാൻ തളിച്ചിട്ടുള്ളതും അവിടെയാണ് ഈ പ്രയാസങ്ങളെല്ലാം ഉണ്ടായിട്ടുള്ളതും. അതുകൊണ്ട് പ്ലാന്റേഷൻ കോർപ്പറേഷൻ നഷ്ടപരിഹാരം നൽകണമെന്നാണ് എന്റെ അഭിപ്രായം.

തോട്ടണ്ടിയുടെ ലഭ്യതക്കുറവാണ് ഈ മേഖല നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. സംസ്ഥാനത്തിനകത്തും പുറത്തും കശുമാവ് കൃഷിചെയ്യുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് അഞ്ച് വർഷം കഴിഞ്ഞിട്ടും കശുവണ്ടി മേഖല കടുത്ത പ്രതിസന്ധിയാണ് നേരിടുന്നത്. കഴിഞ്ഞ ഇടതുപക്ഷ സർക്കാരിന്റെ ഭരണകാലത്ത് ആന്ധ്ര സർക്കാരുമായി ബന്ധപ്പെട്ട് അവിടെ കശുവണ്ടി സ്വയംപര്യാപ്ത സംസ്ഥാനമാക്കുന്നതിന് കൊണ്ടുവന്ന ഒരു പദ്ധതിയുണ്ടായിരുന്നു. ബഹുമാനപ്പെട്ട മന്ത്രിയും സംഘവുമൊക്കെ അവിടെപ്പോയി ചില പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാനുള്ള ശ്രമം നടത്തിയിരുന്നു. ആ പദ്ധതി എങ്ങുമെത്താതെപോകുന്ന അവസ്ഥയാണ് കാണാൻ സാധിക്കുന്നത്. വിദേശത്തുപോയി കുറഞ്ഞവിലയ്ക്ക് മേന്മയുള്ള

തോട്ടണ്ടി, സംസ്ഥാനത്തെ എല്ലാ ഫാക്ടറികളിലും എത്തിക്കാനായി രൂപീകരിച്ച കശുവണ്ടി ബോർഡിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്ന് പരിശോധിക്കുന്നത് നന്നായിരിക്കും. കശുവണ്ടി ബോർഡ് രൂപീകരിച്ചിട്ടുണ്ടെന്ന് ബഹുമാന്യരായ അംഗങ്ങളൊക്കെ ഇവിടെ പറഞ്ഞു. കഴിഞ്ഞ ഇടതുപക്ഷ സർക്കാരിന്റെ അവസാനത്തെ ഒരു വർഷത്തിനിടയിലാണ് ബോർഡ് രൂപീകരിച്ചത്. അതിന്റെ ഇന്നത്തെ അവസ്ഥയെന്താണെന്ന് പരിശോധിക്കുന്നത് നന്നായിരിക്കും. അന്താരാഷ്ട്ര വിപണിയിൽ തോട്ടണ്ടിയുടെ വില കൂടുതലും കശുവണ്ടിപ്പരിപ്പിന്റെ വില കുറവുമാണ്. സംസ്ഥാനത്ത് ഒരുവർഷം ഏകദേശം പത്ത് ലക്ഷം ടൺ തോട്ടണ്ടി ആവശ്യമാണ്. നാടൻ കശുവണ്ടിപോലെ വാല്യൂ അഡിഷൻ കൂട്ടാൻവേണ്ടി വൈവിദ്ധ്യങ്ങളായ മാർക്കറ്റുകളുണ്ടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. ബാങ്ക് ജപ്തിയെക്കുറിച്ചും അടിസ്ഥാനസൗകര്യ വികസനങ്ങളെക്കുറിച്ചുമൊക്കെ ഇവിടെ പലരും സൂചിപ്പിച്ചു. പരമ്പരാഗത വ്യവസായമായ കയറും മറ്റ് വ്യവസായങ്ങളുമൊക്കെ തകർച്ചയും പ്രയാസവും നേരിടുന്നതുപോലെ കശുവണ്ടി മേഖലയും അങ്ങനെയൊരു തകർച്ച നേരിടുമ്പോൾ ജീവനോപാധിയായി കൊണ്ടുനടക്കുന്ന ഈ മേഖലയിലെ

ലക്ഷക്കണക്കിന് തൊഴിലാളികളെ സംരക്ഷിക്കാനുള്ള ബാധ്യത ഗവൺമെന്റിനുണ്ട്. ഈ തൊഴിലാളികളിൽനിന്നും അംശദായം പിരിച്ചെടുത്ത് ഗവൺമെന്റിന്റെ ഇത്തരം ബോർഡുകളും സമിതികളുമൊക്കെ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്ന ഈ നയത്തിനോടും ബില്ലിനോടും ഞാൻ എതിർപ്പ് പ്രകടിപ്പിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

(iii) 2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ

ശ്രീ. സജീവ് ജോസഫ് ചുമതലപ്പെടുത്തിയതുപ്രകാരം

Shri A. P. Anil Kumar: Sir, I move that " This House resolves to disapprove 'The Kerala Agriculture Workers' (Amendment) Bill Ordinance, 2021."

കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ പരിശോധിച്ചാൽ കേരളത്തിലെ കർഷകത്തൊഴിലാളികളുടെ ഒരു ദയനീയ ചിത്രം നമുക്ക് ബോധ്യമാകും. ഇന്നലെയും ഇന്നുമായി ഇവിടെ കയർ, കശുവണ്ടി തൊഴിലാളികളെക്കുറിച്ചാണ് ചർച്ച ചെയ്യുന്നത്. ഇനി തയ്യൽ തൊഴിലാളികളെക്കുറിച്ചാണ് ചർച്ച ചെയ്യാൻ പോകുന്നത്. കൂടാതെ പൊതുവായ തൊഴിലാളി ക്ഷേമനിധിയെക്കുറിച്ചും ചർച്ച ചെയ്യുകയാണ്.

തൊഴിലാളി എന്നുള്ള കാഴ്ചപ്പാടിൽ ഇവരെല്ലാവരും ഒരുപോലെ പല രീതിയിലും പ്രയാസം അനുഭവിക്കുന്ന ആളുകളാണെന്നുള്ളതിൽ തർക്കമില്ല. കാലാകാലങ്ങളായി തൊഴിലാളികൾ അനുഭവിക്കുന്ന പ്രയാസങ്ങൾ വളരെ വലുതാണ്. നമ്മുടെ നാട്ടിലും ദേശീയ തലത്തിലും അന്തർദേശീയ തലത്തിലുമൊക്കെ തൊഴിലാളി എന്നും പ്രയാസങ്ങൾ അനുഭവിക്കുന്ന കൂട്ടത്തിലാണ്. ഇവിടെ കർഷക തൊഴിലാളി ക്ഷേമനിധി ബില്ലുമായി ബന്ധപ്പെട്ട് സംസാരിക്കുമ്പോൾ അതിനൊരു വ്യത്യസ്തതയുണ്ട്. കർഷക തൊഴിലാളികളെന്ന് പറയുമ്പോൾ സാധാരണ കയർ തൊഴിലാളിയോ കശുവണ്ടി തൊഴിലാളിയോ അനുഭവിക്കുന്ന പ്രശ്നങ്ങൾമാത്രം അനുഭവിച്ചവരല്ല. കർഷകത്തൊഴിലാളികൾ പ്രത്യേകിച്ച് പരമ്പരാഗത കർഷകത്തൊഴിലാളികൾ കേരളീയ സമൂഹത്തിലുൾപ്പെടെ ഏറ്റവും പ്രയാസകരമായ കാലഘട്ടത്തിലൂടെ കടന്നുവന്നവരാണ്. ഒരു തൊഴിലാളി നേരിടുന്ന പ്രയാസങ്ങൾ എന്തൊക്കെയെന്നുള്ളത് പൊതുവായി പറയാൻ കഴിയും. പക്ഷേ അതിനേക്കാൾ രൂക്ഷമായ സാമൂഹിക വിവേചനവും ജാതിവിവേചനമുൾപ്പെടെ നേരിട്ടിട്ടുള്ള ഒരു വലിയ വിഭാഗമാണ് പരമ്പരാഗത കർഷക തൊഴിലാളികൾ. കേരളത്തിലെ ഏറ്റവും പിന്നാക്കം

നിൽക്കുന്ന ദളിത് വിഭാഗത്തിൽപ്പെട്ട ആളുകളാണ് തൊണ്ണൂറു ശതമാനവും പ്രത്യേകിച്ച് നെൽവയലുകളിൽ പ്രവർത്തിക്കുന്ന ആളുകൾ. അതുകൊണ്ടുതന്നെ ഒരു തൊഴിലാളി പൊതുവായി അനുഭവിച്ച പ്രയാസത്തേക്കാൾ കൂടുതൽ കഠിനമായ കാലങ്ങളിലൂടെ കടന്നുവന്നിട്ടുള്ളവരാണ് കേരളത്തിലെ കർഷകത്തൊഴിലാളികൾ. പക്ഷേ നിർഭാഗ്യമെന്നു പറയട്ടെ കേരളത്തിൽ ഇന്ന് നമ്മുടെ ബില്ലെടുത്ത് പരിശോധിച്ചാൽ പഴയ കാലത്തെ കർഷക തൊഴിലാളികൾ അനുഭവിച്ച ദയനീയതയുടെ ചിത്രം ഈ ആധുനിക കാലഘട്ടത്തിലും നമുക്ക് കാണാൻകഴിയും.

കേരളത്തിലെ കർഷക തൊഴിലാളികളുടെ ചരിത്രം ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ പ്രയാസങ്ങളും പ്രശ്നങ്ങളും നിറഞ്ഞതാണ്. ജീവിതത്തിന്റെ മുഖ്യധാരയിൽനിന്നും മാറ്റി നിർത്തപ്പെട്ട ഒരു സാഹചര്യം, ഇതൊക്കെ ചേർത്തു വയ്ക്കുന്നതോടൊപ്പം കേരളത്തിന്റെ സാമൂഹിക മുന്നേറ്റത്തിലെ പോരാട്ടങ്ങളിൽ ഏറ്റവും വലിയ പങ്ക് വഹിച്ചവരാണ് കേരളത്തിലെ കർഷക തൊഴിലാളികൾ. തങ്ങളുടെ മുന്നേറ്റത്തിനുവേണ്ടി കേരളത്തിൽ ആദ്യമായി സ്വയം സമരം നടത്തിയത്, മഹാനായ അയ്യങ്കാളി

നേതൃത്വം നൽകിയ കാർഷിക പണിമുടക്ക് എന്നു പറയുന്ന സമരം കേരളത്തിന്റെ ചരിത്രത്തിന്റെ ഭാഗമാണ്. അന്ന് ആ സമരം യഥാർത്ഥത്തിൽ കർഷകരുടെ പ്രശ്നങ്ങൾക്കു വേണ്ടിയായിരുന്നില്ല; മറിച്ച് ദളിത് വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോകാൻ കഴിയാത്ത സാഹചര്യം വന്നപ്പോൾ നടത്തിയ സമരമായിരുന്നു. മഹാനായ അയ്യങ്കാളിയുടെ വാക്ക് വളരെ പ്രശസ്തമാണ്, 'കേരളത്തിലെ വിദ്യാലയങ്ങളിൽ ഞങ്ങളുടെ കുട്ടികൾക്ക് പഠിക്കാൻ അവസരമില്ലെങ്കിൽ നിങ്ങളുടെ വയലേലകളിൽ ഞങ്ങൾ പണിയെടുക്കില്ല; നിങ്ങളുടെ വയലുകളിൽ നെല്ലിനു പകരം പുല്ലും കളയും വളരും' എന്നു പറഞ്ഞുകൊണ്ടാണ് ആ വലിയ പ്രക്ഷോഭത്തിന് അദ്ദേഹം നേതൃത്വം നൽകിയത്.

കേരളത്തിലെ കാർഷിക സമരവുമായി ബന്ധപ്പെട്ട്, കേരളത്തിൽ പരമ്പരാഗത കാർഷിക രംഗത്ത് പ്രവർത്തിക്കുന്ന കർഷകരെ കാണാൻ കഴിയുമെന്നത് ഞാൻ അടിവരയിട്ട് പറയുകയാണ്. കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളുടെ ചരിത്രവുമായി ബന്ധപ്പെട്ട് നോക്കിക്കഴിഞ്ഞാലും കേരളത്തിലെ കാർഷിക പോരാട്ടങ്ങളെടുത്തു

നോക്കിക്കഴിഞ്ഞാലും അവിടെയും കർഷക തൊഴിലാളികൾക്ക് വലിയ പ്രാധാന്യമുണ്ട്. പക്ഷേ നിർഭാഗ്യമെന്നു പറയട്ടെ കർഷക തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്ന കാര്യത്തിൽ എല്ലാവരും പരാജയപ്പെട്ടു. പ്രത്യേകിച്ച് കമ്മ്യൂണിസ്റ്റ് പാർട്ടിയാണ് എറ്റവും കൂടുതൽ പരാജയപ്പെട്ടത്. അവരാണ് കർഷക തൊഴിലാളികൾക്ക് വാഗ്ദാനങ്ങൾ കൊടുത്തതും അവരെ പ്രലോഭിപ്പിച്ചതും അവരെ കൊടി പിടിപ്പിച്ചതും സമരങ്ങളുടെ മുന്നിൽ നിർത്തിയതും. അങ്ങനെയൊക്കെയായിട്ടും അധികാരത്തിൽ വന്നുകഴിഞ്ഞപ്പോൾ കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടി തള്ളിക്കളഞ്ഞത് ഈ പാവപ്പെട്ട കർഷക തൊഴിലാളികളെയാണ്. 1955-ൽ ആണെന്ന് തോന്നുന്നു, ഭൂമിയിൽ പണിയെടുക്കുന്നവനാണ് അവകാശം എന്ന പ്രമേയം കമ്മ്യൂണിസ്റ്റ് പാർട്ടി പാസ്സാക്കിത്. 1955-ൽ പ്രമേയം വന്നു; 1957-ൽ ഭൂപരിഷ്കരണ നിയമം വന്നു. ഇതൊക്കെ വന്നപ്പോഴും ഭൂമിയിൽ പണിയെടുത്ത പാവപ്പെട്ട കർഷകത്തൊഴിലാളിക്ക് ഭൂമിയുടെ അവകാശം കിട്ടാത്ത സാഹചര്യമുണ്ടായി. ഇന്നൊക്കെ നമ്മൾ വളരെ ആവേശത്തോടു പറയുന്ന ഭൂപരിഷ്കരണ നിയമം പരിശോധിച്ചാൽ ഭൂമിയിൽ പണിയെടുത്ത പാവപ്പെട്ട കർഷക തൊഴിലാളിക്ക് ഭൂമി ലഭിച്ചിട്ടില്ല എന്നുള്ള കാര്യം

ബോധ്യമാകും. അഞ്ചു സെന്റും പത്തും സെന്റും ഭൂമിയാണ് അവർക്ക് ലഭിച്ചത്. അത് കുടികിടപ്പവകാശത്തിന്റെ പേരിലാണ് കിട്ടിയത്. പാവപ്പെട്ട കർഷക തൊഴിലാളിയെ മുഖ്യധാരയിൽനിന്നും അപ്പോഴും മാറ്റി നിർത്തി. വിപ്ലവകരമായ ഭൂപരിഷ്കരണ നിയമമാണ് നമ്മൾ കൊണ്ടുവന്നതെന്നും കേരളത്തിൽ നടപ്പാക്കിയതെന്നുമൊക്കെ ഇപ്പോഴും നമ്മൾ പറയും. അതൊക്കെ പൊള്ളയായ അവകാശവാദങ്ങളാണ്. യാഥാർത്ഥ്യം അതിൽ നിന്നും എത്രയോ ദൂരെയാണ്. ഇടതുപക്ഷ സഹയാത്രികനും അദ്ധ്യാപകനും സാമ്പത്തിക വിദഗ്ദ്ധനുമായ ശ്രീ. എം. കുഞ്ഞാമൻ കേരളത്തിലെ ഭൂപരിഷ്കരണം എന്നത് ബൂർഷ്വാ ഭൂപരിഷ്കരണമാണെന്നാണ് പറഞ്ഞിട്ടുള്ളത്. അത് നൂറു ശതമാനവും ശരിയാണ്. അദ്ദേഹം കോൺഗ്രസ് കാഴ്ചപ്പാടുള്ള വ്യക്തിയല്ല; കമ്മ്യൂണിസ്റ്റ് കാഴ്ചപ്പാടുള്ള വ്യക്തിയാണ്. അദ്ദേഹം പറഞ്ഞത് അടിവരയിടാതിരിക്കാൻ കഴിയില്ല. കേരളത്തിൽ സാമൂഹിക വിവേചനം അനുഭവിച്ച പാവപ്പെട്ട കർഷകത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒരു ഗവൺമെന്റും കാര്യമായ രീതിയിലുള്ള സഹായങ്ങൾ ചെയ്തില്ല എന്നുള്ളത് നമുക്ക് ബോധ്യമാവും. അതിൽ ഏറ്റവും കൂടുതൽ ചെയ്യേണ്ടിയിരുന്നത് കമ്മ്യൂണിസ്റ്റ് പാർട്ടിയായിരുന്നു.

കമ്മ്യൂണിസ്റ്റ് പാർട്ടിയാണ് അവരെ സമരങ്ങളിലേയ്ക്ക് കൊണ്ടുവന്നതും വാഗ്ദാനങ്ങൾ നൽകിയിട്ടുള്ളതും. ഇതൊക്കെ പല പ്രാവശ്യം ഈ സഭയിൽ ചർച്ച ചെയ്തതുകൊണ്ട് ഞാൻ അതിലേയ്ക്കൊന്നും പോകുന്നില്ല.

ഈ ക്ഷേമനിധി യഥാർത്ഥത്തിൽ മറ്റു ക്ഷേമനിധികളിൽനിന്നും വ്യത്യസ്തമായ ഒന്നാണ്. രണ്ടുതരത്തിലുള്ള അംശദായം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. അതായത് തൊഴിലാളിയുടെയും ഭൂവുടമകളുടെയും അംശദായം വർദ്ധിപ്പിക്കുക. ഈ രണ്ടു കാര്യങ്ങളിലും വളരെ നാമമാത്രമായ വർദ്ധനവാണുണ്ടായിട്ടുള്ളത്. നിലവിലുള്ള സാഹചര്യംകൂടി ബില്ലിൽ പറയുന്നുണ്ട്. "കർഷക തൊഴിലാളികളുടെ ക്ഷേമനിധി ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ പദ്ധതിയുടെ വരുമാനം തികച്ചും അപര്യാപ്തമായിരുന്നു. കൂടാതെ കർഷക തൊഴിലാളികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ പരിഗണിക്കുമ്പോൾ, പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം തൊഴിലാളികൾക്ക് നൽകേണ്ട വിവിധ ക്ഷേമനിധി ആനുകൂല്യങ്ങൾ നൽകുന്നതിനായി, ഭൂവുടമകളുടെയും കർഷകത്തൊഴിലാളികളുടെയും നിലവിലുള്ള അംശദായ നിരക്ക് വർദ്ധിപ്പിക്കേണ്ടതുണ്ട്." ഇത്രയും

കാര്യങ്ങൾ പറയാനുള്ള കാരണം, ഇപ്പോൾ തൊഴിലാളിയുടെ അംശദായം 5 രൂപയിൽ നിന്നും 20 രൂപയാക്കുകയാണ്. അതുപോലെതന്നെ ഭൂവുടമകളുടെ അംശദായവും വർദ്ധിപ്പിക്കുന്നുണ്ട്. ഗവൺമെന്റ് എന്താണ് ചെയ്യുന്നത്? അത് വളരെ വ്യക്തമായി ഇതിൽ പറഞ്ഞിരിക്കുകയാണ്; ഒരു കർഷക തൊഴിലാളിയുടെ അംശദായമായ 20 രൂപയുടെ 25 ശതമാനമാണ് സർക്കാർ, ഗ്രാന്റായി നിധിയിലേയ്ക്ക് നൽകേണ്ടത്. അത് ഏകദേശം 5 രൂപയാണ് വരുന്നത്. പാവപ്പെട്ട കർഷകത്തൊഴിലാളികൾക്കാവശ്യമായ ആനുകൂല്യങ്ങൾ നൽകാനുള്ള പണം ക്ഷേമനിധിയിലില്ല എന്ന് ഈ ബില്ലിൽ തന്നെ പറയുമ്പോൾ എന്താണ് ഗവൺമെന്റ് ചെയ്യേണ്ടത്? കർഷകത്തൊഴിലാളിയിൽ നിന്നും അംശദായം വാങ്ങുന്നതിന് പരിമിതിയുണ്ട്. ഗവൺമെന്റ് എന്താണ് ഇതിനകത്ത് ചെയ്യുന്നത്; ഗവൺമെന്റിന്റെ അംശദായം എന്തുകൊണ്ട് വർദ്ധിപ്പിക്കുന്നില്ല. ഗവൺമെന്റ് ബഡ്ജറ്റിലൂടെ നൽകുന്ന പണം, ബഡ്ജറ്റിൽ എല്ലാ വർഷവും പ്രഖ്യാപിക്കാറുണ്ട്. പക്ഷേ പണം ചെലവഴിക്കുന്ന കാര്യത്തിൽ ക്ഷേമനിധിയുമായി യാതൊരു ബന്ധവുമില്ല; പ്രഖ്യാപനം മാത്രമാണുള്ളത്. ഞാൻ സൂചിപ്പിച്ചത് ഏറ്റവും പാവപ്പെട്ടയാളുകളുള്ള ഈയൊരു

ക്ഷേമനിധിയോടുള്ള ഗവൺമെന്റിന്റെ സമീപനമാണിത്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, കർഷകത്തൊഴിലാളികൾക്കുവേണ്ടി ഒന്നും ചെയ്തില്ലായെന്ന് പറഞ്ഞല്ലോ. കേരളത്തിലെ രണ്ടുഘട്ടങ്ങളിൽ നടന്നിട്ടുള്ള ഭൂപരിഷ്കരണ പ്രസ്ഥാനമുണ്ട്. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ ഗൗരിയമ്മയുടെയും രണ്ടാം ഇ.എം.എസ് ഗവൺമെന്റിന്റെയും കാലത്താണ് അത് കൊണ്ടുവന്നിട്ടുള്ളത്. കേരളത്തിൽ ഇ. കെ. നായനാർ മുഖ്യമന്ത്രിയായിരുന്ന 1980-ൽ കർഷക തൊഴിലാളികൾക്ക് പെൻഷൻ കൊണ്ടുവന്നു. പ്രത്യുല്പാദനപരമല്ല എന്നു പറഞ്ഞ് കോൺഗ്രസ് അന്ന് അതിനെ കളിയാക്കുകയാണ് ചെയ്തത്. കോൺഗ്രസിലെ നേതാക്കളുടെ പേരൊന്നും ഞാൻ പറയുന്നില്ല. അതെല്ലാം ഓർമ്മയുണ്ടോ എന്നെനിക്കറിയില്ല.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ......(മൈക്ക് ഓഫ്...) തൊഴിൽ വകുപ്പുമന്ത്രിയാണ് ആ ബിൽ കൊണ്ടുവന്നത്. അത് താങ്കൾക്ക് അറിയാമോ?

ശ്രീ. എ. പി. അനിൽ കുമാർ: അറിയാം.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, കെ. എം. മാണി സാറിന്റെ ബഡ്ജറ്റിലൂടെയാണ് കർഷക തൊഴിലാളികൾക്ക് ആദ്യമായി പെൻഷൻ

പ്രഖ്യാപിച്ചതെന്ന് അങ്ങേയ്ക്കറിയാമോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ബഹുമാന്യനായ മന്ത്രി, ഭൂപരിഷ്കരണ നിയമവുമായി ബന്ധപ്പെട്ട കാര്യങ്ങൾ നമ്മൾ പല പ്രാവശ്യം ഇവിടെ ചർച്ച ചെയ്തതാണ്. അത് ആവർത്തിക്കേണ്ട കാര്യമില്ല. പക്ഷേ, നമ്മൾ കാണേണ്ട ഒരു കാര്യം, കേരളത്തിൽ കോൺഗ്രസിന്റെ ഒരു സമീപനം എന്തായിരുന്നുവെന്ന് ഈ കാര്യവുമായി ബന്ധപ്പെട്ട് ഒന്നു പരിശോധിക്കുന്നത് നന്നായിരിക്കും. കേരളത്തിലാദ്യമായി ഭൂപരിഷ്കരണ നിയമത്തിന് അടിസ്ഥാനമായ കുടിയാൻ നിയമം 1920-ലെ കോൺഗ്രസിന്റെ സമ്മേളനത്തിലാണ് കൊണ്ടുവന്നത്. അതായത് 100 വർഷം മുമ്പ് 1920-ൽ കുടിയാൻ നിയമം കോൺഗ്രസ് മഞ്ചേരി സമ്മേളനത്തിലൂടെ (ആനി ബസന്റൊക്കെ പങ്കെടുത്ത മഞ്ചേരി സമ്മേളനം) കൊണ്ടുവന്നു. ഞാൻ പറഞ്ഞത് കോൺഗ്രസിന്റെ ഈയൊരു കാര്യത്തിലുള്ള സമീപനം എന്തായിരുന്നുവെന്നുള്ളതാണ്. അതിന്റെ ഒരു തുടർച്ചയായി 1957-ൽ സഖാവ് ഇ.എം.എസ്. നമ്പൂതിരിപ്പാട് ഭൂപരിഷ്കരണ നിയമത്തിന് തുടക്കം കുറിച്ചിട്ടുണ്ടെങ്കിൽ അദ്ദേഹമുൾപ്പെടെ എന്തുകൊണ്ട് ഈയൊരു തലത്തിലേയ്ക്കു വന്നു എന്നു ചോദിച്ചുകഴിഞ്ഞാൽ 1920 മുതലുള്ള ചരിത്രം

പറയേണ്ടി വരും. 1920-ൽ കുടിയാൻ നിയമം കൊണ്ടുവന്നു. കോൺഗ്രസ്സിലെ ഒരു വിഭാഗം സമ്മേളനത്തിൽ നിന്നിറങ്ങി പോയിട്ടുപോലും ആ പ്രമേയം പാസ്സാക്കിയത് കേരളത്തിലെ കുടിയാൻമാരോടുള്ള കോൺഗ്രസ്സിന്റെ അടിസ്ഥാനപരമായ ആഭിമുഖ്യമാണ് കാണിക്കുന്നത്. അതുകഴിഞ്ഞ് ചരിത്രത്തിൽ പറയുന്ന വേറൊരു കാര്യമുണ്ട്. 1929-ൽ മദിരാശി ഗവൺമെന്റിൽ അംഗമായിരുന്ന മാധവൻ നായർ നിയമസഭയിൽ കുടിയാന്മാർക്ക് വേണ്ടിയുള്ള പ്രമേയം അവതരിപ്പിച്ചു. ഭൂപരിഷ്കരണനിയമത്തിൽ കോൺഗ്രസ്സ് എത്രമാത്രം പ്രതിജ്ഞാബദ്ധമായിരുന്നുവെന്ന് അറിയാൻവേണ്ടി സാന്ദർഭികമായി പറയുകയാണ്. 1929-ൽ മദിരാശി നിയമസഭയിൽ അത്തരമൊരു പ്രമേയം അവതരിപ്പിച്ച കാലഘട്ടത്തിലാണ് സാമ്രാജ്യത്വ നിയമസഭകളിൽ നിന്നും വിട്ടുനിൽക്കണമെന്ന തീരുമാനം കോൺഗ്രസ്സ് എടുത്തത്. അങ്ങനെ വന്നപ്പോൾ മാധവൻ നായർ അന്നത്തെ കോൺഗ്രസ്സ് പ്രസിഡന്റ് മോട്ടിലാൽ നെഹ്റുവിന് കത്തെഴുതി. ഞങ്ങൾക്ക് നിയമസഭയിൽ പ്രധാനപ്പെട്ട ഒരു നിയമം പാസ്സാക്കാനുള്ളതുകൊണ്ട് ഈ തീരുമാനത്തിന് ഒരു മാറ്റം വേണമെന്നാണ് അദ്ദേഹം ആവശ്യപ്പെട്ടത്. കോൺഗ്രസ്സ് സമ്മേളനത്തിൽ

വരണമെന്നും ഇത് അവതരിപ്പിക്കണമെന്നും പറഞ്ഞ് മോട്ടിലാൽ നെഹ്റു അദ്ദേഹത്തിന് മറുപടി എഴുതി. പക്ഷേ, അദ്ദേഹത്തിന് പോകാൻ കഴിയാത്തതിനാൽ പകരം ഒരു പ്രതിനിധിയെ അയച്ചു. ആ പ്രതിനിധി കോൺഗ്രസ്സ് സമ്മേളനത്തിൽ കാര്യങ്ങൾ അവതരിപ്പിച്ചപ്പോൾ കോൺഗ്രസ്സ് എടുത്ത തീരുമാനം ലാഹോർ സമ്മേളനം വരെ മാറ്റിവയ്ക്കാനും പ്രമേയം മദിരാശി സഭയിൽ പാസ്സാക്കിയതിനുശേഷം സാമ്രാജ്യത്വ നിയമസഭയിൽ നിന്ന് വിട്ടുനിന്നാൽ മതിയെന്നും തീരുമാനമെടുത്ത പാർട്ടിയാണ് കോൺഗ്രസ്സ്. ഇത് ചരിത്രത്തിന്റെ ഭാഗമാണ്..... നിങ്ങൾ കയ്യും കാലും കാണിച്ചോളൂ, കോൺഗ്രസ്സ് അത്രയ്ക്ക് ശക്തമായ തീരുമാനങ്ങളെടുത്തു. അതിനുശേഷം നടന്ന കാര്യങ്ങളിലൊക്കെ സഖാവ് ഇ.എം.എസ്. ഉൾപ്പെടെയുള്ളവർക്ക് അതിലൊക്കെ പങ്കുണ്ട് എന്നുള്ളത് ചരിത്രത്തിന്റെ ഭാഗമാണ്. ഞാൻ പറഞ്ഞുവരുന്നത്, കോൺഗ്രസ്സിന് കർഷകരോടുള്ള താല്പര്യത്തിന്റെ ഭാഗമായിട്ടാണ് ഭൂപരിഷ്കരണ നിയമം ഉൾപ്പെടെയുള്ളവ വന്നത്. ആ നിയമം വന്നപ്പോൾ യഥാർത്ഥത്തിൽ പാവപ്പെട്ട കർഷകത്തൊഴിലാളികൾക്ക് അതിന്റെ ഗുണം ലഭിച്ചില്ല. അതാണ് ഞാൻ സൂചിപ്പിച്ചത്. കർഷകത്തൊഴിലാളികൾക്ക് കിട്ടിയത് 5 സെന്റും 10

സെന്റുമാണ്. അത് കുടികിടപ്പ് അവകാശവുമായി ബന്ധപ്പെട്ടാണ് ലഭ്യമായത്.

ഈ ബില്ലിൽ ഏറ്റവും വലിയ അനാകർഷണീയമായി എനിക്ക് തോന്നിയ ഒരു കാര്യം, 18 വയസ്സിൽ ഈ ക്ഷേമനിധിയിൽ അംഗമായി കഴിഞ്ഞാൽ 60 വയസ്സിൽ അംഗത്വം അവസാനിക്കുകയാണ്. സ്വാഭാവികമായും അംഗത്വം അവസാനിച്ചുകഴിഞ്ഞാൽ ബോർഡ് പെൻഷൻ കൊടുക്കുന്നില്ല. ഗവൺമെന്റ് വേറെ കർഷക പെൻഷൻ കൊടുക്കുകയാണ്. 18 വയസ്സുമുതൽ 60 വയസ്സുവരെ അംശദായം അടയ്ക്കുന്ന ഒരാൾക്ക് ആകെ 25,000/- രൂപയാണ് അധിവർഷ ആനുകൂല്യമായി കിട്ടുന്നത്. അതായത്, 60 വയസ്സ് കഴിഞ്ഞ് പിരിഞ്ഞുപോകുമ്പോൾ കിട്ടുന്നത് വെറും 25,000/- രൂപയാണ്. ഏറ്റവും ചുരുങ്ങിയത് 75,000/- രൂപയെങ്കിലും നൽകണം. അത് എത്രയെന്നുവച്ചാൽ കൂടിക്കോട്ടെ. ഈ പാവപ്പെട്ട കർഷകത്തൊഴിലാളികൾക്കല്ലേ; നിങ്ങൾ അത് കൊടുക്കാൻ തയ്യാറാണോ? അതുപോലെ പ്രസവസഹായമായി നൽകുന്നത് 15,000/- രൂപയാണ്. ക്ഷേമനിധി ബോർഡ് കൊടുക്കുന്നത് വെറും 1000/- രൂപയാണ്. ബാക്കി 14,000/- രൂപ കേന്ദ്രഗവൺമെന്റാണ് കൊടുക്കുന്നതെന്നാണ് ഞാൻ

മനസ്സിലാക്കുന്നത്. യഥാർത്ഥത്തിൽ 14,000/- രൂപ ലഭിക്കുന്നത് കുട്ടി സ്കൂളിൽ പോകുന്ന സമയമാകുമ്പോഴായിരിക്കും. അത്രമാത്രം എഴുത്തുകുത്ത് കാര്യങ്ങളാണ് നടക്കുന്നത്. അതൊക്കെ അവർക്ക് കൃത്യമായി ലഭ്യമാക്കണം. ക്ഷേമനിധിയിൽനിന്ന് കൊടുക്കുന്ന സഹായധനമായ 1000/- രൂപയുടെ സ്ഥാനത്ത് 5000/- രൂപയോ 6000/- രൂപയോ നൽകിയാൽ 20,000/- രൂപ അവർക്ക് കിട്ടും. സംസ്ഥാന ഗവൺമെന്റും ക്ഷേമനിധി ബോർഡും കൊടുക്കുന്ന 1000/- രൂപ എന്നുള്ളത് 6000/- രൂപയാക്കി വർദ്ധിപ്പിച്ചാൽ അതിന്റെ നേട്ടമുണ്ടാകുമെന്നാണ് എനിക്ക് പറയാനുള്ളത്.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, സാമ്പത്തികബുദ്ധിമുട്ടൊക്കെ നമുക്കറിയാം. മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ലാഭത്തിൽനിന്ന് ഒരു വിഹിതം കർഷകനും കർഷകത്തൊഴിലാളിക്കും അവകാശപ്പെട്ടതാണെന്ന് അംഗീകരിക്കാൻ തയ്യാറുണ്ടോ; 40 ലക്ഷം ടൺ അരിയാണ് കൊടുക്കുന്നത്. അത് 40 രൂപയ്ക്കും 35 രൂപയ്ക്കുമൊക്കെയാണ് കൊടുക്കുന്നത്. അതിൽ ഒരു രൂപ മാറ്റിവച്ചാൽ 400 കോടി രൂപ കിട്ടും. അങ്ങനെ കിട്ടിയാൽ ഒരേക്കർ കൃഷി ചെയ്യാൻ 15,000/- രൂപ വീതം ബോണസ് കൊടുക്കാൻ കഴിയും. പണിയെടുക്കുന്ന മൂന്ന് തൊഴിലാളികൾക്ക്

2500/- രൂപാ വച്ച് കൊടുക്കാൻ 50 കോടി രൂപയേ വേണ്ടിവരികയുള്ളൂ. ബാക്കി 350 കോടി രൂപയുണ്ട്. ഞാനും നിങ്ങളുമൊക്കെ മന്ത്രിയായി എം.എൽ.എ. ആയി ഉദ്യോഗസ്ഥനായി രാജ്യത്തിനെ സേവിച്ചതുകൊണ്ടാണ് പെൻഷനും മറ്റ് ആനുകൂല്യങ്ങളുമൊക്കെ ലഭിക്കുന്നത്. 130 കോടി ജനങ്ങളെ തീറ്റിപ്പോറ്റുന്ന കൃഷിക്കാരനെയും കർഷകത്തൊഴിലാളികളെയും രാജ്യസേവകരായി അംഗീകരിക്കുന്നില്ല. അത് അംഗീകരിക്കാൻ തയ്യാറുണ്ടോ? അത് അംഗീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. അതിന്റെ അടിസ്ഥാനത്തിലാണ് കഴിഞ്ഞ കാലത്ത് കേന്ദ്രഗവൺമെന്റ് കൃഷി കല്യാൺ സെസ്സ് അഞ്ചോ ആറോ സ്റ്റേറ്റുകളിൽ കൊണ്ടുവന്നത്. ഇവിടെ ഇപ്പോൾ കർഷക ക്ഷേമനിധി ബോർഡും ഗവൺമെന്റും മൂല്യവർദ്ധിത ഉല്പന്നങ്ങളിലെ ലാഭവിഹിതത്തിൽനിന്നാണ് പണം കണ്ടെത്തുന്നത്. അതുസംബന്ധിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ഞാൻ സൂചിപ്പിച്ച് വരുന്നത് അതാണ്. കർഷകത്തൊഴിലാളികൾക്ക് ആവശ്യമായ സഹായം ലഭ്യമാകുന്നതിന് ഏത് രീതിയിലാണോ ഫണ്ട് കണ്ടെത്താൻ കഴിയുക അത്

കണ്ടെത്തുക എന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഗവൺമെന്റ് അംശദായമായി 5 രൂപ മാത്രം കൊടുത്തുകൊണ്ട് എടുക്കുന്ന ഒരു സമീപനം കർഷകത്തൊഴിലാളികളോടുള്ള അങ്ങേയറ്റത്തെ വിവേചനവും നിഷേധാത്മക സമീപനവുമാണ്. ഏത് രീതിയിൽ ഫണ്ട് കിട്ടിക്കഴിഞ്ഞാലും അത് അവർക്ക് കൊടുക്കുകയെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം.

ഒരു കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. നിലവിൽ 8 വർഷത്തെ ആനുകൂല്യങ്ങൾ കുടിശ്ശികയാണെന്നാണ് പറയുന്നത്. എനിക്കതിന്റെ സത്യാവസ്ഥ അറിയില്ല. 60 വയസ്സ് കഴിഞ്ഞ് പിരിഞ്ഞുപോയ അംഗത്തിന് കൊടുക്കേണ്ട പണം 2013-നുശേഷം ഇതുവരെ കൊടുക്കാൻ കഴിഞ്ഞിട്ടില്ല. 8 വർഷക്കാലത്തെ കുടിശ്ശിക കർഷകത്തൊഴിലാളികൾക്ക് ലഭിക്കാനുണ്ട്. അതുപോലെ വളരെ പരിമിതമായ ചികിത്സാധനസഹായമാണ് നൽകുന്നത്. ഈ ഓർഡിനൻസ് വന്നതിനുശേഷം അത് 1000/- രൂപയിൽനിന്നും 4000/- രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇന്നത്തെ സാഹചര്യത്തിൽ 4000/- രൂപയെന്ന് പറഞ്ഞാൽ എത്രമാത്രം പരിമിതമാണ്. അതുകൊണ്ട് അതിലൊരു വർദ്ധനവുണ്ടാകണമെന്ന് സൂചിപ്പിക്കുകയാണ്. അതുപോലെതന്നെ

യു.ഡി.എഫ് ഗവൺമെന്റ് 2015-ൽ കർഷകക്ഷേമനിധി കൊണ്ടുവന്നു. കർഷകരുടെ കാര്യത്തിലും നമുക്ക് പ്രത്യേകം ശ്രദ്ധയുണ്ട്. പക്ഷേ, കർഷകക്ഷേമനിധി യാഥാർത്ഥ്യമാകുമ്പോൾ അവർക്ക് കൊടുക്കാൻ പോകുന്ന പെൻഷൻ 5000/- രൂപയാണെന്നൊക്കെ പത്രവാർത്ത കണ്ടു. അത് നാമമാത്രമാണ്. കർഷകർക്ക് 5000/- രൂപ കിട്ടിക്കോട്ടെ. പക്ഷേ ആനുപാതികമായിട്ടെങ്കിലും കർഷകത്തൊഴിലാളികൾക്കുള്ള പെൻഷൻ വർദ്ധിപ്പിക്കേണ്ട സാഹചര്യമുണ്ടാകണ്ടേ? അതോടൊപ്പംതന്നെ ഇന്ന് കർഷകത്തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകുന്ന കാര്യത്തിൽ ഗവൺമെന്റ് വീഴ്ച വരുത്തിക്കൊണ്ടിരിക്കുകയാണ്. കർഷകത്തൊഴിലാളികളോട് ഒരു പ്രത്യേക താല്പര്യം ഇടതുപക്ഷ ഗവൺമെന്റിനുണ്ടാകേണ്ടതാണ്. പക്ഷേ, കേരളത്തിന്റെ ചരിത്രമെടുത്ത് പരിശോധിച്ചുകഴിഞ്ഞാൽ കേരളത്തിൽ സമരങ്ങൾക്കും പ്രക്ഷോഭങ്ങൾക്കുമുള്ള ആയുധമായി കേരളത്തിലെ കർഷകത്തൊഴിലാളികളെ ഉപയോഗിച്ചു എന്നതിനപ്പുറത്ത് അവരുടെ താല്പര്യങ്ങൾ സംരക്ഷിക്കാത്ത ഈ ഗവൺമെന്റിന്റെ ഈ ബില്ലിലെ നടപടികളോടും കർഷകരുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാത്ത പ്രതിഷേധം

കൂടി രേഖപ്പെടുത്തിക്കൊണ്ട് ഞാൻ എന്റെ നിരാകരണപ്രമേയം അവതരിപ്പിക്കുകയാണ്.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u> സർ, ഞാൻ നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു. 'ജയ് ജവാൻ ജയ് കിസാൻ' എന്ന് വിളിച്ചുകൊണ്ടിരുന്ന നാടാണ് നമ്മുടെ ഭാരതം. ഇന്ന് വർഷങ്ങൾ കഴിഞ്ഞപ്പോൾ അത് 'ജയ് വർഗ്ഗീയതയും ജയ് പരിസ്ഥിതി മലിനീകരണവും' ആയി. കർഷകന്റെ കണ്ണുനീർ പൂർണ്ണതോതിൽ കാണാൻ നമുക്കിന്നും സാധിച്ചിട്ടില്ല. കർഷകരോദനം കേൾക്കാൻ ആളുകളുണ്ടോ; ഒരു നിയമസഭയിലെ, മന്ത്രിസഭയിലെ ഏറ്റവും വലിയ പ്രോട്ടോക്കോളുള്ള മന്ത്രിയാണ് കൃഷി വകുപ്പുമന്ത്രി. വിദ്യാഭ്യാസം, വ്യവസായം, ജലസേചനം, പൊതുമരാമത്ത് തുടങ്ങി എല്ലാ മേഖലകളുമായി ബന്ധപ്പെടാൻ കഴിയുന്ന ഏറ്റവും വലിയ പോർട്ട്ഫോളിയോയുള്ള മന്ത്രിയാണ് കൃഷി വകുപ്പുമന്ത്രി. പക്ഷേ കൃഷിക്കും അനുബന്ധ മേഖലയ്ക്കും കർഷകനും വേണ്ടത്ര പ്രാധാന്യം നമ്മൾ ഇപ്പോൾ നൽകുന്നില്ലെന്നതാണ് യാഥാർത്ഥ്യം. ഇവിടെ ശ്രീ. എ. എൻ. ഷംസീർ കവിതയുണ്ടോയെന്ന് ചോദിച്ചതുകൊണ്ട് കൃഷിയുമായി ബന്ധപ്പെട്ട 'ഒരു കർഷകൻ' എന്ന കവിതയിലെ നാല് വരി ചൊല്ലാം.

'മിഴിനീര് കൊണ്ട് നനയ്ക്കുന്ന പാടത്തു

ഒരു ദീനരോദനമായി മാറും വറുതിയിൽ

മടപൊട്ടിയെത്തും കടക്കെണി താങ്ങാതെ

മരണം വരിക്കേണ്ട ജന്മമോ കർഷകൻ

മരണം വരിക്കേണ്ട ജന്മമോ കർഷകൻ'

കൃഷിയിടങ്ങളിൽ നിന്നും കർഷകൻ പോയിക്കഴിഞ്ഞാലുണ്ടാകാൻ പോകുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് നമുക്കെല്ലാവർക്കും അറിയാം. മുൻപ് പ്രസംഗിച്ച വ്യക്തികൾ കടന്നുപോയ പോയിന്റുകളിലേയ്ക്ക് ഞാൻ വീണ്ടും കടന്നുപോകുന്നില്ല. ഫാക്ടറികൾ പൂട്ടി മെഷിനറികളെല്ലാം നശിച്ചുപോയാൽ പിന്നീട് ആ ഫാക്ടറി തുറക്കണമെങ്കിൽ ഒട്ടേറെ ബുദ്ധിമുട്ടുകൾ അനുഭവിക്കണം. അതുപോലെ ഒരു കൃഷിയിടം നശിച്ചുപോയാൽ അത് പൂർവ്വസ്ഥിതിയിലാക്കണമെങ്കിൽ എത്രമാത്രം കഷ്ടപ്പെടണം. പ്രളയമുണ്ടാകുമ്പോൾ വെള്ളക്കെട്ട് ഉണ്ടാകുന്നത് എന്തുകൊണ്ടാണ്; മഴ പെയ്യുമ്പോൾ വെള്ളം പൊങ്ങുന്നതിന് കാരണം എന്താണ്; പണ്ടുകാലത്ത് കൃഷിയിടങ്ങളിൽ കൃഷി ചെയ്യുമ്പോൾ ആളുകൾ തോട് വൃത്തിയാക്കുകയും മണ്ണ് കോരി കളമൊരുക്കുകയും ചെയ്യുമായിരുന്നു.

പാടം ഉഴുത് നെല്ല് വിതയ്ക്കാനും കൊയ്യാനും മെതിക്കാനുമൊക്കെ അറിയാവുന്നൊരു കർഷകനാണ് ഞാൻ. കർഷക കുടുംബത്തിൽ ജനിച്ചു വളർന്നയാളാണ് ഞാൻ. പക്ഷേ ഇന്നത്തെ കുട്ടികൾ അത് കാണുന്നില്ല. ശ്രീ. എ. എൻ. ഷംസീറിനും അതറിയില്ല. അദ്ദേഹം എന്തിലാണ് അധ്വാനം ചെയ്തിട്ടുള്ളതെന്ന് എനിക്കറിയില്ല. കൃഷിയെ സ്നേഹിക്കുകയും കർഷകന്റെ കൂടെ നിൽക്കുകയും ചെയ്തിട്ടുള്ള ഒരാളായതുകൊണ്ടാണ് ഞാൻ ഇത് പറഞ്ഞത്. ഇപ്പോൾ കോവിഡ് 19 മഹാമാരിയുടെ കാലമാണ്. ഈ സമയത്ത് ഒട്ടേറെയാളുകൾ കൃഷിയിടങ്ങളിലേയ്ക്ക് കടന്നുവരുന്നുണ്ട്. പെരുമ്പാവൂരിലെ തരിശ് പാടശേഖരങ്ങളിൽ കൃഷി ചെയ്യാൻ നിരവധി യുവാക്കൾ വന്നു. തരിശായി കിടക്കുന്ന കൃഷിയിടങ്ങൾ പുനരുജ്ജീവിപ്പിച്ച് പുതിയ തൊഴിൽ തേടണമെന്ന ആഗ്രഹത്തോടെയാണ് അവർ വന്നത്. പക്ഷേ അങ്ങനെ വന്നതിൽ 80 ശതമാനം പേർക്കും മുടക്കുമുതൽ പോലും കിട്ടിയില്ലെന്നാണ് അവരുമായി സംസാരിച്ചപ്പോൾ എനിക്ക് അറിയാൻ സാധിച്ചത്. അത് ഗവൺമെന്റിന്റെ സഹായം കുറഞ്ഞു പോയതുകൊണ്ടാണെന്നോ വിത്ത് കിട്ടാത്തതുകൊണ്ടാണെന്നോ ഞാൻ പറയുന്നില്ല. ആ പാടങ്ങളിലെ വേസ്റ്റ് മാറ്റുന്നതിന് അവർക്ക് പണം

ചെലവഴിക്കേണ്ടി വന്നതാണ് അതിന് കാരണം. പാടശേഖരങ്ങളിൽ മുഴുവൻ കുപ്പിച്ചില്ലുകളായിരുന്നു. വെള്ളം ഒഴുകി പോകുന്നില്ല. കൃഷി ചെയ്യുന്നതിനാവശ്യമായ വെള്ളം കിട്ടുന്നില്ലായിരുന്നു. പെരിയാർ വാലി കനാലിലൂടെ അവർക്ക് കൃത്യസമയത്ത് വെള്ളം കൊടുക്കാൻ കഴിയുന്നില്ല. എല്ലാ മേഖലകളിലെയും വകുപ്പുകൾ ഒരുമിച്ച് പ്രവർത്തിച്ചാൽ മാത്രമേ കാർഷികമേഖലയ്ക്ക് വളരാൻ സാധിക്കുകയുള്ളൂ.

എല്ലാം കർഷകന്റെ തലയിലേയ്ക്ക് വരുന്നു. മണ്ണിടിഞ്ഞാലും മനസ്സ് ഇടിഞ്ഞാലും മരണപ്പെടുന്നത് കർഷകനാണ്. എല്ലാ ദുഃഖത്തിലും കർഷകൻ ഉൾപ്പെടുകയാണ്. എന്റെ ചെറുപ്പകാലത്ത് ഒരു കഥ കേട്ടിട്ടുണ്ട്. ഒരു അപ്പന് രണ്ട് ആൺ മക്കളുണ്ടായിരുന്നു. അതിൽ ഒരു മകനോട് നല്ല സ്നേഹവും മറ്റേ മകനോട് സ്നേഹവും ഇല്ലായിരുന്നു. അദ്ദേഹത്തിന് അഞ്ച് ഏക്കർ പുഞ്ചപാടവും പത്ത് ഏക്കർ പാറയും ഉണ്ട്. ബൈബിളിൽ പറയുന്നതുപോലെ പാറയിൽവീണ വിത്ത് വാടിപ്പോകുകയേയുള്ളൂ. പാറയ്ക്ക് വിലയില്ലെന്ന് നമുക്കറിയാം. സ്നേഹസമ്പന്നനായ പിതാവ് തനിക്ക് ഇഷ്ടമുള്ള വാത്സല്യനിധിയായ മകൻ ധനികനായി മാറണമെന്ന് ആഗ്രഹിച്ച് 5 ഏക്കർ പുഞ്ചപാടവും മറ്റേയാൾക്ക് 10 ഏക്കർ പാറയും എഴുതി കൊടുത്തു. വർഷങ്ങൾ

കഴിഞ്ഞപ്പോൾ 5 ഏക്കർ പുഞ്ചപാടം കിട്ടിയവൻ ദരിദ്രനും 10 ഏക്കർ പാറ കിട്ടിയവൻ സമ്പന്നനുമായി മാറി. ഞാൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ആയിരുന്നപ്പോൾ കർഷകരുടെ സംഗമം നടത്തി. അതിൽ ഒരാൾ പ്രസംഗിച്ചത് എനിക്ക് ഈയവസരത്തിൽ ഓർമ്മവരികയാണ്. എനിക്ക് 4 ഏക്കർ തോട്ടവും കൃഷിയിടവും ഉണ്ട്. പക്ഷേ മാസം പതിനായിരം രൂപ പോലും വരുമാനം ലഭിക്കുന്നില്ല. എനിക്ക് മക്കളെ പഠിപ്പിക്കാൻ കഴിയുന്നില്ല. പക്ഷേ തൊട്ടപ്പുറത്ത് 4 ജെ.സി.ബി.യും ടിപ്പറും ഉള്ള മണിമാളികയിൽ താമസിക്കുന്നയാൾക്ക് ഒരു മാസം ലക്ഷങ്ങൾ വരുമാനം കിട്ടുന്നുവെന്നും കൃഷിയെ സ്നേഹിക്കുന്നവന് ഒന്നും കിട്ടുന്നില്ലെന്നും അദ്ദേഹം പ്രസംഗിക്കുകയുണ്ടായി. കർഷകരെ ചൂഷണം ചെയ്യുന്നവർ ധാരാളമുണ്ടെന്നാണ് യാഥാർത്ഥ്യം. ഇടുക്കിയിൽ ഒരു കർഷകൻ കിഡ്നി വിൽക്കാനുണ്ടെന്ന് പറഞ്ഞ് ബോർഡ് വച്ചുപോയ കഥകൾ നമ്മുടെ മുമ്പിലില്ലേ; അക്കാര്യങ്ങളെല്ലാം ഞാൻ ഒരിക്കൽക്കൂടി ഓർമ്മപ്പെടുത്തുകയാണ്.

കർഷക തൊഴിലാളി (ഭേദഗതി) ബിൽ നിയമമായി കഴിയുമ്പോൾ അതിലൂടെ നമുക്ക് ഒരുപാട് കാര്യങ്ങൾ ചെയ്യാൻ സാധിക്കുമെന്ന്

പ്രത്യാശയുണ്ട്. കർഷകന് അനുകൂലമായ നിരവധി കാര്യങ്ങൾ ചെയ്യാൻ നമുക്ക് സാധിക്കണം. സംസ്ഥാനത്ത് കർഷക പെൻഷനുവേണ്ടി സ്വീകരിച്ച എത്ര അപേക്ഷകൾ തീർപ്പാക്കാതെ കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോയെന്ന് 27-07-2021-ൽ ബഹുമാനപ്പെട്ട സി. ആർ. മഹേഷ് ചോദിച്ച ചോദ്യത്തിന് സംസ്ഥാനത്തെ കർഷക പെൻഷനുവേണ്ടി സ്വീകരിച്ച 5183 എണ്ണം അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്നാണ് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി മറുപടി പറഞ്ഞത്. കർഷകനുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വരുമ്പോൾ അത് എത്രയും പെട്ടെന്ന് ഒത്തുതീർപ്പാക്കുവാൻ അങ്ങ് പ്രത്യേകം താൽപ്പര്യമെടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കർഷകന്റെ പ്രശ്നങ്ങൾ അങ്ങേയ്ക്കറിയാം. പ്രകൃതിക്ഷോഭങ്ങൾ ഉണ്ടാകുമ്പോൾ എം.എൽ.എ.മാർ അവിടേയ്ക്ക് ഓടി ചെല്ലുന്നു, വിവിധ വീടുകൾ സന്ദർശിക്കുന്നു, കൃഷിയിടങ്ങൾ നശിച്ചതു കാണുന്നു, ഫോട്ടോ എടുക്കുന്നു, ഇതൊക്കെ ഫേസ് ബുക്കിലും വാട്സാപ്പിലും പത്രങ്ങളിലും വരുന്നു. പക്ഷേ പ്രകൃതിക്ഷോഭം കാരണം നാശം സംഭവിക്കുന്ന പാവപ്പെട്ടവന് അപേക്ഷ കൊടുത്താൽ പണം കിട്ടാത്ത സാഹചര്യമുണ്ടാകുന്നു.

നല്ലൊരു ജാതി മരത്തിൽനിന്നും ഒരു വർഷം ഇരുപത്തിയയ്യായിരം രൂപ വരെ വരുമാനം ലഭിക്കും. പക്ഷേ ഓരോ ജാതി മരവും ഉണങ്ങി പോകുമ്പോൾ എത്ര രൂപയുടെ നഷ്ടമാണ് ഒരു കർഷകന് സഹിക്കേണ്ടി വരുന്നത്. എന്റെയും ശ്രീ. റോജി എം. ജോൺ എം.എൽ.എ.-യുടെയും മണ്ഡലത്തിൽ നിരവധി ജാതി കർഷകരുണ്ട്. ആ കർഷകർ കൊതുകിന്റെ കടി കൊണ്ട് എത്രമാത്രം കഷ്ടപ്പെട്ടാണ് ജാതി മരം സംരക്ഷിച്ചുവരുന്നത്. ഇത് കാറ്റത്ത് ഒന്നോടെ മറിഞ്ഞുവീണ് നശിച്ചുപോകുകയാണ്. അവർക്ക് നഷ്ടപരിഹാരം കൊടുക്കാൻ, അവരെ ആശ്വസിപ്പിക്കുവാൻ കൃത്യസമയത്ത് നഷ്ടപരിഹാരവുമായി എത്തുവാൻ നമുക്ക് കഴിയാതെ പോകുന്നു.

വന്യമൃഗശല്യം കൃഷിയുമായി ബന്ധപ്പെട്ട പ്രധാന കാര്യമാണ്. പല എം.എൽ.എ.-മാരുടെയും നിയോജകമണ്ഡലങ്ങളുടെ സമീപത്ത് കാടുകളുണ്ടെന്ന് നമുക്കറിയാം. അവിടെ ദിനംപ്രതി വന്യമൃഗങ്ങളിറങ്ങി കൃഷി നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അവർക്കുവേണ്ട നഷ്ടപരിഹാരം നൽകുന്നുണ്ടോ; ആനയുടെ ചവിട്ടേറ്റോ കുത്തേറ്റോ മരിച്ചാൽ നാലഞ്ച് ലക്ഷം രൂപ കിട്ടും എന്നല്ലാതെ മറ്റു രീതിയിലുള്ള സഹായങ്ങൾ നൽകുന്ന രീതിയിലേയേക്ക് നമുക്ക് ഉണർന്നുവരാൻ കഴിഞ്ഞിട്ടില്ലെന്നത്

യാഥാർത്ഥ്യമാണ്. മൃഗങ്ങളും മനുഷ്യരും കൃഷിക്കാരുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും ശ്രീ. സണ്ണി ജോസഫുമൊക്കെ സഭയിൽ ഉന്നയിച്ചിട്ടുണ്ട്. 2008 മുതൽ 2021 ജൂൺ വരെ വന്യമൃഗങ്ങളുടെ ആക്രമണംമൂലം മരണപ്പെട്ടുപോയവർ 1423 ആണ്. കൃത്യമായി കണക്കുകൾ പറയാൻ കഴിയില്ലെങ്കിലും ഒരുപക്ഷേ അതിൽ 80 ശതമാനവും കർഷകരായിരിക്കുമെന്ന യാഥാർത്ഥ്യം നമുക്ക് മറന്നുപോകാൻ കഴിയില്ല. 7982 പേർക്ക് പരിക്കേറ്റു. ഇതിലും ഭൂരിപക്ഷവും കർഷകർ തന്നെയായിരിക്കും. ഈ വർഷം 61 പേർ വന്യജീവികളുടെ ആക്രമണംമൂലം കൊല്ലപ്പെട്ടിട്ടുണ്ടെന്ന് പറയുമ്പോൾ, മലയോര മേഖലകളിൽ പ്രത്യേകിച്ച് വനവുമായി ബന്ധപ്പെട്ട മേഖലകളിൽ ഏറ്റവും കൂടുതലുള്ളത് കർഷകരാണെന്ന കാര്യം നമ്മൾ മറന്നുപോകരുത്. വന്യമൃഗങ്ങളുടെ ആക്രമണം കാരണം വനാതിർത്തിയിലുള്ള നൂറ് ഏക്കറിലധികം വരുന്ന സ്ഥലങ്ങൾ ഉപേക്ഷിച്ച് താഴേയ്ക്ക് വന്ന് നാലോ അഞ്ചോ സ്ഥലത്ത് കുടിൽ കെട്ടി അല്ലെങ്കിൽ വാടകയ്ക്ക് താമസിക്കേണ്ടിവരുന്ന അവസ്ഥ കർഷകർക്ക് ഉണ്ടാകുകയാണ്. കാട് സംരക്ഷിക്കണം, മൃഗങ്ങളെ സംരക്ഷിക്കണം. കാടിനെയും മൃഗങ്ങളെയും സംരക്ഷിക്കുമ്പോൾ

അതിനോടനുബന്ധമായിതന്നെ കാടിന് സമീപത്തുള്ള മനുഷ്യരെയും അവരുടെ കൃഷിയെയും സംരക്ഷിക്കേണ്ട ഉത്തരവാദിത്വം ഈ ഗവൺമെന്റിനില്ലേ എന്ന് ഞാൻ ഇവിടെ പ്രത്യേകം ചോദിക്കുകയാണ്.

നമുക്ക് ഇടനാട്ടുണ്ട്. ആ ഇടനാട്ടുകളിൽ ഏറ്റവും കൂടുതലുള്ളത് നെൽകൃഷിയാണ്. 2018-ൽ പ്രളയമുണ്ടായപ്പോൾ കൃഷിടങ്ങളെല്ലാം നശിച്ചുപോയി. അവിടെയെല്ലാം എക്കലും മറ്റു മണ്ണുകളും വന്നടിഞ്ഞു. കൃഷിയിടങ്ങളിൽ വെള്ളം ഒഴുകിപോകുന്ന അവസ്ഥയില്ലാതെയായി. ആ സന്ദർഭത്തിൽ നമ്മുടെ നെൽകൃഷി ഇല്ലാതെയായി എന്ന യാഥാർത്ഥ്യം മനസ്സിലാക്കുമ്പോൾ, ഇടനാട്ടുകളിൽ നെൽകൃഷി കുറഞ്ഞുവരുന്നു. പിന്നെ എവിടെയാണ് കൃഷിയുള്ളത്; മലയോരമേഖലകളിലാണ് കൃഷിയുള്ളത്. ആ കൃഷിയും ഞാൻ മുൻപ് സൂചിപ്പിച്ചതുപോലെ വന്യമൃഗങ്ങളുടെ ശല്യം കാരണം നശിച്ചുപോകുന്നുവെന്നത് യാഥാർത്ഥ്യമാണ്. എന്തുകൊണ്ടാണ് വന്യമൃഗങ്ങൾ താഴേയ്ക്ക് ഇറങ്ങിവരുന്നത്. അവർക്ക് ആവശ്യമുള്ള ഭക്ഷണം കിട്ടണം. കാടിന്റെ വിസ്തൃതിക്കനുസൃതമായ ക്യാരീയിംഗ് കപ്പാസിറ്റി ഇല്ലാത്തതുകൊണ്ടാണ് ആന അടക്കമുള്ള വന്യജീവികൾ പുറത്തേയ്ക്ക് വരുന്നതെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. കാട്ടാനകൾ ആക്രമണ

സ്വഭാവമുള്ള ആനകളാണ്. അവയെ മെരുക്കി മാറ്റിയെടുക്കാൻ പരിശ്രമിക്കണം അല്ലെങ്കിൽ വെടിവച്ച് കൊല്ലുന്ന രീതിയിലേയ്ക്ക് കാര്യങ്ങൾ കൊണ്ടുപോകണം. വന്യമൃഗത്തെ വെടിവച്ച് കൊല്ലണമെന്നല്ല സൂചിപ്പിക്കുന്നത്. പക്ഷേ നമ്മുടെ വീട്ടിലെ നായയെ നമ്മൾ സ്നേഹിക്കും. പക്ഷേ ആ നായയെക്കാൾ കൂടുതൽ നമ്മൾ നമ്മുടെ മക്കളെ സ്നേഹിക്കും. ആരെ വിട്ടുകൊടുക്കണമെന്ന് ചോദിച്ചാൽ നമ്മൾ നായയെയാണ് വിട്ടുകൊടുക്കേണ്ടത് എന്ന് പറയുന്നതുപോലെ മനുഷ്യനോടുള്ള കൂറും സ്നേഹവും മൃഗങ്ങളെക്കാൾ നമുക്കുള്ളപ്പോൾ സ്വാഭാവികമായും ആ കാര്യങ്ങൾ നമുക്ക് പറയേണ്ടിവരും. കേന്ദ്ര ഗവൺമെന്റ് കേന്ദ്ര വനനിയമത്തിലും ബന്ധപ്പെട്ട കാര്യങ്ങളിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ട്. സ്വാഭാവികമായും മനുഷ്യവശത്തുനിന്ന് ചിന്തിക്കുമ്പോൾ കേന്ദ്ര വനനിയമവും അതുപോലെ വന്യമൃഗങ്ങളുമായി ബന്ധപ്പെട്ട നിയമങ്ങളിലും മാറ്റം വരുത്തേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമായി എനിക്ക് തോന്നുകയാണ്. അതുകൊണ്ട് കാടിന്റെ കാരിയിംഗ് കപ്പാസിറ്റിയനുസരിച്ച് ഒരു കോൺസപ്റ്റോടുകൂടി പുതിയ നിയമങ്ങളുണ്ടാക്കി ശാസ്ത്രീയമായ രീതിയിൽ മുന്നോട്ടുപോകാനും വന്യമൃഗങ്ങളുടെ വർദ്ധനവ്

എങ്ങനെ തടയാൻപറ്റുമെന്നതിനെക്കുറിച്ച് പഠിക്കുകയും അതിനുള്ള നടപടികൾ സ്വീകരിക്കണമെന്നുകൂടി ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. പൊതുവായ കാര്യങ്ങളിലേയ്ക്ക് പോകുന്നതിനൊപ്പം പെരുമ്പാവൂർ നിയോജകമണ്ഡലത്തിൽ നിന്നും വരുന്നതുകൊണ്ട് ഒരു കാര്യം ഈ സന്ദർഭത്തിൽ സൂചിപ്പിക്കുന്നു. പലപ്പോഴും അതിന് അവസരം കിട്ടാതെ പോകാറുണ്ട്. അവിടെ റോഡുകളുടെ ശോച്യാവസ്ഥ ഏറ്റവും വലിയ പ്രതിസന്ധി സൃഷ്ടിക്കുകയാണ്. കഴിഞ്ഞ ദിവസം പെരുമ്പാവൂരിൽ ആലുവ-മൂന്നാർ റൂട്ടിലെ കുറുപ്പുംപടിയിലുള്ള ഒരു വലിയ ഗർത്തത്തിൽ വീണ് മുപ്പത്തിയഞ്ച് വയസ്സുള്ള എ. ജി. മഹേഷ് എന്ന ചെറുപ്പക്കാരനായ ഓട്ടോ ഡ്രൈവർ മരണപ്പെട്ടു. അദ്ദേഹത്തിന്റെ ഭാര്യ നീതുവും മകൾ ശിവാനിയും അനാഥരായി മാറിയിരിക്കുകയാണ്. അതാത് പ്രദേശങ്ങളിലെ പൊതുമരാമത്ത് റോഡുകളുടെ ഉത്തരവാദിത്തം എം.എൽ.എ.-യ്ക്ക് മാത്രമാണെന്നാണ് ജനങ്ങളുടെ വിശ്വാസം. പെരുമ്പാവൂരിൽ തടി വ്യവസായവുമായി ബന്ധപ്പെട്ട് ആയിരത്തിയഞ്ഞൂറിലധികം പ്ലൈവുഡ് കമ്പനികളും വിവിധങ്ങളായ കമ്പനികളും അരി വ്യവസായം, സ്റ്റീൽ വ്യവസായം എന്നിങ്ങനെ നിരവധി വ്യവസായങ്ങൾ

പ്രവർത്തിക്കുന്നതിനാൽ വാഹനങ്ങളുടെ എണ്ണം കൂടി വരികയാണ്. അവിടത്തെ പൊതുമരാമത്ത് റോഡുകളെല്ലാം മോശമായി കിടക്കുകയാണെന്ന കാര്യം ഈ സന്ദർഭത്തിൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഞാൻ മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും കടന്നുപോകുന്നില്ല.

മി. ചെയർമാൻ: പ്ലീസ്...അങ്ങ് അവസാനിപ്പിക്കൂ....

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, പതിമൂന്ന് മിനിട്ടേ ആയിട്ടുള്ളൂ. പതിനഞ്ച് മിനിട്ടാകുമ്പോൾ ഞാൻ നിർത്താം. മുല്ലപ്പെരിയാറുമായി ബന്ധപ്പെട്ട് ജനങ്ങൾക്ക് വലിയ ആശങ്കയുണ്ട്. 2011-ൽ ബഹുമാനപ്പെട്ട ഇന്നത്തെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ പറഞ്ഞത് മുല്ലപ്പെരിയാർ ഡാം പൊട്ടുന്ന അവസ്ഥയിലാണെന്നും അതിൽ ആശങ്കയുണ്ടെന്നും കേന്ദ്ര ഗവൺമെന്റിനെതിരെ ശബ്ദിക്കണമെന്നും പുതിയ ഡാം നിർമ്മിക്കണമെന്നുമാണ്. പക്ഷെ കഴിഞ്ഞ ദിവസം അദ്ദേഹം നിയമസഭയിൽ പറഞ്ഞത് ആശങ്കകൾ വേണ്ടെന്നും ഒരു പ്രശ്നവുമില്ലെന്നുമാണ്. എത്രവർഷം കഴിയുമ്പോഴാണ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാവിന് പറഞ്ഞ കാര്യത്തിൽനിന്നും മാറ്റം വരുത്തേണ്ടി

വരികയെന്ന് എനിക്കറിയില്ല. ബഹുമാനപ്പെട്ട എം. എം. മണി ഇവിടെയുണ്ടോ? അദ്ദേഹവും ഇതുപോലെ പറഞ്ഞിരുന്നു - ഡാം പൊട്ടാൻ പോകുന്നു, അതുകൊണ്ട് പുതിയ ഡാം ഉടനെ നിർമ്മിക്കണമെന്ന്. പക്ഷെ അദ്ദേഹത്തിനേയും ഇവിടെ കാണുന്നില്ല. ഇവിടെ നിങ്ങൾ പറയുന്ന കാര്യങ്ങൾ മാറിമറിഞ്ഞുകൊണ്ടിരിക്കുന്നു. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് സൂചിപ്പിക്കാനുള്ളത്, അങ്ങ് ആശങ്കയില്ലെന്ന് നിയമസഭയിൽ പറയുമ്പോൾ തമിഴ്നാട് ഗവൺമെന്റ് അതായിരിക്കും ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ പറയാൻ പോകുന്നതെന്ന കാര്യം നിങ്ങൾ മറക്കേണ്ട.

മി. ചെയർമാൻ: പ്ലീസ് അങ്ങ് അവസാനിപ്പിക്കു....

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ ഇന്നലെ ഫെയിസ് ബുക്കിൽ ഒരു കമന്റ് കണ്ടിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത് ആശങ്ക വേണ്ടെന്നാണ്. ആശങ്കയില്ലെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭവനം മുല്ലപ്പെരിയാറിന്റെ താഴ്വാരത്തിലേയ്ക്ക് സ്ഥാപിക്കണമെന്ന് അവിടത്തെ ജനങ്ങൾ ആവശ്യപ്പെടുന്നതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. ഇക്കാര്യത്തിൽ ദീർഘമായി സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. വലിയ അശങ്കകൾ

കൃഷിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ, എല്ലാ വകുപ്പുകളുമായി ബന്ധപ്പെട്ട് കിടക്കുന്നുവെന്നുള്ളതുകൊണ്ടാണ് ഈ കാര്യങ്ങളിലേയ്ക്ക് ഞാൻ കടന്നുപോകുന്നത്. വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് കൃഷിയുടെ പ്രശ്നങ്ങളില്ലേ? കുട്ടികളെ കൃഷിയെ കുറിച്ച് പഠിപ്പിക്കുന്നതിനുവേണ്ടി കര നെൽകൃഷി എന്ന പദ്ധതി സ്കൂളുകളിൽ നടപ്പിലാക്കി. പക്ഷേ കർഷകന്റെ കുട്ടികൾ എങ്ങനെ വിദ്യാലയങ്ങളിൽ പോകുമെന്നുകൂടി അങ്ങ് പറയണം.

<u>മി. ചെയർമാൻ</u>: അങ്ങ് പറഞ്ഞ സമയം കഴിഞ്ഞിരിക്കുന്നു. പ്ലീസ്....അങ്ങ് അവസാനിപ്പിക്കൂ....

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, കുട്ടികൾക്ക് വിദ്യാലയങ്ങളിൽ പോകണമെങ്കിൽ അവർ സത്യവാങ്മൂലം എഴുതി കൊടുക്കണം. സർക്കാരിനോ സ്കൂൾ അധികൃതർക്കോ ഉത്തരവാദിത്തമില്ല. ആ രീതിയിലേയ്ക്ക് കാര്യങ്ങൾ പോയാൽ കുട്ടികളെ എങ്ങനെ വിദ്യാലയങ്ങളിൽ പഠിപ്പിക്കാൻ കഴിയും? അങ്ങ് നിരന്തരമായി ഇടപെടുന്നതുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്. കർഷകരെ സഹായിക്കുന്ന നടപടികൾ വിദ്യാഭ്യാസ മേഖലയിലും മറ്റ് മേഖലകളുമായി ബന്ധപ്പെട്ടുകൊണ്ട് മികച്ച രീതിയിൽ മുന്നോട്ടുപോകാൻ

സംസ്ഥാന ഗവൺമെന്റിന് കഴിയട്ടെയെന്നും ഈ നിയമം കർഷകനെ സംരക്ഷിക്കാൻ കൂടുതൽ സഹായകമാകട്ടെയെന്നും സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, 2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-10-2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) ഭേദഗതി അവതരിപ്പിക്കുന്നു.

2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബില്ലിൽ തൊഴിലാളികളുടെ അംശദായവും ഭൂവുടമയുടെ അംശദായവും അതിന് ആനുപാതികമായിട്ടുള്ള ഗവൺമെന്റ് വിഹിതവും വർദ്ധിപ്പിച്ച് കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുകയെന്നതാണ് പ്രധാനമായും ലക്ഷ്യമിടുന്നത്. ഇതിൽ തൊഴിലാളികളുടെ അംശദായം അഞ്ചു രൂപയിൽ നിന്ന് ഇരുപത് രൂപയായി വർദ്ധിപ്പിക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. യഥാർത്ഥത്തിൽ ഈ നിയമമുണ്ടാക്കുന്ന 1990-കളിൽ ഒരു കർഷകത്തൊഴിലാളിക്കുണ്ടായിരുന്ന ഒരു ദിവസത്തെ വരുമാനമെന്ന് പറയുന്നത് അമ്പതു രൂപ മുതൽ നൂറ്റമ്പതു

രൂപ വരെയായിരുന്നു. എന്നാൽ ഇന്ന് ആ സ്ഥാനത്ത് ആയിരം രൂപ മുതൽ ആയിരത്തി ഇരുന്നൂറ് രൂപവരെ ഒരു കർഷകത്തൊഴിലാളിക്ക് വരുമാനമുണ്ട്. ആ അർത്ഥത്തിൽ, ഇരുപത് രൂപയെന്ന് പറയുന്നത് നിസ്സാര തുകയാണ്. അഞ്ചു രൂപയിൽനിന്നും അമ്പതു രൂപയെങ്കിലുമായി വർദ്ധിപ്പിക്കാമായിരുന്നു. അങ്ങനെ വരുമ്പോൾ ഭൂവുടയുടെ അംശദായത്തിലും അൽപം വർദ്ധന വരുത്തുന്നതിൽ തെറ്റില്ല. ഇപ്പോൾ ഇരുപതു മുതൽ നാൽപ്പത് ആർ വരെ ഭൂമിയുള്ളവർ അടച്ചിരുന്ന അമ്പതു പൈസ ഒരു രൂപയോ രണ്ടുരൂപയോ ആയും നാൽപ്പത് ആറിന് മുകളിലുള്ളവർക്കുള്ള അംശദായം ഒന്നു മുതൽ അഞ്ചുരൂപ വരെയോ വർദ്ധിപ്പിച്ചാലും കുഴപ്പമുണ്ടായിരുന്നില്ല. അപ്പോൾ സ്വാഭാവികമായും ഗവൺമെന്റിന്റെ വിഹിതവും വർദ്ധിക്കും. ഗവൺമെന്റ് അല്ലെങ്കിലും നല്ല രീതിയിലുള്ള വിഹിതമാണ് നൽകുന്നത്. ബഹുമാനപ്പെട്ട ശ്രീ. എ. പി. അനിൽകുമാർ ഉണ്ടായിരുന്നുവെങ്കിൽ വലിയ ഗുണമായിരുന്നു. കാരണം, അദ്ദേഹം ചില ചോദ്യങ്ങൾ ചോദിച്ചിട്ടുണ്ടായിരുന്നു. കർഷകത്തൊഴിലാളികൾക്ക് ഇപ്പോൾ കിട്ടുന്ന ആനുകൂല്യങ്ങൾ അൽപം വർദ്ധിപ്പിക്കുകയും കുറച്ചുകൂടി ഭേദപ്പെട്ട നിലയിൽ അവർക്ക് ആനുകൂല്യങ്ങൾ ലഭിക്കുകയും ചെയ്യുന്ന നിലയിലേയ്ക്ക് മൂലനിയമത്തിൽ ചില മാറ്റങ്ങൾ

വരുത്തിയിരുന്നെങ്കിൽ നന്നായിരുന്നു. ഇപ്പോൾ അവർക്ക് നൽകുന്ന ഏറ്റവും പ്രധാനപ്പെട്ട അനുകൂല്യം അധിവർഷാനുകൂല്യമാണ്. നാൽപ്പത് വർഷം പിഴ കൂടാതെ അംശദായം അടയ്ക്കുന്ന ഒരു തൊഴിലാളിക്ക് 25000 രൂപയാണ് നൽകുന്നത്. അന്നത്തെ കാലത്ത് അത് ആകർഷണീയമായ തുകയായിരുന്നു. എന്നാൽ ഇന്നത്തെ കാലത്ത് അത് പരിമിതമായ തുകയാണ്. ആ തുകയിൽ വർദ്ധനവ് വരുത്തേണ്ടതായിട്ടുണ്ട്. ആ തുക വർദ്ധിപ്പിക്കണമെങ്കിൽ അംശദായത്തിൽ വർദ്ധന വരുത്തി വർദ്ധിപ്പിക്കാനെ കഴിയൂ. 25000 എന്നത് അൻപതിനായിരമോ ഒരു ലക്ഷം രൂപയോ ആയി വർദ്ധിപ്പിക്കുന്നത് വലിയ ഗുണം ചെയ്യും. മരണാനന്തര സഹായമായി നൽകുന്ന ആയിരം രൂപ വളരെ പരിമിതമായ തുകയാണ്. ആ തുകയിലും വർദ്ധനവ് ആവശ്യമാണ്. വിവാഹ ധനസഹായമായി നൽകുന്ന 2000 രൂപയ്ക്ക് ഒരു സാരിപോലും വാങ്ങാൻ കഴിയില്ല. ആ തുകയിൽ വർദ്ധനവ് വരുത്തണമെങ്കിൽ ബോർഡിന്റെ വരുമാനത്തിൽ വർദ്ധനവുണ്ടാകണം. അതുപോലെ പ്രസവാനുകൂല്യവും ചികിത്സാ സഹായവും ആയിരം രൂപയാണ്. ഇതുരണ്ടും വളരെ നിസ്സാരമായ തുകയാണ്. ഈ സഹായങ്ങളിലെല്ലാം വർദ്ധനവുണ്ടാകണമെങ്കിൽ സ്വാഭാവികമായും

ക്ഷേമനിധി ബോർഡിന്റെ സാമ്പത്തിക നില കുറച്ചുകൂടി മെച്ചപ്പെടേണ്ടതായിട്ടുണ്ട്. അതിനുവേണ്ടി തുകയുണ്ടാവുകയും വേണം. ഇവിടെ ഗവൺമെന്റ് എന്താണ് ചെയ്തിട്ടുള്ളത്; ഗവൺമെന്റ് എന്തെങ്കിലും സഹായം ചെയ്തിട്ടുണ്ടോ? തുടങ്ങിയ ചോദ്യങ്ങൾ മറുഭാഗത്തുനിന്നും ചോദിക്കുന്നത് കേട്ടു. ബഹുമാനപ്പെട്ട ശ്രീ. എ. പി. അനിൽ കുമാറിനോട് ചോദിക്കുകയാണ്, അങ്ങേയ്ക്ക് ആരാണ് ഈ നിയമങ്ങളെല്ലാം ഉണ്ടാക്കിയതെന്ന് അറിയാമോ? 1990-ൽ, സഖാവ് ഇ. കെ. നായനാർ മുഖ്യമന്ത്രിയായിരുന്ന സമയത്താണ് ഈ നിയമമുണ്ടാകുന്നത്. അന്ന് കർഷകത്തൊഴിലാളി നിയമം പാസ്സാക്കുന്നത് വിപ്ലവകരമായൊരു മുന്നേറ്റമായിരുന്നു, മണ്ണിൽ പണിയെടുക്കുന്ന കർഷകത്തൊഴിലാളികൾക്കുള്ള അംഗീകാരമായിരുന്നു. അങ്ങനെ അംഗീകാരം കൊടുക്കുന്ന ഒരു നിയമം പാസ്സാക്കിയപ്പോൾ ആ നിയമത്തിന്റെ പിൻബലത്തിൽ പല ആനുകൂല്യങ്ങളും പ്രഖ്യാപിച്ച് കർഷക തൊഴിലാളിയെ അംഗീകരിക്കുന്നതായിരുന്നു ഒന്നാമത്തെ കാര്യം. ആ നിയമം പാസ്സാക്കുന്ന സമയത്ത് അന്നത്തെ പ്രതിപക്ഷനേതാവ് ഇത് പ്രത്യുൽപ്പാദനപരമല്ലാത്ത നിയമമാണെന്നും ഈ പണം കള്ളുകുടിക്കാൻ കൊടുക്കുന്ന പണമാണെന്നും

പറഞ്ഞ് അതിനെ നിസ്സാരവൽക്കരിച്ചില്ലേ?

ശ്രീ. എ. പി. അനിൽകുമാർ: സർ, അങ്ങ് തെറ്റിദ്ധാരണ ഉണ്ടാക്കുകയാണ്. ഈ അടിസ്ഥാന നിയമം യഥാർത്ഥത്തിൽ 1974-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ആക്റ്റുമായി ബന്ധപ്പെട്ടാണ്. 1974-ലെ സി. അച്ചുതമേനോൻ നേതൃത്വം കൊടുത്ത കോൺഗ്രസ് ഗവൺമെന്റാണ് നടപ്പാക്കിയത്. ഈ നിയമംപോലും നിർമ്മിച്ചത് കോൺഗ്രസ് ഗവൺമെന്റാണെന്ന കാര്യം അങ്ങയെ ബോദ്ധ്യപ്പെടുത്തുന്നു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, 1970-ൽ കർഷക തൊഴിലാളി നിയമം പാസ്സാക്കി, 1974-ൽ ഭേദഗതി വരുത്തി, 1990-ലാണ് ക്ഷേമനിധി ബോർഡ് നിലവിൽ വരുന്നത്. ഞാൻ ക്ഷേമനിധി ബോർഡിന്റെ കാര്യമാണ് പറഞ്ഞത്. ക്ഷേമനിധി ബോർഡ് നിലവിൽ വന്നപ്പോൾ കർഷക തൊഴിലാളികൾക്ക് നൽകിയിരുന്ന ആനുകൂല്യം പ്രത്യുൽപ്പാദനപരമല്ലെന്ന് പറഞ്ഞ് തള്ളിക്കളഞ്ഞവരായിരുന്നു അന്നത്തെ യു.ഡി.എഫ്.-കാർ. അന്നത്തെ പ്രതിപക്ഷനേതാവായിരുന്ന കെ. കരുണാകരൻ പ്രത്യുൽപ്പാദനപരമല്ലാത്തതിനാൽ കൊടുക്കേണ്ടതില്ലെന്ന് പറഞ്ഞ് തള്ളിക്കളഞ്ഞതായിരുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, 'പ്രത്യുൽപ്പാദനപരമല്ലെന്ന് പറഞ്ഞു' എന്ന് അങ്ങ് പറഞ്ഞല്ലോ. 1967-ൽ ബഹുമാന്യനായ സഖാവ് ഇ. എം. എസ്. നമ്പൂതിരിപ്പാട് മുഖ്യമന്ത്രിയായിരിക്കുമ്പോൾ, അന്നത്തെ യൂത്ത് കോൺഗ്രസ് പ്രസിഡന്റായിരുന്ന ശ്രീ. എ. കെ. ആന്റണി തൊഴിലില്ലായ്മ വേതനത്തിനുവേണ്ടി അന്നത്തെ മുഖ്യമന്ത്രിക്ക് ഒരു നിവേദനം കൊടുത്തു. അന്ന് അന്നത്തെ മുഖ്യമന്ത്രി ആയിരുന്ന ബഹുമാന്യനായ ഇ. എം. എസ്. നമ്പൂതിരിപ്പാട് പറഞ്ഞത് 'തൊഴിലില്ലായ്മ വേതനം പ്രത്യുൽപ്പാദനപരമല്ല' എന്നായിരുന്നു. അക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? (ബഹളം....)

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, അദ്ദേഹം പറയുന്നത് പച്ച കള്ളമാണ്. അങ്ങനെ പറഞ്ഞിട്ടില്ല, അദ്ദേഹം പറഞ്ഞ കാര്യം പിൻവലിക്കണം....

മി. ചെയർമാൻ: അദ്ദേഹത്തിന്റെ പ്രസ്താവന പരിശോധിക്കുന്നതാണ്. +

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട കെ. ബാബു (തൃപ്പൂണിത്തുറ) സഭയെ തെറ്റിദ്ധരിപ്പിക്കുന്ന പ്രസ്താവനയിറക്കുന്നത് വളരെ ഖേദകരമാണ്. അങ്ങ് കേരളത്തിൽ മന്ത്രിയായി പ്രവർത്തിച്ചയാളാണ്. ഇ. എം. എസ്. നമ്പൂതിരിപ്പാട് തൊഴിലില്ലായ്മ വേതനത്തെക്കുറിച്ച് 'പ്രത്യുൽപാദനപരമല്ല' എന്ന അഭിപ്രായം പറഞ്ഞുവെന്ന് പറയുന്നത്

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നം.17487/ഇ.ബി./2021/നി.സെ. തീയതി 16-102-2021) സഭാരേഖകളിൽ നിലനിർത്തി.

കേരളത്തിന്റെ ചരിത്രത്തിൽ താങ്കൾ മാത്രമാണ്. താങ്കൾമാത്രമാണ് അങ്ങനെയൊരു അഭിപ്രായം ക്വോട്ട് ചെയ്തുപറയുന്നത്. ഒരിക്കലും ഇ.എം.എസ് നമ്പൂതിരിപ്പാട് അത്തരമൊരു പരാമർശം നടത്തിയിട്ടില്ല. ഈ പരാമർശം രേഖയിലുണ്ടാകുവാൻ പാടില്ല. 2011-16-ൽ കേരളം ഭരിച്ചത് യു.ഡി.എഫ്. ഗവൺമെന്റായിരുന്നു. അങ്ങും ആ ഗവൺമെന്റിൽ അംഗമായിരുന്നയാളായിരുന്നു. ആ കാലഘട്ടത്തിൽ കർഷക തൊഴിലാളികളുടെ അധിവർഷാനുകൂല്യത്തിന് എത്ര രൂപകൊടുത്തു; ആ ഗവൺമെന്റിന്റെ ഭരണം അവസാനിക്കുമ്പോൾ 300 കോടിയിൽപ്പരം രൂപ അധിവർഷാനുകൂല്യത്തിൽ കൊടുക്കാൻ ബാക്കിയുണ്ടായിരുന്നു. ആ കാലത്ത് പെൻഷൻ വാങ്ങുന്ന കർഷകത്തൊഴിലാളികൾക്ക് കൊടുക്കേണ്ടിയിരുന്ന അധിവർഷാനുകൂല്യങ്ങൾ നൽകിയിരുന്നില്ല. ആ 180 കോടി രൂപയുടെ കുടിശ്ശിക കൊടുത്തുതീർത്തത് 2016-21 ൽ അധികാരത്തിലുണ്ടായിരുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണെന്നുള്ള കാര്യം താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? (.....ബഹളം.....)

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: സർ, ഞാൻ വഴങ്ങുന്നില്ല. എന്റെ സമയം പോകുകയാണ്. (.....ബഹളം.....)

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ബഹുമാനപ്പെട്ട മുൻമന്ത്രി ശ്രീ. ടി. പി. രാമകൃഷ്ണൻ 1967-ലെ കാര്യം ഞാൻ പറഞ്ഞപ്പോൾ അത് തെറ്റായ കാര്യമാണെന്ന് പറഞ്ഞു. ഈ മന്ത്രിസഭയിലെ ശ്രീ. എ. കെ. ശശീന്ദ്രനെ ഞാൻ ഒരു സാക്ഷിയായി ഹാജരാക്കുകയാണ്. അദ്ദേഹം പറയട്ടെ, അന്ന് അദ്ദേഹം യൂത്ത് കോൺഗ്രസിന്റെ സംസ്ഥാന ഭാരവാഹിയായിരുന്നു. അങ്ങ് പറയൂ, ഞാൻ നുണ പറഞ്ഞിട്ടില്ല. (....ബഹളം.....)

വനം-വന്യജീവി വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): സർ, തൊഴിലില്ലായ്മ വേതനം സംബന്ധിച്ച് അത് പ്രത്യുൽപാദനപരമല്ലാത്ത കാര്യമാണെന്ന് ആരോ പറഞ്ഞതായിട്ട് താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് കെ. കരുണാകരനാണ്. (....ബഹളം.....)

<u>മി. ചെയർമാൻ</u>: ശ്രീ. സി. എച്ച്. കുഞ്ഞമ്പു, അങ്ങേയ്ക്ക് തുടരാം.

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (<u>ശ്രീ. വി. എൻ. വാസവൻ</u>): സർ, ഇവിടെ അദ്ദേഹം സൂചിപ്പിച്ച പ്രത്യുൽപാദനപരമല്ലെന്ന് പറഞ്ഞ

കാര്യം ഒരിക്കലും ശരിയല്ല. 'കേരള സോഷ്യലിസ്റ്റ് യുവജന ഫെഡറേഷൻ' സംസ്ഥാനത്ത് രൂപം കൊള്ളുമ്പോൾ മുന്നോട്ടുവച്ച മുദ്രാവാക്യങ്ങളിലൊന്ന് 'തൊഴിൽ അല്ലെങ്കിൽ തൊഴിലില്ലായ്മ വേതനം' എന്നാണ്. മഹാനായ ഇ.എം.എസ് നമ്പൂതിരിപ്പാടാണ് ആ മുദ്രാവാക്യത്തിന് രൂപം കൊടുത്തത്. (....ബഹളം.....)

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, എന്നെ പ്രസംഗിക്കാൻ അനുവദിക്കുന്നില്ല.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, കേരളത്തിൽ ആദ്യമായി തൊഴിലില്ലായ്മ വേതനം നടപ്പാക്കിയത് ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രി ആയിരിക്കുമ്പോഴാണ്. അത് നിഷേധിക്കാൻ കഴിയുമോ?

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, കർഷക തൊഴിലാളികളുടെ പേരിൽ മുതലക്കണ്ണീരൊഴുക്കി കർഷക തൊഴിലാളികളുടെ രക്ഷകൻ ഞങ്ങളാണെന്ന് പറഞ്ഞ് ചിലയാളുകൾ രംഗത്തുവന്നു. യഥാർത്ഥത്തിൽ കർഷക തൊഴിലാളി ക്ഷേമനിധി ബോർഡും പെൻഷനും ആനുകൂല്യങ്ങളും കോൺഗ്രസ് ഏതെല്ലാം സംസ്ഥാനങ്ങളിൽ ചെയ്തുകൊടുത്തിട്ടുണ്ട്; 2006-11 -ലെ കാര്യം ഇവിടെ പറഞ്ഞു. 2019-20- ലെ ബഡ്ജറ്റിൽ 130

കോടി രൂപയാണ് എൽ.ഡി.എഫ്. ഗവൺമെന്റ് അധിവർഷാനുകൂല്യങ്ങൾ കർഷക തൊഴിലാളികൾക്ക് കൊടുക്കാൻ വേണ്ടി നീക്കിവച്ചത്. 2020-21 -ൽ 50 കോടി രൂപ ബഡ്ജറ്റിൽ ഉൾപ്പെടുത്തി. യു.ഡി.എഫ്. സർക്കാർ എത്ര രൂപയാണ് കർഷക തൊഴിലാളി പെൻഷൻ കൊടുക്കാൻ വേണ്ടി മാറ്റിവച്ചത്; ഒരു രൂപയും നീക്കിവച്ചില്ലെന്ന് മാത്രമല്ല, കുടിശ്ശിക വരുത്തി കർഷക തൊഴിലാളി പെൻഷൻ കൊടുക്കാതെ പാവപ്പെട്ട തൊഴിലാളികൾക്ക് അർഹതപ്പെട്ട ആനുകൂല്യത്തെ ഇല്ലായ്മ ചെയ്യാൻ ശ്രമിച്ചവരാണ് യു.ഡി.എഫ്.-ന്റെ ഭരണം. എന്നിട്ടാണ് ഇപ്പോൾ കർഷകർക്കുവേണ്ടി മുതലക്കണ്ണീർ ഒഴുക്കുന്നത്. ശരിയായ തൊഴിലാളിയെന്ന് പറയുന്നത് കർഷക തൊഴിലാളികളാണ്. കുട്ടികാലം മുതൽ തന്റെ അദ്ധ്വാനശക്തി ഏതുസമയം വരെ വിനിയോഗിക്കാൻ കഴിയുന്നുവോ അത്രയും കാലം മണ്ണിൽ കഠിനാദ്ധ്വാനം ചെയ്ത് വിയർപ്പും ചോരയുമെല്ലാം മണ്ണിലൊഴുക്കി അവിടെ കാർഷിക ഉല്പന്നങ്ങൾ വിളയിച്ച് നാട്ടിലെ മുഴുവൻ ജനങ്ങളെയും തീറ്റിപ്പോറ്റുന്ന കർഷകത്തൊഴിലാളികളാണ് നാട്ടിലെ യഥാർത്ഥ തൊഴിലാളി. അവർക്കല്ലേ പെൻഷനും ആനുകൂല്യങ്ങളും നൽകേണ്ടത്; യു.ഡി.എഫ്. അത് കൊടുത്തില്ല. കൊടുത്തത്

എൽ.ഡി.എഫ്. ആണ്. ഈ നിയമം കൊണ്ടുവന്നതും എൽ.ഡി.എഫ്. ആണ്. എൽ.ഡി.എഫ്.-ന്റെ കാലത്ത് കൊണ്ടുവന്ന നിയമത്തിൽ ഒരു ഭേദഗതി വരുത്തി ആ ഭേദഗതിയിലൂടെ കുറേക്കൂടി ആനുകൂല്യങ്ങൾ കൊടുക്കുകയെന്ന നിലയിലേയ്ക്കാണ് പോകേണ്ടത്. അത് ചെയ്യാൻ യു.ഡി.എഫ്. ഒരിക്കലും തയ്യാറായിട്ടില്ല. കാർഷിക പരിഷ്കരണം കൊണ്ടുവന്നതുമായി ബന്ധപ്പെട്ട് മഞ്ചേരിയിലെ ഒരു പ്രമേയമില്ലായിരുന്നുവെങ്കിൽ, ആകെ അട്ടിമറിക്കപ്പെടുമായിരുന്നുവെന്ന് പറഞ്ഞു. എന്നാൽ ഞാൻ ചോദിക്കട്ടെ, 1936-ൽ കറാച്ചിൽ കോൺഗ്രസിന്റെ ഒരു പ്രമേയമുണ്ടായിരുന്നല്ലോ, ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയാൽ സമഗ്ര കാർഷിക പരിഷ്കരണം. സ്വാതന്ത്ര്യം കിട്ടി എത്രകൊല്ലം കോൺഗ്രസ് ഭരിച്ചു; ബഹുമാനപ്പെട്ട വണ്ടൂർ എം.എൽ.എ., ശ്രീ. എ. പി. അനിൽ കുമാർ. എന്നിട്ട് എന്തേ, കാർഷിക നിയമം പാസ്സാക്കിയില്ല; ഏതെങ്കിലും സംസ്ഥാനത്ത് കാർഷിക പരിഷ്കരണം കൊണ്ടുവന്നോ; സമഗ്രമായ കാർഷിക പരിഷ്കരണം കൊണ്ടുവന്ന ഒരേ ഒരു സംസ്ഥാനം കേരളമാണ്. (....ബഹളം.....) കാർഷിക പരിഷ്കരണ നിയമത്തിന്റെ ബലത്തിൽ കേരള സംസ്ഥാനത്ത് 34 ലക്ഷം കുടുംബങ്ങൾക്ക് സ്വന്തമായി ഭൂമി കിട്ടി. നിങ്ങൾ

ഏതെങ്കിലും സംസ്ഥാനത്ത് കൃഷിക്കാരന് ഭൂമി കൊടുത്തോ; നിങ്ങൾ ഈ കാർഷിക നിയമം പാസ്സാക്കുന്ന സമയത്ത് ആരുടെ കൂടെയായിരുന്നു; കോൺഗ്രസ്സ് ജന്മിമാരുടെ കൂടെ ചേർന്ന് ആ നിയമത്തെ അട്ടിമറിക്കാൻ ശ്രമിച്ചില്ലേ; ആ നിയമത്തെ അട്ടിമറിക്കാൻ ശ്രമിച്ചവരാണ് കോൺഗ്രസുകാർ. കർഷക തൊഴിലാളികളുടെയും, കൃഷിക്കാരന്റെയും കൂടെയായിരുന്നില്ല നിങ്ങൾ. നിങ്ങൾ ജന്മിമാരുടെയും ഭൂപ്രഭുക്കന്മാരുടെയും കൂടെയായിരുന്നു. അവർക്കുവേണ്ടി ഗുണ്ടാപണിയെടുക്കാനാണ് അന്ന് കോൺഗ്രസുകാർ ശ്രമിച്ചത്. അതിന്റെ ഫലമായി കേരളത്തിൽ എത്ര ആളുകൾക്കാണ് ജീവനും സ്വത്തും നഷ്ടപ്പെട്ടത്. എത്രയോ ആളുകൾ കള്ളകേസ്സിൽ കുടുക്കപ്പെട്ടു. എത്രയോ ആളുകളെ രക്തസാക്ഷികളാക്കിയിട്ടുണ്ട്. അങ്ങനെ ത്യാഗപൂർണ്ണമായ പോരാട്ടത്തിന്റെ ഫലമായി നേടിയെടുത്ത ആനുകൂല്യങ്ങളാണ് കാർഷിക പരിഷ്കരണ നിയമമായാലും കർഷക തൊഴിലാളി നിയമമായാലും മറ്റ് ഏത് തൊഴിൽ നിയമമായാലും. അതെല്ലാം കേരളത്തിന്റെ പൊതുവായ സമ്പത്താണ്. അതിന്റെ ഉടമസ്ഥാവകാശം ഇടതുപക്ഷ സർക്കാരിന് മാത്രമാണ്. യു.ഡി.എഫ്.-ന് അതിലൊരു അവകാശവാദവും ഉന്നയിക്കാനില്ല.

അതുകൊണ്ട് യു.ഡി.എഫ്. ഇപ്പോൾ പറഞ്ഞ ന്യായവാദങ്ങളെല്ലാം മുതലക്കണ്ണീരൊഴുക്കൽ മാത്രമാണ്. അതുകൊണ്ടൊന്നും കേരളത്തിലെ കർഷകത്തൊഴിലാളികൾ നിങ്ങളാണ് എല്ലാം ചെയ്തിരിക്കുന്നതെന്ന് തെറ്റിദ്ധരിക്കില്ല. കർഷക തൊഴിലാളിയെന്ന് പറയുന്നത് രാഷ്ട്രീയ പ്രബുദ്ധതയുള്ള ഒരു സമൂഹത്തിന്റെ ഭാഗമാണ്. അവർക്ക് നല്ലതുപോലെ അറിയാം എങ്ങനെയാണ് കേരളം ഇന്നത്തെ നിലയിൽ എത്തിയതെന്ന്. കർഷക തൊഴിലാളികളുടെ അദ്ധ്വാനത്തിന്റെ ഫലമായി കേരളീയ സമൂഹത്തിൽ വലിയ മാറ്റം വന്നിട്ടുണ്ട്. ഇന്ന് കാണുന്ന കേരളത്തെ വാർത്തെടുക്കുന്നതിൽ കർഷകത്തൊഴിലാളികളുടെ സേവനം/ അദ്ധ്വാനം നല്ല തോതിലുണ്ട്. ഇതുപോലെ വരും തലമുറയ്ക്കും ഇത് കൈമാറണം. വരും തലമുറയും ഈ രംഗത്ത് ഉറച്ചുനിൽക്കണം. അല്ലെങ്കിൽ അവർ ഈ രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കപ്പെടണം. അതിനെന്താണ് മാർഗ്ഗമെന്നാണ് നാം കൂട്ടായി ആലോചിക്കേണ്ടത്. കാർഷിക മേഖല നഷ്ടത്തിലാണെന്നും കൃഷിയിലേയ്ക്ക് പോകുന്നതുകൊണ്ട് കാര്യമില്ലെന്ന് തോന്നലുണ്ടാകുകയും, അങ്ങനെ കൃഷിയിൽനിന്നും ആളുകൾ പിന്തിരിയുകയും ചെയ്യുന്നു. കർഷകന്റെ മക്കൾപോലും കാർഷിക രംഗത്തേയ്ക്ക്

വരാൻ തയ്യാറാകുന്നില്ല. കർഷകർ കാർഷിക മേഖലയിൽ നിൽക്കണമെങ്കിൽ കാർഷിക മേഖലയെ സമഗ്രമായി പരിഷ്കരിക്കണം. അഗ്രിടെക്ക് മേഖയിലേയ്ക്ക് ഇതിനെ മാറ്റി കർഷക തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിച്ച് കൂടുതൽ ആനുകൂല്യങ്ങൾ നല്കി ലോകരാഷ്ട്രങ്ങളെല്ലാം ചെയ്യുന്നതുപോലെ കൃഷിയെ അഭിവൃത്തിപ്പെടുത്താനുള്ള നിലയിലേയ്ക്ക് കാര്യങ്ങൾ മാറിയാൽ മാത്രമെ പറ്റുകയുള്ളൂ. അതുകൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിച്ച് വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, 2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) ഭേദഗതി അവതരിപ്പിക്കുന്നു.

ഇവിടെ മുൻ അംഗം പ്രസംഗിച്ചപ്പോൾ കേരളത്തിലെ കർഷക തൊഴിലാളികൾക്കുവേണ്ടി യു.ഡി.എഫ്. അല്ലെങ്കിൽ കോൺഗ്രസ് ഒന്നും ചെയ്തിട്ടില്ല എന്നാണ് പറയുന്നത്. വെറുതെ പുളുവടിക്കരുത്. സത്യം സത്യം തന്നെയാണ്. അത് എല്ലാ രേഖകളും പരിശോധിച്ചാൽ അറിയാം. അതുകൊണ്ടാണല്ലോ ബഹുമാനപ്പെട്ട എ. പി. അനിൽ കുമാർ വഴങ്ങാൻ പറഞ്ഞപ്പോൾ താങ്കൾ വഴങ്ങാതിരുന്നത്.

ഇന്ന് സംസ്ഥാനത്തിന്റെ കാർഷിക മേഖല വലിയ പ്രതിസന്ധിയിലൂടെയാണ് മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നത്. കേരളത്തിലെ കാർഷികരംഗം മറ്റ് സംസ്ഥാനങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമാണ്. ചെറുകിട നാമമാത്ര കർഷകരും താരതമ്യേന കുറഞ്ഞ ഭൂവിസ്തൃതിയുള്ള കൃഷി സ്ഥലങ്ങളും അടങ്ങുന്നതാണ് നമ്മുടെ കാർഷിക രംഗം. അടിക്കടിയുള്ള പ്രളയവും കാലാവസ്ഥാവ്യതിയാനവും കാർഷിക കലണ്ടറിനെ കീഴ്മേൽ മറിച്ചുകളഞ്ഞു. അത് വലിയ ദുരന്തത്തിലൂടെയാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. പ്രകൃതിയെ വിശ്വസിച്ചാണ് കർഷകർ കൃഷി ചെയ്യുന്നത്. ഇന്ന് പ്രകൃതിപോലും കർഷകരോട് ദയ കാണിക്കാത്ത അവസ്ഥയാണ്. എന്തുകൊണ്ടാണ് പ്രകൃതിപോലും കർഷകരോട് ദയ കാണിക്കാത്തത്; അറിഞ്ഞും അറിയാതെയുമൊക്കെ പരിസ്ഥിതിക്ക് കോട്ടം തട്ടുന്ന വിഷയങ്ങളിൽ നമ്മൾ ഇടപെടുന്നതുകൊണ്ടാണ് ദുരിതത്തിലേയ്ക്കും വലിയ പ്രശ്നങ്ങളിലേയ്ക്കും പോകുന്നത്. സർക്കാരും ജനങ്ങളും ശ്രദ്ധിച്ച് മുന്നോട്ട് പോയില്ലെങ്കിൽ കാലാകാലങ്ങളിൽ അത് കർഷകർക്കെന്നല്ല, കേരളത്തിലെ ജനങ്ങൾക്ക് പല ദുരന്തങ്ങൾക്കും കാരണമാകുന്ന വിഷയങ്ങളിലേയ്ക്ക് പോകുന്ന സാഹചര്യമുണ്ടാകും.

പ്രാഥമിക സെക്ടറിൽ വരുന്ന പ്രധാന ആക്ടിവിറ്റിയാണ് കൃഷി. എന്നാൽ കുറെ വർഷങ്ങളായി കാർഷിക പ്രവർത്തനങ്ങൾ ജി.ഡി.പി.-ക്ക് നൽകുന്ന സംഭാവന കുറഞ്ഞുകൊണ്ടിരിക്കുകയാണ്. മറിച്ച് ദ്വിതീയ, തൃതീയ തലത്തിലുള്ള ആക്ടിവിറ്റികൾക്കാണ് കൂടുതൽ പ്രാമുഖ്യവും പ്രാധാന്യവും ലഭിക്കുന്നത്. എംപ്ലോയ്മെന്റ് ജനറേഷന്റെ കാര്യത്തിലും ഈ മാറ്റം പ്രകടമാണ്. പണ്ട് കാർഷിക വൃത്തിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളാണ് ഏറ്റവും കൂടുതൽ തൊഴിൽ നൽകുന്ന മേഖലയായി നിലനിന്നിരുന്നതെങ്കിൽ ഇന്നത് ദ്വിതീയ, തൃതീയ മേഖലകളിലേയ്ക്ക് മാറിയിട്ടുണ്ട്. 1970-71-ൽ കാർഷിക പ്രാധാന്യമുള്ള സാമ്പത്തിക വ്യവസ്ഥയായിരുന്ന നമ്മുടേതെങ്കിൽ 2016-1-ലേയ്ക്ക് എത്തുമ്പോൾ സർവ്വീസ് സെക്ടറിന് പ്രാമുഖ്യം നൽകുന്ന സാമ്പത്തിക വ്യവസ്ഥയിലേയ്ക്ക് നമ്മുടെ സംസ്ഥാനം മാറിയിരിക്കുന്നു. ഭൂമിയുടെ വിനിയോഗം, കൃഷി വിളകളിൽ വന്ന മാറ്റം, കൃഷി രീതിയിൽ വന്ന മാറ്റം, കൃഷിയുടെ അമിതമായ വാണിജ്യവൽക്കരണം, കൃഷിഭൂമിയുടെ ചെറിയ കഷ്ണങ്ങളാക്കിയുള്ള വിഭജനം, കൃഷിയിൽനിന്ന് ലഭിക്കുന്ന ലാഭത്തിന്റെ കുറവ്, തൊഴിലാളികളുടെ അഭാവം, ഇടനിലക്കാരുടെ ചൂഷണം,

ഉൽപ്പാദന-വിതരണ-വിപണന ശൃംഖലയുടെ അഭാവവും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വികസിപ്പിക്കുന്നതിനുള്ള ടെക്നോളജിയുടെയും ഗവേഷണ പ്രവർത്തനങ്ങളുടെയും അഭാവം തുടങ്ങിയ ഒട്ടേറെ കാര്യങ്ങൾ കാർഷിക മേഖലയെ പ്രതിസന്ധിയിലാക്കുന്നു. കർഷകരും കാർഷിക മേഖലയും പരസ്പരപൂരകങ്ങളാണ്. കേരളത്തിലെ കർഷകരിൽ 98 ശതമാനവും ചെറുകിട നാമമാത്ര കർഷകരാണ്. 1970-ൽ കേരളത്തിലെ ആകെ തൊഴിലാളികളുടെ എണ്ണത്തിൽ ഏതാണ്ട് 30 ശതമാനത്തോളം കർഷക തൊഴിലാളികളായിരുന്നു. എന്നാൽ ഇന്ന് ഇതേതാണ്ട് 10 ശതമാനത്തിൽ എത്തിനിൽക്കുന്നതാണ് വിവിധ കണക്കുകളിൽനിന്നും മനസ്സിലാക്കാൻ സാധിക്കുന്നത്. കർഷക തൊഴിലാളികൾക്ക് ലഭിക്കുന്ന വരുമാനത്തിൽ ഒരു സ്ഥിരതയില്ലാത്തതാണ് ഇവരെ ഈ രംഗത്തുനിന്നും പിന്നോട്ട് വലിക്കുന്ന പ്രധാന കാരണം. കാരണം അവർക്ക് ശമ്പളമോ സ്ഥിരമായ വരുമാനമോ ലഭിക്കുന്നില്ല. കർഷകർക്ക് അങ്ങനെയൊരു വരുമാനം കിട്ടാത്തൊരു സാഹചര്യമുണ്ട്. കൃഷി എന്നത് ഒരു സീസൺ ആക്ടിവിറ്റിയായിട്ടാണ് ഇപ്പോഴും കണക്കാക്കിയിട്ടുള്ളത്. എല്ലാ ദിവസവും കർഷക തൊഴിലാളികൾക്ക് വരുമാനവും തൊഴിലും

നൽകുന്നതിനുള്ള പൂർണ്ണമായ തൊഴിലാക്കി കാർഷികവൃത്തിയെ മാറ്റിയെടുത്തെങ്കിൽ മാത്രമേ അവരെ ഈ രംഗത്ത് സജീവമാക്കി നിലനിർത്താൻ സാധിക്കുകയുള്ളൂ. മികച്ച ഉൽപ്പാദനോപാധികളുടെ ലഭ്യതക്കുറവ്, കാർഷിക ഉൽപ്പന്നങ്ങളുടെ വിലക്കുറവ് എന്നിവയാണ് നമ്മുടെ കർഷകർ നേരിടുന്ന പ്രധാന പ്രശ്നം.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ ഇവിടെ 1967-ലെ ഒരു കാര്യം പറഞ്ഞിരുന്നു. അപ്പോഴത് തെറ്റാണെന്ന് പറയുകയുണ്ടായി. ഞാൻ അന്നത്തെ യൂത്ത് കോൺഗ്രസ് പ്രസിഡന്റായിരുന്ന ശ്രീ. എ. കെ. ആന്റണിയോട് ഇപ്പോൾ സംസാരിച്ചു. എറണാകുളം ഗസ്റ്റ് ഹൗസിൽവച്ച് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ സഖാവ് ഇ.എം.എസ്.-ന് നിവേദനം കൊടുത്തു. അതിന് മറുപടിയായി, തൊഴിലില്ലായ്മ വേതനം പ്രായോഗികമല്ല എന്നുപറഞ്ഞ് ഒരു കത്ത് അന്ന് ഇ.എം.എസ്. തന്നിരുന്നു. അതുപോലെ തൊഴിലില്ലായ്മ വേതനം ആദ്യമായി പ്രഖ്യാപിച്ചത് 1977-ലെ ശ്രീ. എ. കെ. ആന്റണി ഗവൺമെന്റാണ്. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. അൻവർ സാദത്ത്: സർ, തീർച്ചയായും. ശ്രീ. എ. കെ. ആന്റണിയെപ്പോലുള്ള നേതാക്കന്മാർ അന്ന് ധാരാളം ഇടപെടലുകൾ നടത്തിയിട്ടുണ്ട്. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. ശ്രീ. എ. കെ. ആന്റണി പറഞ്ഞിട്ടുണ്ടെങ്കിൽ അത് വസ്തുതയാണ്. അത് യാഥാർത്ഥ്യം തന്നെയാണ്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ പറഞ്ഞത് അങ്ങ് കേട്ടില്ലെന്ന് തോന്നുന്നു. പ്രത്യുൽപ്പാദനപരമല്ലാത്ത ഏർപ്പാടെന്ന് കേരളത്തിൽ ആദ്യം പറഞ്ഞത് അക്കാലത്തെ കോൺഗ്രസ്സിന്റെ പ്രമുഖ നേതാവായിരുന്ന കെ. കരുണാകരനാണെന്നും ശ്രീ. എ. കെ. ആന്റണി കൊണ്ടുവന്നതുകൊണ്ടായിരിക്കാം അദ്ദേഹം അങ്ങനെ പറഞ്ഞതെന്നുമാണ് ഞാൻ പറഞ്ഞത്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എ. കെ. ശശീന്ദ്രൻ ഞാൻ പറഞ്ഞ കാര്യം ഇപ്പോഴും നിഷേധിച്ചിട്ടില്ല. ഞാൻ രണ്ട് പ്രാവശ്യം ഇക്കാര്യം പറഞ്ഞപ്പോഴും അന്നത്തെ യൂത്ത് കോൺഗ്രസ്സിന്റെ നേതാവായിരുന്ന ശ്രീ. എ. കെ.

ശശീന്ദ്രൻ ഞാൻ പറഞ്ഞ കാര്യം നിഷേധിച്ചിട്ടില്ല. അക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ആ കത്തിനെ കുറിച്ച് എനിക്കൊന്നുമറിയില്ല. പ്രസ്തുത കത്ത് ഉണ്ടെങ്കിൽ ഹാജരാക്കിയാൽ മതി.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എ. കെ. ശശീന്ദ്രന് അറിയുമല്ലോ, തൊഴിലില്ലായ്മ വേതനം ഇടയ്ക്ക് നിർത്തി വച്ചിരുന്നു. ഞാൻ യൂത്ത് കോൺഗ്രസ്സിന്റെ പ്രസിഡന്റ് ആയിരുന്നപ്പോൾ ഞങ്ങളാണ് കാസർഗോഡുനിന്ന് ജാഥ നടത്തിയത്. ശ്രീ. സണ്ണി ജോസഫ് ഇവിടെ തൊട്ടപ്പുറത്ത് ഇരിക്കുന്നുണ്ട്. അതിന്റെ സാക്ഷികൾ പലരുമുണ്ട്. ആ ജാഥ കുറേ ദൂരം എത്തിക്കഴിഞ്ഞപ്പോൾ, തൃശ്ശൂർ എത്തിയപ്പോഴാണ് തൊഴിലില്ലായ്മ വേതനം പുനരാരംഭിക്കുന്നതിനുവേണ്ടി ഗവൺമെന്റ് തീരുമാനമെടുത്തത്. 1977-ൽ വന്ന ശ്രീ. എ. കെ. ആന്റണി ഗവൺമെന്റാണ് തൊഴിലില്ലായ്മ വേതനം ആരംഭിച്ചത്. അന്ന് ശ്രീ. എ. കെ. ശശീന്ദ്രനടക്കം കേരളത്തിലെ മുഴുവൻ യൂത്ത് കോൺഗ്രസ് നേതാക്കന്മാരും ഒരുപോലെ അതിനെ ശ്ലാഘിച്ചതാണ് എന്നുള്ളത് അങ്ങെങ്കിലും ഓർക്കുക.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, അന്ന് ശ്രീ. എ. കെ. ആന്റണി കൊണ്ടുവന്ന ആ നിയമത്തെ കുറിച്ച് കേരളത്തിൽ അഭിപ്രായം പറഞ്ഞത് താങ്കളും കേട്ടിരിക്കും, അത് കെ. കരുണാകരനാണെന്നാണ് ഞാൻ പറഞ്ഞത്. അത് നിഷേധിക്കുമോ?

<u>ശ്രീ. ജോബ് മൈക്കിൾ</u>: സർ, ഇത് കർഷക തൊഴിലാളി ബില്ലിനെ കുറിച്ചുള്ള ചർച്ചയാണ്, തൊഴിലില്ലായ്മ വേതനത്തെ കുറിച്ചുള്ള ചർച്ചയല്ല. 1980-ൽ ഇ. കെ. നായനാർ മുഖ്യമന്ത്രിയായിരുന്ന കാലഘട്ടത്തിൽ ശ്രീ. എ. കെ. ആന്റണിയുടെ കോൺഗ്രസ് ഉൾപ്പെടെയുള്ള കെ. എം. മാണി ആണ് അന്ന് ബഡ്ജറ്റിൽ കർഷക തൊഴിലാളികൾക്ക് ആദ്യമായി 45 രൂപ ക്ഷേമനിധി പ്രഖ്യാപിച്ചത്. അന്ന് കോൺഗ്രസ്സിന്റെ നേതാക്കന്മാർ ഇത് പ്രത്യുൽപ്പാദനപരമല്ല, ഇത് കൊടുക്കാൻ പാടില്ല, ആളുകളെ മടിയന്മാരാക്കും എന്നു പറഞ്ഞു. പക്ഷേ ഇപ്പോൾ ഈ ചർച്ചയിൽ പങ്കെടുക്കുന്ന ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉൾപ്പെടെയുള്ള നേതാക്കൻമാർ അന്ന് 1980-ൽ ഇ. കെ. നായനാരുടെ മന്ത്രിസഭയിലുള്ള കാലഘട്ടത്തിൽ ആ മുന്നണിയിലായിരുന്നു. ശ്രീ. പി. സി. ചാക്കോ, ശ്രീ. വയലാർ രവി ഉൾപ്പെടെയുള്ളവർ 1980-ൽ ഇടതുപക്ഷ ജനാധിപത്യ

മുന്നണിയിലായിരുന്നു. ഇ. കെ. നായനാരുടെ മന്ത്രിസഭയിൽ 1980-ലാണ് കർഷക തൊഴിലാളിക്ക് ആദ്യമായി പെൻഷൻ ഏർപ്പെടുത്തിയത്. അത് കേരള ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ചത് കെ. എം. മാണിയാണ്. അന്ന് കെ. എം. മാണിയെ കെട്ടിപ്പിടിച്ച് ഇ. കെ. നായനാർ അഭിനന്ദിച്ചതാണ്. ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള കോൺഗ്രസ് പാർട്ടി അന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണിയിലാണ്. കോൺഗ്രസ്സിന്റെ അന്നത്തെ ഒറിജിനൽ ഗ്രൂപ്പുകാരാണ് പറഞ്ഞത്. അതിപ്പോൾ നിങ്ങൾ ആരാണെന്ന് എനിക്കറിയില്ല. ഇത് പ്രത്യുൽപ്പാദനപരമല്ല എന്ന് കെ. കരുണാകരന്റെ നേതൃത്വത്തിലുള്ള ആളുകളാണ് പറഞ്ഞത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടെ പ്രധാനപ്പെട്ട പ്രശ്നം എന്താണ്; അങ്ങ് എല്ലാ കഥയും പറഞ്ഞു. അന്നത്തെ മുഖ്യമന്ത്രിയെയും മറ്റ് ബന്ധപ്പെട്ട ആളുകളെയും കെട്ടിപ്പിടിച്ചവരെ കുറിച്ച് പറഞ്ഞു. പക്ഷേ അന്നത്തെ ലേബർ മിനിസ്റ്റർ ശ്രീ. ആര്യാടൻ മുഹമ്മദായിരുന്നു എന്നുള്ള സത്യം അങ്ങ് മനഃപൂർവ്വം വിട്ടുപോയി. അതുകൂടി ഞാൻ ചരിത്രത്തിന്റെ ഭാഗമായി രേഖപ്പെടുത്തുകയാണ്.

ശ്രീ. അൻവർ സാദത്ത്: സർ, അത് സ്വാഭാവികമാണ്. ഇപ്പോഴൊരു വ്യതിയാനം ഉണ്ടായിട്ടുണ്ടല്ലോ. അപ്പോൾ മറവിയുണ്ടാകും. അദ്ദേഹത്തെ പറഞ്ഞിട്ട് കാര്യമില്ല. പുതിയൊരു വ്യതിയാനത്തിന്റെ ഭാഗമായി മറവിയുണ്ടാകും.

മികച്ച ഉൽപ്പാദന ഉപാധികളുടെ ലഭ്യതക്കുറവും കാർഷിക ഉൽപ്പന്നങ്ങളുടെ വിലക്കുറവുമാണ് കർഷകർ നേരിടുന്ന പ്രധാന പ്രശ്നം. ഇതിനോടൊപ്പം തുടർച്ചയായി ഉണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങൾ, ഉരുൾപ്പൊട്ടൽ അടക്കമുള്ള പ്രകൃതി ദുരന്തങ്ങൾ കർഷകരെ കാർഷിക വൃത്തിയിൽനിന്നും പിന്തിരിപ്പിക്കുന്നുണ്ട്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, സംസാരിച്ച ആൾക്ക് വീണ്ടും സംസാരിക്കാൻ പാടില്ലെന്ന് നിയമമുണ്ടെങ്കിൽ അത് ഏത് റൂളാണ്, ഏത് സെക്ഷനാണെന്ന് പറയൂ. ഇവിടെ അദ്ദേഹം പറയുന്നത് കർഷകനുമായും കൃഷിയുമായും പ്രത്യേകിച്ച് തൊഴിലാളികളുമായും ബന്ധപ്പെട്ട പ്രശ്നങ്ങളാണ്. ഏലം മേഖലയുമായി ബന്ധപ്പെട്ട ഒരു കാര്യമാണ് ഞാൻ ഇപ്പോൾ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ഏലം കർഷകർ ഏറ്റവുമധികമുള്ള സംസ്ഥാനമാണ് കേരളം, പ്രത്യേകിച്ച് മൂന്നാർ

ഭാഗങ്ങളിലൊക്കെ ഏലം കർഷകരുണ്ട്. പക്ഷെ അവർക്ക് ആവശ്യമായ താങ്ങുവില കിട്ടുന്നില്ല, കൂടാതെ, ഓപ്പൺ മാർക്കറ്റിന്റെ അഭാവം, തൊഴിൽ പ്രശ്നങ്ങൾ, വളത്തിന്റെ വില, അപര്യാപ്തമായ ജലസേചന സൗകര്യങ്ങൾ, ഇങ്ങനെ പല കാരണങ്ങൾകൊണ്ട് ഏലം കർഷകർ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നു. മറ്റ് കർഷകരും ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ബഹുമാനപ്പെട്ട അംഗം സി. എച്ച്. കുഞ്ഞമ്പു സംസാരിച്ചപ്പോൾ ഇന്ത്യയിൽ ആദ്യമായി ഭൂപരിഷ്കരണ നിയമം കൊണ്ടുവന്നത് കേരളത്തിലാണെന്നും ഇന്ത്യയിൽ ഒരു സംസ്ഥാനവും അതിനുമുൻപ് ഭൂപരിഷ്കരണ നിയമം പാസ്സാക്കിയിട്ടില്ലെന്നും സൂചിപ്പിച്ചു. എന്റെ ഓർമ്മ ശരിയാണെങ്കിൽ 1951-ൽ ഒന്നാം ഭരണഘടനാ ഭേദഗതി കൊണ്ടുവന്നത് ഒറീസ്സ, രാജസ്ഥാൻ ഉൾപ്പെടെ മൂന്നോ നാലോ സംസ്ഥാനങ്ങൾ ഭൂപരിഷ്കരണ നിയമം പാസ്സാക്കിയത് ഭരണഘടനയുടെ 9-ാം ഷെഡ്യൂളിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടിയാണ്. ഭൂപരിഷ്കരണ നിയമം നടപ്പാക്കുന്നതിനുവേണ്ടി, ഭരണഘടനയിൽ ഉൾപ്പെടുത്തുന്നതിനു വേണ്ടിയാണ് ആദ്യം ഭരണഘടനാ ഭേദഗതി കൊണ്ടുവന്നത്. അദ്ദേഹം

തെറ്റിദ്ധാരണകൊണ്ട് പറഞ്ഞതായിരിക്കും. സി.പി.ഐ.(എം) ഗവൺമെന്റല്ല ഇന്ത്യയിൽ ആദ്യമായി ഭൂപരിഷ്കരണ നിയമം കൊണ്ടുവന്നത്, കോൺഗ്രസ്സ് ഗവൺമെന്റാണ് ഭൂപരിഷ്കരണ നിയമം ഇന്ത്യയിൽ കൊണ്ടുവന്നതെന്ന കാര്യം അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, 1954-ൽ കേരളം രൂപം കൊള്ളുന്നതിനുമുൻപ് മദിരാശി നിയമസഭയിൽ കുടിയാൻ ബിൽ വരികയുണ്ടായി. ആ കുടിയാൻ ബില്ലിൽ ഇതിന് സമാനമായ താൽപ്പര്യമാണ് ഉണ്ടായിരുന്നത്. ഞാൻ പ്രതിനിധീകരിക്കുന്ന തിരൂർ പ്രദേശത്തെ പ്രതിനിധീകരിച്ചുകൊണ്ട് മദിരാശി നിയമസഭയിൽ ഉണ്ടായിരുന്ന കെ. ഉപ്പി സാഹിബ് ആ ബില്ലിനെ അനുകൂലിച്ചുകൊണ്ട് പ്രസംഗിച്ചു. അവിടെയുള്ള സ്പീക്കറും മുഖ്യമന്ത്രിയും അടക്കമുള്ള ആളുകൾ തമാശയ്ക്ക് ചോദിച്ചു, താങ്കൾ ഒരു സമ്പന്ന കുടുംബത്തിൽ നിന്നല്ലേ വരുന്നതെന്ന്. അദ്ദേഹം പറഞ്ഞു, ഞാൻ വരുന്നത് കണ്ണൂരിലെ കോട്ടാൽ തറവാട്ടിൽ നിന്നാണ്. ഞാൻ വിജയിച്ചു വന്നത് തിരൂരിലെ സാധാരണക്കാരുടെ വോട്ട് വാങ്ങിയാണ്. സാധാരണക്കാർക്കും കർഷകർക്കുംവേണ്ടിയാണ് ഞാൻ ഇവിടെ പോരാടുന്നതെന്ന് പറഞ്ഞ ഉപ്പി

സാഹിബിന്റെ ചരിത്രമുണ്ട്. അപ്പോൾ കേരളത്തിലാണ് ഈ ബിൽ ആദ്യം വന്നതെന്ന വാദം നിരർത്ഥകമാണ്, മദിരാശി നിയമസഭയിൽ ഇതിന് സമാനമായ ബിൽ പാസ്സാക്കിയിട്ടുണ്ട് അത് താങ്കൾക്ക് അറിയാമോ?

ശ്രീ. അൻവർ സാദത്ത്: സർ, ഇതെല്ലാം വ്യക്തമായ കാര്യങ്ങൾ തന്നെയാണ്. ഇവിടെ ശ്രീ. സി. എച്ച്. കുഞ്ഞമ്പു എം.എൽ.എ.-യും ശ്രീ. എ. പി. അനിൽ കുമാർ എം.എൽ.എ.-യും ഇവിടെ പറഞ്ഞല്ലോ, അത് അദ്ദേഹത്തിന്റെ തെറ്റിദ്ധാരണയല്ല, അവരുടെ പാർട്ടിയെടുക്കുന്ന സ്റ്റഡി ക്ലാസ്സുകളുണ്ട്, നമ്മുടെ ഗോവിന്ദൻമാഷിനെപ്പോലെയുള്ളവർ പാർട്ടി സ്റ്റഡി ക്ലാസ്സിൽ പറയുന്ന കാര്യങ്ങൾ, പണ്ട് സ്റ്റഡി ക്ലാസ്സിൽ കേട്ട കാര്യങ്ങൾ ഇവിടെ വന്ന് പറയുന്നതാണ്, അദ്ദേഹത്തെ പറഞ്ഞിട്ട് കാര്യമില്ല. പാർട്ടി കൊടുത്ത സ്റ്റഡിക്ലാസ്സിൽ കൂടുതൽ പറയാൻ പാടില്ല.

ഇതോടൊപ്പം തന്നെ മലയോരമേഖലയിലെ കർഷകർ ഇന്ന് വന്യജീവികളുടെ അക്രമണങ്ങൾ നിരന്തരമായി നേരിടുന്നുണ്ട്. കൃഷി ചെയ്യുന്നത് കർഷകർ, വിള എടുക്കുന്നത് വന്യജീവികൾ എന്നതാണ് ഇവിടുത്തെ സ്ഥിതി. അത് വളരെ ദയനീയമാണ്. ഇതിനെയൊക്കെ നിയന്ത്രിക്കേണ്ടതും അതിൽ ഇടപെടേണ്ടതും സർക്കാരുകളാണ്. ആ

സർക്കാർ ഇതിൽ പല വീഴ്ചകളും വരുത്തുന്നു. ഈ പ്രതിസന്ധി തരണം ചെയ്യുന്നതിന് കൂടുതൽ നടപടികൾ വേണം. കർഷകർ ഉണ്ടായാൽ മാത്രമേ കർഷകത്തൊഴിലാളികൾ ഉണ്ടാകുകയുള്ളൂ, അതുകൊണ്ട് ഈ വിഷയത്തിൽ ഇടപെടലുകൾ വേണം. കാർഷികരംഗത്ത് സർക്കാരിന്റെ മൂലധന നിക്ഷേപം കൂടുതലായി വർദ്ധിപ്പിക്കണം, എങ്കിൽ മാത്രമെ കൃഷി ആദായകരമായ ഒരു തൊഴിലാക്കി മാറ്റുന്നതിന് സാധിക്കുകയുള്ളൂ. പ്രകൃതിക്ഷോഭം, വരൾച്ച തുടങ്ങിയ കാരണങ്ങൾമൂലമുണ്ടാകുന്ന കൃഷി നാശത്തിന് കൃത്യമായ നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ വേണം. ഇതിനാവശ്യമായ നിയമനിർമ്മാണം നടത്തണം, എന്നാൽ മാത്രമെ കർഷകത്തൊഴിലാളികൾ ഉണ്ടാകുകയുള്ളൂ. ഇത്തരം സന്ദർഭങ്ങളിൽ കർഷകത്തൊഴിലാളികളുടെ തൊഴിൽനഷ്ടവും വേതനനഷ്ടവും കണക്കിലെടുത്ത് പ്രത്യേക സാമ്പത്തിക സഹായം നൽകി സഹായിക്കേണ്ടത് കർഷകത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം വലിയ ആശ്വാസമാണ്. ഈ ബില്ലിന്റെ ഭാഗമായി അത്തരം വ്യവസ്ഥകൾകൂടി ഏർപ്പെടുത്തണമെന്നാണ് സൂചിപ്പിക്കാനുള്ളത്. കൃഷിയുടെ സമഗ്ര വികസനം ലക്ഷ്യമിട്ടുള്ള നടപടികൾ സ്വീകരിക്കണം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കണം.

ജൈവോൽപ്പന്ന ഉപാധികളുടെ ഗുണമേന്മ ഉറപ്പാക്കുന്നതിനുള്ള സംവിധാനങ്ങൾ രൂപപ്പെടുത്തണം. ഭൂപ്രകൃതിയും ആവശ്യകതയും അനുസരിച്ചുള്ള കേന്ദ്രീകൃതമായ പദ്ധതി ആവിഷ്കരിക്കണം. ജലസ്രോതസ്സുകളുടെ ഫലപ്രദമായ ഉപയോഗത്തിന് കനാൽ പ്രവർത്തനങ്ങളുടെ ഏകീകരണത്തിനും നടപടികൾ വേണം. മാറുന്ന കാലാവസ്ഥയ്ക്ക് അനുസൃതമായ കൃഷി രീതികളും വിത്തിനങ്ങളും പരിപാലനങ്ങളും ആവിഷ്കരിക്കണം. എന്നാൽ മാത്രമെ കർഷകത്തൊഴിലാളികൾക്ക് തൊഴിലവസരം ഉണ്ടാകുകയുള്ളൂ.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.......പ്ലീസ് കൺക്ലൂഡ്..... ചെയർ രാവിലെ ഉണ്ടാക്കിയ ധാരണയുണ്ട്, 15 മിനിറ്റ് കഴിഞ്ഞു.

ശ്രീ. അൻവർ സാദത്ത്: സർ, ഇതിന് സമയനിയന്ത്രണമൊന്നുമില്ല, എനിക്ക് ഇത് സംസാരിച്ച് തീർക്കണം, ഞാൻ സംസാരിക്കട്ടെ. തൊഴിലുറപ്പ് പദ്ധതി വന്നതോടെ കുറച്ച് മാറ്റം വരുത്താൻ സാധിച്ചെങ്കിലും കാതലായ പല പ്രശ്നങ്ങളും ഇന്നും ഇവർ അഭിമുഖീകരിക്കുന്നുണ്ട്. മണ്ണിൽ പൊന്ന് വിളയിക്കുന്ന സൈനികരാണ് നമ്മുടെ കർഷകരും കർഷകത്തൊഴിലാളികളും. അവരുടെ പ്രശ്നങ്ങൾക്ക് മുഖ്യ പരിഗണന

നൽകിക്കൊണ്ടുള്ള പദ്ധതികളും സ്കീമുകളും ഇനിയുംകൂടുതൽ നടപ്പിലാക്കേണ്ടതുണ്ട്. കാലഘട്ടത്തിന്റെ പുതിയ വെല്ലുവിളികൾ നേരിടാൻ കർഷകത്തൊഴിലാളികളെ പ്രാപ്തമാക്കണം. പുതിയ കൃഷി രീതികളെക്കുറിച്ചും കാർഷിക പ്രവർത്തനങ്ങളെക്കുറിച്ചും വിളവെടുപ്പ് രീതികളെക്കുറിച്ചും ഇവർക്ക് വ്യവസ്ഥാപിതമായ മാർഗ്ഗത്തിലൂടെ പ്രായോഗിക പരിശീലനങ്ങളും അവബോധങ്ങളും നൽകണം. അതിന് പ്രത്യേക പദ്ധതി ഉണ്ടാകണം. കാർഷിക ഉൽപ്പന്നങ്ങളുടെ മെച്ചപ്പെട്ട വിളവും ഉൽപ്പാദനവും വർദ്ധിപ്പിക്കുന്നതിന് കർഷകത്തൊഴിലാളികൾക്ക് നിർണ്ണായകമായ പങ്കുണ്ട്. കാർഷിക പ്രവർത്തനങ്ങൾക്കിടെ പല കർഷക തൊഴിലാളികൾക്കും ആരോഗ്യപരമായ പല പ്രശ്നങ്ങളും നേരിടേണ്ടി വരും. ഇവരുടെ ആരോഗ്യ പരിരക്ഷണത്തിന് പ്രത്യേക നടപടി ഉണ്ടാകേണ്ടതുണ്ട്. ഇവർക്കായി പ്രത്യേക ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കണമെന്ന് ഈ സമയത്ത് ഞാൻ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുന്നു. കാലം തെറ്റിയ മഴയും അതിവർഷവും പ്രളയവും കാരണം കേരളത്തിലെ സവിശേഷമായ കാർഷിക കലണ്ടറിന് വലിയ മാറ്റം സംഭവിച്ചിട്ടുണ്ട്. ഇത് തരണം ചെയ്യുന്നതിനുള്ള നടപടി വേണം, കാലാവസ്ഥാ ശാസ്ത്രജ്ഞരേയും പാരിസ്ഥിതിക കാർഷിക

വിദഗ്ധരേയും കോർത്തിണക്കിക്കൊണ്ട് ഇതിനാവശ്യമായ ഗവേഷണ പഠനങ്ങളും പ്രവർത്തനങ്ങളും വേണം. കർഷകർ പുഷ്ടിപ്പെട്ടാൽ മാത്രമെ, കർഷകർ രക്ഷപ്പെട്ടാൽ മാത്രമെ സ്വാഭാവികമായും കർഷകത്തൊഴിലാളികൾക്ക് തൊഴിലവസരങ്ങൾ ഉണ്ടാകുകയുള്ളൂ.

ശ്രീ. എ. എൻ. ഷംസീർ: സർ, കാർഷിക മേഖലയെക്കുറിച്ച് അങ്ങ് ആത്മരോഷം കൊള്ളുന്നത് കണ്ടു, നിങ്ങൾ കർഷകർക്കുവേണ്ടി സംസാരിക്കുന്നത് സന്തോഷകരമായ കാര്യമാണ്. കാർഷിക മേഖലയുടെ തകർച്ചയ്ക്ക് കാരണമായ 1990-കളുടെ തുടക്കത്തിലെ എൽ.പി.ജി. എന്ന മൂന്ന് അക്ഷരത്തിൽ നടപ്പിലാക്കിയ ആഗോളവൽക്കരണ നയം നിങ്ങളുടെ പാർട്ടിയാണ് നടപ്പിലാക്കിയതെന്ന കാര്യത്തിൽ താങ്കളുടെ അഭിപ്രായമെന്താണ്?

ശ്രീ. അൻവർ സാദത്ത്: സർ, ആർക്കാണ് ആഗോളവൽക്കരണത്തിന്റെ ഗുണം ലഭിക്കുന്നത്, നിങ്ങളൊക്കെ തന്നെയല്ലേ അത് ഇപ്പോൾ അനുഭവിക്കുന്നത്, നിങ്ങളുടെ ഗവൺമെന്റ് തന്നെയാണ് അത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഇതൊക്ക ഡയലോഗിൽ മാത്രമെയുള്ളൂ.

ഞാൻ ഒന്നു രണ്ട് കാര്യങ്ങൾകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. ഇവിടെ ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ സൂചിപ്പിച്ച, മുല്ലപ്പെരിയാർ വിഷയം, വലിയ പ്രതിസന്ധിയിലൂടെ നമ്മൾ മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നു.

ശ്രീ. പി. നന്ദകുമാർ: സർ, കർഷക സമരം നടക്കുന്ന കാലഘട്ടമാണിത്, കേരളത്തിലെ ഏതെങ്കിലും കോൺഗ്രസ്സിന്റെ എം.പി.-മാർ എതിർത്തുവോ, ഒരു ഡിവിഷൻ ആവശ്യപ്പെട്ടോ, കർഷക സമരത്തെക്കുറിച്ച് പാർലമെന്റിൽ നിങ്ങളുടെ സമീപനമെന്തായിരുന്നു?

ശ്രീ. അൻവർ സാദത്ത്: സർ, ഇപ്പോഴുള്ള കർഷകസമരത്തിൽ ഗവൺമെന്റിനെതിരെ ശക്തമായ നിലപാടാണ് കോൺഗ്രസ്സിന്റെ എം.പി.-മാർ എടുത്തത്, നിങ്ങൾ വെറുതെ തെറ്റിദ്ധരിപ്പിക്കരുത്, വളരെ ശക്തമായ നിലപാടെടുത്തുതന്നെയാണ് മുന്നോട്ടുപോകുന്നതെന്നതിൽ യാതൊരു സംശയവുമില്ല. എന്തിനാണ് വെറുതെ തെറ്റിദ്ധരിപ്പിക്കുന്നത്?

ശ്രീ. എ. പി. അനിൽ കുമാർ: സർ, കർഷകസമരം നടന്നുകൊണ്ടിരിക്കുമ്പോൾ പാർലമെന്റിൽ ഉൾപ്പെടെ അതിന് ഏറ്റവും വലിയ പിന്തുണ നൽകിയത് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സും അതിന്റെ

നേതാക്കളുമാണ്. സി.പി.ഐ.(എം)-ന്റെ കിസാൻ സഭയുടെ നേതാവും പ്ലാനിംഗ് ബോർഡ് അംഗവുമായ ശ്രീ. രാംകുമാർ ഈ കർഷക സമരത്തിനെതിരെ ശക്തമായി പ്രതികരിച്ച്, അതിനെതിരായി ഇത് ബൂർഷ്വകളുടെ സമരമാണെന്ന് പറഞ്ഞത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. അൻവർ സാദത്ത്: സർ, തീർച്ചയായും, അത് കാലത്തിനനുസരിച്ച് മാറുന്ന പാർട്ടിയല്ലേ സി.പി.ഐ.(എം). സ്വാഭാവികമായും അതുണ്ടാകും. അതിൽ നമ്മൾ തെറ്റിദ്ധരിച്ചിട്ട് കാര്യമില്ല. ഞാൻ അവസാനിപ്പിക്കുകയാണ്.

മി. ചെയർമാൻ: അങ്ങ് ഇനിയും വഴങ്ങിയാൽ ഏറെ സമയമെടുത്തു, നമുക്ക് പരസ്പര ധാരണയുടെ അടിസ്ഥാനത്തിൽ സമയക്ലിപ്തത പാലിക്കാം.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ഒന്നാം യു.പി.എ. സർക്കാർ നടപ്പിലാക്കിയ ഗാട്ട് കരാർ അടക്കമുള്ള കരാറുകളാണ് ഭാരതത്തിലെ കർഷകരുടെ നട്ടുവൊടിച്ചതെന്ന കാര്യം അങ്ങേയ്ക്ക് അറിയാവുന്നതല്ലേ?

ശ്രീ. അൻവർ സാദത്ത്: സർ, ബഹുമാനപ്പെട്ട അംഗം പി. വി. ശ്രീനിജിൻ അന്ന് ആ സമയത്ത് പറഞ്ഞില്ല. ഇന്നത്തെ സാഹചര്യത്തിൽ

സ്വാഭാവികമായും പറയും. അത് ഞാൻ മനസ്സിലാക്കുന്നു. ഞാനത് ക്ഷമിക്കുന്നു.

മുല്ലപ്പെരിയാറിലെ ജലനിരപ്പ് ഓരോ ദിവസവും ഉയരുകയാണ്. നാല് ജില്ലകളിലെയും ജനങ്ങൾ വലിയ ആശങ്കയിലാണ്. നമുക്കറിയാം എല്ലാവർഷവും ഇതുപോലെ ജലനിരപ്പ് ഉയരുമ്പോൾ ജനങ്ങൾ ആശങ്കയിലാണ്. അത് വലിയ പ്രതിസന്ധിയിലേയ്ക്ക് പോകുന്നു. അപ്പോൾ അതാത് കാലങ്ങളിലെ സർക്കാരും അപ്പോഴത്തെ മുഖ്യമന്ത്രിയും അല്ലെങ്കിൽ അവിടെ ഭരണത്തിന് നേതൃത്വം കൊടുക്കുന്ന ഭരണാധികാരികളോ പറയും ആശങ്ക വേണ്ട, ആശങ്ക വേണ്ടായെന്ന്. എന്നാലും അവിടെയുള്ള ജനങ്ങളുടെ മനസ്സിൽ ആശങ്ക ഇന്നും നിലനിൽക്കുകയാണ്. അതിനാൽ ഇതിനൊരു ശാശ്വതപരിഹാരമാണ് വേണ്ടത്. ആ ശാശ്വതപരിഹാരം ഒരുമിച്ചിരുന്ന് എടുക്കാനുള്ള സാഹചര്യമുണ്ടാകണം. മുല്ലപ്പെരിയാർ ഡാമിന്റെ കാര്യത്തിൽ ആശങ്ക വേണ്ടെന്നും സോഷ്യൽ മീഡിയായിൽ അനാവശ്യരീതിയിലുള്ള പ്രചരണങ്ങൾ നടത്തുന്നതിനെതിരെ നടപടിയെടുക്കുമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ദിവസം ഇവിടെ പറഞ്ഞു. അതെല്ലാം നമ്മൾ സ്വാഗതം ചെയ്യുന്നു. സോഷ്യൽ മീഡിയയിൽ അനാവശ്യപ്രചരണം നടത്തുന്നത്

ശരിയല്ല. എന്നിരുന്നാലും ജനങ്ങളുടെ ആശങ്ക എന്നത് ഒരു വസ്തുതയാണ്. ഇതിനൊരു പരിഹാരം കണ്ടെത്തണമെന്നും ഈ വിഷയത്തിൽ ഇടപെടണമെന്നും ആവശ്യപ്പെട്ട് കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്.

മി.ചെയർമാൻ:പ്ലീസ് കൺക്ലൂഡ്...

ശ്രീ. അൻവർ സാദത്ത്: സർ, ഇപ്പോഴത്തെ തമിഴ്നാട് മുഖ്യമന്ത്രി ശ്രീ. എം. കെ. സ്റ്റാലിൻ വളരെ ജനകീയനായ മുഖ്യമന്ത്രിയാണ്. ജനങ്ങളുടെ വികാരമറിഞ്ഞ്, ജനപക്ഷത്തുനിന്നും പ്രവർത്തിക്കുന്ന ജനങ്ങളെ ഉൾക്കൊള്ളുന്ന ഒരു മുഖ്യമന്ത്രിയാണദ്ദേഹം. അതിനാൽ അദ്ദേഹത്തിന് കേരളത്തിലെ ഈ 4 ജില്ലകളിലേയും ജനങ്ങളുടെ വികാരം മനസ്സിലാക്കാൻ സാധിക്കുമെന്നാണ് എന്റെ വിശ്വാസം.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.... പ്ലീസ് കൺക്ലൂഡ്....

ശ്രീ. അൻവർ സാദത്ത്: സർ, തമിഴ്നാട് മുഖ്യമന്ത്രിയും അദ്ദേഹത്തെപോലെയുള്ള ആളുകളും ഇടപെട്ടുകൊണ്ട് കേരളത്തിലെ ജനങ്ങളുടെ വിഷയങ്ങൾക്ക് ശാശ്വതമായൊരു പരിഹാരം

കണ്ടെത്തണമെന്നാണ് അവസരത്തിൽ ഓർമ്മപ്പെടുത്താനുള്ളത്. ഇക്കാര്യത്തിൽ ഒരുമിച്ചൊരു മുന്നേറ്റം ആവശ്യമാണ്. കാരണം നമുക്ക് ഇപ്പോൾ പ്രശ്നമില്ലായിരിക്കും. പക്ഷേ, വരുന്ന തലമുറയ്ക്ക് ഇത് ഭീഷണിയാണെന്ന കാര്യത്തിൽ യാതൊരു സംശയും വേണ്ട. അതുകൊണ്ട് അടിയന്തരമായി ഒരു പുതിയ ഡാം നമുക്ക് നിർമ്മിക്കണം. അത് നമ്മളെല്ലാവരും ആഗ്രഹിക്കുന്നൊരു കാര്യമാണ്.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്....

ശ്രീ. അൻവർ സാദത്ത്: സർ, അതിനായി ഗവൺമെന്റ് പ്രത്യേകം ഇൻഷ്യേറ്റീവ് എടുത്ത് പുതിയ ഡാം നിർമ്മിച്ച് കേരളത്തിലെ നാല് ജില്ലകളിലെ ജനങ്ങളുടെ ആശങ്ക പരിഹരിക്കാൻ കേരളത്തിലെ ഗവൺമെന്റും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഇടപെടണമെന്ന് ഞാൻ ഈ അവസരത്തിൽ ഗവൺമെന്റിനോട് ആവശ്യപ്പെടുകയാണ്. മുല്ലപ്പെരിയാർ ഡാം എന്നുകേൾക്കുമ്പോൾ നമ്മൾ ഞെട്ടിയുണരുന്ന അല്ലെങ്കിൽ നമ്മുടെ മക്കൾ പേടിക്കുന്നൊരു സാഹചര്യമാണ് ഇവിടെയുള്ളത്. അതിന് ശാശ്വതമായ പരിഹാരം ഗവൺമെന്റ് ഉണ്ടാക്കണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്.

മി. ചെയർമാൻ: പ്ലീസ്... അവസാനിപ്പിക്കൂ...കൺക്ലൂഡ് ചെയ്യൂ..

ശ്രീ. അൻവർ സാദത്ത്: സർ, അവസാനിപ്പിക്കുകയാണ്. ഇവിടെ നേരത്തെ കർഷകത്തൊഴിലാളികളെക്കുറിച്ച് സൂചിപ്പിച്ചു.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം ഇനിയും ദീർഘിപ്പിക്കരുത്.

ശ്രീ. അൻവർ സാദത്ത്: സർ, കർഷകരും കർഷകത്തൊഴിലാളികളും അംശദായം അടയ്ക്കുന്നു. ഗവൺമെന്റിന്റെ അംശദായം മാത്രം കൂട്ടുന്നില്ല, 5 രൂപ അടയ്ക്കുന്നത്. പാവപ്പെട്ട കർഷകത്തൊഴിലാളികൾക്ക് പെൻഷനും ആനുകൂല്യവും ലഭിക്കാൻ ഗവൺമെന്റിന്റെ അംശദായം വർദ്ധിപ്പിക്കണമെന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്.

മി. ചെയർമാൻ: പ്ലീസ്... പ്ലീസ്....

ശ്രീ. അൻവർ സാദത്ത്: സർ, ഗവൺമെന്റ് എന്തുകൊണ്ട് ഗവൺമെന്റിന്റെ അംശദായം കൂട്ടുന്നില്ല. അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇവിടെ അവതരിപ്പിച്ച ഈ ബില്ലിലെ വ്യവസ്ഥകൾ കൊണ്ട് കർഷകത്തൊഴിലാളികൾ അനുഭവിക്കുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ സാധിക്കില്ല. അതിന് അവർക്കർഹമായ വേതനവും വരുമാനം ഉറപ്പുവരുത്തുന്നതിനുള്ള....

മി. ചെയർമാൻ: ശ്രീ. നജീബ് കാന്തപുരത്തിന് 2021-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്. (...ബഹളം....)

ശ്രീ. അൻവർ സാദത്ത്: സർ, ഇത് ശരിയാവില്ല. ഇതെന്റെ അവകാശമാണ്. (...ബഹളം....)

മി. ചെയർമാൻ: 24 മിനിട്ടായി. (...ബഹളം....)

ശ്രീ. അൻവർ സാദത്ത്: സർ, ഇതെന്റെ റൈറ്റാണ്.

മി. ചെയർമാൻ: ചെയർ പറയുന്നത് കേൾക്കു. റൈറ്റാണെന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ ഇന്ന് 5 ബില്ലാണ് ചർച്ചയ്ക്കെടുത്തത്. അതുകൊണ്ട് ശരാശരി 15 മിനിട്ട് എന്നൊരു ധാരണ രാവിലെ മുതൽ തന്നെ ചെയർ ഉണ്ടാക്കിയതാണ്. നിങ്ങളുടെ അവകാശം നിഷേധിക്കുകയല്ല. 24 മിനിട്ടായി അങ്ങ് സംസാരിക്കുന്നു. ചെയർ നിങ്ങൾക്ക് പൂർണ്ണമായും അവകാശം അനുവദിച്ചിരിക്കുകയാണ്. അതുകൊണ്ട് കൺക്ലൂഡ് ചെയ്യാം.

ശ്രീ. അൻവർ സാദത്ത്: സർ, നറുക്കിട്ട് കിട്ടിയ എന്റെ റൈറ്റാണ്. അത് സംരക്ഷിക്കേണ്ട ഉത്തരവാദിത്വം ചെയറിനുണ്ട്.

മി. ചെയർമാൻ: തീർച്ചയായും. അതാണ് സംരക്ഷിച്ചത്. ബഹുമാനപ്പെട്ട അംഗം 24 മിനിട്ടുവരെ സംസാരിച്ചു. ബഹുമാനപ്പെട്ട അംഗത്തിന്റെ എല്ലാ അവകാശവും സംരക്ഷിച്ചുകൊണ്ടുതന്നെയാണ് ചെയർ നിലപാടെടുത്തിട്ടുള്ളത്.

ശ്രീ. അൻവർ സാദത്ത്: സർ, അവർക്ക് അർഹമായ വേതനവും വരുമാനവും ഉറപ്പുവരുത്താനുള്ള വ്യവസ്ഥകൾകൂടി ഈ ബില്ലിൽ ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

Shri Najeeb Kanthapuram: Sir, I move that-

"This House resolves to disapprove the Kerala Labour Welfare Fund (Amendment) Ordinance, 2021 (Ordinance No. 120 of 2021)"

നാട്ടിലെ തൊഴിലാളി സമൂഹം ഒരു അഗ്നിപർവ്വതത്തിന് മുകളിലൂടെയാണ് സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്. നമുക്കെല്ലാവർക്കുമറിയാം തൊഴിൽ സുരക്ഷിതത്വം എന്ന ആശയം പൂർണ്ണമായും നഷ്ടപ്പെട്ട സാഹചര്യമാണുള്ളത്. കേന്ദ്ര സർക്കാർ അടിക്കടി ചുട്ടെടുക്കുന്ന തൊഴിലാളി വിരുദ്ധനിയമങ്ങൾ ഉത്കണ്ഠപ്പെടുത്തുന്നതും ആശങ്കപ്പെടുത്തുന്നതുമാണ്.

കഴിഞ്ഞ ഒരു വർഷത്തിനിടയിൽ, കോവിഡിന്റെ കാലഘട്ടത്തിൽപോലും പാർലമെന്റ് സമ്മേളിച്ചത് പൂർണ്ണമായും തൊഴിലാളി വിരുദ്ധനിമയങ്ങൾ ഉണ്ടാക്കാൻ വേണ്ടി മാത്രമാണെന്ന് തോന്നുംവിധമാണ് ഇവിടെ കാര്യങ്ങൾ നടന്നിരുന്നത്. നമുക്കെല്ലാവർക്കുമറിയാം സമരങ്ങൾ പൂർണ്ണമായും അവസാനിക്കുകയാണ്. സ്ഥാപനങ്ങളിൽ തൊഴിലാളികളുടെ അവകാശങ്ങൾക്കുവേണ്ടി സംസാരിക്കാൻപോലും കഴിയാത്തവിധം തൊഴിൽമേഖലയെ പൂർണ്ണമായും കുച്ചുവിലങ്ങിടുന്ന നിയമങ്ങളാണ് വിവാദ തൊഴിൽകോഡുകൾ പാസ്സാക്കിക്കൊണ്ട് പാർലമെന്റ് കൊണ്ടുവന്നതെന്ന് നമുക്കെല്ലാവർക്കുമറിയാവുന്ന കാര്യമാണ്. ചെറുകിട-വൻകിട സ്ഥാപനങ്ങളിലെ തൊഴിലാളികളെല്ലാം ഒരുപോലെ അരക്ഷിതാവസ്ഥയിലൂടെ മുന്നോട്ടുപോകുന്ന സാഹചര്യമാണുള്ളത്. എന്നാൽ കോവിഡ്കൂടി വന്നതിനുശേഷം രാജ്യത്ത് രൂപപ്പെട്ടിരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യം, Centre For Monitoring Indian Economy എന്ന ഏജൻസിയുടെ അന്വേഷണത്തിൽ കാണിക്കുന്നത് 2020 ആഗസ്റ്റ് വരെ മാത്രം 65 ശതമാനം തൊഴിൽനഷ്ടം ചില മേഖലകളിലുണ്ടായി എന്നാണ്. കേരളത്തിലേയ്ക്ക് വന്നാൽ വളരെ ഭയപ്പെടുത്തുന്നൊരു കണക്കാണ് കാണാൻ

സാധിക്കുന്നത്. വളരെ വലിയ തൊഴിൽ നഷ്ടം ഉണ്ടാകുന്നുണ്ട്. പല തൊഴിൽ മേഖലയിലും കണക്കെടുക്കുമ്പോൾ 30 ലക്ഷത്തോളം ആളുകൾ കേരളത്തിൽ തൊഴിൽരഹിതരായിട്ടുണ്ടെന്ന ഞെട്ടിക്കുന്ന യാഥാർത്ഥ്യം നമ്മുടെ മുന്നിൽ നിൽക്കുകയാണ്. കേരളത്തിലെ എല്ലാ മേഖലകളിലും പ്രത്യേകിച്ച് നമ്മുടെ എസ്റ്റേറ്റ് മേഖലകളിലും കാർഷിക മേഖലകളിലും വ്യാവസായിക മേഖലകളിലുമെല്ലാം വലിയ തോതിലുള്ള തൊഴിൽ നഷ്ടമാണ് ഉണ്ടായിട്ടുള്ളത്. മാത്രമല്ല, നമ്മൾ മനസ്സിലാക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യം  നാട്ടിൽ ഒരുപാട് പുതിയ തൊഴിൽമേഖലകൾ വന്നുകൊണ്ടിരിക്കുന്നു എന്നതാണ്. തൊഴിലാളികൾക്ക് ഒരു തൊഴിലിൽ മാത്രം നിൽക്കാൻ കഴിയാത്തൊരു സാഹചര്യം നിലനിൽക്കുകയാണ്.  ഈ ഒരു ഘട്ടത്തിൽ തൊഴിലാളി ക്ഷേമനിധി എന്നുപറയുന്നത് വളരെ പ്രധാനപ്പെട്ടൊരു ആശയവും കാര്യവുമാണ്. 1975-ൽ ഈ നിയമം വന്നെങ്കിലും 1977-ൽ ബോർഡ് നിലവിൽ വന്നതിനുശേഷം പലതരത്തിലുള്ള പരിഷ്കരണങ്ങളിലൂടെ നമ്മൾ കടന്നുവന്നിട്ടുണ്ട്. എന്നാൽ ഏറ്റവും ദുഃഖകരമായ കാര്യം കേന്ദ്ര സർക്കാരിനെക്കുറിച്ച് പറയുമ്പോൾ നരേന്ദ്രമോദി സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട അജണ്ട എന്നുപറയുന്നത് കോർപ്പറേറ്റ്

താല്പര്യമാണ്. ആ സർക്കാർ 11 കമ്പനികൾക്കുവേണ്ടിയാണ് ഇൻഡ്യ ഭരിക്കുന്നതെന്ന് നമുക്കെല്ലാവർക്കുമറിയാവുന്ന കാര്യമാണ്. കോർപ്പറേറ്റുകളുടെ കീശയിലെ ഒരു പ്രധാനമന്ത്രിയാണ് ഇൻഡ്യയ്ക്കുള്ളത് എന്നത് ഏറ്റവും സങ്കടകരമായ ഈ അവസ്ഥയിൽ നമ്മളെല്ലാവരും ഒരുപോലെ പറയുന്നൊരു കാര്യമാണ്. എന്നാൽ ഏറ്റവും സങ്കടകരമായ കാര്യമതല്ല. കേരളത്തിലെ ഇടതുപക്ഷം ഭരിക്കുന്ന കാലത്ത് നമ്മൾ ഒരു നിയമം ഈ സഭയിൽ കൊണ്ടുവരുമ്പോൾ ആ നിമയത്തിന് മോദിയുടെ ഛായയുണ്ട് എന്നുപയുന്നതിൽ എനിക്ക് ദുഃഖമുണ്ട്. കാരണം, ഇവിടെ പാസ്സാക്കുന്ന, ചർച്ചയ്ക്കെടുക്കുന്ന ഈ നിയമത്തിലെ പ്രധാനപ്പെട്ട നിർദ്ദേശം തൊഴിലാളി വിരുദ്ധമാണെന്ന് പറയാതിരിക്കാൻ കഴിയില്ല. ഈ ബില്ലിലെ ഉദ്ദേശകാരണങ്ങളുടെ വിവരണം പറയുമ്പോൾ അതിൽപറയുന്നത് തൊഴിലാളി അടയ്ക്കേണ്ട അംശാദായം 4 രൂപയിൽനിന്നും 45 രൂപയായി ഉയർത്തി എന്നതാണ്. അംശദായം അടയ്ക്കുന്ന കാര്യത്തിൽ തൊഴിലാളി അടയ്ക്കുന്നതിന്റെ നേരെ ഇരട്ടിയാണ് സാധാരണ തൊഴിലുടമ അടയ്ക്കാറുള്ളത്. ഈ നിയമത്തിന്റെതന്നെ മൂലനിയമത്തിൽ 1975-ലെ കേരള തൊഴിലാളി ക്ഷേമനിധി ആക്ടിൽ പറയുന്നത്.....

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, ഈ തൊഴിലാളി ക്ഷേമനിധി ബോർഡ് കേരളത്തിലെ തൊഴിലാളികളുടെ ചരിത്രത്തിൽ ഏറ്റവും പ്രധാനപ്പെട്ടൊരു ബോർഡാണ്. എന്നാൽ അത് അങ്ങേയറ്റം തകർച്ചയുടെ പാതയിൽ എത്തിയപ്പോൾ ആ ബോർഡിനെ പുനരുജ്ജീവിപ്പിക്കാനും തൊഴിലാളികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാനും തീരുമാനമെടുത്ത് തൊഴിലാളി ആനുകൂല്യങ്ങളും വർദ്ധിപ്പിച്ചുതുടങ്ങി. ഇതിന്റെയെല്ലാം ഭാഗമായി ക്ഷേമനിധി ബോർഡുമായി ബന്ധപ്പെട്ട ഈ പ്രശ്നത്തിൽ ആ ബോർഡിനകത്ത് പ്രാതിനിധ്യം വഹിക്കുന്ന എല്ലാ ട്രേഡ് യൂണിയൻ സംഘടനകളുടെയും ഏകീകൃത അഭിപ്രായത്തെ തുടർന്നാണ് ഈ അംശദായം വർദ്ധിപ്പിക്കാൻ തീരുമാനമെടുത്തത്. മോദിമയം ഉണ്ടെന്ന് താങ്കൾ പറഞ്ഞതുകൊണ്ടാണ് ഈ കാര്യം ഞാൻ ഓർമ്മിപ്പിക്കുന്നത്. എല്ലാ ട്രേഡ് യൂണിയൻ സംഘടനകളും ഒരുമിച്ചെടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയ ഭേദഗതിയാണിത്. ആ യാഥാർത്ഥ്യം മറന്നുകൊണ്ട് ഇതിന് വേറെ രീതിയിലുള്ള ഒരു രാഷ്ട്രീയ ഛായ കൊടുക്കുന്നത് ഈ ബില്ല് ആർക്കുവേണ്ടിയാണോ അവതരിപ്പിക്കുന്നത്, ആ വിഭാഗത്തോടുള്ള നീതിയാണോ?

ശ്രീ. നജീബ് കാന്തപുരം: സർ, ഞാൻ വളരെ സന്തോഷത്തോടെ പറയുന്നൊരു കാര്യം, ബഹുമാന്യനായ ടി. പി. രാമകൃഷ്ണൻ ട്രേഡ് യൂണിയൻ രംഗത്ത് മികവുള്ള ഒരു നേതാവാണ്. അദ്ദേഹം സംസാരിച്ച പോയിന്റിലേയ്ക്കല്ല ഞാൻ വന്നത്. 4 രൂപ 45 രൂപയാക്കിയത് തൊഴിലാളി സംഘടനകളുടെ ഏകീകൃതമായ അഭിപ്രായത്തിന്റെ പുറത്താണെങ്കിൽ സ്വാഗതാർഹം. പക്ഷേ അതല്ല ഇവിടുത്തെ പ്രശ്നം. സ്വാഭാവികമായും 45 രൂപ തൊഴിലാളി അടയ്ക്കുമ്പോൾ, നേരത്തെയുള്ള നിയമത്തിന്റെ ഭാഗമായി 4 രൂപ തൊഴിലാളി അടയ്ക്കുമ്പോൾ 8 രൂപ തൊഴിലുടമ അടച്ചിരുന്നു. എന്നാൽ ഈ നിയമത്തിൽ തൊഴിലാളി വിരുദ്ധമായി ഞാൻ കാണുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യം 45 രൂപ തൊഴിലാളി അടയ്ക്കുമ്പോൾ തൊഴിലുടമയും 45 രൂപയാണ് അടയ്ക്കുന്നത്. അത് ഏറ്റവും കുറഞ്ഞത് 90 രൂപയായി മാറേണ്ടിയിരുന്നതിനുപകരം തൊഴിലുടമയ്ക്കുവേണ്ടി നിലപാടെടുത്തു.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഇക്കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം വേണ്ടത്ര മനസ്സിലാക്കാത്തതുകൊണ്ട് തോന്നുന്നതാണ്. അവിടെയുള്ള യഥാർത്ഥ പ്രശ്നം എന്താണെന്ന് നോക്കാം. ഉടമാവിഹിതം അടയ്ക്കുന്നതിനെക്കുറിച്ച് ദീർഘകാലം ചർച്ച നടത്തി ഈ ബില്ലിന്റെ ഭേദഗതി

കൊണ്ടുവരാൻപോലും കഴിയാത്ത സ്ഥിതിയിലേയ്ക്ക് വന്നു. അവസാനം തൊഴിലാളി സംഘടനകളും തൊഴിലുടമാ സംഘടനകളുമായി വീണ്ടും ചർച്ച നടത്തി അഭിപ്രായ സമന്വയത്തിലെത്തുകയായിരുന്നു. തൊഴിലാളി വിഹിതമെത്രയെന്ന് തീരുമാനിച്ചു, ഇതിന്റെ ഗുണഫലം ലഭ്യമാകേണ്ടതും ആനുകൂല്യം ലഭ്യമാകേണ്ടതും തൊഴിലാളിക്കാണ്. തകർന്നുപോകുന്ന ഒരു ക്ഷേമനിധി ബോർഡിനെ സംരക്ഷിക്കുകയും തൊഴിലാളികളുടെ ആനുകൂല്യം വർദ്ധിപ്പിക്കലുമാണ് ലക്ഷ്യം. ഈ കാര്യത്തിൽ പ്രായോഗികമായ നിലപാട് എങ്ങനെ സ്വീകരിക്കാമെന്നതിനെക്കുറിച്ച് ഉടമാ പ്രതിനിധികളും തൊഴിലാളി പ്രതിനിധികളും ഒന്നിച്ചിരുന്ന് ചർച്ച നടത്തി ഏകീകരിച്ച അഭിപ്രായത്തിൽ എത്തിയതിനുശേഷമാണ് ഈ ഭേദഗതി കൊണ്ടുവന്നത് എന്നതാണ് യാഥാർത്ഥ്യം.

ശ്രീ. നജീബ് കാന്തപുരം: സർ, ഇത് കേവലം തൊഴിലാളി സംഘടനകൾമാത്രം ചർച്ച ചെയ്ത് തീർക്കേണ്ട വിഷയമല്ല. തൊഴിലാളികൾക്ക് കിട്ടേണ്ട ആനുകൂല്യങ്ങൾ കുറയുന്നുവെന്ന വളരെ ഗുരുതരമായ വിഷയമാണ് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നത്.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, യഥാർത്ഥത്തിൽ എസ്.റ്റി.യു. നേതാക്കന്മാരോടെങ്കിലും ഇക്കാര്യം സംസാരിക്കേണ്ടതായിരുന്നു. അന്നത്തെ തൊഴിൽ വകുപ്പുമന്ത്രി കൂടിയായ ശ്രീ. ടി.പി. രാമകൃഷ്ണൻ ഇവിടെ കാര്യങ്ങൾ പറഞ്ഞുകഴിഞ്ഞു. കേരളത്തിലെ ഈ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഉൾപ്പെട്ടിട്ടുള്ള ഉടമകളെ സംബന്ധിച്ചും നിങ്ങൾ പഠിക്കേണ്ടതാണ്. കാരണം ഒരു ഉടമയ്ക്ക് അടയ്ക്കേണ്ടി വരുന്നവരുടെ എണ്ണം എത്രയാണെന്നും അതുകൊണ്ട് ഞങ്ങൾക്ക് അടയ്ക്കാൻ കഴിയുന്നതല്ലെന്നുമുള്ള നിലയിൽ, ദീർഘകാലമായി ഉടമകൾ ഒരേ നിലപാടിലായിരുന്നു. ഈ സാഹചര്യത്തിലാണ് ചർച്ചചെയ്ത് ഉടമാ വിഹിതം എട്ടുരൂപയെന്നത് നാൽപ്പത്തഞ്ച് രൂപയാക്കുന്ന രീതിയിൽ അവരെ എത്തിച്ചുകൊണ്ട് തൊഴിലാളിക്ക് ഗുണകരമാകുന്ന ഈ ഭേദഗതി നടപ്പിലാക്കുന്നതിനുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോയത്. ഇതിന്റെ ഗുണം ലഭ്യമാകുന്നത്, യഥാർത്ഥത്തിൽ തൊഴിലാളിക്കാണ്. തൊഴിലാളികൾക്ക് കിട്ടേണ്ട ഗുണഫലം വർഷങ്ങളായി നീണ്ടുപോകുന്ന സാഹചര്യം ഒഴിവാക്കിക്കൊണ്ടുതന്നെ ഇരുവിഭാഗത്തിനും സ്വീകാര്യമായ ഒരു പൊതുധാരണയുണ്ടാക്കിക്കൊണ്ടാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, തീർച്ചയായും ഇക്കാര്യത്തിൽ തൊഴിലുടമകളുമായി അത്തരത്തിലുള്ള ഒരു ചർച്ച നടക്കുന്നത് നിയമസഭയ്ക്ക് പുറത്താണ്. ഇവിടെ ഏറ്റവും പ്രധാനപ്പെട്ട കാര്യം തൊഴിലാളിക്ക് അൽപ്പംകൂടി ആനുകൂല്യം ലഭ്യമാകണമെന്നാണ്. 4 രൂപയിൽനിന്നും 45 രൂപയാകുന്നത് എത്ര വർഷങ്ങൾക്കുശേഷമാണ്. തൊഴിൽ സുരക്ഷിതത്വം പൂർണ്ണമായും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഒരുകാലത്ത്, തൊഴിൽ മേഖലയിൽ വളരെ വലിയ തിരിച്ചടികൾ നേരിട്ടുകൊണ്ടിരിക്കുന്ന ഈ സമയത്ത് തീർച്ചയായും തൊഴിലാളിയുടെ ഏക ആശ്രയമെന്ന് പറയുന്നത് അവർ ഇതുവരെ അടച്ചുവരുന്ന ഒരു ക്ഷേമനിധി മാത്രമായിരിക്കും. അങ്ങനെയുള്ള ഒരു സാഹചര്യത്തിൽ അവർക്ക് കൂടുതൽ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ എന്തെല്ലാം കാര്യങ്ങൾ നമുക്ക് കൊണ്ടുവരാൻ സാധിക്കുമെന്നതിനെക്കുറിച്ചാണ് ഇവിടെ ആലോചിക്കേണ്ടത്. കോവിഡ് മഹാമാരിയോടനുബന്ധിച്ച് തൊഴിൽ മേഖലയിലുണ്ടായിട്ടുള്ള വളരെ ഗുരുതരമായതും വിപുലമായതുമായ തൊഴിൽ നഷ്ടത്തെ വളരെ ഗൗരവത്തോടെ കണ്ടുകൊണ്ട് കുറച്ചുകൂടി അവധാനതയോടെ ഈ ബിൽ കൊണ്ടുവരേണ്ടതായിരുന്നുവെന്ന എന്റെ വിയോജിപ്പ് ഞാൻ ഇവിടെ

അറിയിക്കുകയാണ്, അത് എന്റെ അവകാശവുമാണ്.

അതോടൊപ്പം പറയാനുള്ള പ്രധാനപ്പെട്ട കാര്യമുണ്ട്, നമ്മുടെ നാട്ടിൽ ഇപ്പോൾ അസംഘടിത മേഖലയിൽ വളരെ ഗുരുതരമായ ചൂഷണം നടക്കുന്നുണ്ടെന്നത് എല്ലാവരും അറിഞ്ഞിരിക്കേണ്ടതാണ്. സംഘടിത മേഖലയിലും ഇതേ പ്രശ്നമുണ്ട്. റെസ്റ്റോറന്റുകളോട് ചേർന്ന് ഇപ്പോൾ വിതരണശൃംഖല ആരംഭിച്ചിരിക്കുകയാണ്. ഈ മേഖലയിലേയ്ക്ക് ഒട്ടേറെ പുതിയ തൊഴിലാളികൾ വന്നുകൊണ്ടിരിക്കുകയാണ്. വലിയ കോർപ്പറേറ്റ് ഏജൻസികൾ ഉൾപ്പെടെ പ്രസ്തുത മേഖലയിലേയ്ക്ക് കടന്നുവന്നിരിക്കുന്നു. ആ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾ ഉൾപ്പെടെ നമ്മുടെ മുന്നിലുണ്ട്. അതുപോലെ നവകാലഘട്ടത്തിന്റെ ഭാഗമായി വരുന്ന, തൊഴിൽ മേഖലകളിലെ അസംഘടിതരായിത്തീരുന്ന തൊഴിലാളികളെയുൾപ്പെടെ ക്ഷേമനിധിയിലേയ്ക്ക് കൊണ്ടുവരാനുള്ള നിർദ്ദേശംകൂടി ഈയൊരു ഘട്ടത്തിൽ ഉൾപ്പെടുത്തേണ്ടതായിരുന്നുവെന്ന കാര്യംകൂടി സൂചിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഈ ബില്ലിന്റെ അവതരണവേളയിൽ പറഞ്ഞ ഒരു പ്രധാനപ്പെട്ട കാര്യമുണ്ട്, അത് ഈ ബില്ലിന്റെതന്നെ ഒരു സവിശേഷതയായി അദ്ദേഹം പറഞ്ഞത് വളരെ ചെറിയ ക്ലറിക്കലായ ചില

മാറ്റങ്ങൾ മാത്രമെ പ്രസ്തുത ബില്ലിൽ പറയുന്നുള്ളൂവെന്നാണ്. എന്നാൽ ഞാൻ അങ്ങനെ വിചാരിക്കുന്നില്ല. വളരെ ഗഹനായ ചില മാറ്റങ്ങൾതന്നെയാണ് ഇവിടെ നിർദ്ദേശിക്കപ്പെടേണ്ടിയിരുന്നത്. ഇത്രയുംകാലത്തിനുശേഷം നമ്മൾ ഒരു പരിഷ്കാരം കൊണ്ടുവരികയാണ്. അപ്പോൾ അത് ഏറ്റവും ചുരുങ്ങിയത്, കുറച്ച് വർഷങ്ങൾകടി മുന്നിൽ കണ്ടുകൊണ്ട് വേണമായിരുന്നു എന്നതാണ് എന്റെ അഭിപ്രായം. അസംഘടിതമേഖലയിലെ ഇ.എസ്.ഐ.-യുമായി ബന്ധപ്പെട്ട് ധാരാളം അനോമലികൾ നിലനിൽക്കുന്ന സമയമാണ്. നമ്മുടെ പല തൊഴിലാളികൾക്കും ഇ.എസ്.ഐ. ആനുകൂല്യം ലഭ്യമാകുന്നില്ല. കേന്ദ്ര സർക്കാരിന്റെ നിലപാടെന്ന് പറയുന്നത്, തൊഴിലാളി സമൂഹത്തെ പൂർണ്ണമായും അരക്ഷിതാവസ്ഥയിലേയ്ക്ക് കൊണ്ടുപോകുന്നതാണ്. ആ നിലപാട് കേന്ദ്ര സർക്കാരെടുക്കുമ്പോൾ അതിനെ പൂർണ്ണമായും മറികടക്കാനുള്ള ഒരു ശേഷിയാണ് കേരളംപോലുള്ള, മാതൃകയാകേണ്ട ഒരു സംസ്ഥാനത്തുനിന്നും ഉണ്ടാകേണ്ടിയിരുന്നത്, അതുണ്ടാകുന്നില്ലെന്നതാണ് ഞാൻ ഇവിടെ സൂചിപ്പിച്ച പ്രധാനപ്പെട്ട കാര്യം.

കോവിഡാനന്തരം കടന്നുവന്നിട്ടുള്ള പ്രവാസി സമൂഹത്തിന്റെ തിരിച്ചുവരവാണ്, വളരെ ഗൗരവമേറിയ വിഷയമാണത്. കേരളത്തെ

സംബന്ധിച്ചിടത്തോളം ഏറ്റവും കൂടുതൽ നിലനിൽക്കുന്നത് പ്രവാസി സമൂഹത്തിന്റെ ശക്തികൊണ്ടാണ്. എന്നാൽ നമ്മുടെ നട്ടെല്ലായ ആ പ്രവാസികൾ ജോലിയെല്ലാം നഷ്ടപ്പെട്ട് തിരിച്ചുവന്നിരിക്കുകയാണ്, ഏതെങ്കിലും തരത്തിലുള്ള പുതിയ സംവിധാനങ്ങൾ തുടങ്ങുമ്പോൾ അവരെക്കൂടി പ്രത്യേകമായി കണക്കിലെടുക്കണം. തീർച്ചയായും ഈ ബില്ലിന്റെ പരിധിയിലേയ്ക്ക് കൊണ്ടുവരാവുന്ന തരത്തിൽ അവരെക്കൂടി തൊഴിലാളി ക്ഷേമനിധിയുടെ ഭാഗമാക്കാനുള്ള ആലോചന ഉണ്ടാകേണ്ടിയിരുന്നുവെന്ന നിർദ്ദേശംകൂടി വയ്ക്കുകയാണ്. പൊതുവായി പറയാനുള്ള കാര്യം, കേരളത്തിലെ പുതിയ സാഹചര്യത്തിൽ നമ്മുടെയെല്ലാം തൊഴിൽമേഖല അരക്ഷിതമായിക്കൊണ്ടിരിക്കുന്ന കാലത്ത് സ്വകാര്യ മേഖലയിലെ ആളുകളോട് സർക്കാർ നിരവധി കാര്യങ്ങൾ നിർദ്ദേശിക്കുകയാണ്. എന്നാൽ സർക്കാരിന്റെ കൈവശമുള്ള, പബ്ലിക് സെക്ടറിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ മാസങ്ങളായി ശമ്പളം നൽകാത്ത എത്രയോ സ്ഥാപനങ്ങളുണ്ട്, മാസങ്ങളായി പി.എഫ്. വിഹിതം അടയ്ക്കാത്ത, തൊഴിലാളികളുടെ ആനുകൂല്യങ്ങൾ മാസങ്ങളായി നൽകാത്ത എത്രയോ സ്ഥാപനങ്ങളുണ്ട്. ഈയൊരു കാര്യം ചർച്ച ചെയ്യുമ്പോൾ

അതുകൂടി ഗൗരവമായിത്തന്നെ ഉൾപ്പെടുത്തേണ്ടതാണെന്ന കാര്യംകൂടി ഇവിടെ അറിയിച്ചുകൊണ്ട് നിരാകരണപ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ ഈ ഓർഡിനൻസിനെ എതിർക്കുകയാണ്. കേരള സംസ്ഥാനത്തെ തൊഴിലാളികളുടെ ക്ഷേമതാത്പര്യം സംരക്ഷിക്കുകയെന്ന ലക്ഷ്യം മുൻനിർത്തി 1975-ൽ സർക്കാർ പാസാക്കിയ കേരള തൊഴിലാളി ക്ഷേമനിധി നിയമത്തിന്റെ അടിസ്ഥാനത്തിൽ 1977 മേയ് ദിനത്തിലാണ് കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് നിലവിൽ വന്നത്. 1948-ലെ ഫാക്ടറീസ് നിയമം സെക്ഷൻ 2-ൽ പറയുന്ന തൊഴിലാളികളും 1951-ലെ പ്ലാന്റേഷൻ ആക്ടിന്റെ പരിധിയിൽവരുന്ന തൊഴിലാളികളും 1975-ലെ കേരള തൊഴിലാളി ക്ഷേമനിധി നിയമം സെക്ഷൻ 2F-ൽ വരുന്ന തൊഴിലാളികളുമാണ് ഈ ക്ഷേമനിധിയുടെ പരിധിയിൽ വരുന്നത്. ഓരോ തൊഴിലാളിയും അർദ്ധവാർഷിക വിഹിതമായി 50 പൈസയും ഒരു തൊഴിലാളിക്കുവേണ്ടി തൊഴിലുടമ അർദ്ധവാർഷിക വിഹിതമായി ഒരു രൂപയും ബോർഡിലേയ്ക്ക് അടയ്ക്കുന്ന തരത്തിലായിരുന്നു വ്യവസ്ഥ. പിന്നീട് 1986-ൽ ഇത് ഇരട്ടിയാക്കി വർദ്ധിപ്പിച്ച് യഥാക്രമം ഒരുരൂപയും രണ്ടു രൂപയുമാക്കി വർദ്ധിപ്പിച്ചു,

ഇതൊക്കെ നേരത്തെ സൂചിപ്പിച്ചുകഴിഞ്ഞതാണ്. ഇതോടൊപ്പം ക്ഷേമനിധിയിൽ ഉൾപ്പെടുന്നതിനുള്ള വരുമാനപരിധി 750 രൂപവരെയെന്നത് 2500 രൂപവരെയാക്കി ഉയർത്തുക, വിവിധതരം പ്ലാന്റേഷനിൽ ജോലിക്കാരായ തൊഴിലാളികളെ ക്ഷേമനിധിയുടെ പരിധിയിൽ കൊണ്ടുവരിക, നിശ്ചിത തീയതിക്ക് മുൻപ് തൊഴിലാളിയുടെ വിഹിതം തൊഴിലുടമ അടയ്ക്കാതെവന്നാൽ തൊഴിലുടമയിൽനിന്നും ഈടാക്കുന്ന പിഴ സിമ്പിൾ ഇന്ററസ്റ്റ് എന്നതിൽനിന്നും 9 ശതമാനമാക്കി ഉയർത്തുക തുടങ്ങിയ തൊഴിലാളി സൗഹൃദ ഭേദഗതികൾ അന്ന് ഉൾപ്പെടുത്തിയിരുന്നു. 1994-ലെ തൊഴിലാളി വിഹിതവും തൊഴിലുടമ വിഹിതവും വീണ്ടും ഇരട്ടിപ്പിച്ച് യഥാക്രമം 4 രൂപയും അത് 8 രൂപയുമാക്കി. എന്നാലിപ്പോൾ തൊഴിലാളി സർക്കാരെന്ന് അവകാശപ്പെടുന്ന നമ്മുടെ സർക്കാർ തൊഴിലാളി വിഹിതം പതിനൊന്നര ഇരട്ടിയിലധികമാക്കി വർദ്ധനവ് വരുത്തിയപ്പോൾ തൊഴിലുടമ വിഹിതത്തിൽ 5 ശതമാനം മാത്രമാണ് വർദ്ധനവ് വരുത്തിയതെന്നതാണ് വിമർശനം. ഈ ഭേദഗതി തൊഴിലാളി വിരുദ്ധമാണ് എന്നതാണ് എന്റെ വിമർശനം. ബിൽ പരിശോധിച്ചാൽ നമുക്ക് മനസിലാകുന്നത് അംശദായം വർദ്ധിപ്പിച്ചതല്ലാതെ

മറ്റൊന്നും ഇതിൽ പരാമർശിച്ചിട്ടില്ല. ഈ കോവിഡ് കാലത്ത് തൊഴിലും വരുമാനമില്ലാതെ നട്ടംതിരിഞ്ഞിരിക്കുന്ന വിഭാഗങ്ങൾ ഏറ്റവും കൂടുതൽ ദുരിതം അനുഭവിക്കുന്നത് തൊഴിലാളി വിഭാഗങ്ങൾ തന്നെയായിരിക്കും. മാത്രമല്ല അംശദായം വർദ്ധിപ്പിച്ചതല്ലാതെ ആനുകൂല്യങ്ങളുടെ കാര്യത്തിലൊന്നും ഇതിന് ആനുപാതികമായ വർദ്ധനവ് വരുത്തുന്നതിനെപ്പറ്റി മിണ്ടിയിട്ടുമില്ല. തൊഴിലാളികളെ തല്ലിയും മുതലാളിമാരെ തലോടിയും കൊണ്ടുള്ള ഒരു ഭേദഗതി, തൊഴിലാളികളെ ഫണ്ട് ഉണ്ടാക്കാനുള്ള കറവപ്പശുക്കളായി കാണുന്നതായാണ് എനിക്ക് തോന്നുന്നത്. കോവിഡ് കാലയളവിൽ തങ്ങൾ അനുഭവിച്ച യാതനകൾക്കും പട്ടിണികൾക്കും പരിഹാരം ഉണ്ടാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വിവിധ തൊഴിലാളി സംഘടനകൾ നിവേദനങ്ങളുമായി മന്ത്രി മന്ദിരങ്ങൾ കയറി ഇറങ്ങുകയാണ്. അവർക്ക് തൊഴിൽ ദിനങ്ങൾ ഉറപ്പുവരുത്തുന്നതിനോ അവരുടെ തൊഴിൽ നഷ്ടത്തിന് പരിഹാരമുണ്ടാക്കുന്നതിനോ പദ്ധതികളൊന്നും ആവിഷ്കരിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. ഒരു തൊഴിലാളിക്ക് ഏറ്റവും കുറഞ്ഞത് തൊഴിലുറപ്പ് തൊഴിലാളിക്ക് ലഭിക്കുന്ന തൊഴിൽ ദിനങ്ങളെങ്കിലും ഉറപ്പുവരുത്തുന്ന നടപടികൾ

സ്വീകരിക്കണമെന്നതാണ് എനിക്കൊരു നിർദ്ദേശമായി പറയാനുള്ളത്. ഇത്തരത്തിലുള്ളൊരു ഭേദഗതിയായിരുന്നു വേണ്ടത്. തൊഴിലില്ലായ്മയും നവലിബറൽ ഭരണ രാഷ്ട്രീയത്തിന്റെ തൊഴിലാളി വിരുദ്ധ നയങ്ങളുമെല്ലാം ശക്തമാകുന്ന കാലത്തിനോടൊത്തുചേർന്ന് കേരളത്തിലെ എൽ.ഡി.എഫ്. സർക്കാർ സിവിൽ സർവ്വീസിനെ ദുർബലപ്പെടുത്താനും downsize ചെയ്യാനുമുള്ള ശ്രമങ്ങൾതന്നെയാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ആനുകൂല്യങ്ങളും തൊഴിൽ സുരക്ഷയുമെല്ലാം കാറ്റിൽ പറത്തി നിരവധി സർക്കാർ കാര്യാലയങ്ങളിൽ സർക്കാർ ജോലി വൻതോതിൽ സ്വകാര്യ കമ്പനികൾക്ക് outsource ചെയ്യുന്നതിനുള്ള അടിസ്ഥാനം എന്താണ്; ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് ഉൾപ്പെടെ ഒട്ടേറെ വകുപ്പുകൾ ഉൾപ്പെടെ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കാതെ കരാർ തൊഴിലാളികളെ കുത്തിനിറച്ച് തൊഴിലവകാശങ്ങളെ ഈ സർക്കാർ ക്രൂരമായി വഞ്ചിച്ചുകൊണ്ടിരിക്കുന്നുവെന്നത് നമുക്ക് കാണാൻ കഴിയുന്നു. പല വകുപ്പുകളിലും സ്ഥിരം സ്വീപ്പർമാരുടെ നിയമനം അവസാനിപ്പിച്ചിരിക്കുകയാണ്. പകരം ദിവസവേതനാടിസ്ഥാനത്തിൽ സ്വീപ്പർമാരെ നിയമിച്ചുകൊണ്ട് സാമൂഹ്യ-സാമ്പത്തിക

പിന്നാക്കാവസ്ഥയുള്ളവർക്ക് തൊഴിൽ സുരക്ഷിതത്വം ലഭിക്കാൻ സാധ്യമായി നിൽക്കുന്ന അപൂർവ്വം തസ്തികകളിൽ ഒന്നായ സ്വീപ്പർ തസ്തികയ്ക്ക് ചരമക്കുറിപ്പ് എഴുതിയിരിക്കുന്ന സർക്കാർ നയമാണ് നമുക്കിപ്പോൾ കാണാൻ കഴിയുന്നത്. സർക്കാർ ജോലി സ്വകാര്യ കമ്പനികൾക്ക് outsource ചെയ്യുമ്പോൾ അതിന്റെ വമ്പൻ ശമ്പളമുള്ള ചുരുക്കം ചില തസ്തികകൾ വളഞ്ഞ വഴിയിലൂടെ സർക്കാർ ഉന്നതർ തങ്ങളുടെ സ്വന്തക്കാർക്കായി തരപ്പെടുത്തി എടുക്കുന്ന നാണംകെട്ട കഥകളും ഇപ്പോൾ പുറത്തുവരികയാണ്. നല്ലൊരു തൊഴിൽ സംസ്കാരവും തൊഴിൽ അനുകൂല സാഹചര്യവും ഒരുക്കുന്നതിൽ സർക്കാർ തീർത്തും പരാജയപ്പെട്ടിരിക്കുകയാണ്. സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ആനുകൂല്യം അനുകൂല സാഹചര്യം സംബന്ധിച്ച് റാങ്കിംഗ് ആയ ease of doing business റാങ്കിംഗിൽ കഴിഞ്ഞ ഏതാനും വർഷമായി കേരളം പിന്നോട്ട് പോയികൊണ്ടിരിക്കുന്നു. 2015-ൽ 15-ാം സ്ഥാനത്തും 2016-ൽ 20-ാം സ്ഥാനത്തും 2017-ൽ 21-ാം സ്ഥാനത്തും ഏറ്റവുമൊടുവിൽ 2019-ൽ 28-ാം സ്ഥാനത്തേയ്ക്കുമാണ് തള്ളപ്പെട്ടത്. ഇത് പരാജയത്തിന്റെ ഉദാഹരണമാണ്. തൊഴിൽ അനുകൂല സാഹചര്യങ്ങളില്ലാത്ത സംരംഭകർ

എങ്ങനെയാണ് മുതൽ മുടക്കുന്നത്; സംരംഭങ്ങളില്ലാതെ എങ്ങനെയാണ് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നത്; ഇതൊക്കെ ഈ സർക്കാരിന്റെ സംരംഭ വിരുദ്ധ നയത്തിന്റെ ഉദാഹരണങ്ങളാണ്. ചില വ്യവസായികൾ കുറെ വ്യവസായങ്ങൾ ഇതുമായി ബന്ധപ്പെട്ട് നടത്തിയ കാര്യങ്ങളെക്കുറിച്ച് സൂചിപ്പിക്കേണ്ടിവരും. ആന്തൂരിലെ സാജൻ എന്ന വ്യവസായി, വേളിയിലെ മെറ്റ കെയർ കമ്പനി എം.ഡി. സുരേഷ് തുടങ്ങിയവരൊക്കെ ഇതിന് ഉദാഹരണമാണ്. ഇതുപോലെ നൂറുകണക്കിന് സംരംഭകർ അവരുടെ സംരംഭങ്ങൾ നിർത്തി അന്യസംസ്ഥാനങ്ങളിലേയ്ക്ക് പറിച്ചുനടുകയോ ചെയ്തിട്ടുണ്ട്; നമ്മുടെ സഭാംഗംകൂടിയായ ഒരു പ്രമുഖ ഇടതുപക്ഷ വ്യവസായിതന്നെ കേരളത്തിൽ ഒന്നും നടക്കില്ലെന്നും കേരളത്തിന് പുറത്തേയ്ക്ക് പോകുകയാണെന്ന് പറഞ്ഞത് നമ്മൾ കണ്ടതാണല്ലോ; അതോടൊപ്പം കോഴിക്കോട് വലിയ രൂപത്തിൽ തുടങ്ങിയ സംരംഭമുണ്ട്. വനിതകൾക്ക് തൊഴിൽ സംരംഭങ്ങൾ കൊടുക്കാമെന്ന് പറഞ്ഞ് ആരംഭിച്ച വനിതാ മാളുൾപ്പെടെ വലിയ തുക ചെലവാക്കികൊണ്ട് സംരംഭങ്ങൾ ആരംഭിച്ചു. ധാരാളം സ്ത്രീകൾക്ക് ഇന്ന് തൊഴിൽ നഷ്ടപ്പെട്ട് പുറത്ത് നിൽക്കുന്ന വലിയ സാഹചര്യം കൂടി കാണാൻ കഴിയുകയാണ്. ഇത്തരം

കാര്യങ്ങളിലൊക്കെ സർക്കാരിന്റെ ഇടപെടലുകൾ ഉണ്ടാകുകയും ഇത്തരം മാളുകൾക്ക് അവരുടെ സംരംഭങ്ങൾ തുടർന്നുകൊണ്ടുപോകാനാവശ്യമായ നടപടികളിലേയ്ക്ക് സർക്കാർ തിരിയുകയും ചെയ്യണം. ദേശീയ സാമ്പിൾ സർവ്വെ ഓർഗനൈസേഷന്റെ പീരിയോഡിക്കൽ ലേബർ കോഴ്സ് സർവ്വെയുടെ 2020 ഒക്ടോബർ-ഡിസംബർ കാലത്തെ ഫലപ്രകാരം രാജ്യത്ത് തൊഴിലില്ലായ്മയുടെ നിരക്കിൽ കേരളം രണ്ടാം സ്ഥാനത്താണ്. 2020 ഒക്ടോബർ -ഡിസംബർ വരെയുള്ള കണക്കുപ്രകാരം കേരളത്തിൽ 15-നും 29-നും ഇടയിൽ പ്രായമുള്ള തൊഴിലില്ലാത്തവരുടെ എണ്ണം 36.3 ശതമാനമാണ്. ദേശീയ ശരാശരിയാകട്ടെ 21 ശതമാനവും കേരളത്തിൽ 15-20 -ശതമാനം യുവതികളാണ് രൂക്ഷമായ തൊഴിലില്ലായ്മ നേരിട്ടുകൊണ്ടിരിക്കുന്നത്. 55.7 ശതമാനം യുവാക്കളിൽ 37.1 ശതമാനവും തൊഴിൽ ചെയ്യാൻ സന്നദ്ധരായിട്ടും ആഴ്ചയിൽ ഒരു ദിവസം ഒരുമണിക്കൂർപോലും തൊഴിലെടുക്കാത്ത അഭ്യസ്തവിദ്യരെയാണ് നാം കാണുന്നത്. ഈ സർവ്വെ തൊഴിലില്ലാത്തവരെയാണ് പരിഗണിക്കുന്നത്. നമ്മുടെ തൊട്ടടുത്ത സംസ്ഥാനമായ തമിഴ്നാട്ടിൽ 8-ഉം 9-ഉം കർണ്ണാടകയിൽ 7.1 ശതമാനവുമാണ്. കോവിഡ് വ്യാപനത്തെത്തുടർന്ന് അസംഘടിത

മേഖലയിൽ 53 ശതമാനം തൊഴിൽ നഷ്ടവും 59 ശതമാനം വരുമാന നഷ്ടവും ഉണ്ടായിയെന്നാണ് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തിയ പഠനത്തിൽ കണ്ടെത്തിയത്. ഹോട്ടൽ, ടൂറിസം, ഫോട്ടോഗ്രാഫി, വാഹന തൊഴിലാളികൾ തുടങ്ങിയ മേഖലകളിലാണ് വലിയ നഷ്ടം ഉണ്ടായിരിക്കുന്നത്. ഈ നഷ്ടമൊക്കെ കണ്ടില്ലെന്ന് നടിച്ചുകൊണ്ട് അംശദായം മാത്രം കൂട്ടിയ സർക്കാർ തൊഴിലാളികൾക്ക് പതിനൊന്ന് ഇരട്ടി വർദ്ധിപ്പിച്ച് അവിടെയും ഇരട്ടത്താപ്പ് കാണിച്ചിരിക്കുന്നു. തൊഴിലാളികൾക്ക് ക്യാൻസർ പോലുള്ള ഗുരുതരമായ രോഗങ്ങൾ വന്നാൽ പരമാവധി ധനസഹായം പതിനായിരം രൂപയാണ് കൊടുക്കുന്നത്. ജോലിയിലിരിക്കെ മരണമടയുന്ന തൊഴിലാളിക്ക്, തൊഴിലാളിയുടെ ആശ്രിതർക്ക് നൽകുന്ന ധനസഹായം രണ്ടായിരത്തി അഞ്ഞൂറ് രൂപയാണ്. വിവാഹ ധനസഹായമായി നൽകുന്നത് ആയിരം രൂപയാണ്. ഇവയൊന്നും വർദ്ധിപ്പിക്കാതെ അംശദായം മാത്രം വർദ്ധിപ്പിക്കുകയും തൊഴിലാളികൾക്ക് പതിനൊന്ന് ഇരട്ടി വർദ്ധനവ് വരുത്തുമ്പോൾ തൊഴിലുടമയ്ക്ക് അഞ്ച് ഇരട്ടി മാത്രമാണ് വർദ്ധനവ് വരുത്തിയിരിക്കുന്നത്. തൊഴിൽ ദിനങ്ങൾ ഉറപ്പുവരുത്തുന്നത് സംബന്ധിച്ചോ മിനിമംകൂലി ഉറപ്പിക്കുന്നത്

സംബന്ധിച്ചോ ഒന്നുംതന്നെ വ്യവസ്ഥ ചെയ്യാതെയാണ് അംശദായ വർദ്ധനവിന് മാത്രമായി സർക്കാർ തയ്യാറായത്. കേന്ദ്ര ആക്ട് ആയ 1936-ലെ The Payment of Wages Act-ൽ തൊഴിലാളികൾക്ക് അർഹതപ്പെട്ട വേതനം ഓരോ മാസത്തേയും ആദ്യത്തെ 7 പ്രവൃത്തി ദിവസത്തിനുള്ളിൽ വിതരണം ചെയ്യണമെന്നും വേതനം നൽകുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും പരാതിയിൽ തീർപ്പാക്കുന്നതിന് അധികാരികളെ നിയമിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ കേരളത്തിൽ അത് നിശ്ചയിച്ചിട്ടില്ല. എന്നുമാത്രമല്ല കേന്ദ്ര ആക്ട് അനുസരിച്ച് ചട്ടം ഉണ്ടാക്കുന്നതിനും കേരളത്തിന് ഇതുവരെ കഴിഞ്ഞിട്ടില്ല. ഒന്നര കോടിയോളം വരുന്ന വേതന ഗുണഭോക്താക്കളുടെ തൊഴിലാളികളുടെ കാര്യത്തിലാണ് സർക്കാരിന്റെ ഈ നിസംഗത. തൊഴിലാളി വർഗ്ഗത്തോടൊപ്പം നിൽക്കുന്നുവെന്ന് നിരന്തരം പറയുകയും മുതലാളിത്ത ചൂഷണ വ്യവസ്ഥയ്ക്ക് എതിരെയുള്ള പോരാട്ടമാണ് വർഗ്ഗപരമായി തങ്ങളുടെ കാഴ്ചപ്പാടെന്ന് ആവർത്തിക്കുകയും ചെയ്യുന്ന പാർട്ടിയാണ് കേരളം ഭരിക്കുന്നത്. എന്നിട്ടും നിരന്തരമായ, പ്രകടമായ തൊഴിലാളി ചൂഷണത്തിന്റെ കേന്ദ്രമായി കേരളം മാറിക്കൊണ്ടിരിക്കുകയാണ്. തൊഴിലാളി വർഗ്ഗ പാർട്ടി അവരുടെ വർഗ്ഗ

നിലപാടുകൾ മറന്ന് സ്വന്തമായി വൻകിട സ്ഥാപനങ്ങൾ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകൾ, വാട്ടർ തീം പാർക്കുകൾ, സ്വാശ്രയ കോളേജുകൾ, ചാനലുകളുടെയുമൊക്കെ നടത്തിപ്പുകാരായി മാറിയിരിക്കുന്നു. ഈ സ്ഥാപനങ്ങളെല്ലാം വലിയനിലയിൽ കരാർ വ്യവസ്ഥയിൽ തൊഴിലാളികളെ നിർത്തി തുച്ഛമായ വേതനത്തിൽ പണിയെടുപ്പിക്കുന്നതും ഇവരുടെ തൊഴിൽ സ്ഥിരതയും തൊഴിൽ അവകാശവും നിഷേധിക്കുന്ന പാർട്ടിയായിട്ട് കമ്മ്യൂണിസ്റ്റ് പാർട്ടി മാറിയിരിക്കുന്നുവെന്ന് പറയേണ്ടിവരുന്നു. സ്വകാര്യ സഹകരണ ആശുപത്രികളിലെല്ലാം ജോലി ചെയ്യുന്ന നഴ്സുമാരുടെ സ്ഥിതി എന്താണ്; ഇവർക്ക് കൃത്യമായ വേതന വ്യവസ്ഥ കൊണ്ടുവരുന്നതിനും തൊഴിൽ സ്ഥിരത ഉറപ്പുവരുത്തുന്നതിനും ആരാണ് ഇവിടെ തടസ്സം; തൊഴിൽ നീതിയ്ക്കായി നഴ്സുമാർ നടത്തിവരുന്ന വലിയ സമരങ്ങളോട് ഇടതുപക്ഷം സ്വീകരിക്കുന്ന നിലപാട് ചർച്ച ചെയ്യപ്പെടേണ്ടതാണ്. കൊല്ലത്തെ ശങ്കേഴ്സ് ആശുപത്രിയിൽ 15-ഉം 20-ഉം വർഷമായി ജോലി ചെയ്യുന്ന ഏകദേശം 40-ഓളം തൊഴിലാളികളെ പിരിച്ചുവിട്ട് 9 മാസത്തിലധികമായി അവിടെ സമരം നടക്കുകയാണ്. സർക്കാർ ഇത്തരത്തിലുള്ള സമരങ്ങൾ കണ്ടില്ലെന്ന് നടിക്കരുത്.

അതിലിടപെട്ട് ആവശ്യമായ പരിഹാരം കാണണം. ജോലി എടുക്കുന്ന സാധാരണ സ്ത്രീ തൊഴിലാളികളിൽ പലരും ആത്മഹത്യയിൽ എത്തി നിൽക്കുന്ന സാഹചര്യം ഉണ്ടാകുന്നു. ഇത്തരത്തിലുള്ള സ്ഥാപനങ്ങളിലേയ്ക്ക് സർക്കാർ ശ്രദ്ധിക്കുകയും ഇടപെടലുകൾ നടത്തുകയും വേണം. ഇത്തരത്തിലുള്ള വിഷയങ്ങളിലാണ് ഏറ്റവും അടിയന്തരമായി നമ്മുടെ ശ്രദ്ധയുണ്ടാകേണ്ടത്. പക്ഷെ ഈ ഓർഡിനൻസിൽ ഒറ്റ വിഷയത്തിൽ മാത്രമല്ലാതെ മറ്റൊന്നും കാണുന്നില്ലായെന്നുള്ളതുകൊണ്ട് ഈ ഓർഡിനൻസ് പ്രമേയത്തെ ഞാൻ എതിർക്കുകയാണ്.

ശ്രീ. കെ. ജെ. മാക്സി ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. വി. ജോയി: സർ, 2021-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30.10.2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഇവിടെ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ അർത്ഥ അംശദായം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയിട്ടുള്ളതാണ് ഈ ബിൽ. തൊഴിലാളികളുടെ ക്ഷേമ അഭിവൃദ്ധിക്കും അതുമായി ബന്ധപ്പെട്ട മറ്റുചില കാര്യങ്ങൾക്കുംവേണ്ടി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിന് വ്യവസ്ഥ

ചെയ്യുന്നതാണ് 1975-ലെ ഈ ആക്ട്. ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ 1977-ൽ തൊഴിലാളിദിനമായ മെയ് മാസം 1-ാം തീയതിയാണ് ഇത് നിലവിൽ വരുന്നത്. നാല് രൂപയും എട്ട് രൂപയുമായിരുന്നു നേരത്തേ അടയ്ക്കേണ്ടിയിരുന്നത്. ആ സ്ഥാനത്താണ് ഈ ഭേദഗതി ഇപ്പോൾ കൊണ്ടുവന്നിരിക്കുന്നത്. ഈ ഭേദഗതിയുടെ ഉദ്ദേശ്യം എല്ലാവർക്കും അറിയാവുന്നതുപോലെ തൊഴിലാളികൾക്കും അവരുടെ ആശ്രിതർക്കും ക്ഷേമപദ്ധതികൾ നടപ്പിലാക്കുകയാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം വളരെ മുമ്പുതന്നെ കൊണ്ടുവന്നതാണ് തൊഴിലാളികളുടെ ക്ഷേമനിധി ബിൽ. ഇപ്പോൾ ഏതാണ്ട് അഞ്ചുലക്ഷത്തിലധികം തൊഴിലാളികൾ അംഗമായിട്ടുള്ളതാണ് ഈ ക്ഷേമനിധി. ഇത് വന്നതിനുശേഷമാണ് നമ്മുടെ സംസ്ഥാനത്ത് മറ്റ് പല തൊഴിലാളിക്ഷേമ ബോർഡുകളും വന്നത്. അതുകൊണ്ടുതന്നെ ആ മേഖലയിൽ പണിയെടുത്തിരുന്ന തൊഴിലാളികളെല്ലാം അതിലേയ്ക്കുപോയ ഒരു സാഹചര്യമുണ്ട്. നേരത്തെ ഈ ക്ഷേമപദ്ധതിയിൽ അംഗങ്ങളായിരുന്ന തൊഴിലാളികൾക്ക് വളരെ നാമമാത്രമായ ആനുകൂല്യങ്ങളാണ് ഉണ്ടായിരുന്നത്. ഇവിടെ നേരത്തെ ബഹുമാനപ്പെട്ട ടി. പി. രാമകൃഷ്ണൻ

സൂചിപ്പിച്ചതുപോലെ എല്ലാ തൊഴിലാളി സംഘടനകളും തൊഴിലുടമകളും കൂടിച്ചേർന്ന് നടത്തിയിട്ടുള്ള ചർച്ചയുടെയും തീരുമാനത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ അംശദായ വർദ്ധനവ് നടത്തിയിരിക്കുന്നത്.

ശ്രീ. പി. ടി. എ. റഹിം: അങ്ങ് ഇവിടെ സൂചിപ്പിച്ചത്, എല്ലാ തൊഴിലാളി സംഘടനകളുടെയും യോഗം ചേർന്നാണ് അംശദായത്തെ സംബന്ധിച്ച് തീരുമാനിച്ചത് എന്നാണ്. ഇതിൽ ചില ആളുകൾ മോഡിയെ വാസനിക്കുന്നുവെന്ന് പറഞ്ഞു. ഈ യോഗത്തിൽ എസ്. ടി. യു.-ന്റെ അഖിലേന്ത്യാ പ്രസിഡന്റ് ശ്രീ. എം. റഹമത്തുള്ള എന്നയാൾ പങ്കെടുത്തിരുന്നുവെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിലുണ്ടോ?

ശ്രീ. വി. ജോയി: ബഹുമാനപ്പെട്ട അംഗം പി.ടി.എ. റഹിം പറഞ്ഞതുൾപ്പെടെയുള്ള ആളുകളെല്ലാം പങ്കെടുത്തിട്ടാണ് ഇത് വന്നിരിക്കുന്നത്. അദ്ദേഹം ഡയറക്ടർ ബോർഡ് അംഗമാണ്. എല്ലാ തൊഴിലാളി ക്ഷേമനിധികളെ സംബന്ധിച്ചിടത്തോളം തൊഴിലാളികൾക്ക് അവരുടെ ആശ്രിതരുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുകയാണ് ഇതിന്റെ മുഖ്യമായിട്ടുള്ള ലക്ഷ്യം. അതിനുവേണ്ടിയാണ് ഈ വർദ്ധനവ് നടത്തിയിട്ടുള്ളത്. ഇതൊരു തൊഴിലാളി ദ്രോഹമായിട്ടോ മറ്റേതെങ്കിലും

രൂപത്തിലോ കാണുന്നത് തൊഴിലാളികൾക്കോ അവരുടെ ആശ്രിതർക്കോ ക്ഷേമപദ്ധതിയുടെ ഭാഗമായി ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് എതിരായിട്ടുള്ളവരാണ് ആ പ്രചരണം നടത്തുന്നത് എന്നുള്ളതാണ് ഏറ്റവും പ്രധാനമായിട്ടുള്ളത്. ഈ ക്ഷേമനിധിയുടെ ഭാഗമായി ഓർഡിനൻസ് ഇറക്കി. ആ ഓർഡിനൻസിന്റെ ഭാഗമായി തൊഴിലാളികളും തൊഴിൽ ഉടമസ്ഥരും വിഹിതം അടച്ചുതുടങ്ങി. എന്നിട്ടും തൊഴിലാളികൾക്കും അവരുടെ ആശ്രിതർക്കും കിട്ടിക്കൊണ്ടിരിക്കുന്ന ആനുകൂല്യം ഇപ്പോഴും വളരെ കുറച്ചാണ് അല്ലെങ്കിൽ കുറവാണ് എന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. ഒരു തൊഴിലാളി മരണപ്പെട്ടാൽ 5000 രൂപ വരെ മാത്രമാണ് ക്ഷേമനിധിയിൽ നിന്നും നമുക്ക് കൊടുക്കാൻ കഴിയുന്നത്. അവരുടെ ശവസംസ്കാരചടങ്ങുകൾക്ക് 2000 രൂപയാണ് കൊടുക്കാൻ കഴിയുന്നത്. നമ്മുടെ നാട്ടിൽ പുറത്തുനിന്നും ശവസംസ്കാര ചടങ്ങുകൾ നടത്തുന്ന ആളുകളെ വിളിച്ചുകൊണ്ടുവന്നാൽ അവർക്ക് ഏറ്റവും കുറഞ്ഞത് നമ്മുടെ നാട്ടിലെ വിറകും തൊണ്ടുമെല്ലാം ഉപയോഗപ്പെടുത്തി ചെയ്യുന്നയാളുകൾക്ക് നാലായിരം രൂപ കൊടുക്കും. ഇപ്പോൾ ഗ്യാസ് പോലുള്ള പുതിയ സംവിധാനങ്ങൾ വന്നിട്ടുണ്ട്. 7500-8000 രൂപ വരെ അവർക്ക് കൊടുക്കണം. പക്ഷെ ഇത്

കളക്ട് ചെയ്താൽപോലും നമുക്ക് കൊടുക്കാൻ സാധിക്കുന്നത് രണ്ടായിരം രൂപയാണ് funeral ചെലവിനുവേണ്ടി കൊടുക്കാൻ സാധിക്കുന്നത് എന്നുള്ളതാണ്. അപകടമരണം സംഭവിച്ചാൽ പരമാവധി കൊടുക്കാൻ കഴിയുന്നത് 25000 രൂപയാണ്. ഇതാണ് പ്രധാനപ്പെട്ട പ്രശ്നം. ചികിത്സയ്ക്ക് പരമാവധി കൊടുക്കാൻ കഴിയുന്നത് പതിനയ്യായിരം രൂപയാണ്. നല്ല പനി വന്ന് ആശുപത്രിയിൽ പോയാൽ നമുക്ക് ഈ തുക മതിയാകില്ല.

<u>ശ്രീ. എച്ച്. സലാം</u>: ആനുകൂല്യവുമായി ബന്ധപ്പെട്ട കാര്യത്തിൽ അതിന്റെ കുറവിനെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം സംസാരിച്ചു. കാലോചിതമായി അംശദായത്തിന്റെ നിരക്ക് വർദ്ധിപ്പിക്കണം. പല ക്ഷേമനിധി ബോർഡുകളുടെയും പ്രവർത്തനത്തിൽ വരുന്ന പ്രയാസം, ഉടമാവിഹിതം സമയത്തുവാങ്ങാൻ അല്ലെങ്കിൽ പൂർണ്ണമായും വാങ്ങാൻ കഴിയാത്ത പ്രശ്നമാണ്. ഇപ്പോൾ സെസ് ഏർപ്പെടുത്തുന്ന കാര്യംപോലും, അത് കൃത്യമായി പിരിച്ചെടുക്കുന്നതിലുണ്ടാകുന്ന പ്രയാസങ്ങൾ സ്വാഭാവികമായും സംഭവിക്കുന്നു. മോട്ടോർ തൊഴിലാളി മേഖലയിലാണെങ്കിൽ ഓട്ടോറിക്ഷയോ അല്ലെങ്കിൽ ഒരു ടാക്സിയോ സ്വന്തമായിട്ടുള്ള തൊഴിലാളി തന്നെ ഉടമയാണ്. അപ്പോൾ തൊഴിലാളി

വിഹിതവും ഉടമാവിഹിതവും ഒരാൾതന്നെ അടയ്ക്കേണ്ട പ്രായോഗികമായ പ്രശ്നങ്ങൾ ഈ നിലയ്ക്ക് വന്നുചേരുന്നു. നമ്മുടെ പരമ്പരാഗത വ്യവസായ മേഖലകളിൽ മത്സ്യമേഖലയിലാണെങ്കിൽ മത്സ്യം കയറ്റുമതി ചെയ്യപ്പെടുന്ന മുതലാളിമാർക്ക് നല്ല ലാഭമാണ്. ആ രംഗത്ത് തൊഴിലാളി പ്രയാസപ്പെട്ടുകൊണ്ടിരിക്കുകയാണ്. കയർമേഖലയിലെ കയററുമതിക്കാർക്ക് നല്ല സമ്പത്ത് വർദ്ധനവാണ്; പക്ഷേ തൊഴിലാളി പ്രയാസപ്പെടുകയാണ്. ഇങ്ങനെയെല്ലാമുണ്ടാകുന്ന സാമൂഹികമായി സംഭവിക്കുന്ന ഈ പ്രശ്നങ്ങൾ തരണംചെയ്യാനുള്ള സെസ് പിരിക്കുന്നതുൾപ്പെടെ അല്ലെങ്കിൽ ഉടമാവിഹിതം ഉൾപ്പെടെ വാങ്ങിയെടുക്കാൻ വേണ്ടിയുള്ള കാര്യംകൂടി അങ്ങയുടെ ശ്രദ്ധയിലുണ്ടോ?

<u>ശ്രീ. വി. ജോയി</u>: തൊഴിൽ വകുപ്പ് ഈ വക കാര്യങ്ങളെ സംബന്ധിച്ചുകൂടി മനുഷ്യത്വപരമായിട്ടുള്ള സമീപനത്തിലേയ്ക്ക് പോകേണ്ടതായിട്ടുണ്ട്. ക്ഷേമനിധി ബോർഡുകളെ ആ നിലയിൽ പ്രാപ്തരാക്കുന്നതിനുവേണ്ടുന്ന കാര്യങ്ങളും ഇതുമായി ബന്ധപ്പെട്ട് ചെയ്യേണ്ടതായിട്ടുണ്ട്. ഇതിൽ വിവാഹത്തിൽ ആകെ കൊടുക്കാൻ നമുക്ക് കഴിയുന്നത് 7500 രൂപയാണ്. പ്രസവാനുകൂല്യമായി കൊടുക്കാൻ

കഴിയുന്നത് 15000 രൂപയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വലിയ ഗുണപരമായിട്ടുള്ള വലിയകാര്യം ചെയ്തിരുന്നു. ഇതിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികളുടെ മക്കൾക്ക് തൊഴിൽ വകുപ്പ് നേരിട്ട് നടത്തുന്ന 11 ഐ.ടി.ഐ.-കളിൽ 12 ട്രേഡുകളിലായി 240 സീറ്റ് സംവരണം ചെയ്തിട്ടുണ്ട്. അത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. ഏറ്റവും സാധാരണക്കാരായിട്ടുള്ള അംഗങ്ങളായിട്ടുള്ള തൊഴിലാളികളുടെ മക്കൾക്ക് 240 സീറ്റ് സംവരണം ചെയ്തുകൊണ്ടുള്ള നിലപാട് ഇക്കാര്യത്തിലെടുത്തിട്ടുണ്ട്. കേരളത്തെ സംബന്ധിച്ച് പറയുമ്പോൾ തൊഴിലാളികൾക്ക് ഏറ്റവും കൂടുതൽ ക്ഷേമനിധി നിലനിൽക്കുന്നത് അല്ലെങ്കിൽ രൂപം കൊടുത്തിരിക്കുന്നത് ഈ കൊച്ചുകേരളത്തിലാണ്. അതിൽ ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ പങ്ക് വളരെ വലുതാണ്. ആര് നെഞ്ചത്തടിച്ച് കരഞ്ഞാലും അല്ലെങ്കിൽ നിലവിളിച്ചാലും ഇടതുപക്ഷപ്രസ്ഥാനങ്ങൾ ഭരണത്തിലിരുന്ന അവസരങ്ങളിലാണ് കേരളത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും കൂടുതൽ ക്ഷേമനിധി നിയമങ്ങൾ രൂപപ്പെടുത്തിയിട്ടുള്ളത്. ഇതിൽ 1987-91 കാലഘട്ടത്തിൽ സഖാവ് ഇ. കെ. നയനാർ കേരളത്തിന്റെ മുഖ്യമന്ത്രിയായിരിക്കുമ്പോഴാണ് 8 സുപ്രധാനമായ

നിയമങ്ങൾ ഈ ക്ഷേമനിധി ബോർഡ് രൂപീകരണവുമായി ബന്ധപ്പെട്ടുവരുന്നത്. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബിൽ, കേരള കയർ തൊഴിലാളി ക്ഷേമനിധി ബിൽ, കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബിൽ, ഖാദി തൊഴിലാളി ക്ഷേമനിധി ബിൽ, ഹാന്റ്ലൂം ക്ഷേമനിധി ബിൽ, അബ്കാരി വെൽഫയറുമായി ബന്ധപ്പെട്ട ബിൽ, കൺസ്ട്രക്ഷൻ വർക്കേഴ്സിന്റെ ക്ഷേമനിധി ബിൽ, അഡ്വക്കേറ്റുമാരുടെ ബിൽ തുടങ്ങിയവ ആ അവസരത്തിലാണ് വരുന്നത്. കേരളത്തിലെ ഇടതുപക്ഷ പ്രസ്ഥാനങ്ങൾ  കേരളത്തിലെ തൊഴിലാളികളുമായി ബന്ധപ്പെട്ട് അവരുടെ ക്ഷേമ ഐശ്വര്യങ്ങൾക്കുവേണ്ടി പരമാവധി സഹായങ്ങൾ ചെയ്തിട്ടുണ്ട് എന്നുള്ളത് ഈ അവസരത്തിൽ ഓർക്കുകയാണ്. ഇത് പറയുമ്പോൾ തൊഴിലാളി വർഗ്ഗത്തിന്റെയെല്ലാം തലയിൽ ഇടിത്തീ വീഴുന്നതുപോലെയാണ് 2020 സെപ്റ്റംബറിലെ കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയിട്ടുള്ള പുതിയ നിയമം വന്നിരിക്കുന്നത്. ഇന്ത്യൻ തൊഴിലാളി വർഗ്ഗത്തെ സംബന്ധിച്ചിടത്തോളം ത്യാഗപൂർണ്ണമായ സമരങ്ങളിലൂടെ നേടിയെടുത്ത തൊഴിലവകാശങ്ങൾ ഇന്ന് മോഡിയുടെ പുതിയ  ലേബർ കോഡ് തകർത്തിരിക്കുകയാണ്. രാജ്യത്ത് നിലനിന്നിരുന്ന 29 തൊഴിൽ

നിയമങ്ങൾ നാല് ലേബർ കോഡുകളാക്കി മാറ്റി തൊഴിലാളികളുടെ അവകാശങ്ങളിന്മേൽ കടന്നുകയറി ആ തൊഴിലാളി വർഗ്ഗത്തെ അവരുടെ അവകാശങ്ങൾ ഇല്ലായ്മ ചെയ്യുന്നതിനുവേണ്ടിയിട്ടുള്ള വലിയ പരിശ്രമം നടത്തുകയാണ്. ഇവിടെ ഇനി ഒരു തൊഴിലാളിക്കും അല്ലെങ്കിൽ ഒരു തൊഴിലാളി സംഘടനയ്ക്കും നിയമവിധേയമായി സമരം ചെയ്യാൻ കഴിയില്ല. ഈ ആക്ടിന്റെ ഭാഗമായി, ഇന്ത്യാ ഗവൺമെന്റ് അംഗീകരിച്ച അല്ലെങ്കിൽ നടപ്പിലാക്കിവരുന്ന ആക്ടിന്റെ ഭാഗമായി ഒരാൾക്കും നിയമവിധേയമായി സമരം ചെയ്യാൻ കഴിയാത്ത സാഹചര്യം വരികയാണ്. ഫിക്സഡ് ടേം എംപ്ലോയ്മെന്റ് നിയമ വിധേയമായതോടുകൂടി സ്ഥിരം ജോലി കിട്ടാത്ത ഒരു അവസ്ഥയിലേയ്ക്ക് തൊഴിലാളികൾ മാറുകയാണ്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, അങ്ങ് ഇവിടെ സംസാരിച്ചു കൊണ്ടിരിക്കുന്നത് നമ്മുടെ തൊഴിലാളികൾക്ക് സ്ഥിരം ജോലി ലഭിക്കാത്ത സാഹചര്യം ഉണ്ടായിക്കൊണ്ടിരിക്കുന്നുവെന്നാണ്. നേരത്തെ അങ്ങ് എണ്ണിപ്പറഞ്ഞ വിവിധ മേഖലയിൽ തൊഴിലെടുക്കുന്നവർക്കുള്ള ക്ഷേമനിധികൾ നടപ്പാക്കിയിട്ടുള്ള സംസ്ഥാനമാണ് കേരളം. അത് എൽ.ഡി.എഫ്.-ന്റെ കാലത്ത് മാത്രമല്ല യു.ഡി.എഫ്.-ന്റെ ഭരണ

കാലഘട്ടത്തിലും നിരവധി ക്ഷേമനിധികൾ കൊണ്ടുവന്നിട്ടുണ്ട്. എന്നാൽ ക്ഷേമനിധി ബോർഡ് ഓഫീസുകളിലൊക്കെ ജോലി ചെയ്യുന്നതിൽ മഹാഭൂരിപക്ഷവും താൽക്കാലിക ജീവനക്കാരാണ്. അഭ്യസ്തവിദ്യരായിട്ടുള്ള ചെറുപ്പക്കാർ തൊഴിലിനുവേണ്ടി കാത്തുനിൽക്കുകയാണ്. അങ്ങനെ തൊഴിൽ ലഭിക്കാതെ പുറത്തുനിൽക്കുന്ന അഭ്യസ്തവിദ്യരായ യുവാക്കൾക്ക് പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം ലഭിച്ചാൽ മാത്രമേ അർഹരായവർക്ക് തൊഴിൽ ലഭിക്കൂ. ഈ ക്ഷേമനിധി ബോർഡ് ഓഫീസുകളിലൊക്കെ പിൻവാതിൽ നിയമനമാണ് നടന്നുകൊണ്ടിരിക്കുന്നത്. പൂർണ്ണമായും ക്ഷേമനിധി ബോർഡ് ഓഫീസുകളിലെ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷൻ നൽകണമെന്ന് അങ്ങയ്ക്ക് അഭിപ്രായമുണ്ടോ?

ശ്രീ. വി. ജോയി: സർ, കേരളത്തിന്റെ ചരിത്രം പരിശോധിച്ചാൽ എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം മാറിമാറി വന്നിട്ടുണ്ട്. യു.ഡി.എഫ്. ഭരിച്ച കാലഘട്ടത്തിലൊന്നും അങ്ങനെയൊരു നിലപാട് സ്വീകരിച്ചതായി അങ്ങേയ്ക്ക് പറയാൻ സാധിക്കുമോ? ഇപ്പോൾ ഘട്ടം ഘട്ടമായി അത് പി.എസ്.സി.യ്ക്ക് വിടുന്നതിനാവശ്യമായുള്ള നടപടി ക്രമങ്ങളിലേയ്ക്ക്

പോയിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഇപ്പോൾ ഇവിടെ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത് കേരള തൊഴിലാളി ക്ഷേമനിധി ഭേദഗതി ബില്ലാണല്ലോ? ഈ ക്ഷേമനിധി ബോർഡിൽ സർവ്വീസ് റൂൾസ് ഉണ്ട്. സർവ്വീസ് റൂൾസ് ഉള്ള സ്ഥലങ്ങളിലെല്ലാം നിയമനം നടത്തുന്നത് പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയാണ്. ആ രീതിയിലുള്ള ഒരു നിയമനക്രമം അംഗീകരിച്ച് കഴിഞ്ഞിട്ടുള്ള ക്ഷേമനിധി ബോർഡാണിത്. കേരളത്തിലെ എല്ലാ ക്ഷേമനിധി ബോർഡുകളും ഇപ്രകാരം കൊണ്ടുവരാനും നിയമനങ്ങൾ ഇപ്രകാരം ആക്കുന്നതിനും വേണ്ടിയുള്ള നടപടികൾ തന്നെയാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നത്. ആ ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടിയുള്ള ശ്രമം തുടർന്നുകൊണ്ടിരിക്കുക തന്നെയാണ്.

ശ്രീ. വി. ജോയി: സർ, അങ്ങ് പറഞ്ഞത് വളരെ ശരിയാണ്. ഞാൻ അതിലേയ്ക്ക് വീണ്ടും വരുന്നില്ല. കേന്ദ്ര ഗവൺമെന്റിന്റെ 2020-ലെ തൊഴിലാളി വിരുദ്ധ നിയമങ്ങളുടെ ഭാഗമായി തൊഴിൽ അവകാശം മൗലികാവകാശമെന്നത് നിയമത്തിലൂടെ തകർത്തിരിക്കുകയാണ്. ട്രേഡ് യൂണിയൻ രൂപീകരിക്കാനുള്ള നടപടികൾ സങ്കീർണ്ണമാക്കിയിരിക്കുകയാണ്.

അസംഘടിത പരമ്പരാഗത തൊഴിലാളികളുടെ സ്വകാര്യ-സുരക്ഷാനിയമങ്ങൾ വിലക്കിയിരിക്കുകയാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഭാവി തലമുറയ്ക്ക് ഒരു വ്യവസായത്തിലും സ്ഥിരം നിയമനങ്ങൾ ലഭിക്കാൻ സാധ്യതയില്ല. ഈ നിയമത്തിന്റെ ഭാഗമായി വ്യവസായ മേഖലകളിൽ തൊഴിൽ നിയമങ്ങൾ നടപ്പിലാക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്ന ലേബർ ഇൻസ്പെക്ടർമാരുടെ പരിശോധന നിർത്തലാക്കിയിരിക്കുകയാണ്. ഇന്ത്യൻ കുത്തകകൾ ഏറെക്കാലമായി തൊഴിൽ നിയമത്തിൽ ഭേദഗതി ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. 2019-ൽ ബി.ജെ.പി.-യ്ക്ക് ഒറ്റയ്ക്ക് ഭൂരിപക്ഷം ലഭിച്ചപ്പോഴാണ് അവർ ഈ ഭേദഗതിക്ക് തയ്യാറായത് എന്നുള്ളത് നമ്മൾ കാണണം. (The Code on Wages, 2019) 2019- ലെ കോഡ് ഓൺ വേജസ് പാർലമെന്റ് പാസ്സാക്കി. ഇവിടെ വലിയവായിൽ വർത്തമാനം പറയുന്ന പ്രതിപക്ഷം ഈ കോഡ് ഓൺ വേജസ് പാസ്സാക്കിയപ്പോൾ ഇന്ത്യൻ പാർലമെന്റിൽ അതിനെ എതിർത്തില്ല. അന്ന് പാർലമെന്റിൽ അതിനെ എതിർത്തത് ഇടതുപക്ഷവും ഡി.എം.കെ.-യും സമാജ് വാദി പാർട്ടിയുമായിരുന്നു എന്നുള്ളത് ഈ അവസരത്തിൽ ഓർക്കുകയാണ്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, പാർലമെന്റിൽ ഈ നിയമത്തെ ഇന്ത്യൻ യൂണിയനും മുസ്ലീം ലീഗിന്റെ പ്രതിനിധികളുമെതിർത്തിരുന്നു എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. വി. ജോയി</u>: സർ, വളരെ നന്നായി. തൊഴിലാളികൾ ദീർഘകാലത്തെ ത്യാഗപൂർണ്ണമായിട്ടുള്ള പോരാട്ടങ്ങളിലൂടെ അവർ അനുഭവിച്ചിരുന്ന ആനുകൂല്യങ്ങൾ പിച്ചിച്ചീന്തപ്പെടുകയാണ് ഇന്ന്. ഇപ്പോൾ ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയം മിനിമം വേജസ് ആക്ടിൽപോലും മാറ്റം വരുത്തിയിരിക്കുകയാണ്. മിനിമം വേജസ് ആക്ട് കേന്ദ്ര തൊഴിൽ വകുപ്പുമന്ത്രി ഇപ്പോൾ പറയുന്നത് അത് 202 രൂപയാക്കുക എന്നുള്ളതാണ്. ഇവിടെ നമ്മൾ 700-ഉം 800-ഉം രൂപ കൊടുക്കുമ്പോൾ അത് ആ നിലയിലേയ്ക്ക് കൊണ്ടുവരികയാണ്. തൊഴിലാളികളുടെ ഒരു ദിവസത്തെ ജോലി സമയം എട്ട് മണിക്കൂറിൽനിന്ന് പന്ത്രണ്ട് മണിക്കൂർ വരെ ആക്കി മാറ്റാനുള്ള സൗകര്യം മുതലാളിക്ക് ചെയ്തുകൊടുത്തിരിക്കുകയാണ്. ഇതെല്ലാം നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും ശ്രദ്ധിക്കപ്പെടേണ്ട കാര്യമാണ്. രാജ്യത്തെ പൊതുമേഖല സ്ഥാപനങ്ങൾ മുഴുവൻ വിറ്റുതുലയ്ക്കുകയാണ്. തൊഴിലാളികൾക്ക് അവിടെ ഇടപെടാനുള്ള

സാഹചര്യങ്ങൾ നഷ്ടപ്പെടുത്തുകയാണ്. അത് 1991-ലെ ന്യൂ ഇക്കണോമിക് പോളിസിയുടെ ഭാഗമായി തുടങ്ങിയതാണ്. ഇന്ന് ബി.ജെ.പി. ഗവൺമെന്റ് അനുസ്യൂതം വളരെ മുന്നോട്ട് കൊണ്ടുപോയിക്കൊണ്ടിരിക്കുന്ന ഒരു സാഹചര്യം നമ്മുടെ നാട്ടിലുണ്ട്. ഇവിടെ വണ്ടൂർ എം.എൽ.എ. സംസാരിച്ചപ്പോൾ പറഞ്ഞത് ഭൂപരിഷ്കരണ നിയമം അതിൽ കമ്മ്യൂണിസ്റ്റുകാർക്ക് ഒരു പങ്കുമില്ലെന്നാണ്. 1920-ലും 1921-ലുമൊക്കെ ആരൊക്കെയോകൂടി കൊണ്ടുവന്നതാണ്, രാജ്യത്തെ ആദ്യത്തെ നിയമമല്ല അത്, ഒറീസ്സയിലും രാജസ്ഥാനിലുമൊക്കെ ഉണ്ടായിരുന്നു. പുസ്തകത്തിലെ പശു എത്ര പുല്ലുതിന്നുമെന്നുള്ളത് നമ്മുടെ നാട്ടിലെ ആളുകൾക്കറിയാം. ഇവിടെ 1957-ലെ സഖാവ് ഇ.എം.എസ്.-ന്റെ ഗവൺമെന്റ് പാസ്സാക്കിയെടുത്തതാണ് ഭൂപരിഷ്കരണ നിയമം. ആ നിയമത്തെ അട്ടിമറിച്ചവരാണ് നിങ്ങൾ. അട്ടിമറിച്ചത് എങ്ങനെയെന്ന് ഞാൻ പറയാം. അങ്ങത് മനസ്സിലാക്കണം. ഈ നിയമം പാസ്സാക്കി കേന്ദ്രഗവൺമെന്റിന് അയച്ചിട്ട് ഒരു വർഷക്കാലം ഇത് അവിടെ ഒളിച്ചുവച്ചു. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെ നിങ്ങൾ സ്വാധീനിച്ച് ഇത് ഒളിച്ചുവച്ചു. ഈ രണ്ട് നിയമങ്ങൾ, വിദ്യാഭ്യാസ നിയമവും ഭൂപരിഷ്കരണ നിയമവും

അങ്ങനെതന്നെയാണ്. അതിനുശേഷം കോടതിയിൽ കേസ് നടത്തി, അതിന്റെ ഭാഗമായി ഇതിന്റെ തലയും പ്രധാനപ്പെട്ട ഭാഗങ്ങളുമെല്ലാം അരിഞ്ഞതിനുശേഷമാണ് ഇതിന് അനുവാദം നൽകുന്നതെന്ന് നിങ്ങൾ ഓർക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് ചരിത്രം സത്യസന്ധമായി തന്നെ ഇവിടെ പറയണം. കാരണം ഇതിനെല്ലാം റിക്കാർഡുള്ളതാണ്. 1957-ൽ നിർമ്മിച്ച ഭൂപരിഷ്കരണ ഭേദഗതി നിയമം ഉണ്ടെങ്കിൽ ആ നിയമത്തിന്റെ പുസ്തകം ഒന്ന് കാണിച്ചാൽ ഞങ്ങൾക്ക് മനസ്സിലാകും. ഞങ്ങൾക്ക് അറിയാവുന്നിടത്തോളം കെ. ആർ. ഗൗരിയമ്മ ആ കാലത്ത് ഭൂപരിഷ്കരണത്തിന് നമ്മുടെ പത്ത് സെന്റിൽ കിടക്കുന്ന പാവപ്പെട്ട ആളുകൾക്ക് ഭൂമിയുടെ ഉടമസ്ഥാവകാശവും കൊടുക്കുന്ന ഗവൺമെന്റ് ഓർഡർ ഇറക്കിയിട്ടുണ്ട്. അത് ജി.ഒ. ആണ്. ഒരു നിയമം ഉണ്ടാക്കുന്നത് 1960-ലെ ഗവൺമെന്റാണ്. പി. ടി. ചാക്കോ അന്ന് കേരളത്തിലെ ഹോം മിനിസ്റ്ററും റവന്യൂ വകുപ്പുമന്ത്രിയും കൂടിയായിരുന്നു. ആ നിയമമാണ് 1964-ലെ ഭൂപരിഷ്കരണ ഭേദഗതി നിയമം എന്ന് ഇപ്പോൾ അറിയപ്പെടുന്നത്. ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സഹോദരന്മാർ മിണ്ടുന്നതേയില്ല,

പേടികൊണ്ടാണോ? അതിനുശേഷം 1970-ൽ അച്ചുതമേനോന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റാണ് സമഗ്രമായ ഭൂപരിഷ്കരണ ഭേദഗതി നിയമം കൊണ്ടുവന്നത്. ആ നിയമമാണ് അവസാനം ഒൻപതാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിക്കൊണ്ട് ഇന്ദിരാ ഗാന്ധി അതിനെ പ്രൊട്ടക്റ്റ് ചെയ്തത് എന്നുള്ളത് ചരിത്രത്തിന്റെ ഭാഗമാണ്.

<u>ശ്രീ. വി. ജോയി</u>: സർ, കേരള നിയമസഭയിൽ ഈ വിഷയം അവതരിപ്പിക്കപ്പെടുകയും താങ്കൾ പറഞ്ഞതുപോലെ ഒരുപക്ഷേ നമുക്ക് വേണമെങ്കിൽ ജി.ഒ. ആണെന്ന് പറയാം. പക്ഷേ അതിനെപ്പോലും ഒരു വർഷക്കാലം നിങ്ങൾ തടഞ്ഞുവച്ചവരാണ് എന്നുള്ളത് മനസ്സിലാക്കണം. കേരളത്തിലെ സഖാവ് ഇ.എം.എസ്.-ന്റെ ഗവൺമെന്റ് അധികാരത്തിലേറിയ ആറാമത്തെ ദിവസം കുടികിടക്കുന്നവന്റെ കുടിൽ പൊളിക്കാൻ പാടില്ലെന്ന് ഉത്തരവ് ഇറക്കിയ ഗവൺമെന്റാണെന്നുള്ളത് ഞാൻ സൂചിപ്പിക്കുകയാണ്.

<u>ശ്രീ. എച്ച്. സലാം</u>: സർ, ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ, അദ്ദേഹം പറഞ്ഞതുപോലെ 1975-ലെ കുടിയൊഴിപ്പിക്കൽ നിരോധന ഉത്തരവിനുശേഷം 1967-ൽ വീണ്ടും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഗവൺമെന്റ്

വരുന്നതിനിടയിൽ രണ്ട് ഗവൺമെന്റ് കേരളത്തിൽ ഉണ്ടായിരുന്നു. ആ രണ്ട് സർക്കാരിന്റെ കാലത്തും അതിൽനിന്നും ഒരു പടിപോലും മുന്നോട്ട് പോകാൻ കഴിഞ്ഞില്ലെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ആ രണ്ട് ഗവൺമെന്റിന്റെയും മദ്ധ്യത്തിലുള്ളതാണ് 1960-ലെ ഗവൺമെന്റ്. 1960-ലെ ഗവൺമെന്റിൽ ആർ. ശങ്കർ ആണ് മുഖ്യമന്ത്രി. അന്ന് പി. ടി. ചാക്കോയാണ് ബിൽ അവതരിപ്പിച്ചത്. അദ്ദേഹത്തിന് നിയമ വകുപ്പും ആഭ്യന്തര വകുപ്പും റവന്യൂ വകുപ്പുമുണ്ടായിരുന്നു. അദ്ദേഹം കൊണ്ടുവന്ന നിയമമാണ് ഇന്ന് റിക്കാർഡിൽ കിടക്കുന്ന 1964-ലെ ഭൂപരിഷ്കരണ ഭേദഗതി നിയമം.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ നേരത്തേ സംസാരിച്ചപ്പോൾ 1964-ലെ ഒരു ഭേദഗതിയെ സംബന്ധിച്ച് പറഞ്ഞു. 1964-ൽ ഭേദഗതി കൊണ്ടുവരണമെങ്കിൽ അതിനുമുമ്പ് ഒരു നിയമമുണ്ടാകണമല്ലോ; 1959-ൽ കേരളത്തിൽ കർഷക ബന്ധ നിയമം പാസ്സാക്കിയതാണ് അന്നത്തെ വിമോചന സമരത്തിന് അടിസ്ഥാനമായിട്ടുള്ള ഒരു പ്രശ്നം. അങ്ങനെ ആ ഗവൺമെന്റ് അധികാരത്തിൽനിന്നുപോയി. പിന്നീട് 1967-ലാണ് ഇ.എം.എസ്.-ന്റെ

നേതൃത്വത്തിലുള്ള ഗവൺമെന്റ് അധികാരത്തിൽ വരുന്നത്. ആ ഗവൺമെന്റാണ് 1969-ൽ ഭൂപരിഷ്കരണ (ഭേദഗതി) നിയമം പാസ്സാക്കുന്നത്. അത് നടപ്പിലാക്കുന്നതിനുള്ള ഉത്തരവാദിത്തം സി. അച്യുതമേനോൻ ഗവൺമെന്റിലാണ് നിക്ഷിപ്തമായിരുന്നത്. അതാണ് ചരിത്രം. 1959-നും 1969-നുമിടയിൽ അധികാരത്തിൽ വന്ന ഗവൺമെന്റ് ഭേദഗതിയിലൂടെ പഴയ കർഷക ബന്ധ നിയമത്തിന്റെ ചിറക് അരിയുകയാണ് ചെയ്തിട്ടുള്ളത്. അങ്ങനെ അതിനിടയിലുള്ള വ്യവസ്ഥകൾ പലതും ഇല്ലാതായതിന്റെ അടിസ്ഥാനത്തിലാണ് 1969-ൽ ഭൂപരിഷ്കരണ ഭേദഗതി നിയമം പാസ്സാക്കാനിടവന്നത്. ആ നിയമമാണ് 1970-ലെ ഭരണം നടപ്പിലാക്കിത്തുടങ്ങിയത്. അതാണ് ഈ നിയമത്തിന്റെ ചരിത്രമെന്നുള്ള വസ്തുത നമ്മൾ അംഗീകരിക്കണം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ തർക്കിക്കാൻവേണ്ടിയല്ല, ക്ലാരിറ്റിക്കുവേണ്ടി പറയുകയാണ്. Land Reforms Act, 1964-നെപ്പറ്റി നമ്മൾ ഇവിടെ ഒരുപാട് ചർച്ച ചെയ്തിട്ടുണ്ട്. "1964-ലെ നിയമമനുസരിച്ച്" എന്ന് മുമ്പത്തെയും ഇപ്പോഴത്തെയും റവന്യൂ വകുപ്പുമന്ത്രിമാരൊക്കെ പറയുന്നുണ്ടല്ലോ. അത് 1963-ൽ പാസ്സാക്കി 1964-ൽ നിയമമായതാണ്.

അതിപ്പോൾ നമ്മുടെ ലൈബ്രറിയിലുണ്ട്. പിന്നീട് അതിൽ ചെറിയ ചെറിയ പരിഷ്കരണങ്ങൾ വന്നിട്ടുണ്ടാകും. പക്ഷേ 1970-ൽ സി. അച്യുതമേനോന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് സമഗ്രമായ പരിഷ്കരണം കൊണ്ടുവന്ന് പ്രസിഡന്റ് ഓഫ് ഇന്ത്യയ്ക്ക് അയച്ചുകൊടുത്ത്, ഒമ്പതാം ഷെഡ്യൂളിൽ ഉൾപ്പെടുത്തി, കോടതിയിൽപ്പോലും ചോദ്യം ചെയ്യാത്ത വിധത്തിൽ intact ആക്കിയതാണ് ചരിത്രം.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം കൺക്ലൂഡ് ചെയ്യണം. ഇനിയൊരു വഴങ്ങലിലേയ്ക്ക് പോകരുത്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, 1969-നുശേഷം സഖാവ് എ. കെ. ഗോപാലന്റെ നേതൃത്വത്തിൽ അറവുകാട് നടന്ന ഒരു വലിയ ജനകീയ പങ്കാളിത്ത സമരത്തെക്കുറിച്ച് അങ്ങേയ്ക്ക് ശ്രദ്ധയുണ്ടോ? 1969-ൽ നടന്ന 'അറവുകാട് പ്രഖ്യാപനം' എന്നറിയപ്പെടുന്ന ആ വലിയ പ്രക്ഷോഭത്തിന്റെ തുടർച്ചയല്ലേ യഥാർത്ഥത്തിൽ ഈ നിയമം നടപ്പിലാക്കാനിടയായ സാഹചര്യം സൃഷ്ടിച്ചത് എന്ന് അങ്ങേയ്ക്ക് അറിയാമോ?

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ....(മൈക്ക് ഓഫ്)

ശ്രീ. വി. ജോയി: സർ, ഞാൻ അവസാനിപ്പിക്കാം. നമ്മുടെ രാജ്യത്തെ പാവപ്പെട്ട തൊഴിലാളികൾക്ക് തലചായ്ക്കാൻ ആറടി മണ്ണ് നൽകുകയെന്നുള്ള ഏറ്റവും പ്രധാനപ്പെട്ട കാര്യം നടപ്പിലാക്കിയതും അതിന്റെ നാന്ദികുറിച്ചതും സഖാവ് ഇ.എം.എസ്.-ന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് തന്നെയാണ്. ഞാൻ ഒരു വാദത്തിനുവേണ്ടി ചോദിക്കുകയാണ്, 1947-ൽ ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയതിനുശേഷം പണ്ഡിറ്റ് ജവഹർ ലാൽ നെഹ്റു ഇന്ത്യയുടെ പ്രധാനമന്ത്രിയായി. ഇന്ത്യയിൽ ആളുകൾക്ക് ഇത്തരത്തിൽ ഒരുതുണ്ട്ഭൂമി കൊടുക്കാനുള്ള നിലപാടെടുക്കാൻ നിങ്ങൾ എത്ര കാലമെടുത്തു. നിങ്ങൾക്ക് ഭൂരിപക്ഷമുണ്ടായിരുന്നിട്ടും അത് ചെയ്തില്ല. ഇവിടെ കേരളം തൊഴിലാളികളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് നടത്തുന്ന ഈ പ്രവർത്തനങ്ങൾ വളരെ ശ്ലാഘനീയമാണ്. അതുകൊണ്ടുതന്നെ ഈ ബിൽ പൊതുജനാഭിപ്രായത്തിന് അയയ്ക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. ടി. വി. ഇബ്രാഹിം: സർ, 2021-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന

2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

നിയമത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. തൊഴിലാളികളിൽനിന്നുള്ള അംശദായം 4 രൂപയിൽനിന്ന് 45 രൂപയായും തൊഴിലുടമയിൽനിന്നുള്ളത് 8 രൂപയിൽനിന്ന് 45 രൂപയായും വർദ്ധിപ്പിക്കുകയാണ്. സത്യത്തിൽ തൊഴിലുടമയുടെ വിഹിതം പലയിടത്തും തൊഴിലാളിതന്നെയാണ് നൽകുന്നത്. തൊഴിലാളി നൽകുന്നത് പത്തിരട്ടിയിലധികമാണെങ്കിൽ മുതലാളി നൽകുന്നത് അഞ്ചിരട്ടിയും ചില്ലറയുമാണ്. ആ വ്യത്യാസമുണ്ട്. ഇവിടെ ശ്രീമതി കെ. കെ. രമ തുടങ്ങിവച്ചതുപോലെതന്നെ എനിക്ക് സൂചിപ്പിക്കാനുള്ളത്, ക്ഷേമനിധിയിലേയ്ക്ക് അടയ്ക്കേണ്ട അംശദായം വർദ്ധിപ്പിക്കുന്നത് കാലോചിതമായ മാറ്റമാണെന്ന് എല്ലാവരും വാദിച്ചേയ്ക്കാം. പക്ഷേ അതിനനുസൃതമായി തൊഴിലാളിക്ക് അതിന്റെ ഗുണംകൂടി ലഭിക്കണമെന്നതിലേയ്ക്ക് കാര്യങ്ങൾ എത്തേണ്ടിയിരിക്കുന്നു. അപ്പോൾ മാത്രമേ സത്യത്തിൽ ഈ ബിൽകൊണ്ടുള്ള പ്രയോജനം സാധാരണ തൊഴിലാളികൾക്ക് ലഭിക്കുകയുള്ളൂ. കർഷക തൊഴിലാളികൾക്കും തൊഴിലാളികൾക്കുംവേണ്ടി ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയതടക്കമുള്ള

കാര്യങ്ങൾ ചെയ്തത് ഇടതുപക്ഷം മാത്രമാണെന്നുള്ളതാണ് ഇവിടെ ശ്രീ. വി. ജോയി ഉൾപ്പെടയുള്ളവർ പറഞ്ഞത്. എന്നാൽ പുരോഗമനപരമായി തൊഴിലാളി പക്ഷത്തുനിന്നുകൊണ്ടുള്ള എല്ലാ തീരുമാനങ്ങളുമെടുത്തിട്ടുള്ളത് യു.ഡി.എഫ്.-ന്റെയും 1970 മുതൽ 1977 വരെ ഭരിച്ച സി. അച്യുതമേനോൻ ഗവൺമെന്റിന്റെയും കാലത്തായിരുന്നു. എന്നാൽ ഇന്ന് ഭരിച്ചുകൊണ്ടിരിക്കുന്ന ഗവൺമെന്റ് പൂർണ്ണമായും ഒരു മുതലാളിത്ത ഗവൺമെന്റായി മാറിയിരിക്കുന്നു എന്നുള്ള കാര്യം നമുക്കെല്ലാവർക്കുമറിയാം. അതിൽ തർക്കത്തിന്റെ കാര്യമില്ല. ഇടതുപക്ഷത്തിനുവേണ്ടി എന്നും കവിത എഴുതിയിട്ടുള്ള ആളാണ് ശ്രീ. ബാലചന്ദ്രൻ ചുള്ളിക്കാട്.

"തൊഴിലാളി വർഗ്ഗം അധികാരമേറ്റാൽ

അവരായി പിന്നെ അധികാരി വർഗ്ഗം.

അധികാരമപ്പോൾ തൊഴിലായി മാറും

അതിനുള്ള കൂലി അധികാരി വാങ്ങും.

വിജയിക്കു പിൻപേ കുതികൊൾവു ലോകം

വിജയിക്കു മുൻപിൽ വിരിയുന്നു കാലം.

മനുജന്നുമീതെ മുതലെന്ന സത്യം

മുതലിനുമീതെ അധികാര ശക്തി.

അധികാരമേറാൻ തൊഴിലാളിമാർഗ്ഗം

തൊഴിലാളിയെന്നും തൊഴിലാളി മാത്രം." എന്ന് ശ്രീ. ബാലചന്ദ്രൻ ചുള്ളിക്കാടിന് കവിതയെഴുതേണ്ടിവന്നത് ഈ തൊഴിലാളി പാർട്ടി മുതലാളിത്ത പാർട്ടിയിലേയ്ക്ക് മാറിയതിന്റെ പശ്ചാത്തലത്തിലാണ്. 1948-ലെ ഫാക്ടറീസ് നിയമത്തിൽ പറയുന്നതും 1960-ലെ കേരള ഷോപ്പ് ആൻഡ് കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന്റെ പരിധിയിൽ വരുന്നതും മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് നിയമത്തിന്റെ പരിധിയിൽ വരുന്നതും 1951-ലെ പ്ലാന്റേഷൻ നിയമത്തിന്റെ സെക്ഷൻ 2-ൽ വരുന്നതുമായ തൊഴിലാളികളും 1960-ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ നിയമത്തിൽ വരുന്ന ഇരുപതിലധികം തൊഴിലാളികളും ഉൾപ്പെടെയുള്ള തൊഴിലാളികളാണ് ഈ ബില്ലിന്റെ പരിധിയിൽ വരുന്നത്. തൊഴിലാളികൾക്കുവേണ്ടിയുള്ള അംശദായ വർദ്ധനവ് ക്ഷേമനിധി ബോർഡിലേയ്ക്ക് വരുമ്പോൾ അഡ്മിനിസ്ട്രേഷൻ ചെലവ് അടക്കമുള്ളവ നിയന്ത്രിക്കേണ്ടിയിരിക്കുന്നു. വലിയ ചെലവുകൾ ക്ഷേമനിധി ബോർഡുകൾക്ക് വരികയാണ്. അതേസമയംതന്നെ തൊഴിലാളികൾക്ക്

ഇതിൽനിന്ന് ഗുണം കിട്ടാതെ പോകുകയും ചെയ്യുന്നു. ക്യാൻസർ, ഹൃദയസ്തംഭനംപോലെയുള്ള മാരകരോഗങ്ങളുടെ ചികിത്സയ്ക്ക് ഒന്നര-രണ്ടര ലക്ഷം രൂപയൊക്കെ ചെലവാകുമ്പോൾ ഈ ബോർഡിൽനിന്ന് തൊഴിലാളികൾക്ക് ലഭിക്കുന്നത് കേവലം പതിനായിരം രൂപ മാത്രമാണ്. ഇവിടെ മറ്റുള്ളവരൊക്കെ അത് സംസാരിച്ചുകഴിഞ്ഞു. അതുപോലെതന്നെ തൊഴിലാളികളുടെ മക്കൾ അംഗവൈകല്യമുള്ളവരാണെങ്കിൽ അവർക്ക് ലഭിക്കുന്നത് 100-150 രൂപ മാത്രമാണ്. അയ്യായിരം രൂപയിൽ കുറഞ്ഞ മാസവരുമാനമുള്ള തൊഴിലാളിയുടെ പെൺകുട്ടിക്ക് വിവാഹ ധനസഹായമായി ലഭിക്കുന്നത് ആയിരം രൂപ മാത്രമാണ്. അത് രണ്ട് പെൺകുട്ടികൾക്ക് മാത്രമായി നിജപ്പെടുത്തിയിട്ടുണ്ട്. ക്ഷേമനിധി അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് ഐ.ടി.ഐ. പോലുള്ള തൊഴിൽ സ്ഥാപനങ്ങളിൽ കുറച്ച് സീറ്റുകൾ റിസർവ് ചെയ്തിട്ടുണ്ട്. പക്ഷേ അവർക്ക് നൽകുന്ന സ്റ്റൈപ്പന്റ് കേവലം 150 രൂപ മാത്രമാണ്. അംശദായം വർദ്ധിപ്പിക്കുന്നതോടൊപ്പംതന്നെ ഈ ആനുകൂല്യങ്ങളൊക്കെ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൂടി ഉണ്ടാകേണ്ടതുണ്ട്. തൊഴിലാളികളാണ് ഈ കാലഘട്ടത്തിൽ ഏറ്റവുമധികം പീഡിപ്പിക്കപ്പെട്ടത്. യഥാർത്ഥത്തിൽ

ഈ ഒന്നര-രണ്ട് വർഷമായി കോവിഡ് വ്യാപനത്തിൽ നിയന്ത്രണംകൂടി വന്ന സാഹചര്യത്തിൽ 53 ശതമാനം തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടുവെന്നാണ് കണക്കുകൾ പറയുന്നത്. അതിൽ ഏറ്റവും കൂടുതൽ ഹോട്ടൽ മേഖലയിലുള്ള തൊഴിലാളികൾക്കാണ് (69 ശതമാനം) തൊഴിൽ നഷ്ടപ്പെട്ടതെന്ന് പറയുന്നുണ്ട്. ആ കൂട്ടത്തിൽ തൊഴിൽ നഷ്ടപ്പെട്ട സ്ത്രീ തൊഴിലാളികൾ വളരെ കൂടുതലാണ്. സ്ത്രീകളെയും ദുർബല വിഭാഗങ്ങളെയുമാണ് കോവിഡ് പ്രതിസന്ധി ഏറ്റവുമധികം ബാധിച്ചത്. പുരുഷന്മാരുടെ കണക്ക് 3.9 ശതമാനമാണെങ്കിൽ സ്ത്രീകളുടെ തോത് 5 ശതമാനമാണ്. കോവിഡിൽനിന്ന് ആരോഗ്യം വീണ്ടെടുക്കുകയെന്നത് സത്യത്തിൽ സമ്പദ് ഘടനയിലും സമൂഹത്തിലുമുണ്ടാക്കിയിട്ടുള്ള തകർച്ചയുടെ വീണ്ടെടുക്കൽകൂടിയാണ്. അന്താരാഷ്ട്ര തൊഴിൽ സംഘടനയായ ILO (International Labour Organization)-യുടെ ഡയറക്ടർ Guy Ryder പറഞ്ഞത്, കോവിഡിൽനിന്നുള്ള വീണ്ടെടുക്കൽ എന്നുപറയുന്നത് ആരോഗ്യത്തിന്റെ കാര്യത്തിൽ മാത്രമല്ല സമ്പദ്ഘടനയിലേയ്ക്കുള്ള ഒരു തിരിച്ചുപോക്കുംകൂടിയാണ് എന്നാണ്. തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയ പ്രവാസികളുടെ കണക്ക് വളരെ കൂടുതലാണ്. ഇവരെ

മുഴുവൻ ഇവിടത്തെ തൊഴിൽ മേഖലയിലേയ്ക്ക് പ്രവേശിപ്പിക്കാൻ സാധിച്ചിട്ടില്ല. ഇങ്ങനെയുള്ള സമയത്താണ് കേന്ദ്ര ഗവൺമെന്റ് 2020-ൽ പാർലമെന്റിൽ പ്രമേയം പാസ്സാക്കുന്നത്. ആ പ്രമേയം ഇവിടെയുള്ള എല്ലാ തൊഴിലാളികളുടെ അവകാശങ്ങളുടെയും അവരുടെ സംഘടിതമായ അവകാശത്തിനുവേണ്ടിയുള്ള മുന്നേറ്റത്തിന്റെയുമൊക്കെ കടയ്ക്കൽ കത്തിവയ്ക്കുന്നതാണ്. ശ്രീ. നജീബ് കാന്തപുരം സംസാരിച്ചപ്പോൾ ബഹുമാന്യനായ ടി. പി. രാമകൃഷ്ണൻ ഇടപെടുന്നത് ഞങ്ങൾ ശ്രദ്ധിച്ചിരുന്നു. ഇവിടെയുണ്ടാക്കിയ നിയമങ്ങൾക്ക് ശ്രീ. നരേന്ദ്ര മോദിയുടെ ചില മുഖങ്ങളുണ്ടെന്ന് ശ്രീ. നജീബ് കാന്തപുരം പറയുകയുണ്ടായി. സത്യത്തിൽ ശ്രീ. ടി. പി. രാമകൃഷ്ണനടക്കമുള്ള ഇടതുപക്ഷ സർക്കാർ കഴിഞ്ഞ നിയമസഭയിൽ പാസ്സാക്കിയ ഒരു നിയമത്തിന് മോദിയുടെ ഈ നിയമവുമായി വളരെ സാമ്യമുണ്ട്. Kerala Investment Promotion and Facilitation Act-ലെ 9A വകുപ്പ് ഇങ്ങനെ തൊഴിലാളികളുടെ എല്ലാ അവകാശങ്ങളെയും ഹനിച്ചുകൊണ്ടുണ്ടാക്കിയ ഒരു നിയമമാണ്. 2020-ൽ മോദി സർക്കാർ പാർലമെന്റിൽ പാസ്സാക്കിയതും 2021 ഏപ്രിൽ മുതൽ നടപ്പിലാക്കിയതുമായ നിയമത്തിന് സമാനമാണ് ആ നിയമം. അതിൽ

യാതൊരു സംശയവുമില്ല.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ശ്രീ. ടി. വി. ഇബ്രാഹിം പറഞ്ഞുപറഞ്ഞ് ഈ നിയമവുമായി ബന്ധമില്ലാത്ത പല വിഷയങ്ങളിലേയ്ക്കും കടക്കുകയാണ്. ഞാനതല്ല ചോദിക്കാനുദ്ദേശിക്കുന്നത്, തൊഴിലാളി ക്ഷേമനിധി ബോർഡിനകത്തുള്ള ഒരു ചെറിയ ഭേദഗതിയുടെ പ്രശ്നമാണ് ഇവിടത്തെ ചർച്ച.

മി. ചെയർമാൻ: പ്ലീസ്... പ്ലീസ്....

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഈ ഭേദഗതിയുമായി ബന്ധപ്പെട്ട് രൂപപ്പെട്ടുവരുന്ന പ്രശ്നങ്ങൾ ആ അർത്ഥത്തിൽ കാണാൻ തയ്യാറാകണ്ടേ? ഇവിടെ ഈ ഭേദഗതിക്കനുകൂലമായ നിലപാടാണ് STU (Swatantra Thozhilali Union) സ്വീകരിച്ചിരിക്കുന്നത്. ശ്രീ. ടി. വി. ഇബ്രാഹിം പറയുന്ന അഭിപ്രായങ്ങൾ STU-ന്റെ അഭിപ്രായങ്ങളാണോ, STU ഈ ബില്ലിന്റെ ഭേദഗതിയോട് എന്ത് നിലപാടാണെടുത്തിട്ടുള്ളത് തുടങ്ങിയ കാര്യങ്ങൾകൂടി പരാമർശിക്കണ്ടേ? ഞാൻ നേരത്തെ പറഞ്ഞു, ഞാൻ ഇവരുമായുള്ള ചർച്ചയിൽ പങ്കെടുത്ത ഒരാളാണ്. എല്ലാ ട്രേഡ് യൂണിയനുകളുമായും ഉടമാ പ്രതിനിധികളുമായും ചർച്ച നടത്തി. ഈ

ക്ഷേമനിധി ബോർഡിലെ തുക വർദ്ധിപ്പിക്കുകയും ഇവിടെ ചൂണ്ടിക്കാണിച്ചതുപോലുള്ള നിരവധി ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് നൽകേണ്ടതുമുണ്ട്. ഈ ആവശ്യങ്ങളെല്ലാം നിറവേറ്റുന്നതിനുവേണ്ടിയാണ് ഇത്തരമൊരു മാറ്റം കൊണ്ടുവരുന്നത്. ആ മാറ്റം എല്ലാ ട്രേഡ് യൂണിയൻ സംഘടനകളുടെയും അഭിപ്രായമാണ്. ആ അഭിപ്രായത്തിന് മോദിയുടെ നയത്തിന് എന്താണ് സ്വാധീനമെന്ന് മനസ്സിലാകുന്നില്ല.

മി. ചെയർമാൻ: യെസ്... യെസ്...

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, മോദിയുടെ സ്വാധീനത്തെ ഇവിടെ സ്ഥാപിക്കുന്നതിനുവേണ്ടി പറയുന്നതാണ്. മോദിയെ നഖശിഖാന്തം എതിർത്തുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. കേരളത്തിലെ തൊഴിലാളി സംഘടനകളെല്ലാം ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഒറ്റക്കെട്ടായിനിന്ന് കേന്ദ്രത്തിലെ പുതിയ പരിഷ്കരണത്തെ, തൊഴിലാളിവിരുദ്ധ നീക്കങ്ങളെ ശക്തമായി എതിർക്കുകയാണ്, അവർ പോരാട്ടത്തിന്റെ പാതയിലാണ്. ആ തൊഴിലാളി വർഗ്ഗത്തിന്റെ യോജിപ്പിനെ പരിഗണിച്ചുകൊണ്ടുള്ള ഒരു സമീപനമല്ലേ യഥാർത്ഥത്തിൽ ഈ പ്രശ്നവുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ടത്?

<u>മി. ചെയർമാൻ</u>: യെസ്... യെസ്...

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, നേരത്തെ ബഹുമാനപ്പെട്ട ടി. പി. രാമകൃഷ്ണൻതന്നെ ശ്രീ. നജീബ് കാന്തപുരത്തിന്റെ കാര്യത്തിൽ ഇടപെട്ടുകൊണ്ട് ഒരു ഉദാഹരണം പറഞ്ഞെന്നുമാത്രമേയുള്ളൂ. കേരളത്തിൽ ഇൻവെസ്റ്റ്മെന്റ് പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നിങ്ങൾ നടത്തിയിട്ടുള്ള നിയമനിർമ്മാണം ഇവിടെ തൊഴിലാളികളുടെ സംഘടിതമായ മുന്നേറ്റത്തിനും സ്വഭാവത്തിനും അറുതി വരുത്തിയിട്ടുണ്ട്. അതിൽ യാതൊരു സംശയവുമില്ല. നോക്കുകൂലി പ്രശ്നം കേരളത്തിൽ ചർച്ച ചെയ്തതാണ്. സത്യത്തിൽ നോക്കുകൂലിയുടെ പേരിൽ ഒരു തൊഴിലാളി വിഭാഗമാകെ അധിക്ഷേപിക്കപ്പെട്ടു. അപ്പോൾ കേരളത്തിൽ എല്ലാ തൊഴിലാളികളും നോക്കുകൂലി വാങ്ങുന്നവരാണെന്നുവന്നു. കുറച്ച് ആളുകൾ നോക്കുകൂലി വാങ്ങിയിരിക്കാം. പക്ഷെ ആദ്യമായി കേരളത്തിന്റെ പൊതുമണ്ഡലത്തിലേയ്ക്ക് ഇക്കാര്യം കൊണ്ടുവന്നത് ബഹുമാനപ്പെട്ട പിണറായി വിജയൻ സി.പി.ഐ.(എം)-ന്റെ സ്റ്റേറ്റ് സെക്രട്ടറിയായിരുന്നപ്പോൾ 2015-ൽ കൊച്ചിയിൽവച്ച് നടത്തിയ പ്രസ്താവനയിലൂടെയാണ്. ആ നോക്കുകൂലി വിഷയത്തിൽ....

മി. ചെയർമാൻ: യെസ് പ്ലീസ്.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, കേരളത്തിലെ എല്ലാ ട്രേഡ് യൂണിയൻ സംഘടനകളും നോക്കുകൂലി എന്ന തൊഴിലാളിവിരുദ്ധ നിലപാടിനെതിരാണ്. ഒറ്റപ്പെട്ട സംഭവത്തെ നേരിടാനാണ് നിയമനിർമ്മാണം നടത്തുന്നത്. ഇത് കേരളത്തിൽ തൊഴിലാളി സംഘടനകൾ സാർവ്വത്രികമായി അംഗീകരിച്ചിട്ടുള്ളതാണ്. എല്ലാ സംഘടനകളും ഇതിനെതിരാണ്, അതിനെ എന്തിനാണ് ന്യായീകരിക്കുന്നത്?

ശ്രീ. ടി. വി. ഇബ്രാഹിം: സർ, നോക്കുകൂലി വാങ്ങുന്നതിനെയല്ല ന്യായീകരിക്കുന്നത്, നോക്കുകൂലിയുടെപേരിൽ കേരളത്തിലെ തൊഴിലാളി വർഗ്ഗം ഒന്നാകെ അധിക്ഷേപിക്കപ്പെട്ടു എന്നുള്ള കാര്യം യാഥാർത്ഥ്യമാണ്. അങ്ങനെയുള്ള ഒരു സാഹചര്യമുണ്ടാക്കിയത് ഞങ്ങളല്ല. മാത്രമല്ല ഈ ഗവൺമെന്റിന് ഇവരുടെ കാര്യത്തിൽ വലിയ ആത്മാർത്ഥതയില്ല എന്നാണ് ഞാൻ വാദിക്കുന്നത്. അങ്ങനെയുണ്ടായിരുന്നെങ്കിൽ 2016-ലെ നിങ്ങളുടെ മാനിഫെസ്റ്റോയിൽ പറഞ്ഞതെന്താണ്? മിനിമം കൂലി 600 രൂപയാക്കും. തോട്ടം തൊഴിലാളികളുടെ മിനിമം കൂലി 500 രൂപയാക്കും എന്നാണ്.

ഇതുവരെ നടപ്പിലാക്കിയിട്ടുണ്ടോ; നടപ്പിലാക്കാൻ നിങ്ങൾ ആക്ട് കൊണ്ടുവന്നിട്ടുണ്ടോ? എവിടെയെങ്കിലും തൊഴിലാളികൾ സംഘടിതമായി തൊഴിലുടമയോട് സമരമുണ്ടെങ്കിൽ ആ സമര രംഗത്തൊക്കെ...., ശ്രീ. പി. പി. ചിത്തരഞ്ജൻ, നിങ്ങൾ സി.ഐ.റ്റി.യു.-ന്റെ നേതാവാണെന്ന് എനിക്കറിയാം. പക്ഷെ ഇക്കാര്യങ്ങൾ യാഥാർത്ഥ്യമാണ്. 600 രൂപ മിനിമം വേതനമാക്കുമെന്ന് പറഞ്ഞയാളുകൾ അത് നടപ്പിലാക്കിയിട്ടില്ല. 500 രൂപ തോട്ടം തൊഴിലാളികൾക്ക് മിനിമം വേതനം നടപ്പിലാക്കുമെന്ന് പറഞ്ഞിട്ട് അതും നടപ്പിലാക്കിയിട്ടില്ല.

മി. ചെയർമാൻ: പ്ലീസ്... പ്ലീസ്.... അദ്ദേഹം വഴങ്ങുന്നില്ല. ഇരിക്കു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, മാത്രമല്ല എന്റെ ആരോപണം എന്നുപറയുന്നത്...

ശ്രീ. പി. നന്ദകുമാർ: സർ, ശ്രീ. ടി. വി. ഇബ്രാഹിം സംസാരിച്ചപ്പോൾ മിനിമം കൂലിയെ സംബന്ധിച്ച് പറഞ്ഞു. മിനിമം കൂലി എങ്ങനെയാണ് നടപ്പാക്കുന്നതെന്നതുസംബന്ധിച്ച് ഒരു ധാരണ വേണം. കേരളത്തിൽ മിനിമം വേജസ് ബോർഡുണ്ട്. തൊഴിലുടമകൾ, തൊഴിലാളി പ്രതിനിധികൾ, ഗവൺമെന്റ് പ്രതിനിധികൾ എന്നിവർ ഒരുമിച്ച് ചർച്ച

ചെയ്തുകൊണ്ട് തീരുമാനിച്ച് എഴുപതോളം മേഖലകളിൽ അത് ഏകകണ്ഠമായി നടപ്പാക്കിയതാണ്. എന്നിട്ട് ഇവിടെനിന്ന് ചോദിക്കുകയാണ് അത് നടപ്പിലാക്കിയോ എന്ന്. തോട്ടം തൊഴിലാളി മേഖലയ്ക്കകത്തുള്ള കൂലിയെ സംബന്ധിച്ച് തർക്കം വന്നപ്പോഴും അവരെ ഒന്നിച്ചിരുത്തി മന്ത്രിയടക്കം പരസ്പരം ചർച്ച ചെയ്ത് ഉടമകളും തൊഴിലാളി പ്രതിനിധികൾക്കും ഭിന്നാഭിപ്രായം ഉണ്ടായിരുന്നത് തീർത്തുകൊണ്ടാണ് അത് അവസാനിപ്പിച്ചത്. ഈ കാര്യങ്ങൾ ബഹുമാനപ്പെട്ട അംഗം മനസ്സിലാക്കണം, അല്ലെങ്കിൽ പഠിക്കാൻ ശ്രമിക്കണം. അല്ലെങ്കിൽ രേഖയ്ക്കകത്ത് ഇത് വരുമ്പോൾ നമ്മളെപ്പോലുള്ള ആളുകൾക്ക് ഇതിൽ വിവരമില്ലെന്ന് എഴുതും.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, കഴിഞ്ഞ നിയമസഭയിൽ ബഹുമാന്യനായ മുഖ്യമന്ത്രി എല്ലാ തൊഴിലാളികൾക്കും മിനിമം വേതനം 700 രൂപയാക്കുമെന്ന് ഇവിടെനിന്ന് പ്രഖ്യാപിക്കുകയും അന്ന് ഭരണകക്ഷിയിലുണ്ടായിരുന്ന മുഴുവൻ ആളുകളും അതിനെ കയ്യടിച്ച് സ്വാഗതം ചെയ്യുകയും കൊട്ടിഘോഷിച്ച് വലിയ പ്രസംഗങ്ങൾ നടത്തുകയുമുണ്ടായതാണ്. എന്നിട്ട് ഇപ്പോൾ 700 രൂപ മിനിമം വേതനം

തോട്ടം തൊഴിലാളികൾക്കുൾപ്പെടെ എല്ലാ മേഖലയിലുമുള്ള തൊഴിലാളികൾക്ക് ലഭ്യമാകുന്നുണ്ടെന്ന് ആർക്ക് പറയാൻ കഴിയും? ഇവിടെ പ്ലാന്റേഷൻ കോർപ്പറേഷൻ ജീവനക്കാരെക്കുറിച്ചൊക്കെ കഴിഞ്ഞ ദിവസം ചർച്ച വന്നല്ലോ, 700 രൂപ വേതനം നൽകുമെന്ന് പറഞ്ഞിട്ട് തോട്ടം മേഖലയിൽ ഇന്നും 400-ഉം 430-ഉം രൂപയ്ക്കൊക്കെയാണ് തൊഴിലാളികൾ തൊഴിലെടുക്കുന്നതെന്ന യാഥാർത്ഥ്യം അങ്ങയുടെ ശ്രദ്ധയിലില്ലേ?

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ബഹുമാനപ്പെട്ട റോജി എം. ജോൺ പറഞ്ഞതുതന്നെയാണ് ഞാൻ പറഞ്ഞുകൊണ്ടിരിക്കുന്നത്. ഈ തൊഴിലാളികളുടെ സ്ഥിതി വളരെ ശോചനീയമാണ്. ദുരിതക്കയത്തിലാണ് അവർ അവരുടെ ജീവിതനൗക തുഴഞ്ഞുകൊണ്ടിരിക്കുന്നത്. അപ്പോൾ അതിന് പരിഹാരമുണ്ടാക്കാനുള്ള നടപടിയാണുണ്ടാകേണ്ടത്. അവരുടെ അംശദായം വർദ്ധിപ്പിച്ചുകൊണ്ട് ബോർഡിന്റെ ഭരണപരമായ ചെലവുകൾക്ക് വഴികണ്ടെത്തുകയല്ല മാർഗ്ഗം. അതാണ് എന്റെ വാദം. നിങ്ങൾ തൊഴിലാളികളോട് ആത്മാർത്ഥത കാണിച്ചിട്ടില്ലെന്നാണ് ഞാൻ പറയുന്നത്. ഇപ്പോൾ 300, 400 രൂപ...

മി. ചെയർമാൻ: പ്ലീസ് പ്ലീസ്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഷോപ്സ് ആൻഡ് കൊമേഷ്യൽ ആക്ട് നടപ്പിലാക്കിയ സംസ്ഥാനമാണ് നമ്മുടേത്. പക്ഷെ ഒരു ഷോപ്പിൽ പോയി നോക്കിയാൽ അവിടെയുള്ള സ്ത്രീകളുൾപ്പെടെയുള്ള തൊഴിലാളികൾ അനുഭവിക്കുന്ന ദുരിതങ്ങൾക്ക് പരിഹാരം കാണാൻവേണ്ടി ശ്രമിക്കുന്നില്ല. അതിനുപകരം ഇതിൽ ഫണ്ട് കൂട്ടിയിട്ട് കാര്യമുണ്ടോ? ബോർഡോ മറ്റോ അവരുടെ മിനിമം വേതനം വർദ്ധിപ്പിക്കുമ്പോൾ തൊഴിലുടമ കോടതിയിൽ പോകുകയും കോടതി സ്റ്റേ കൊടുക്കുകയും ചെയ്യും. ആ സ്റ്റേ വെക്കേറ്റ് ചെയ്യാൻവേണ്ടി ഗവൺമെന്റ് ഫലപ്രദമായി ഇടപെടുന്നുണ്ടോ? അതാണ് അവരുടെ ദുരിതം.

മി. ചെയർമാൻ: പ്ലീസ് , പ്ലീസ്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, നിങ്ങൾ ഇവിടെയുള്ള കൊലയാളികളെ സംരക്ഷിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട സുപ്രീംകോടതിയിലുള്ള വക്കീലന്മാരെ കൊണ്ടുവരുന്നു. എന്നാൽ ഇവിടെ സാധാരണ തൊഴിലാളികളുടെ മിനിമം വേതനം വർദ്ധിപ്പിക്കാനുള്ള തീരുമാനമെടുത്ത് അത് കോടതി ഇടപെട്ട് സ്റ്റേ ചെയ്യുമ്പോൾ ആ സ്റ്റേ വെക്കേറ്റ്

ചെയ്യാൻവേണ്ടി ഗവൺമെന്റ് ഫലപ്രദമായി ഇടപെട്ടിട്ടുണ്ടോ? 2008-ൽ യു.പി.എ. ഗവൺമെന്റ് കേന്ദ്രം ഭരിക്കുമ്പോൾ ഉണ്ടാക്കിയിട്ടുള്ള നിയമത്തിന്റെ ചുവടുപിടിച്ചുകൊണ്ടാണ് 2016-ൽ ഈ ബോർഡ് പോലും വന്നത്. അവിടെ എല്ലാ മേഖലയിലുമുള്ള അസംഘടിതരായ തൊഴിലാളികളെ ഒന്നിപ്പിച്ചുകൊണ്ട് അവർക്ക് സംരക്ഷണം കൊടുക്കുന്ന വിധത്തിലുള്ള ഒരു ബോർഡാണ് വന്നത്. കേരളത്തിൽ അത് 2016-ലാണ് നടപ്പിലാക്കിയത്. ഇവിടെ തൊഴിൽ വകുപ്പിനെപ്പോലും...

<u>മി. ചെയർമാൻ</u>: പ്ലീസ്.. പ്ലീസ്...

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഞാൻ പറയുന്നത്, ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി വി. ശിവൻകുട്ടി 'വിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി' എന്നാണ് അറിയപ്പെടുന്നത്. നിങ്ങൾ തൊഴിൽ വകുപ്പിനെപ്പോലും ഒരു ഉപവകുപ്പാക്കി എന്നാണ് എന്റെ ആരോപണം. ഞങ്ങളുടെ കാലത്ത് ശ്രീ. ഷിബു ബേബി ജോൺ - തൊഴിൽ വകുപ്പുമന്ത്രി, അതിനുമുൻപ് ശ്രീ. ബാബു ദിവാകരൻ - തൊഴിൽ വകുപ്പുമന്ത്രി, നിങ്ങളുടെ കാലത്ത് ശ്രീ. ടി. പി. രാമകൃഷ്ണൻ - എക്സൈസ്-തൊഴിൽ വകുപ്പുമന്ത്രി. തൊഴിൽ വകുപ്പിനെതന്നെ ഒരു പ്രത്യേക വകുപ്പായി കണ്ട് ആ തൊഴിലാളികളുടെ

കാര്യത്തിൽ ആത്മാർത്ഥമായ സമീപനം സ്വീകരിച്ചവരാണ് ഞങ്ങൾ.

മി. ചെയർമാൻ: യെസ് പ്ലീസ്.

ശ്രീ. ടി. വി. ഇബ്രാഹിം: ഇത് ബില്ലാണ്, കാര്യങ്ങൾ അവതരിപ്പിക്കാൻ രണ്ട് മിനിട്ടുകൂടി അനുവദിക്കണം. ഈ മേഖലയിൽ ജോലി ചെയ്യുന്ന ധാരാളം തൊഴിലാളികളുണ്ട്. തൊഴിലാളികൾക്ക് വേണ്ടിയുള്ള പദ്ധതി നടപ്പിലാക്കുമ്പോൾ, ഇ.എസ്.ഐ.-യുടെ പരിധിയിൽ ഉൾപ്പെടാത്ത ഒരുപാട് തൊഴിലാളികളുണ്ട്. അതിലേയ്ക്ക് എല്ലാ തൊഴിലാളികളെയും കൊണ്ടുവരണം. അക്കൂട്ടത്തിൽ ഒരു കാര്യംകൂടി പറയാനുള്ളത്, കൊണ്ടോട്ടിയിൽ ഒരു ഇ.എസ്.ഐ. ആശുപത്രി സ്ഥാപിക്കുന്നതിനുവേണ്ടി നേരത്തെ തൊഴിൽ വകുപ്പിന്റെ ശിപാർശയുണ്ടായിരുന്നു. വിമാനത്താവളത്തിലടക്കം ജോലി ചെയ്യുന്ന ആയിരക്കണക്കിന് തൊഴിലാളികളുള്ള പ്രദേശമാണ് കൊണ്ടോട്ടി. അവിടെ ഒരു ഇ.എസ്.ഐ. ആശുപത്രി.....

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം, കേന്ദ്രനിയമത്തിന്റെ ഭാഗമായിട്ടാണ് കേരള തൊഴിലാളി ക്ഷേമനിധി ബോർഡ്

രൂപീകരിച്ചതെന്ന് ബഹുമാനപ്പെട്ട അംഗം പറയുകയുണ്ടായി. അത് തെറ്റാണ്. 1975-ലെ തൊഴിലാളി ക്ഷേമ നിയമ പ്രകാരം 1977 മേയ് ദിനത്തിൽ രൂപീകരിക്കപ്പെട്ടതാണ് ഈ ക്ഷേമനിധിബോർഡ്. അതല്ലാതെ, കേന്ദ്രസർക്കാരിന്റെ ബോർഡല്ല.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ പറഞ്ഞത് അതിനെക്കുറിച്ചല്ല. 2008-ലാണ് അസംഘടിതരായ എല്ലാ തൊഴിലാളികളെയും ഇതിന്റെ പരിധിയിൽകൊണ്ടുവരണമെന്ന കേന്ദ്രസർക്കാരിന്റെ നിർദ്ദേശം വന്നത്. അത് 2016-ലാണ് കേരളത്തിൽ നടപ്പിലാക്കിയതെന്നാണ് ഞാൻ പറഞ്ഞത്. ബില്ലിന്റെ പരിധിയിൽ വരുന്ന തൊഴിലാളികൾ തന്നെ......, ഇപ്പോൾ കൊമേഴ്സ്യൽ മേഖലയിൽ 35 ലക്ഷത്തോളം ജീവനക്കാരുണ്ടെന്നാണ് കണക്കാക്കുന്നത്. അങ്ങനെയുള്ള എല്ലാ ആളുകളെയും ഇതിന്റെ പരിധിയിലേയ്ക്ക് കൊണ്ടുവരാനും അവർക്കൊക്കെ ആനുകൂല്യങ്ങൾ എത്തിക്കുന്ന കാര്യത്തിൽ ഒന്നുകൂടി ആത്മാർത്ഥമായ സമീപനം സ്വീകരിക്കാനും കഴിയണം.

മി. ചെയർമാൻ : യെസ്.. യെസ്

ശ്രീ. ടി. വി. ഇബ്രാഹിം : സർ, തൊഴിൽ നിയമങ്ങൾ നടപ്പിലാക്കാനും തൊഴിലാളികൾക്കാവശ്യമായ ക്ഷേമപ്രവർത്തനങ്ങൾക്ക് പരിരക്ഷ ഉറപ്പുവരുത്താനുമുള്ള ഉദ്യോഗസ്ഥ സംവിധാനമില്ല. ആകെ 102 അസിസ്റ്റന്റ് ലേബർ ഓഫീസർമാരാണ് കേരളത്തിലുള്ളത്.

മി. ചെയർമാൻ : ഇനി ഒരു ബിൽ കൂടിയുണ്ട്. ദയവായി...

ശ്രീ. ടി. വി. ഇബ്രാഹിം: സർ, തൊഴിൽ നിയമങ്ങൾ നടപ്പിലാക്കാനും തൊഴിലാളികൾക്കാവശ്യമായ സംരക്ഷണവും അവരുടെ ക്ഷേമപ്രവത്തനങ്ങൾക്കുകൂടി പ്രാപ്തമാക്കുന്ന വിധത്തിൽ ഇടപെടാനും അതിന് മേൽനോട്ടം വഹിക്കാനും തൊഴിൽ നിയമങ്ങൾ കൃത്യമായി തൊഴിലിടങ്ങളിൽ നടപ്പിലാക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കുന്നതിനുംവേണ്ടി ഉദ്യോഗസ്ഥ വൃന്ദത്തിന്റെ ഈ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തണമെന്നുകൂടി പറഞ്ഞുകൊണ്ട്, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് ചുമതലപ്പെടുത്തിയതനുസരിച്ച് Shri K. Babu (Thrippoonithura): Sir, I move that, "This House resolves to

disapprove 'The Kerala Tailoring workers' Welfare Fund (Amendment) Ordinance, 2021 (Ordinance No. 132 of 2021)."

ഭേദഗതി നിരാകരണമാണെങ്കിലും ഈ ബില്ലിന് ഞാൻ എതിരല്ല. 2013 ഏപ്രിൽ 21-ാം തീയതി അന്നത്തെ പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ, തയ്യൽത്തൊഴിലാളി ക്ഷേമനിധി സംബന്ധിച്ച് ഒരു സബ്മിഷൻ അവതരിപ്പിച്ചു. 'ക്ഷേമനിധിയിലേയ്ക്കുള്ള സർക്കാർ വിഹിതവും സ്ഥാപന ഉടമകളിൽനിന്നുള്ള വിഹിതവും വർദ്ധിപ്പിക്കണം, തൊഴിലാളികളിൽനിന്നുള്ള വിഹിതം പിരിച്ചെടുക്കാൻ കൃത്യമായ സംവിധാനങ്ങളുണ്ടാകണം, ക്ഷേമനിധി മാനേജ്മെന്റിലെ അരാചകത്വം അവസാനിപ്പിക്കാൻ നടപടിയെടുക്കണം'. തുടങ്ങിയ കാര്യങ്ങളാണ് ഉന്നയിച്ചത്. അന്ന് അവതരിപ്പിച്ച സബ്മിഷനിലെ കാതലായ ഭാഗമാണിത്. തൊഴിലാളി ക്ഷേമനിധിയുമായി ബന്ധപ്പെട്ട്, ഒട്ടനവധി ബില്ലുകൾ കഴിഞ്ഞ കുറച്ചുദിവസങ്ങളായി നിയമസഭയിൽ അവതരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. തൊഴിലാളികളുടെ അംശദായം വർദ്ധിപ്പിക്കണമെന്നല്ലാതെ, സർക്കാരിന്റെ വിഹിതം വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ഇതുവരെ ഒരു ബില്ലിലും നിർദ്ദേശിക്കപ്പെട്ടിട്ടില്ല. മാത്രമല്ല അംശദായത്തിന്റെ ഇരട്ടി നൽകണമെന്ന

മൂലനിയമത്തിലുള്ള വ്യവസ്ഥ നിങ്ങൾ പുതിയ ഭേദഗതിയിലൂടെ 50 ശതമാനമായി കുറയ്ക്കുകയും ചെയ്തു. സർക്കാരിന്റെ വിഹിതം വെട്ടിക്കുറച്ചു. ഭരണകക്ഷിയിലെ അംഗങ്ങളെല്ലാവരും തൊഴിലാളികൾക്കുവേണ്ടി നടത്തിയ ത്യാഗോജ്ജ്വലമായ പ്രവർത്തനങ്ങളെക്കുറിച്ചാണ് ഇത്രയും സമയം സംസാരിച്ചത്. അങ്ങനെയാണെങ്കിൽ ഇതിങ്ങനെ വെട്ടിക്കുറയ്ക്കണമായിരുന്നോ? നിങ്ങൾ ഇത്രയും ത്യാഗം സഹിച്ച സ്ഥിതിക്ക് തൊഴിലാളികൾക്ക് നൽകേണ്ട ആനുകൂല്യമായ സർക്കാർ വിഹിതം നാലിരട്ടി കൊടുക്കണമെന്നുള്ള വ്യവസ്ഥ അൻപത് ശതമാനമായി ചുരുക്കിക്കൊണ്ട് നിങ്ങൾ ഭേദഗതി കൊണ്ടുവന്നു. അതൊരു ശരിയായ നടപടിയല്ലെന്നാണ് എനിക്ക് പറയാനുള്ളത്. മാത്രമല്ല, അന്നത്തെ പ്രതിപക്ഷ നേതാവായിരുന്ന ശ്രീ. വി. എസ്. അച്യുതാനന്ദൻ, സർക്കാരിന്റെ വിഹിതം വർദ്ധിപ്പിക്കണമെന്ന് പറഞ്ഞിരുന്നു. ഏതെങ്കിലും ഒരു ക്ഷേമനിധി ബില്ലിൽ സർക്കാരിന്റെ വിഹിതം വർദ്ധിപ്പിക്കുന്നതിന് നിർദ്ദേശമുണ്ടായോ? ഇവിടെ അവതരിപ്പിക്കപ്പെട്ട ഒരു ബില്ലിലും അത് കണ്ടില്ല. ഈ ബില്ലിലുമില്ല. ബില്ലിലെ 2(2) വകുപ്പ് ഭേദഗതി ചെയ്ത് പ്രാബല്യത്തിൽവരുമ്പോൾ തൊഴിലാളികൾ നേരത്തെ പ്രതിമാസം 20 രൂപ നൽകിയിരുന്നിടത്ത് 50

രൂപ നൽകേണ്ടിവരും. ഇപ്രകാരം ഒരു വർഷം അറുന്നൂറ് രൂപ തൊഴിലാളി വിഹിതമായി ക്ഷേമനിധിയിലേയ്ക്ക് നൽകേണ്ടിവരുന്നു. എന്നാൽ നേരത്തെ അവർ പ്രതിവർഷം ഇരുന്നൂറ്റി നാല്പത് രൂപയാണ് നൽകിയിരുന്നത്. 'ബിൽ നിയമമാകുന്നതോടെ ഇപ്രകാരം വർദ്ധിച്ച തുകയുടെ പത്ത് ശതമാനം വിഹിതമാണ് സർക്കാർ പ്രതിവർഷം ഗ്രാന്റിനത്തിൽ ക്ഷേമനിധിയിലേയ്ക്ക് നൽകേണ്ടിവരിക'. ഗ്രാന്റിനത്തിൽ നൽകേണ്ട തുകയിൽ മാറ്റമുണ്ടോയെന്ന് ബഹുമാനപ്പെട്ട ശ്രീ. ടി. പി. രാമകൃഷ്ണനോട് ഞാൻ ചോദിക്കുകയാണ്. ഒരു മാറ്റവുമില്ല. തൊഴിലാളികളോടുള്ള താല്പര്യത്തിന്റ ഫലമായിട്ടാണ് എന്നൊക്കെ പറയുന്നത് അർത്ഥശൂന്യമാണ്. അതുപോലെ ക്ഷേമനിധി ബോർഡുകൾ ഓരോന്നും രൂപീകരിക്കുമ്പോൾ അവിടേയ്ക്ക് പിരിച്ചെടുക്കേണ്ടതായ തൊഴിലുടമയുടെ വിഹിതം കൃത്യമായി പിരിച്ചെടുക്കുന്നില്ല. കെട്ടിട തൊഴിലാളി ക്ഷേമനിധിയെക്കുറിച്ച് ഞാൻ രാവിലെ സംസാരിച്ചിരുന്നു. എന്റെ കണക്ക് തെറ്റാണെങ്കിൽ അങ്ങേയ്ക്ക് തിരുത്താം. നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലേയ്ക്ക് പതിമൂന്നായിരം കോടി രൂപ പിരിച്ചെടുക്കാനുണ്ട്. തുടർഭരണമായതുകൊണ്ട് സർക്കാർ വന്നിട്ട് ആറുമാസമേ ആയിട്ടുള്ളൂ എന്നുപറയാൻ കഴിയില്ലല്ലോ? യഥാർത്ഥത്തിൽ

നമ്മുടെ നാട്ടിലെ നിർമ്മാണ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചുകൊടുക്കാൻ സാധിക്കുന്ന തുകയാണിത്. നിർമ്മാണ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നില്ല, ആനുകൂല്യങ്ങളിൽ കാര്യമായ മാറ്റം വരുത്തുന്നില്ല. പ്രസ്തുത തുക പിരിച്ചെടുത്താൽ, അവർക്ക് വളരെ കൂടുതൽ ആനുകൂല്യങ്ങൾ നൽകാൻ സാധിക്കും. പക്ഷെ പണം പിരിച്ചെടുക്കുന്നില്ല. എന്തുകൊണ്ടാണ് പണം പിരിച്ചെടുക്കാത്തത്? സാധാരണ 2500 മുതൽ 3000 സ്ക്വയർ ഫീറ്റ് വരെയുള്ള വീടുകൾ പണിതവർക്ക് ക്ഷേമനിധി വേണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പക്ഷെ വൻകിട ഫ്ലാറ്റുകൾ, വലിയ കെട്ടിടങ്ങൾ, ഇതെല്ലാം നിർമ്മിച്ചവരിൽ നിന്നാണ് ഇത് പിരിച്ചെടുക്കേണ്ടത്. വൻകിട കെട്ടിട നിർമ്മാതാക്കളും നിങ്ങളും തമ്മിലുള്ള അവിഹിത ബന്ധത്തിന്റെ ഫലമായിട്ടാണ്... പതിമൂന്നായിരം കോടി രൂപ പിരിക്കാനുള്ള കാര്യമാണ് ഞാൻ പറഞ്ഞതെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് മനസ്സിലായിട്ടില്ല.

മി. ചെയർമാൻ : യെസ്.. യെസ്..

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) : സർ, നമുക്ക് വേണമെങ്കിൽ അങ്ങോട്ടുമിങ്ങോട്ടും രാഷ്ട്രീയ പ്രസംഗങ്ങൾ

നടത്താം. സഭാംഗങ്ങൾ ഇവിടെ ചർച്ചയിൽ പങ്കെടുത്തപ്പോൾ, ബില്ലിലൊതുങ്ങിയും ബില്ലുമായി ബന്ധപ്പെട്ട് കുറച്ചധികവുമൊക്കെ ചിലർ സംസാരിച്ചു. പക്ഷെ, അവിഹിത ബന്ധം എന്നൊക്കെ താങ്കൾ ഇവിടെ സൂചിപ്പിക്കുന്നത്.... അതൊരു നല്ല വാക്കാണോ? അങ്ങ് ഇങ്ങനെയൊരു വാക്ക് പറയേണ്ട കാര്യമുണ്ടായിരുന്നോ...

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ അങ്ങ് പറഞ്ഞത് അംഗീകരിച്ചുകൊണ്ട്, അവിശുദ്ധബന്ധം എന്നാക്കി തിരുത്തുകയാണ്.

<u>ശ്രീ. വി. ശിവൻകുട്ടി</u> : സർ, നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഒരുപാട് കുടിശ്ശിക വന്നിട്ടുണ്ടെന്ന കാര്യം ആദ്യമേതന്നെ വ്യക്തമാക്കിയിരുന്നു. ഐ.എൻ.റ്റി.യു.സി., സി.ഐ.റ്റി.യു., എ.ഐ.റ്റി.യു.സി., ബി.എം.എസ്., തുടങ്ങി കേരളത്തിലെ പ്രധാനപ്പെട്ട എല്ലാ ട്രേഡ് യൂണിയനുകളും പ്രസ്തുത ബോർഡിലുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ, കഴിഞ്ഞ 18 മാസക്കാലമായി കുടിശ്ശിക പിരിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് ഒരു യോഗം ചേർന്നതിന്റെ പശ്ചാത്തലത്തിൽ തൊഴിൽ വകുപ്പിനെക്കൊണ്ടോ ബോർഡിനെക്കൊണ്ടോ മാത്രം ഈ തുക പിരിച്ചെടുക്കാൻ കഴിയില്ലായെന്ന്

മനസ്സിലാക്കി ഇതിനായി തദ്ദേശഭരണ സ്ഥാപനങ്ങളെക്കൂടി ചുമതലപ്പെടുത്തി. നിർമ്മാണപ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള പെർമിറ്റ് കോർപ്പറേഷനോ പഞ്ചായത്തോ നൽകണമെങ്കിൽ ഈ സെസ്സ് അടച്ചാൽ മാത്രമേ അതിന് കഴിയുകയുള്ളൂ എന്ന് തീരുമാനിക്കുകയുണ്ടായി. എന്നുമാത്രമല്ല ലേബർ ഡിപ്പാർട്ട്മെന്റ് മുൻകയ്യെടുത്തുകൊണ്ട് ഒരു അദാലത്ത് സംഘടിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. ഒരു അവിശുദ്ധബന്ധവും അവിഹിതബന്ധവും ഇതിലില്ല.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ഞാൻ മുഖവിലയ്ക്കെടുക്കാം. പക്ഷെ ഈ കുടിശ്ശിക പിരിച്ചെടുക്കാൻ എനിക്കോ പ്രതിപക്ഷാംഗങ്ങൾക്കോ കഴിയില്ലല്ലോ? അപ്പുറത്തിരിക്കുന്നവർക്കല്ലേ അതിന് സാധിക്കൂ. അതിനകത്ത് ഒരു ആത്മാർത്ഥതയില്ലെന്നാണ് ഞാൻ പറഞ്ഞത്.

<u>ശ്രീ. വി. ശിവൻകുട്ടി</u> : സർ, താങ്കൾ മന്ത്രിയായി ഇപ്പുറത്തിരുന്നപ്പോഴും കുടിശ്ശിക വന്നിട്ടുണ്ട്. അതൊരു പുതിയ കാര്യമൊന്നുമല്ല.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u> : സർ, പതിമൂന്നായിരം കോടി രൂപ പിരിച്ചെടുക്കാനുള്ളത് വലിയ കാര്യമല്ലെന്ന് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി പറഞ്ഞ സ്ഥിതിക്ക് ഞാൻ ഇക്കാര്യത്തെക്കുറിച്ച് ഇനിയൊന്നും സംസാരിക്കുന്നില്ല.

ധനകാര്യ വകുപ്പുമന്ത്രി <u>(ശ്രീ. കെ. എൻ. ബാലഗോപാൽ)</u>: സർ, 13,000 കോടിരൂപയുടെ കണക്ക് തന്നാൽ നന്നായിരുന്നു. ധനകാര്യ വകുപ്പിന് നല്ല താൽപ്പര്യമുള്ള കാര്യമാണത്. ഇപ്പോൾ കണക്ക് തരണമെന്നില്ല. 13,000 കോടി രൂപയുണ്ടെന്നുപറഞ്ഞാൽ അതൊരു വലിയ തുകയാണ്. അതിന് കൃത്യമായ കണക്ക് തന്നാൽ നോക്കാവുന്നതാണ്.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ പറഞ്ഞ കാര്യം അങ്ങ് ശ്രദ്ധിച്ചില്ലേ. ഈ കണക്ക് വേണമെങ്കിൽ തിരുത്താം. അങ്ങേയ്ക്ക് കൃത്യമായ കണക്കെടുക്കാമല്ലോ. ഇതിന് മറുപടി പറയുമ്പോൾ ബഹുമാനപ്പെട്ട മന്ത്രിക്ക് ആ കണക്ക് കൃത്യമായി കൊണ്ടുവരാൻ സാധിക്കും. ക്ഷേമനിധി ബോർഡുമായി ബന്ധപ്പെട്ട് എന്റെ സഹപ്രവർത്തകർ പറഞ്ഞ കണക്കാണ് ഞാൻ പറഞ്ഞത്. ആ കണക്ക് ചിലപ്പോൾ ശരിയായിരിക്കില്ല. ശരിയായ കണക്ക് അങ്ങ് പറഞ്ഞോളൂ.

<u>മി. ചെയർമാൻ</u>: അങ്ങ് സഭയെ തെറ്റിധരിപ്പിക്കാൻ പാടില്ല.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ..........(ബഹളം).........അങ്ങ് തൊഴിൽ വകുപ്പുമന്ത്രിയല്ലേ ലേബർ കമ്മീഷണറെ വിളിച്ചുപറഞ്ഞാൽ പോരേ?

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, അങ്ങല്ലേ 13,000 കോടി രൂപയെന്ന് പറഞ്ഞത്. ആ കണക്ക് പരിശോധിക്കാനായി അങ്ങേയ്ക്ക് കൊടുക്കാമല്ലോ.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ കണക്ക് കൊടുത്തിട്ടുവേണം നിങ്ങൾക്ക് കണക്ക് മനസ്സിലാക്കാൻ. എനിക്ക് മനസ്സിലായി. പിന്നെ നിങ്ങൾ അവിടെ ഇരിക്കുന്നതെന്തിനാണ്. ഇതിന് വേറൊരു ഭാഷയാണ് പറയേണ്ടത്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവൻകുട്ടി</u>): സർ, കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കേരളത്തിലെ മഹാഭൂരിപക്ഷം ആൾക്കാരും ഞങ്ങൾക്ക് വോട്ട് ചെയ്തുപോയി. അതുകൊണ്ടാണ് ഞങ്ങൾ ഇവിടെ ഇരിക്കുന്നത്. അതിന് ഞങ്ങളെന്ത് പിഴച്ചു.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, വോട്ട് ചെയ്ത ആളുകളുടെ കാര്യമാണ് ഞാൻ പറഞ്ഞത്. വോട്ട് ചെയ്തതിന് ഇപ്പോൾ ആളുകൾക്ക്

ദു:ഖമുണ്ട്. കാരണം, ഇതുപോലെയല്ലേ നടക്കുന്നത്. രാവിലെ ഇവിടെ അടിയന്തരപ്രമേയം വന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ ചില കാര്യങ്ങൾ രേഖയിലുണ്ടാവില്ലെന്ന് ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞു. ഇവിടെ ഒരു കുഞ്ഞുതന്നെ രേഖയിലില്ല. അതാണ് നിങ്ങൾ വന്നതിൽ ആളുകൾക്കുള്ള ദു:ഖം. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ കുടിശ്ശിക സംബന്ധിച്ച കൃത്യമായ കണക്ക് ശേഖരിക്കാൻ സാധിക്കും. വിവരം ശേഖരിക്കേണ്ട ആവശ്യമില്ല. ഇപ്പോൾത്തന്നെ ഒരു കുറിപ്പ് കൊടുത്താൽ മറുപടി കൊണ്ടുവരും. അത് സഭയെ അറിയിച്ചാൽ നല്ലകാര്യം. ഞാൻ തെറ്റാണ് പറഞ്ഞതെങ്കിൽ തിരുത്തുകയും ചെയ്യാം. വലിയ തുകയായതുകൊണ്ടാണ് ഞാൻ പറഞ്ഞത്. ഭീമമായ തുക പിരിച്ചെടുക്കാനുണ്ട്. ക്ഷേമനിധി ബോർഡുകൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്ന ആവശ്യം തൊഴിലാളികളുടേതാണ്. കുടിശ്ശിക പിരിച്ചെടുക്കേണ്ടത് തൊഴിലാളികൾക്ക് ആനുകൂല്യം കൊടുക്കാൻ വേണ്ടിയാണ്. തൊഴിലാളിപക്ഷത്തുനിന്നും പറയുമ്പോൾ ഇത് പറയാതിരിക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ടാണ് പറഞ്ഞത്. കണക്ക് തെറ്റാണെങ്കിൽ ശരിയായ കണക്ക് അങ്ങ് പറയുകയും ചെയ്യണം.

ക്ഷേമനിധി ബോർഡുകൾ 16-ൽനിന്ന് 11 ആയി ചുരുക്കിയെന്നാണ് എന്റെ ധാരണ. പക്ഷെ, ഒരേ സ്വഭാവമുള്ള ക്ഷേമനിധികൾ വ്യത്യസ്ത ക്ഷേമനിധി ബോർഡുകളായി പ്രവർത്തിക്കുന്നതിന്റെ ഫലമായി ഭരണ ചെലവ് വളരെ വർദ്ധിച്ച്... ഞങ്ങളുടെ കാലത്തുമുണ്ടായിട്ടുണ്ട് അത് ഞാൻ ഏറ്റുപറയുകയാണ്. അതിന് ചെയർമാനും എക്സിക്യൂട്ടീവ് ഓഫീസറും ജീവനക്കാരും ഓഫീസും ജില്ലാ ഓഫീസുകളും വേണം. ഓരോ ക്ഷേമനിധിക്കുംവേണ്ടി ഇത്തരം സംവിധാനങ്ങളൊക്കെ ഒരുക്കേണ്ടിവരും. ക്ഷേമനിധി ബോർഡിന്റെ പണം തൊഴിലാളികളുടെ പണമാണ്. അത് ചെലവാക്കുന്നതിനുപകരം ഒരേ സ്വഭാവമുള്ള ക്ഷേമനിധി ബോർഡുകളെല്ലാം ഒന്നിപ്പിച്ച് അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ് കുറയ്ക്കുന്ന കാര്യത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കണമെന്ന് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്. മറ്റൊരു കാര്യം, നമ്മുടെ സംസ്ഥാനത്ത് നിങ്ങൾ വന്നതിനുശേഷം പെൻഷൻ....... (പ്രസംഗം ചുരുക്കുന്നതിനായി മി.ചെയർമാൻ ബെൽ മുഴക്കി) കാർ കയറി പോകുമ്പോൾ ഹോൺ അടിക്കുന്നതുപോലെ ഹോണടിച്ച് പേടിപ്പിക്കല്ലേ. ഞാൻ പറഞ്ഞുവന്നത് ക്ഷേമനിധികൾ സത്യത്തിൽ ഫലപ്രദമല്ലാതായിയെന്നതാണ്. സാമൂഹിക

പെൻഷനും ഈ പെൻഷനും വാങ്ങാൻ സൗകര്യമുണ്ടായിരുന്നപ്പോൾ ഇതിനൊരു അട്രാക്ഷനുണ്ടായിരുന്നു. ഒരു പെൻഷനെ കിട്ടുകയുള്ളൂവെന്ന് നിങ്ങൾ പറഞ്ഞപ്പോൾ ഇതിന്റെ അട്രാക്ഷൻ കുറഞ്ഞു. കാരണം, ഇതേ തുക സാമൂഹിക പെൻഷനായി കിട്ടും. അവിടെ അംശദായം അടയ്ക്കണ്ട ഇവിടെ അടയ്ക്കണം. അവിടെ അംശദായം അടയ്ക്കാതെതന്നെ ഇതിനേക്കാൾ കൂടിയ തുക ചിലപ്പോൾ കിട്ടുകയും ചെയ്യും. അതുകൊണ്ട് ഞങ്ങളുടെ ഭരണകാലത്തുണ്ടായതുപോലെ രണ്ട് പെൻഷനും വാങ്ങാൻ തൊഴിലാളികളെ അനുവദിക്കേണ്ടതാണെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്.

തയ്യൽ തൊഴിലാളി ക്ഷേമനിധി ബില്ലാണല്ലോ; ഇനി അതിലേയ്ക്ക് വരട്ടെ. തയ്യൽ തൊഴിലാളികളുടെ സ്ഥിതി വളരെ ശോചനീയമാണ്. കാരണം, നമ്മുടെ നാട്ടിൽ തുടർച്ചയായുണ്ടായ പ്രളയം, കോവിഡ് എന്നിവ കാരണം എല്ലാ മേഖലയും സ്തംഭിച്ച കൂട്ടത്തിൽ തയ്യൽ തൊഴിലാളികളുടെയും സ്ഥിതി വളരെ ദയനീയമാണ്. ഇത് വരുന്നതിനുമുമ്പുതന്നെ സ്ഥിതി മോശമാണ്. ഞാൻ ധരിച്ചിരിക്കുന്ന ഖാദി ഷർട്ടിന് 300-400 രൂപ കൊടുത്താൽ റെഡിമെയ്ഡ് കിട്ടും. അത് തയ്ക്കുന്നതിന് 350 രൂപ കൊടുക്കണം. തുണിയുടെ വിലയുടെകൂടി തയ്ക്കാൻ 350 രൂപയും കൊടുക്കണം.

പാന്റ്സ് തയ്ക്കുന്നതിന് 400-500 രൂപ കൊടുക്കണം. എന്നാൽ 750 രൂപ കൊടുത്താൽ റെഡിമെയ്ഡ് കിട്ടും. എന്റെ ചെറുപ്പത്തിൽ ഓണത്തിന് പുതിയ ട്രൗസറിടാൻവേണ്ടി തയ്യൽ കടയിൽ പോയിനിന്ന് തയ്ച്ചുവാങ്ങിയിരുന്ന ഒരു കാലമുണ്ടായിരുന്നു. നിങ്ങൾ പലർക്കും ആ അനുഭവമുണ്ടാകും. എന്നാൽ ഇന്ന് ആരെങ്കിലും തുണികൾ തയ്ച്ചുവാങ്ങാൻ തയ്യൽ കടിയിൽ പോകുന്നുണ്ടോ? അതിന്റെ ആവശ്യമില്ല. നിങ്ങൾ പലരും ധരിച്ചിരിക്കുന്ന ഷർട്ട് റെഡിമെയ്ഡാണ്. തയ്യൽ തൊഴിലാളികൾക്ക് ഉത്സവകാലമെന്ന് പറയുന്നത് സ്കൂൾ സീസണാണ്. യൂണിഫോം തയ്യലാണ്. ഇതൊക്കെ ഇപ്പോൾ പോയി.

<u>ശ്രീ. വി. ജോയി</u>: സർ, അങ്ങ് ഇട്ടിരിക്കുന്ന ഷർട്ട് തയ്പിച്ചതാണോ അതോ റെഡിമെയ്ഡാണോ?

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>:സർ, ഞാൻ റെഡിമെയ്ഡ് ഇതുവരെ ഇട്ടിട്ടില്ല, ഇടാറില്ല.

<u>ശ്രീ. വി. ജോയി</u>: സർ, ശരീരത്തിന് പാകമായി കൃത്യതയോടുകൂടി വരണമെങ്കിൽ തയ്പിക്കുകയാണ് ചെയ്യേണ്ടത്.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ പറഞ്ഞത് എന്റെയും ബഹുമാനപ്പെട്ട വി. ജോയിയുടെയും കാര്യമല്ല. മഹാഭൂരിപക്ഷം ആളുകളും ഇപ്പോൾ റെഡിമെയ്ഡ് വസ്ത്രം ധാരാളമായി വാങ്ങുകയാണ്. കാരണം, തയ്യൽ കൂലി കൊടുക്കുന്നതിനേക്കാൾ നിസ്സാര തുകകൂടി കൊടുത്താൽ പുതിയ ഷർട്ടും പാന്റ്സും കിട്ടും. തയ്യൽ തൊഴിലാളികളുടെ പ്രയാസമാണ് ഞാൻ പറഞ്ഞത്.

<u>മി. ചെയർമാൻ</u>: ബഹുമാനപ്പെട്ട അംഗം അങ്ങയെ സപ്പോർട്ടുചെയ്ത് സംസാരിക്കണ്ടേ.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഡിസംബർ മുതൽ ഏപ്രിൽ മാസം വരെയാണ് ഉത്സവ സീസൺ. നമ്മുടെ നാട്ടിൽ കൊറോണയും ഒന്നാം പ്രളയവും രണ്ടാം പ്രളയവും കാരണം ഉത്സവം കാര്യമായുണ്ടായില്ല. ഓണാഘോഷവും ക്രിസ്തുമസ് ആഘോഷവുമുണ്ടായിരുന്നില്ല. ഇതുകാരണം തയ്യൽ തൊഴിലാളികളുടെ സ്ഥിതി വളരെ ദയനീയമാണ്. അതോടൊപ്പം റെഡിമെയ്ഡ് വസ്ത്രങ്ങൾ ധാരാളം നമ്മുടെ മാർക്കറ്റിൽ വന്നപ്പോൾ പഴയതുപോലെ തയ്യൽ തൊഴിലാളികളുടെ സ്ഥിതി അത്ര മെച്ചമല്ല, വളരെ മോശമാണ്. അങ്ങനെയുള്ള തയ്യൽ തൊഴിലാളികൾക്ക് കുറച്ചുകൂടി മെച്ചപ്പെട്ട

ഒരു സാഹചര്യം പ്രതീക്ഷയുള്ളത്...

മി. ചെയർമാൻ: ഇനി അങ്ങേയ്ക്ക് എത്ര സമയംകൂടി വേണം?

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, 10 മിനിട്ട്.

മി. ചെയർമാൻ: അര മണിക്കൂറാണോ അങ്ങ് സംസാരിക്കാൻ പോകുന്നത്?

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ശരി. ഞാൻ അഞ്ച് മിനിട്ടുകൊണ്ട് നിർത്താം. തയ്യൽ തൊഴിലാളി മേഖല വളരെ പ്രയാസകരമായ സ്ഥിതിയിലൂടെയാണ് മുന്നോട്ടുപോകുന്നത്. അതുകൊണ്ട് തയ്യൽ തൊഴിലാളികൾക്ക് ക്ഷേമനിധി ബോർഡ് വഴി കൊടുക്കുന്ന ആനുകൂല്യങ്ങൾ കുറേക്കൂടി വർദ്ധിപ്പിക്കാൻ ശ്രമിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇവരുടെ അംശദായം 50 രൂപയാക്കി വർദ്ധിപ്പിക്കുമ്പോൾ റിട്ടയർമെന്റ് തുക എസ്.ആർ.ഒ. നമ്പർ 426/2020 പ്രകാരം 15,000 രൂപയായാണ് വിജ്ഞാപനപ്പെടുത്തിയിട്ടുള്ളത്. ഒരു തയ്യൽ തൊഴിലാളി 60-ാം വയസ്സിൽ റിട്ടയർ ചെയ്യുമ്പോൾ 15,000 രൂപയാണ് പെൻഷനായി കിട്ടുന്നത്. അതുപോലെ 30 വർഷം സർവ്വീസുള്ളപ്പോൾ 20 രൂപ അംശദായം അടച്ചിരുന്ന കാലഘട്ടത്തിൽ 23,000 രൂപ കിട്ടുമായിരുന്നു.

അതാണ് ഇതിനകത്തുള്ള പ്രശ്നം. 20 രൂപ അംശദായമുള്ളപ്പോൾ 23,000 രൂപ പെൻഷൻ കിട്ടുമായിരുന്ന സ്ഥാനത്ത് പുതിയ ഉത്തരവുപ്രകാരം 50 രൂപയാക്കിയപ്പോൾ 15,000 രൂപ മാത്രമെ കിട്ടുകയുള്ളൂ. അങ്ങ് ദയവായി അത് പരിശോധിക്കുകയും ഞാൻ പറഞ്ഞ ഈ വ്യത്യാസം ശരിയാണെങ്കിൽ അത് തിരുത്തുകയും വേണം. അതുപോലെ ഈ നിയമം പ്രാബല്യത്തിൽ വരുമ്പോൾ 34 വർഷം കഴിഞ്ഞും സർവ്വീസുള്ള ആൾക്ക് 9,000 രൂപയാണ് കിട്ടുന്നത്. ഇത് അതിക്രൂരമായ നടപടിയാണ്. ക്ഷേമനിധിയുടെ അപ്രായോഗികതയെക്കുറിച്ച് അതാണ് ഞാൻ നേരത്തെ പറഞ്ഞത്. അംശദായം അടയ്ക്കുകയുംവേണം പക്ഷെ കിട്ടുന്ന ആനുകൂല്യങ്ങൾ കേവലം തുച്ഛവുമാണ്. പ്രസവാനുകൂല്യം 15,000 രൂപയാണ്. ഇതിൽനിന്നും ആദ്യം 2000 രൂപ കൊടുക്കും. ബാക്കി 13,000 രൂപ ലഭിക്കാൻ ചിലപ്പോൾ ഏഴ് വർഷമെടുക്കും. പ്രസവത്തെ തടുക്കാൻ കഴിയില്ല, പ്രസവത്തെ തടുക്കാൻ ആർക്കെങ്കിലും സാധിക്കുമോ? പ്രസവാനുകൂല്യത്തിന്റെ ബാക്കി 13,000 രൂപ ലഭിക്കണമെങ്കിൽ കുഞ്ഞിന് ഏഴ് വയസ്സാകണം. അതിനാൽ ഇത് കാലാനുസൃതമായി വർദ്ധിപ്പിക്കാനും ആനുകൂല്യങ്ങൾ കൃത്യസമയത്ത് നൽകാനും സാധിക്കണം. പ്രസവാനുകൂല്യം ആ കാലഘട്ടത്തിൽ

ലഭിക്കേണ്ടതല്ലേ; അല്ലാതെ പ്രസവം കഴിഞ്ഞ് അഞ്ചോ ആറോ വർഷം കഴിഞ്ഞ് ആനുകൂല്യം ലഭിച്ചിട്ട് കാര്യമെന്താണ്? ഇക്കാര്യം ഗവൺമെന്റ് പരിശോധിക്കണമെന്ന് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്. വിധവാ പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്നവർക്ക് 60 വയസ്സ് പൂർത്തിയായാൽ തയ്യൽ തൊഴിലാളി പെൻഷൻ ലഭിക്കണമെങ്കിൽ വിധവാ പെൻഷൻ വേണ്ടെന്ന് എഴുതി കൊടുക്കണം. ഞാൻ നേരത്തെ സൂചിപ്പിച്ച കാര്യം തന്നെയാണിത്. അതിനാൽ കൂടുതലായി പറയാനില്ല. ഞാനും ബഹുമാനപ്പെട്ട ചെയറുമായി ഒരു ധാരണ ഉണ്ടാക്കിയതുകൊണ്ട് പ്രസംഗം അവസാനിപ്പിക്കുകയാണ്. ഇതുസംബന്ധിച്ച് ആവർത്തിച്ച് പറയാനുള്ള കാര്യം, ഗവൺമെന്റിന്റെ വിഹിതം വർദ്ധിപ്പിക്കണം. അനവധി ക്ഷേമനിധി ബോർഡുകൾ പ്രവർത്തിച്ച് overheads വർദ്ധിപ്പിക്കുന്നതിനുപകരം ഇതെല്ലാംകൂടി ഏകോപിപ്പിച്ച് കൂടുതൽ ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് നൽകുന്ന കാര്യത്തെ സംബന്ധിച്ച് ഗവൺമെന്റ് ഗൗരവമായി ആലോചിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, ഞാൻ ഈ നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച

പ്രമേയത്തിൽ പറഞ്ഞ കാര്യങ്ങളോട് ഞാനും പൂർണ്ണമായും യോജിക്കുന്നു. അദ്ദേഹം പറഞ്ഞ കാര്യങ്ങൾ ഞാൻ ആവർത്തിക്കുന്നില്ല. ഈ ബില്ലിൽ "ഇത് 2020 ഏപ്രിൽ 21-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്" എന്നാണ്. അതായത് ഈ ബില്ലിന് പിൻകാല പ്രാബല്യം (retrospective effect) നൽകുന്നത് illegal ആണെന്ന് ഞാൻ പറയുന്നില്ല, എന്നാലത് irregular ആണ്. Prospective ആയി തീയതി നിശ്ചയിച്ചിട്ടേ അത് നടപ്പാക്കാൻ പാടുള്ളൂ. ഇതുമായി ബന്ധപ്പെട്ട് രണ്ടുമൂന്ന് കാര്യങ്ങൾ എനിക്ക് സൂചിപ്പിക്കാനുണ്ട്. ഒന്ന്, ഒന്നാം വകുപ്പിനുപകരം (പഴയ വകുപ്പിൽ) ".....എന്നാൽ, നൂറിനുമുകളിൽ തൊഴിലാളികൾ പണിയെടുക്കുന്ന സ്ഥാപനങ്ങളിൽ, നൂറിനുമേൽ വരുന്ന തൊഴിലാളി ഒന്നിന്, തൊഴിലുടമ പ്രതിമാസം മൂന്ന് രൂപ വീതം ക്ഷേമനിധിയിലേയ്ക്ക് അടച്ചാൽ മതിയാകുന്നതാണ്." എന്നാണ് സൂചിപ്പിച്ചിരിക്കുന്നത്. അത് ഒഴിവാക്കി ഇനി എത്ര രൂപവീതം അടയ്ക്കണം, എന്താണ് തൊഴിലുടമ ചെയ്യേണ്ടതെന്ന് ഈ ഭേദഗതിയിൽ പറയുന്നില്ല. അതിന്റെ അർത്ഥം എന്താണ്; തൊഴിലുടമ ക്ഷേമനിധിയിലേയ്ക്ക് അടയ്ക്കുന്നത് പൂർണ്ണമായും ഒഴിവാക്കുന്നുവെന്നല്ലേ അതിന്റെ അർത്ഥം. അതുമാറ്റി നൂറിൽ കൂടുതൽ തൊഴിലാളികളുണ്ടെങ്കിലും

തൊഴിലുടമ ഇത്ര രൂപ അടയ്ക്കണമെന്ന് അതിൽ വരുത്തേണ്ടതാണ്. രണ്ട്, നൂറിനുമേൽ തൊഴിലാളികൾ പണിയെടുക്കുന്ന സ്ഥാപനമാണെങ്കിൽ ഇന്ത്യൻ ഭരണഘടനയുടെ 43-ാം വകുപ്പ് അനുശാസിക്കുന്നത് “ Living wages, etc., for workers The State shall endeavour to secure, by suitable legislation or economic organization or in any other way, to all workers, agricultural, industrial or otherwise, work, a living wage, conditions of work ensuring a decent standard of life…..” ഇത് നൂറിനുമേൽ തൊഴിലാളികൾ വരുമ്പോൾ തൊഴിലുടമ അടയ്ക്കേണ്ട വിഹിതം ഒഴിവാക്കിയെന്ന് മാത്രമല്ല ഭരണഘടനയിലെ 43-ാം വകുപ്പിൽ പറയുന്ന ഒരു വ്യവസ്ഥയും ഇതിൽ എഴുതി ചേർത്തിട്ടില്ലായെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ള മറ്റൊരു കാര്യം. മൂന്ന്, ഇവിടെ എല്ലാവരും സൂചിപ്പിച്ചു. ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ സബ്മിഷൻ ബഹുമാനപ്പെട്ട കെ. ബാബു (തൃപ്പൂണിത്തുറ) ഇവിടെ വായിക്കുകയുണ്ടായി. അതിനാൽ ഞാൻ അത് വായിക്കുന്നില്ല. എന്നാൽ അന്നത്തെ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ഷിബു ബേബി ജോൺ മറുപടി പറഞ്ഞപ്പോൾ പ്രധാനപ്പെട്ട ഒരു കാര്യം സൂചിപ്പിച്ചു, അദ്ദേഹം പറഞ്ഞു "ക്ഷേമനിധികളിലേയ്ക്കുള്ള സർക്കാർ വിഹിതവും ഒരു

ലക്ഷം ആളുകൾ പുതിയതായി ചേർന്നപ്പോഴും ഇത്രയധികം തൊഴിലാളികൾ ഉണ്ടെന്ന് പറയുമ്പോഴും കഴിഞ്ഞ ദിവസങ്ങളിൽ ODEPC (Overseas Development and Employment Promotion Consultants Ltd) എന്ന സ്ഥാപനംവഴി തയ്യൽ അറിയാവുന്ന ആയിരം പേരെ ജോർദ്ദാനിലേയ്ക്ക് റിക്രൂട്ട് ചെയ്യുന്നതിനുള്ള അവസരമുണ്ടായി. സാമാന്യം ഭേദപ്പെട്ട ശമ്പളമാണ് അവർ പറഞ്ഞത്. പക്ഷെ നിർഭാഗ്യവശാൽ നമുക്ക് ആകെ മൂന്ന് അപേക്ഷകൾ മാത്രമാണ് ലഭിച്ചത്" . ഇക്കാര്യത്തെ സംബന്ധിച്ച് ഭരണപക്ഷവും പ്രതിപക്ഷവും ഒന്നിച്ചിരുന്ന് ആലോചിക്കേണ്ടതാണ്. ആ മറുപടിയുടെ അർത്ഥം എന്താണ്; ബഹുമാനപ്പെട്ട ടി. പി. രാമകൃഷ്ണൻ മന്ത്രിയായിരുന്ന സമയത്ത് ശ്രീ. പി. ടി. തോമസിന്റെ ചോദ്യത്തിന് മറുപടിയായി 7,75,628 തയ്യൽ തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെന്നാണ് സഭയിൽ പറഞ്ഞത്. അന്ന് ബഹുമാനപ്പെട്ട വി.എസ്.അച്ചുതാനന്ദന്റെ സബ്മിഷന് മറുപടി പറഞ്ഞപ്പോൾ അന്നത്തെ തൊഴിൽ വകുപ്പുമന്ത്രി പറഞ്ഞത് വളരെ ഗൗരവത്തോടെ എടുക്കണം. അതിന്റെ അർത്ഥം എന്താണ്; അതായത്, ആയിരക്കണക്കിന് അർഹതയില്ലാത്ത തൊഴിലാളികൾ തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളാകുന്നുവെന്നാണ്. അക്കാര്യം

പരിശോധിക്കേണ്ടതല്ലേ; മാത്രമല്ല, ക്ഷേമനിധി ബോർഡുകളുടെ ശാക്തീകരണത്തിന് അവലംബിക്കാൻ ഉദ്ദേശിക്കുന്ന മാർഗ്ഗങ്ങൾ അറിയിക്കാമോയെന്ന് 06-07-2021-ന് സർവ്വശ്രീ ടി. പി. രാമകൃഷ്ണൻ, എം.എം. മണി, മുരളി പെരുനെല്ലി, വി. ജോയി എന്നീ ബഹുമാനപ്പെട്ട അംഗങ്ങളുടെ ചോദ്യത്തിന് ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടി നൽകിയ മറുപടി "ഇന്ന് 16 ക്ഷേമനിധി ബോർഡുകളുണ്ട്. അവയെ സംയോജിപ്പിച്ച് ആകെ ക്ഷേമനിധി ബോർഡുകളുടെ എണ്ണം 11 ആയി കുറയ്ക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്" എന്നാണ്. എന്നാൽ ഇന്ന് നമ്മൾ ഇവിടെ ചർച്ച ചെയ്യുന്ന തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിനെ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഒരു വലിയ സംഖ്യ അഡ്മിനിട്രേഷനുവേണ്ടി (ഭരണ ചെലവിനുവേണ്ടി) അടയ്ക്കുന്നത് ഒഴിവാക്കാൻ സാധിക്കുമെന്ന ഒരു നിർദ്ദേശം വയ്ക്കുകയാണ്. അതുപോലെ, ഇവിടെ എല്ലാവരും സൂചിപ്പിച്ച കാര്യമാണ്, 20 രൂപയെന്നത് 50 രൂപയാക്കി വർദ്ധിപ്പിച്ചപ്പോൾ തൊഴിലാളികളുടെ വിഹിതം 30 രൂപയായി വർദ്ധിപ്പിച്ചാൽ മതിയായിരുന്നുവെന്നൊരു നിർദ്ദേശം വയ്ക്കുകയാണ്.

തൊഴിലുടമയുടേത് മുമ്പ് സൂചിപ്പിച്ചതുപോലെ വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണ്. ഞാൻ പ്രസംഗം അവസാനിപ്പിക്കുന്നതിനുമുമ്പ് ഒരു കാര്യം പറയുകയാണ്. ഇതിൽ ഭരണഘടനാപരമായ ഒരു പ്രശ്നം ഞാൻ ഇതിനുമുമ്പും സഭയിൽ സൂചിപ്പിച്ചിരുന്നു. ഈ നിയമം ഇവിടെ അവതരിപ്പിക്കുന്നതിനുമുമ്പായി 20-04-2020-ന് ബഹുമാന്യനായ ഗവർണ്ണർ ഒപ്പുവച്ച ഓർഡിനൻസ് നമ്പർ 28/20, 26-09-2020-ന് ഓർഡിനൻസ് നമ്പർ 66/20, 09-02-2021-ന് ഓർഡിനൻസ് നമ്പർ 3/21, 01-07-2021-ന് ഓർഡിനൻസ് നമ്പർ 74/21, 23-08-2021-ന് ഓർഡിനൻസ് നമ്പർ 132/21 എന്നിവയാണ് ഇതുവരെ ഈ ബില്ലുമായി ബന്ധപ്പെട്ട് ഇറക്കിയിട്ടുള്ള അഞ്ച് ഓർഡിനൻസുകൾ. ആർട്ടിക്കിൾ 213-ൽ എങ്ങനെയാണ്, എന്തിനാണ് ഓർഡിനൻസ് ഇറക്കേണ്ടതെന്ന് വ്യക്തമായി പറയുന്നു:-" Power of Governor to promulgate Ordinances during recess of Legislature (1) If at any time, except when the Legislative Assembly of a State is in session, or where there is a Legislative Council in a State, except when both Houses of the Legislature are in session, the Governor is satisfied that circumstances exist which

render it necessary for him to take immediate action, he may promulgate such Ordinance as the circumstances appear to him to require: Provided that the Governor shall not, without instructions from the President, promulgate any such Ordinance…...the Ordinance shall be laid before the Legislative Assembly of the State, or where there is a Legislative Council in the State, before both the House, and shall cease to operate at the expiration of six weeks from the reassembly of the Legislature…." അങ്ങനെ വരുമ്പോൾ ആദ്യത്തെ ഓർഡിനൻസ് 20.04.2020-നും അത് വീണ്ടും വരുന്നത് 26.09.2020-ന് അതിനർത്ഥം അതില്ലാതെയായി. അതിനുശേഷം 09.02.2021, 01.07.2021, 23.08.2021 എന്നീ തീയതികളിലും വന്നു. അതായത് ഭരണഘടനയുടെ ആർട്ടിക്കിൾ 213-ൽ പറയുന്നതിന് വിരുദ്ധമായി ഈ ഓർഡിനൻസ് ഇറക്കുമ്പോൾ അതിൽപ്പറഞ്ഞ കാര്യങ്ങൾ യഥാവിധി നടപ്പാകുന്നില്ല. അതുകൊണ്ടാണ് ഞാൻ സൂചിപ്പിച്ചത്, ഈ നിയമം retrospective ആയി പാസ്സാക്കരുത്. അല്ലെങ്കിൽ മറുപടി പറയും അതിന് ഓർഡിനൻസ് ഉണ്ടായിരുന്നുവെന്ന്. ആ ഓർഡിനൻസുകൾക്കൊന്നും

ജീവനുണ്ടായിരുന്നില്ല. എന്തുകൊണ്ടാണ് ഇത് സമയത്തിന് അസംബ്ലിയിൽ വയ്ക്കാതിരുന്നതെന്ന വ്യക്തമായ കാരണം ഈ സഭയെ ബോധിപ്പിക്കുന്നില്ല. ബഹുമാനപ്പെട്ട ഗവർണ്ണറെ ബോധിപ്പിക്കുന്നില്ല, ബഹുമാനപ്പെട്ട ഗവർണ്ണർ ബഹുമാനപ്പെട്ട പ്രസിഡന്റിനെ ബോധിപ്പിക്കുന്നില്ല. ഈ ഒരു ചെറിയ സംഗതിക്കുവേണ്ടി അഞ്ച് തവണയും കാബിനറ്റ് ചേർന്ന് തീരുമാനിക്കുന്നു. അതുകൊണ്ട് ഓർഡിനൻസ് ഇറക്കുമ്പോൾ ഭരണഘടനയിൽ പറഞ്ഞിരിക്കുന്ന വകുപ്പിനെ ഇല്ലായ്മ ചെയ്തുകൊണ്ടോ അതിനെ മറികടന്നുകൊണ്ടോ ഉള്ള ഓർഡിനൻസ് ഇറക്കുന്നതും ശിപാർശ ചെയ്യുന്നതും ശരിയല്ലെന്ന അഭിപ്രായമുണ്ട്. ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്. ഇവിടെ തൊഴിലാളികളുടെ അംശദായം വർദ്ധിപ്പിച്ചതനുസരിച്ച് എല്ലാവരും പറഞ്ഞതുപോലെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കണം അവരുടെ മാസംതോറും വർദ്ധിപ്പിച്ച 50 രൂപ, 30 രൂപയായി കുറയ്ക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഇതിനെ എതിർക്കുന്നു.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, 2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി

31-12-2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഇന്ന് രാവിലെ നമ്മുടെ സഭയിൽ ചർച്ച ചെയ്തത് ശ്രീമതി അനുപമ എന്ന അമ്മ നൊന്തു പ്രസവിച്ച കുട്ടിയുടെ മാതൃത്വം സംബന്ധിച്ച തർക്കമല്ല. കുട്ടിയുടെ മാതാവ് അനുപമതന്നെ, പക്ഷേ കുട്ടിയുടെ ഇപ്പോഴത്തെ കസ്റ്റോഡിയൻ വേറെ ആളുകളെയാണ്. കുട്ടിയെ തട്ടിക്കൊണ്ട് പോയവരാണ് കുട്ടിയുടെ ഇപ്പോഴത്തെ കസ്റ്റോഡിയൻ. എന്നതുപോലെ തന്നെയാണ് കേരളത്തിലെ പുരോഗമന നിയമങ്ങൾ സംബന്ധിച്ച് ഇന്ന് നമ്മൾ ചർച്ച ചെയ്യുന്ന തയ്യൽ തൊഴിലാളി ക്ഷേമനിധി നിയമം 1994-ലെ സർക്കാരാണ് പാസ്സാക്കിയത്. അതൊരു അഡ്മിറ്റഡ് ഫാക്ടാണ്. കേരളത്തിൽ തൊഴിലില്ലായ്മ വേതനം നടപ്പിലാക്കിയത് ശ്രീ. എ. കെ. ആന്റണിയുടെ ഗവൺമെന്റാണ്. കർഷക തൊഴിലാളിക്ഷേമം സംബന്ധിച്ച നിയമം പാസ്സാക്കുമ്പോൾ അന്നത്തെ തൊഴിൽ വകുപ്പുമന്ത്രി ശ്രീ. വക്കം പുരുഷോത്തമൻ ആയിരുന്നു. ഭൂപരിഷ്കരണ നിയമമാണ് നേരത്തെ നമ്മൾ ഡിബേറ്റ് ചെയ്തത്. കേരളത്തിലെ ഭൂപരിഷ്കരണ നിയമം എന്റെ കയ്യിലുണ്ട്. ലൈബ്രറിയിൽ നിന്ന് ഒരു അക്കാഡമിക്ക് ഇന്ററസ്റ്റിൽ ഇപ്പോൾ

വാങ്ങിയതാണ്. The Kerala Land Reforms Act, 1963, Short title, extent and commencement, published in Kerala Gazette Extraordinary No.07 dated 14.01.1964. ഈ നിയമം 1964-ലെ ഗസറ്റിലാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്, received the assent of the President on 31.12.1963, ബഹുമാനപ്പെട്ട പ്രസിഡന്റിന്റെ അനുവാദം കിട്ടിയത് 31.12.1963-നാണ്. സെക്ഷനുകൾ പ്രാബല്യത്തിൽ വന്നത് 1964 ഏപ്രിൽ 1-ാം തീയതിയാണ്. ഇനി ഈ പുസ്തകത്തിന്റെ പ്രിഫെയ്സിൽ ഇങ്ങനെയൊരു നിയമം അവതരിപ്പിക്കാനും പാസ്സാക്കാനും ഇടവന്നിട്ടുള്ള സാഹചര്യം വിശദീകരിച്ചിട്ടുണ്ട്. " While legislating the Kerala Land Reforms Act, the Government have kept in view the broad objectives of land reforms as laid down by the Planning Commission …." രാജ്യത്തിന്റെ പ്ലാനിംഗ് കമ്മീഷൻ അവർ ഭൂപരിഷ്കരണ നിയമത്തെ സംബന്ധിച്ചുണ്ടാക്കിയിരിക്കുന്ന വിശാലമായിട്ടുള്ള വീക്ഷണം, കാഴ്ചപ്പാട്, നിർദ്ദേശങ്ങൾ അതിനെ ആസ്പദമാക്കിക്കൊണ്ടാണ് കേരളത്തിന്റെ പുരോഗമനപരമായ ഭൂപരിഷ്കരണ നിയമം പാസ്സാക്കി നടപ്പിലാക്കിയതെന്ന യാഥാർത്ഥ്യത്തെ വളച്ചൊടിക്കാൻ ശ്രീമതി അനുപമയുടെ കുട്ടിയുടെ കസ്റ്റഡി

ഇന്ന് കൈവശപ്പെടുത്തിയിട്ടുള്ള ആളുകൾ തന്നെ ശ്രമിക്കുന്നത് ശരിയല്ല. ഈ ലെജിസ്ലേഷന് അതിന്റെ ഹിസ്റ്റോറിക്കൽ ബാക്ക്ഗ്രൗഡ് ഉണ്ട്. ഇത് പുസ്തകത്തിൽ നിന്നുതന്നെയുള്ള എവിഡന്റ്സാണ്. ആ കാര്യത്തിലെ തർക്കം ഇവിടെ അവസാനിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്, ആഗ്രഹിക്കുകയാണ്. നമ്മുടെ പ്രധാനപ്പെട്ട വിഷയം തയ്യൽത്തൊഴിലാളികളുടെ ക്ഷേമനിധിയിൽ അവരുടെ അംശദായം വർദ്ധിപ്പിക്കുന്ന കാര്യമാണ്. അതിനെ സംബന്ധിച്ച് ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), ശ്രീ. യു. എ. ലത്തീഫും ഇവിടെ കാര്യകാരണ സഹിതം വിശദീകരിച്ചിട്ടുണ്ട്. ഇന്നത്തെ തയ്യൽ തൊഴിലാളികളുടെ അവസ്ഥ എന്താണ്? എന്റെ കയ്യിലുള്ളത് കുറച്ച് പേപ്പർ കട്ടിങ്ങാണ്. 'കൊവിഡിൽ തുന്നലിളകി തയ്യൽ തൊഴിലാളികൾ' അവരുടെ ജീവിത സാഹചര്യങ്ങൾ വളരെ പ്രയാസമാണ്. 'തയ്യൽ മെഷീനുകൾ ഉപയോഗിക്കാതെ നശിക്കുന്നു', 'പൊടിയടിച്ച് തുണികൾ', 'വൻ ഷോപ്പുകൾക്ക് തുറക്കാം പക്ഷേ, സാധാരണ തുന്നൽഷോപ്പുകൾക്ക് തുറക്കാൻ അനുമതിയില്ല', 'കെട്ടുപിണഞ്ഞ് തയ്യൽ ജീവിതം' മറ്റൊരു വാർത്തയാണ്, 'സ്കൂൾ തയ്യലില്ല: തൊഴിലാളികൾ പ്രതിസന്ധിയിൽ, തുന്നിക്കൂട്ടാനാകാത്ത ജീവിതം'. അതാണ് തയ്യൽ

തൊഴിലാളികളുടെ അവസ്ഥ. 'തയ്യൽ തൊഴിലാളികൾ സൂചിമുനയിൽ'. ഇതെല്ലാം അവരുടേതായ ഭാഷയിൽത്തന്നെ അവരുടെ ജീവിത പ്രയാസങ്ങൾ ഇവിടെ പത്രമാധ്യമങ്ങൾ നമ്മുടെ മുന്നിൽ തുറന്നുകാട്ടുകയാണ്. നമുക്കെല്ലാം ദൈനംദിന ബന്ധമുള്ളതാണ്; കാരണം നമ്മളെല്ലാപേരും ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) പറഞ്ഞതുപോലെ റെഡിമെയ്ഡ് വസ്ത്രങ്ങൾ ധരിക്കുന്നത് കുറവാണ്, എല്ലാവരും ടെയിലറിംഗ് ഷോപ്പുകളെ ആശ്രയിക്കുന്നവരാണ്. നല്ല വസ്ത്രങ്ങൾ വാങ്ങിയാൽപ്പോര നല്ല ടെയിലറിംഗ് ആണെങ്കിൽ മാത്രമേ ആ വസ്ത്രം നമ്മുടെ ശരീരത്തിൽ ഫിറ്റ് ആകുകയുള്ളൂ. വസ്ത്രം വീണ്ടുംവീണ്ടും ധരിക്കാൻ നമുക്ക് താൽപ്പര്യമുണ്ടാകുകയുള്ളൂ, ടെയിലറിംഗിന്റെ പ്രാധാന്യം നമുക്കെല്ലാവർക്കുമറിയാം. അതുപോലെത്തന്നെ നമ്മുടെ സഹോദരിമാർ, വനിതകൾ ഒരു സ്വയംതൊഴിൽ സംരംഭമെന്ന നിലയിൽ അവർ സംഘടിതമായിട്ടുള്ള യൂണിറ്റുകൾ ഉണ്ടാക്കുന്നു. അതുപോലെ വീടുകളിൽചെന്നാൽ നമുക്കറിയാം മിക്കവാറും വീടുകളിൽ ഒരു തയ്യൽ മെഷീനുണ്ടാകും. സാധാരാണക്കാരുടെ വീട്ടിലും വലിയ വീടുകളിൽ ചെന്നാൽപ്പോലും അവിടെയൊക്കെ അവരുടെ ജീവിതത്തിന്റെ ഭാഗമായി തന്നെ തയ്യൽ പരിശീലിക്കുകയും തയ്യൽ മെഷീൻ ഒട്ടുമിക്ക വീടുകളിലും

ഉണ്ടാകും. ചെറിയ വീടുകളിൽ പ്രത്യേകിച്ച് അവിടത്തെ കുടുംബനാഥമാർ അതൊരു വരുമാന മാർഗ്ഗമായി അതിനെ ആശ്രയിക്കുന്നു. വലിയ വീടുകളിലും അങ്ങനെ കാണാൻ സാധിക്കും. അതുപോലെ തയ്യലിന്റെ ഒരുപാട് പരിഷ്കരിച്ച boutique-കുകളും അങ്ങനെയുള്ള കാര്യങ്ങളുമെല്ലാം നമ്മുടെ വസ്ത്രധാരണ രീതിക്കനുസരിച്ച് യുവാക്കളെയും മറ്റും ആകർഷിക്കുന്നതിനുവേണ്ടിയുണ്ട്. എന്നാൽ ഇവരുടെ ജീവിത സാഹചര്യത്തെ മെച്ചപ്പെടുത്താൻ ഇന്നുകൊണ്ടുവന്നിട്ടുള്ള ഭേദഗതി നിയമം തീർത്തും സഹായകരമല്ല, അത് വളരെ വ്യക്തമാണ്. കാരണം സർക്കാർ ഈ നിയമ ഭേദഗതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ തന്നെപ്പറയുന്നുണ്ട്. ഈ ക്ഷേമനിധി ബോർഡിന്റെ ഭാരിച്ച ചെലവുകൾ താങ്ങുന്നതിനുവേണ്ടിയാണ് ഈ നിയമം നടപ്പിലാക്കുന്നത്. നടപ്പിലാക്കുന്നതുകൊണ്ടുള്ള ബെനഫിറ്റ് എന്താണ്? തൊഴിലാളിക്ക് ബെനഫിറ്റൊന്നുമില്ല. അംശദായം വർദ്ധിപ്പിക്കുക മാത്രമാണ് ചെയ്തത്. അംശദായം 20 ആയിരുന്നത് 50 ആയിട്ടും അതുപോലെ തൊഴിലുടമ നൽകേണ്ടിയിരിക്കുന്ന സംഖ്യയും വർദ്ധിപ്പിച്ചിട്ടുണ്ട്. ഇവിടെയാണ് ഈ ബോർഡിന്റെ ഭാരിച്ച ചെലവിനെക്കുറിച്ച് നേരത്തെ സംസാരിച്ചത്. ഞാൻ തന്നെ നിയമസഭയിൽ

നക്ഷത്രചിഹ്നമിടാത്ത ഒരു ചോദ്യം 10-06-2021-ന് ചോദിച്ചിരുന്നു. ആ ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്, ഈ ബോർഡിന്റെ 2019-20 വർഷത്തെ ഭരണചെലവ് 3,70,72,395 രൂപയാണെന്നാണ്. തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് ഒരു വർഷം പ്രവർത്തിക്കുന്നതിന് ചെലവായിട്ടുള്ള സംഖ്യ മൂന്നേമുക്കാൽ കോടിയാണ് എന്നത് ഗവൺമെന്റ് തന്നെ നിയമസഭയിൽ പറഞ്ഞ ഉത്തരത്തിൽനിന്നും വ്യക്തമാണ്. ഈ സാമ്പത്തിക പ്രയാസങ്ങൾ നേരിടുന്നതിനുവേണ്ടിയാണ് അംശദായത്തിന്റെ വിഹിതം വർദ്ധിപ്പിക്കുന്നതെന്ന് മന്ത്രി തന്നെ ഇവിടെ വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് ഈ നിയമത്തിന്റെ സദുദ്ദേശ്യത്തെക്കുറിച്ച് ആർക്കുംതന്നെ വാചാലമായി സംസാരിക്കാൻ കഴിയില്ല. അതുപോലെ മറ്റൊരുകാര്യം ഇങ്ങനെ ഒരു വ്യവസ്ഥ നടപ്പിലാക്കുമ്പോൾ തൊഴിലാളികൾക്ക് എന്തെങ്കിലും ബെനിഫിറ്റ് ഉണ്ടോ? തൊഴിലാളികൾക്ക് അഡീഷണലായി യാതൊരു ബെനിഫിറ്റും ഇല്ല. തൊഴിലാളികൾക്ക് നിലവിലുണ്ടായിരുന്ന ആനുകൂല്യങ്ങൾപോലും ഇല്ലാതാക്കുകയാണ്. ഇവിടെ ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), ശ്രീ. യു. എ. ലത്തീഫ് എന്നിവർ വിശദീകരിച്ചത് അതുതന്നെയാണ്. കാരണം

തൊഴിലാളികൾക്ക് നേരത്തെയുണ്ടായിരുന്ന ആനുകൂല്യങ്ങൾ..... ഒരു സ്ത്രീ തൊഴിലാളിക്ക് അറുപത് വയസ്സ് കഴിഞ്ഞാൽ പെൻഷൻ ആനുകൂല്യമുണ്ട്. പക്ഷേ അവർ വിധവയാണെങ്കിൽ അവർക്ക് വിധവാ പെൻഷനുള്ള ആനുകൂല്യവുമുണ്ട്. രണ്ടും ഒരേ സംഖ്യയാണ്. 1600 രൂപയാണ് വിധവാ പെൻഷൻ, തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ അംഗമായിട്ടുള്ള 60 വയസ്സ് കഴിഞ്ഞ ഒരു വനിത തൊഴിലാളിക്ക് കിട്ടുന്നതും അതേസംഖ്യയാണ്. വിധവ എന്ന നിലയിൽ കിട്ടുന്ന സോഷ്യൽ ബെനിഫിറ്റ്സ് സ്കീം ഇപ്പോൾ ഗവൺമെന്റ് നിഷേധിച്ചിരിക്കുകയാണ്. അതുകൊണ്ട് അതിന്റെ ഉദ്ദേശ്യശുദ്ധിയും സംശയാസ്പദം തന്നെയാണ്. അതുപോലെ പ്രസവാനുകൂല്യം 2000 രൂപ മാത്രമാണ്. 15000 രൂപയായി വർദ്ധിപ്പിച്ചുവെന്ന് കടലാസ്സിൽ എഴുതിയിട്ടുണ്ടെങ്കിലും അതിൽ 13000 രൂപ കേന്ദ്ര ഗവൺമെന്റിന്റെ വിഹിതമാണ്. 13000 രൂപ കേന്ദ്രം കൊടുക്കുമ്പോൾ 2000 രൂപ കേരള സംസ്ഥാനം കൊടുക്കുന്നു. ഈ 2000 രൂപ കിട്ടണമെങ്കിൽ രണ്ടുമൂന്ന് മാസം കഴിയണം. ബാക്കിയുള്ള 13000 രൂപ കിട്ടാൻ 7 വർഷം വരെ കാത്തിരിക്കേണ്ട അവസ്ഥയാണുള്ളത്. അതുപോലെ റിട്ടയർമെന്റ് ആനുകൂല്യം ഒന്നര ലക്ഷമായി വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിൽപോലും അതിന്

വച്ചിരിക്കുന്ന മാനദണ്ഡങ്ങൾ വച്ചുകൊണ്ട്..., 5.5 ശതമാനം പലിശ കണക്കാക്കിയാണ് കൊടുക്കുന്നത്. ഈ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നേരത്തെ കിട്ടിക്കൊണ്ടിരുന്ന ഈ വർദ്ധനവിന്, തൊഴിലാളി അടയ്ക്കുന്ന സംഖ്യ വർദ്ധിപ്പിച്ച ഇന്നത്തെ അവസ്ഥയിൽ കിട്ടുന്നതിനേക്കാൾ കൂടുതൽ മെച്ചപ്പെട്ട ആനുകൂല്യം മുൻകാലങ്ങളിൽ കിട്ടിയിരുന്നുവെന്ന് തയ്യൽതൊഴിലാളികളുടെ സംഘടനാ നേതാക്കൻമാർ ഞങ്ങൾ ജനപ്രതിനിധികളെ കണ്ട് അല്ലെങ്കിൽ മന്ത്രിക്ക് തന്നെ അവർ നിവേദനം കൊടുത്തിട്ടുണ്ടാകും. അതാണ് അവരുടെ ഇന്നത്തെ അവസ്ഥ. അതുകൊണ്ട് ഈ ബിൽ തൊഴിലാളികളുടെ ജീവിത സാഹചര്യങ്ങളെ മെച്ചപ്പെടുത്താൻ ഒരുതരത്തിലും പ്രത്യേകമായി സഹായിക്കുന്നില്ല. അവരുടെ ജീവിതഭാരം അല്പമെങ്കിലും കൂട്ടുന്നതരത്തിലുള്ള അംശദായ വർദ്ധനവ് മാത്രമാണെന്ന് തയ്യൽ തൊഴിലാളികളുടെ വികാരം ഈ സഭയിൽ പ്രതിഫലിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീമതി ദെലീമ ചുമതലപ്പെടുത്തിയതുപ്രകാരം <u>ശ്രീ. എ. പ്രഭാകരൻ</u>: സർ, 2021-ലെ തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) ഭേദഗതി ഞാൻ

അവതരിപ്പിക്കുന്നു.

തയ്യൽ തൊഴിലാളി ക്ഷേമനിധി ബില്ലിന്റെ ഭേദഗതി ഈ കാലഘട്ടത്തിൽ ഏറ്റവും അനിവാര്യവും അത്യാവശ്യവുമാണ്. അതുകൊണ്ട് ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ക്ഷേമനിധിയുടെ പ്രവർത്തനം വളരെ പരിതാപകരമായാണ് പോകുന്നത്. മാത്രമല്ല, തയ്യൽ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ജീവിതവും വളരെ ദുരിതപൂർണ്ണമാണെന്ന കാര്യത്തിൽ ആർക്കും തർക്കമുണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. അഞ്ചര ലക്ഷത്തോളം തൊഴിലാളികൾ ഇപ്പോൾ നിലവിലുള്ള ക്ഷേമനിധിയിലെ അംഗങ്ങളാണ്. അവർക്കാണെങ്കിൽ ഇപ്പോൾ പ്രഖ്യാപിച്ച ആനുകൂല്യം പോലും ലഭിക്കാത്ത സ്ഥിതിയാണുള്ളത്. ഇന്നത്തെ കാലഘട്ടത്തിൽ പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കണം മാത്രമല്ല, ക്ഷേമനിധിയുടെ പ്രവർത്തനം കുറച്ചുകൂടി കാര്യക്ഷമമാക്കാൻ ഇതല്ലാതെ മറ്റൊരു മാർഗ്ഗമില്ലാത്തതുകൊണ്ട് അവരുടെ അംശദായത്തിന്റെ വർദ്ധനവ് പെട്ടെന്ന് തന്നെ, ഇവിടെ പ്രതിപാദിച്ചപോലെ വർദ്ധിപ്പിക്കാനുള്ള തീരുമാനമുണ്ടായി നടപ്പാക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. സത്യത്തിൽ കേരളത്തിലെ തയ്യൽ തൊഴിലാളികളെ

സംരക്ഷിക്കാൻ ഇതിനുമുമ്പ് ഒരുപാട് ഇടപെടലുകൾ നടത്തിയിട്ടുണ്ടെങ്കിലും ക്ഷേമനിധിയുടെ ആനുകൂല്യങ്ങൾ ലഭിക്കാത്ത ഒരവസ്ഥയിൽനിന്നും അവരുടെ ജീവിതത്തിൽ ഫലപ്രദമാകുന്ന തരത്തിൽ, മറ്റ് പലക്ഷേമനിധികളിലും കിട്ടുന്ന രീതിയിലുള്ള ആനുകൂല്യങ്ങളും അവകാശങ്ങളും അവർക്കുകൂടി ലഭിക്കാൻ ഇത് സഹായകരമാകും എന്ന പ്രതീക്ഷയാണ് എനിക്കുള്ളത്. 1994-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബിൽ ഭേദഗതി ചെയ്യാൻ ഇപ്പോഴെങ്കിലും തയ്യാറായത് ഉചിതമായി. മറ്റൊരു ജോലിയും ലഭിക്കാത്തതുകൊണ്ട് ഒരു മെഷീനുംവാങ്ങി വച്ച് ജീവിക്കാൻവേണ്ടി, കുട്ടികളെ പുലർത്താൻവേണ്ടി ഒരു വരുമാനമെന്ന നിലയ്ക്കാണ് ഈ തൊഴിലിൽ പലരും വരുന്നതെന്ന് നമുക്കറിയാം. രാപ്പകൽ പണിയെടുത്തിട്ടാണ് തുച്ഛമായ വരുമാനം അവർക്കെല്ലാം ലഭിച്ചുകൊണ്ടിരിക്കുന്നത്. അതിലൊരു വർദ്ധനവ് ഉണ്ടാക്കിയെടുക്കാൻ, അതുപോലെ അവർക്ക് സംരക്ഷണമുണ്ടാകാൻ ക്ഷേമനിധിയുടെ പ്രവർത്തനം കാര്യക്ഷമമാകേണ്ടത് അത്യന്താപേക്ഷിതമാണ്. അതുകൊണ്ട് നിലവിലുള്ള ക്ഷേമനിധിയിലെ അപാകതകൾ തിരുത്തുന്നതിനും ക്ഷേമനിധിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനും തൊഴിലാളികൾക്ക് മെച്ചപ്പെട്ട

ആനുകൂല്യങ്ങൾ നൽകാനും ഈ ഭേദഗതി ഉപകരിക്കുമെന്നാണ് സത്യത്തിൽ തോന്നുന്നത്. 1986-ൽ അസംഘടിത മേഖലയിലെ തൊഴിലാളികളുടെ കൂട്ടത്തിൽ ഇത് ഉൾപ്പെടുത്തിക്കൊണ്ട് ഇവർക്കൊരു സംരക്ഷണം എന്ന രീതിയിൽ ഒരു Death-Cum-Retirement Scheme എന്ന പദ്ധതിയിൽ ഇവരെയും ഉൾപ്പെടുത്തിയിരുന്നു. അതുകൊണ്ട് തൊഴിലാളികൾക്ക് യാതൊരു പ്രയോജനവും കിട്ടിയില്ല. അതിനുശേഷമാണ് 1994-ൽ തയ്യൽ തൊഴിലാളികൾക്ക് മാത്രമായി ഒരു ക്ഷേമനിധി നിലവിൽ വന്നത്. Death-Cum-Retirement Scheme-ൽ ഉൾപ്പെടുത്തിയിരുന്ന അംശദായം 10 രൂപയായിരുന്നെങ്കിൽ അത് 20 രൂപയായി വർദ്ധിക്കുകയാണുണ്ടായത്. എന്നിട്ടും തൊഴിലാളികൾക്ക് അതിന്റേതായ മെച്ചപ്പെട്ട ഗുണം ലഭിച്ചില്ല എന്നുള്ളതാണ് വസ്തുത. അതുകൊണ്ട് ഇനിയെങ്കിലും മെച്ചപ്പെട്ട ആനുകൂല്യങ്ങൾ ലഭിക്കാൻ ഈ ഭേദഗതി സഹായകരമാകും. ഇവിടെ ഈ മേഖലയിൽ പണിയെടുക്കുന്നത് ബഹുഭൂരിപക്ഷവും വനിതകളാണ്. അവർ ക്ഷേമനിധിയിൽ അംശദായം അടയ്ക്കുമ്പോൾ വാർദ്ധക്യകാലത്ത് അത് അവർക്കും അവരുടെ കുടുംബത്തിനും ഉപകാരപ്രദമായ രീതിയിലാകണമെങ്കിൽ മറ്റ് പല ക്ഷേമനിധികളിലുമുള്ള രീതിയിൽ ഒരു

മെച്ചപ്പെട്ട ആനുകൂല്യം അവർക്കുണ്ടാകണം എന്നതാണ് പ്രശ്നം. 2020 മുതൽ 50 രൂപയായി അംശദായം വർദ്ധിപ്പിച്ചു. കൃത്യമായി നിയമസഭ ചേരുകയും മറ്റൊന്നുമില്ലാത്തതുകൊണ്ടാണ്, ഇപ്പോൾ ആ ഓർഡിനൻസ് ഭേദഗതിയായി, നിയമമായി വരുന്നത്. 2020 മുതൽ അംശദായം അടച്ചിട്ടുണ്ടെങ്കിലും റിട്ടയർമെന്റ് ആനുകൂല്യം നൽകുന്നത് വളരെ തുച്ഛമായ സംഖ്യയാണ്. ഇവിടെ പലരും സൂചിപ്പിച്ചതുപോലെ നിലവിലുള്ള ക്ഷേമനിധി പ്രകാരം 15000/- രൂപയാണ് പ്രസവാനുകൂല്യം കിട്ടേണ്ടത്. പക്ഷേ 2000 രൂപ മാത്രമാണ് മൂന്ന് മാസത്തിനകം കൊടുക്കുന്നത്. ബാക്കിയുള്ളത് എപ്പോഴെങ്കിലും കൊടുക്കുന്ന സ്ഥിതിയാണ്. പ്രസവാനുകൂല്യം എന്നുപറഞ്ഞാൽ പ്രസവിക്കുന്ന സമയത്ത് കിട്ടേണ്ടതല്ലേ; പക്ഷേ അത് കൊടുക്കാനുള്ള ശേഷി ക്ഷേമനിധിക്ക് ഇല്ലാത്തതുകൊണ്ടാണ് ആറും ഏഴും കൊല്ലം എന്ന രീതിയിൽ അത് ദീർഘിപ്പിച്ച് പോകുന്നത്. പ്രസവസമയത്ത് കൊടുക്കേണ്ട പണം പ്രസവസമയത്ത് തന്നെ കൊടുക്കണം അത് ഒരുമിച്ച് കൊടുക്കാനുള്ള സംവിധാനം, ഈ അംശദായം വർദ്ധിക്കുന്നതിലൂടെ വരുമാനം വർദ്ധിക്കുമ്പോൾ സ്വാഭാവികമായും കൊടുക്കാൻ കഴിയും എന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. തയ്യൽ തൊഴിലാളി

ക്ഷേമമിധിയിലെ അംഗമായിരിക്കെ ഭർത്താവ് മരിച്ചാൽ അവർക്ക് ഒരു പെൻഷനേ ലഭിക്കുകയുള്ളൂ, അത് വികലാംഗർക്കും ബാധകമാണ്. ക്ഷേമനിധിയിലെ അനുകൂല്യം കിട്ടണമെങ്കിൽ മറ്റേത് ഒഴിവാക്കി കൊടുക്കണമെന്ന രീതിയിൽ എഴുതികൊടുത്താലെ അതിന്റെ ആനുകൂല്യം ലഭിക്കൂ. ഈ വിവേചനം ഒഴിവാക്കപ്പെടേണ്ടതാണ്. ഇത് വളരെ ബുദ്ധിമുട്ടി ജീവിക്കുന്ന തയ്യൽ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അത്തരത്തിലുള്ള ഒരു ഡിസ്പാരിറ്റി ഇതിൽ ഉണ്ടാക്കിയെടുക്കരുതെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അംശദായം അടയ്ക്കുന്നതിൽ വീഴ്ച സംഭവിച്ചാൽ പിഴപ്പലിശ ഈടാക്കുന്ന കാര്യത്തിൽ വലിയ അന്തരമാണുള്ളത്. അത് തിരുത്തപ്പെടേണ്ടതാണ്. ഇപ്പോൾ മറ്റെല്ലാ ക്ഷേമനിധി ഓഫീസുകളിലും കമ്പ്യൂട്ടറൈസേഷനും മറ്റുമൊക്കെ നടപ്പാക്കി കൃത്യമായി ഇത് പരിപാലിക്കപ്പെടുന്നതിന് അത് അത്യന്താപേക്ഷിതമാണ്. മറ്റൊരു ക്ഷേമനിധി ഓഫീസിലോ സർക്കാർ ഓഫീസിലോ കാണാത്തരീതിയിൽ കഴിഞ്ഞ നാല് വർഷമായി മുപ്പത് ലക്ഷത്തോളം രൂപ ചെലവാക്കി കമ്പ്യൂട്ടറൈസേഷൻ നടത്തിക്കൊണ്ടിരിക്കുകയാണ്. ആരോ പറഞ്ഞതുപോലെ, അത്

പൂർത്തിയാക്കുന്ന മട്ടിലല്ല പോകുന്നത്. മറ്റ് ക്ഷേമനിധികളെപ്പോലെ തയ്യൽ തൊഴിലാളി ക്ഷേമനിധിയും കാര്യക്ഷമമാക്കാനുള്ള പ്രവർത്തനം നടത്തണമെന്നാണ് എനിക്ക് പറയാനുള്ളത്.

ക്ഷേമനിധികളുടെ കാര്യങ്ങളുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യുമ്പോൾ പ്രതിപക്ഷത്തുനിന്ന് പല പ്രശ്നങ്ങളും ഉന്നയിക്കുകയുണ്ടായി. മുല്ലപ്പെരിയാർ ഡാമിന്റെ അവസ്ഥയെ സംബന്ധിച്ചും കാര്യമായി അതിൽ ഇടപെടൽ നടത്തണമെന്നും ഇവിടെ പറഞ്ഞു. ആ ഡാം പൊട്ടുകയില്ലെന്ന് മുഖ്യമന്ത്രിയും പറഞ്ഞു. ആ ഡാമിനുതാഴെ മുഖ്യമന്ത്രി ഒരു വീടുവച്ച് ഇരിക്കണമെന്നുവരെ ബഹുമാനപ്പെട്ട ഒരംഗം പറഞ്ഞു. അതിൽ ഒരു കാര്യം മനസ്സിലാക്കുന്നത് നല്ലതാണ്. മുല്ലപ്പെരിയാർ ഡാമിനെ സംബന്ധിച്ച ചർച്ച ഈ നിയമസഭയിലും നാട്ടിലും ഏറ്റവും കൂടുതൽ ഉയർന്നുവന്നതെപ്പോഴാണ്? ഒരു സ്ത്രീ, ഞാൻ പേരൊന്നും പറയുന്നില്ല, കേരളത്തിലെ അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയേയും വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദിനെയും കണ്ട്, സോളാർ സിസ്റ്റവുമായി ബന്ധപ്പെട്ട വളരെ ഗൗരവമായ വിഷയം സംസാരിച്ചപ്പോൾ, അവരുടെ പ്രോജക്ട് കണ്ടപ്പോൾ...... ഇതിൽ രണ്ട് കാര്യങ്ങളാണുള്ളത്. ഒരു സ്ത്രീ, പുതിയൊരു

വ്യവസായം ആരംഭിക്കുന്നതിനുവേണ്ടി ഒരു പ്രോജക്ട് സമർപ്പിച്ചാൽ അതുമായി ബന്ധപ്പെട്ട് എന്തൊക്കെ യാതനകളും പീഡനങ്ങളും അനുഭവിക്കണമെന്നുള്ളത് കേരളത്തിന് കാണിച്ചുകൊടുത്ത ഗവൺമെന്റാണ് ഉമ്മൻ ചാണ്ടി ഗവൺമെന്റ്. എല്ലാവരും ഇതൊക്കെ മറന്നുവെന്ന് അപ്പുറത്തിരിക്കുന്നവർ ധരിക്കണ്ട. മുല്ലപ്പെരിയാർ ഡാമിന്റെ വിഷയം വന്നപ്പോൾ ആ ഡാം പൊട്ടിയാൽ ഇടുക്കി ഡാം താങ്ങുമെന്ന് കേരളത്തിലെ അന്നത്തെ അഡ്വക്കേറ്റ് ജനറൽ കെ. പി. ദണ്ഡപാണിയെക്കൊണ്ട് കോടതിയിൽ പറയിപ്പിച്ചു. എന്നിട്ട് ഇടുക്കി ഡാമിലെ വെള്ളം മുഴുവനും തുറന്നുവിട്ടു. അപ്പോൾ ഇവിടെ 13 മണിക്കൂർവരെ പവർകട്ട് ഉണ്ടായി. ആ സമയത്ത് ഇടുക്കി ഡാമിലെ വെള്ളം പോകുകയും ചെയ്തു. മുല്ലപ്പെരിയാർ ഡാം പൊട്ടിയതുമില്ല. ഇടുക്കി ഡാം പൊട്ടുമെന്ന് പറഞ്ഞാണ് ഈ ഡാമിലെ വെള്ളം തുറന്നുവിട്ടത്. അപ്പോൾ വിദ്യുച്ഛക്തിയില്ലാത്ത അവസ്ഥവന്നു. ഇതൊക്കെ മറന്നുവെന്ന് ധരിച്ച് നിങ്ങളെന്തും പറയുന്ന അവസ്ഥ വേണ്ട. അന്ന് നിങ്ങൾ ഡാം തുറന്നുവിട്ടു. കോടതിയിൽ ഇങ്ങനെയൊരു പ്രഖ്യാപനം നടത്തി. അങ്ങനെ ഡാം തുറന്നുവിട്ടപ്പോൾ 3000 സ്ക്വയർ മീറ്റർ സർക്കാർ കെട്ടിടങ്ങളുണ്ടെങ്കിൽ അതിന്റെ മുകളിലൊക്കെ സോളാർ പ്ലാന്റ്

സ്ഥാപിക്കാമെന്ന് കേരളത്തിൽ പറഞ്ഞുണ്ടാക്കിയത് നിങ്ങളാണ്. അവസാനം നാട്ടിൽ പവർകട്ട് ആയപ്പോൾ, സാധാരണക്കാരെ സംബന്ധിച്ചിടത്തോളം ഇലക്ട്രിസിറ്റി ലഭിക്കുന്നതിനുവേണ്ടി, സോളാർ സിസ്റ്റത്തെ ആശ്രയിക്കുക എന്ന അവസ്ഥയുണ്ടാക്കി ഇതിനെ മുതലാക്കാൻ ശ്രമിച്ചവരാണ് ഇപ്പോൾ മുല്ലപ്പെരിയാർ ഡാമിനുതാഴെ മുഖ്യമന്ത്രി വീടുവച്ച് താമസിക്കണമെന്ന് ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) പറയുന്നത്. നിങ്ങൾ ഈ രാജ്യത്തെ ജനങ്ങളെ മോശക്കാരാക്കിയിട്ട്, ഇതെല്ലാം മറന്നവരാണ് കേരളത്തിലെ ജനങ്ങളെന്ന് ധരിക്കണ്ട. ഇപ്പോൾ മുല്ലപ്പെരിയാർ ഡാം പൊട്ടുകയില്ല. കാരണം, മുഖ്യമന്ത്രി ക്ലിഫ് ഹൗസിൽ ഇരുന്നാൽ മതി, ആ മനക്കരുത്തിൽ ഡാം പൊട്ടുകയില്ല. നിങ്ങൾ പേടിക്കണ്ട എന്നാണ് എനിക്ക് നിങ്ങളോട് പറയാനുള്ളത്.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: സർ, നേരത്തെ സംസാരിച്ച ശ്രീ. സണ്ണി ജോസഫ്, 1963-ലാണ് ഇവിടെ ലാൻഡ് റിഫോംസ് ആക്ട് നടപ്പിൽ വരുത്തിയത്, രാഷ്ട്രപതി ഒപ്പിട്ടത്, അല്ലാതെ അതിനുമുമ്പല്ലായെന്നുള്ള വാദമുയർത്തിയത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകും. 1957-59 കാലഘട്ടത്തിൽ കേരളത്തിൽ അധികാരത്തിലിരുന്ന ഇ.എം.എസ്.

ഗവൺമെന്റ് കൊണ്ടുവന്ന കാർഷിക പരിഷ്കരണ നിയമമാണ്. അന്ന് ആ ഗവൺമെന്റ് രണ്ട് പ്രധാനപ്പെട്ട നിയമങ്ങളാണ് കൊണ്ടുവന്നത്. ഒന്ന് വിദ്യാഭ്യാസ ബില്ലും മറ്റൊന്ന് കാർഷികബന്ധ ബില്ലും. 1959-ലെ വിമോചന സമരത്തിലൂടെ, ഈ കാരണം പറഞ്ഞ് ആ ഗവൺമെന്റിനെ അട്ടിമറിക്കപ്പെട്ട കേരളത്തിന്റെ ചരിത്രം അങ്ങേയ്ക്ക് ഓർമ്മയുണ്ടോ? അതിൽനിന്ന് കയ്യൊഴിയാൻ കേരളത്തിലെ കോൺഗ്രസിനോ ജാതിമത ശക്തികൾക്കോ കഴിയുമോ? ശ്രീ. എ. കെ. ആന്റണി കേരളത്തിലെ മുഖ്യമന്ത്രിയായിരുന്ന സന്ദർഭത്തിലാണ് ഇവിടെ തൊഴിലില്ലായ്മ വേതനം നടപ്പിലാക്കിയതെന്ന് പറയുകയുണ്ടായി. യഥാർത്ഥത്തിൽ 1978-ൽ ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നു. അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന എം. കെ. ഹേമചന്ദ്രൻ ബഡ്ജറ്റ് അവതരിപ്പിക്കാൻ വരുമ്പോൾ സെക്രട്ടേറിയറ്റിന്റെ മുൻഗേറ്റിൽ ആയിരക്കണക്കിന് യുവജന വാളന്റിയർമാർ സമരരംഗത്തുണ്ടായിരുന്നു. അന്ന് ചെറിയൊരു മഴയുണ്ടായിരുന്നു. ഇവിടെ ചരിത്രം ഒരു ഡിബേറ്റായി വന്നതുകൊണ്ട് ഞാൻ സൂചിപ്പിച്ചതാണ്.

മി. സ്പീക്കർ: യെസ്....ചരിത്രം നമ്മൾ വേണ്ടത്ര ചർച്ച ചെയ്തതല്ലേ?

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ബഡ്ജറ്റ് അവതരിപ്പിക്കുന്നതിന് ഈ

ഗേറ്റ് കടന്നുപോകാൻ ഞങ്ങൾ അനുവദിക്കണമെങ്കിൽ തൊഴിലില്ലായ്മ വേതനം കേരളത്തിൽ നടപ്പിലാക്കണമെന്ന് ആ സമര ഭടന്മാർ പറഞ്ഞു. അതിന്റെ ഭാഗമായിട്ടാണ് തത്വത്തിൽ അത് അംഗീകരിച്ചത്.

ശ്രീ. എ. പ്രഭാകരൻ: സർ, ഒഴിപ്പിക്കൽ അവസാനിപ്പിക്കുന്ന നിയമമാണല്ലോ 1959-ൽ വന്നത്. ഭൂപരിഷ്കരണ നിയമം 1969-ലും പിന്നീട് 1970 മുതൽ അത് നടപ്പാക്കിയില്ലെങ്കിൽ......

മി. സ്പീക്കർ: വളരെ വിശദമായി പറയേണ്ട. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇടപെടാനുള്ള അവസരത്തിനായി വളരെ ജാഗ്രതയോടെയാണ് ഇരിക്കുന്നത്.

ശ്രീ. എ. പ്രഭാകരൻ: സർ, ഇവിടെ ഉന്നയിച്ചതുകൊണ്ട് ഞാൻ പറയുകയാണ്. വിമോചന സമരം നടത്തുന്നതിൽ പ്രധാന പങ്കുവഹിച്ച, അതിന് നേതൃത്വം കൊടുത്തവർ, അപ്പുറത്തിരുന്ന് ഞങ്ങളാണിത് കൊണ്ടുവന്നതെന്ന് പറയുമ്പോൾ അതിന് എന്തെങ്കിലും മറുപടി പറയാതിരിക്കാൻ കഴിയുമോ? വസ്തുതകൾ വളച്ചൊടിച്ച് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന പ്രവർത്തനം നിയമസഭയ്ക്കുള്ളിൽ നടത്താൻ കഴിയില്ലല്ലോ. ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ എല്ലാത്തിനും

പ്രതികരിച്ചു. അദ്ദേഹത്തിനെക്കുറിച്ച് ഞാനൊരു കഥ കേട്ടിട്ടുണ്ട്. അദ്ദേഹം ഒരു സ്ഥലത്ത് പരിപാടിക്ക് പോയപ്പോൾ കുളിയൊക്കെ കഴിഞ്ഞ് റസ്റ്റ് ഹൗസിൽനിന്നും പുറത്തുവരുമ്പോൾ ഒരാളെ 'മാധവൻകുട്ടി' എന്നുവിളിച്ചു. ഇത് കോൺഗ്രസുകാരൻ പറഞ്ഞ കഥയാണ്. അപ്പോൾ പ്രവർത്തകർ അദ്ദേഹത്തെ ഓർമ്മപ്പെടുത്തി, അതേ തിരുവഞ്ചൂരേ, അദ്ദേഹത്തിന്റെ പേര് കൃഷ്ണൻകുട്ടി എന്നാണ്. പിന്നെയും അദ്ദേഹം മാധവൻകുട്ടി എന്നാണ് വിളിച്ചത്. അപ്പോഴും അവർ അദ്ദേഹത്തെ ഓർമ്മപ്പെടുത്തിയപ്പോൾ പറഞ്ഞത്, ഞാനിട്ട പേര് കൃഷ്ണൻകുട്ടി എന്നാണ്. അതുകൊണ്ട് കൃഷ്ണൻകുട്ടി തന്നെ. അതാണിപ്പോൾ എന്റെ അനുഭവത്തിൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഈ നിയമസഭയിൽ പലതിനും പ്രതികരിക്കുന്നതായി ഞാൻ കണ്ടത്. ഞാൻ അതിലേയ്ക്ക് പോകുന്നില്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, വഴങ്ങുമോ?

<u>മി. സ്പീക്കർ</u>: ഇതാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ പ്രകോപിപ്പിക്കണ്ടെന്ന് ഞാൻ പറഞ്ഞത്. അദ്ദേഹത്തിന്റെ പേര് പറഞ്ഞ സ്ഥിതിക്ക് വഴങ്ങാവുന്നതാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, അങ്ങ് പുതിയ അംഗമായതുകൊണ്ട് ഞാൻ അങ്ങയെക്കുറിച്ച് ഒന്നും പറയില്ല. അങ്ങ് മലമ്പുഴയിൽനിന്ന് വളരെ കഷ്ടപ്പെട്ടാണ് ഇത്രയും ദൂരത്ത് വന്നതെന്ന് എനിക്കറിയാം. ഞാൻ 31 വർഷമായി ഇതേ ബഞ്ചിലും ഇതേ ഹൗസിലും ഇതേ കാലഘട്ടത്തിലും സർവ്വകാലത്തുമുള്ള എല്ലാ പ്രയാസങ്ങളും അനുഭവിച്ചുവന്ന ആളാണ്. അങ്ങയുടെ തൊട്ടപ്പുറത്തിരിക്കുന്ന ശ്രീ. വി. എൻ. വാസവന് കൃത്യമായി അതറിയുകയും ചെയ്യാം. അതുകൊണ്ട് ഇതുപോലുള്ള വാസ്തവ വിരുദ്ധമായ കാര്യങ്ങൾ പറയരുത്. അത് സഭാ രേഖയിൽ കാണരുത്. രണ്ടാമത്തെ പ്രശ്നം, ക്ലോസ് ചെയ്ത കേസാണെന്ന് ഞാൻ തന്നെ പറഞ്ഞു. വെറുതെ എന്തിനാണ് പൊക്കിയെടുക്കുന്നത്? അങ്ങനെയൊരു നിയമമുണ്ടെങ്കിൽ ആ നിയമ പുസ്തകം ബഹുമാനപ്പെട്ട സ്പീക്കർക്ക് കൊടുത്താൽ മതി. അങ്ങ് പാർലമെന്റിലുണ്ടായിരുന്ന ആളല്ലേ; അങ്ങേയ്ക്ക് കൃത്യമായി അറിയില്ലേ? 1963-ൽ പാസ്സാക്കിയ നിയമം 1964-ലെ ഗസ്സറ്റിൽ വന്നു. 1964 ആക്ട് എന്നാണ് കേരളത്തിൽ നിലവിലുള്ള ലാൻഡ് റിഫോംസ് ആക്ടിന്റെ പേര്. പിന്നെ എന്തിനാണ് ആ സാധുവിനെക്കൊണ്ട് ഇങ്ങനെയൊക്കെ പറയിപ്പിക്കുന്നത്. ഞാൻ അങ്ങയെ (ശ്രീ. എ. പ്രഭാകരൻ)

വിടുകയാണ്. അങ്ങേയ്ക്കുവേണ്ടി ഇതെല്ലാം എഴുതിതന്ന നിലയവിദ്വാന്മാരുണ്ട്. സത്യം പറഞ്ഞാൽ ഞാൻ അവരെ നമിക്കുകയാണ്.

മി. സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അങ്ങയെക്കുറിച്ച് പറയുമ്പോൾ അങ്ങേയ്ക്ക് സന്തോഷമാണെന്നുള്ള കാര്യം പുതിയ ആളായതുകൊണ്ട് ഇദ്ദേഹത്തിന് അറിയില്ലായിരുന്നു, ഒരു അവസരത്തിനുവേണ്ടി കാത്തിരിക്കുകയാണെന്നുള്ളത്.

ശ്രീ. എ. പ്രഭാകരൻ: സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ആരാധ്യനാണ്, ബഹുമാന്യനാണ്. എനിക്ക് അങ്ങയെക്കുറിച്ച് ബഹുമാനമേയുള്ളൂ. അദ്ദേഹത്തെക്കുറിച്ച് അദ്ദേഹത്തിന്റെ പാർട്ടിക്കാർ ഇങ്ങനെയും പറഞ്ഞുനടക്കുന്നുണ്ടെന്ന് അദ്ദേഹത്തെ ബോധ്യപ്പെടുത്തുന്നത് നന്നായിരിക്കും. അത് ഓർമ്മപ്പെടുത്തിയെന്നേയുള്ളൂ. ബഹുമാന്യനായ തൃപ്പൂണിത്തുറ എം.എൽ.എ. ഞാൻ ഇപ്പോൾ കടലാസ് എടുത്തുകൊണ്ട് വരാമെന്നുപറഞ്ഞ് പോയി. എന്താണ് കാര്യമെന്ന് അറിയാമോ? കർഷകത്തൊഴിലാളി പെൻഷൻ പാസ്സാക്കിയതിന്റെ ഭാഗമായി അദ്ദേഹം ഒരു കാര്യം പറഞ്ഞു. ഞാൻ ഇപ്പോൾ വരാമെന്ന് പറഞ്ഞ് പോയിട്ടുവരുമ്പോൾ അദ്ദേഹത്തിന് മനസ്സിലായി. ആരാണ്

പ്രത്യുല്പാദനപരമല്ലാത്തതെന്ന് അദ്ദേഹത്തിന് ബോധ്യമായപ്പോൾ തിരിച്ചുവന്ന് അദ്ദേഹം അതിനെക്കുറിച്ച് മിണ്ടിയില്ല. 1980-ൽ സഖാവ് ഇ. കെ. നായനാരുടെ നേതൃത്വത്തിലുള്ള ഗവൺമെന്റാണ് ഇന്ത്യാ രാജ്യത്ത് മാത്രമല്ല ലോകത്ത് ആദ്യമായി കർഷത്തൊഴിലാളികൾക്ക് പെൻഷൻ പാസ്സാക്കിയത്. അന്ന് 40 രൂപ കൊടുക്കാനുള്ള തീരുമാനമെടുത്തപ്പോൾ പ്രത്യുല്പാദനപരമല്ലെന്ന് പറഞ്ഞത് യശ്ശശരീരനായ കെ. കരുണാകരനാണ്.

മി. സ്പീക്കർ: അതൊക്കെ വിട്ടുകളയുക.

ശ്രീ. എ. പ്രഭാകരൻ: സർ, അത് ഇ.എം.എസ്. പറഞ്ഞെന്നാണ് ഈ നിയമസഭയെ തെറ്റിദ്ധരിപ്പിച്ചത്. അതുകൊണ്ട് ഞാനത് സൂചിപ്പിച്ചുവെന്ന് മാത്രമേയുള്ളൂ. ഞാൻ ഈ ഭേദഗതിയെ പിന്താങ്ങുന്നു. തീർച്ചയായും ജനകീയ അംഗീകാരത്തിന് വിടണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, 2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ, 2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ, 2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ

ക്ഷേമനിധി (ഭേദഗതി) ബിൽ എന്നിവയുടെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ബന്ധപ്പെട്ട ബഹുമാനപ്പെട്ട 20 എം.എൽ.എ.-മാർ സംസാരിക്കുകയും വളരെ വിലയേറിയ നിർദ്ദേശങ്ങൾ ഇവിടെ അവതരിപ്പിക്കുകയും ചെയ്തു. ക്ഷേമനിധിയിലൂന്നിയുള്ള ചർച്ചയാണ് പൊതുവിൽ എല്ലാ അംഗങ്ങളും ഇവിടെ നടത്തിയത്. ഞാൻ ബില്ലുകളുടെ അവതരണാനുമതി ചോദിച്ചുകൊണ്ട് ഇവിടെ പറഞ്ഞതുപോലെ, ഭേദഗതികളെല്ലാം വളരെ ചെറിയ ഭേദഗതികളാണ്. എന്നാൽ ഇവിടെ പൊതുവിൽ ആ ക്ഷേമനിധികളെ സംബന്ധിച്ചുകൂടി സംസാരിച്ച് ബഹുമാനപ്പെട്ട മെമ്പർമാർ സജീവമായി ചർച്ചയിൽ പങ്കെടുത്തു. ഇതെല്ലാം രൂപീകരിച്ച കാലഘട്ടത്തിലുണ്ടാക്കിയിട്ടുള്ള ബൈലായുടെ അടിസ്ഥാനത്തിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. വർത്തമാന കാലഘട്ടത്തിൽ ആവശ്യങ്ങളെല്ലാം ഒരുപാട് മാറിമാറി വന്നുകൊണ്ടിരിക്കുകയാണ്. നമ്മുടെ കേരളത്തിൽ 16 ക്ഷേമനിധികൾ വളരെ സജീവമായി പ്രവർത്തിക്കുന്നുണ്ട്. ഈ 16 ക്ഷേമനിധിക്കും ഓണക്കാലത്തുൾപ്പെടെ പല ഘട്ടങ്ങളിലും, സംസ്ഥാന ഗവൺമെന്റ് ഗ്രാന്റായും ലോണായും സാമ്പത്തിക സഹായം നൽകാറുണ്ട്. ഇതിന്റെ ആനുകൂല്യം മുതലാളിക്കാണ് കിട്ടുന്നതെന്നുള്ള ധ്വനി

വരത്തക്കരൂപത്തിലുള്ള ചില ബഹുമാനപ്പെട്ട അംഗങ്ങൾ സംസാരിച്ചു. ഇതിൽ ഒരു രൂപയെങ്കിലും വർദ്ധനവ് വരുത്തിയിട്ടുണ്ടെങ്കിൽ അത് ക്ഷേമനിധിയിലുള്ള തൊഴിലാളികൾക്കാണെന്നുള്ള കാര്യം നമുക്കെല്ലാവർക്കും അറിയാവുന്ന കാര്യമാണ്.

തൊഴിലാളിക്ക് പെൻഷനും അപകടമുണ്ടായാൽ സാമ്പത്തിക സഹായവും ചികിത്സാ സഹായവും നൽകുന്നുണ്ട്. അംഗങ്ങളുടെ കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യവും ഓണത്തിനുള്ള ആനുകൂല്യങ്ങളുമുൾപ്പെടെ നിരവധി ആനുകൂല്യങ്ങൾ നൽകുന്നതിനുവേണ്ടി കഴിഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ ഉന്നയിക്കപ്പെട്ട വിഷയങ്ങളൊക്കെത്തന്നെ ബന്ധപ്പെട്ട ക്ഷേമനിധി ബോർഡുകളിൽ ചർച്ച ചെയ്യുന്ന അവസരത്തിൽ തീർച്ചയായും ചർച്ച ചെയ്യാം. ഭേദഗതിയുമായി ബന്ധപ്പെട്ട് അംഗങ്ങൾ പറഞ്ഞിട്ടുള്ള കാര്യങ്ങൾ സബ്ജക്ട് കമ്മിറ്റി കൂടുമ്പോൾ ചർച്ചചെയ്ത് സഭയിൽ കൊണ്ടുവരുമ്പോൾ പരിശോധിക്കാം. എല്ലാവർക്കും ഒരേ ക്ഷേമനിധിയിൽ ചേരുന്നതിനു കഴിയില്ല. അംഗങ്ങൾ ചില അഭിപ്രായങ്ങൾ ഇവിടെ പ്രകടിപ്പിച്ചു. ഏതെല്ലാം വിഭാഗത്തിൽപ്പെട്ടവർക്കാണ് ഓരോ ക്ഷേമനിധിയിലും ചേരാൻ കഴിയുക എന്നതിനെ സംബന്ധിച്ച് കൃത്യമായി

ക്ഷേമനിധിയുടെ നിയമത്തിൽ പറയുന്നുണ്ട്. അതനുസരിച്ചുള്ള ആളുകൾക്ക് മാത്രമേ അതിൽ ചേരുന്നതിന് കഴിയൂ. എന്നാൽ നമ്മുടെ എല്ലാ ക്ഷേമനിധിയിലും പ്രധാനപ്പെട്ട എല്ലാ ട്രേഡ് യൂണിയനുകളുടെയും നേതാക്കളും മെമ്പർമാരാണ്. ആ ക്ഷേമനിധിയിൽ പൊതുവായി എടുക്കുന്ന തീരുമാനങ്ങളൊക്കെതന്നെ എല്ലാ തൊഴിലാളി സംഘടനകളും യോജിച്ച് എടുക്കുന്ന തീരുമാനങ്ങളാണ്. അതാകട്ടെ തൊഴിലാളികളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള തീരുമാനങ്ങൾ മാത്രമാണ്. എം.എൽ.എ.-മാരായതുകൊണ്ട് നമ്മൾ മാത്രമാണ് തൊഴിലാളികളുടെ താല്പര്യങ്ങൾ സംരക്ഷിക്കാൻവേണ്ടി നിൽക്കുന്നവർ എന്നുള്ള നിലയിൽ ചിന്തിക്കേണ്ട കാര്യമില്ലല്ലോ; ക്ഷേമനിധി ബോർഡിൽ പങ്കെടുക്കുന്ന CITU, INTUC, AITUC തുടങ്ങിയ എല്ലാ ട്രേഡ് യൂണിയനുകളുടെയും ലീഡർമാരുണ്ട്. അവരെല്ലാം നമ്മുടെ തൊഴിലാളി സമൂഹത്തിന്റെ, തൊഴിലാളി വർഗ്ഗത്തിന്റെ, ഇതിലെ അംഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ടിയുള്ളവരാണ്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ഇവിടെ ഒരു ചോദ്യം ചോദിച്ചിരുന്നു. 850 കോടി രൂപയാണ് കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ കുടിശ്ശിക

പിരിച്ചെടുക്കാനുള്ളത്. ആ 850 കോടി രൂപ പിരിച്ചെടുക്കുന്ന കാര്യത്തിൽ നമ്മുടെ തൊഴിലാളി സംഘടനകളെല്ലാം ഒറ്റക്കെട്ടായി നിൽക്കുകയാണ്. പിടിക്കുന്ന കൊടിയുടെയൊന്നും വ്യത്യാസമില്ലാതെ ഒറ്റക്കെട്ടായി നിന്നുകൊണ്ട് ഈ കാര്യങ്ങൾ ചെയ്യുകയാണ്. മാത്രമല്ല തൊഴിലാളികളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി കേരളത്തിലെ ഗവൺമെന്റ് മുന്തിയ പ്രാധാന്യം കൊടുക്കുന്നുമുണ്ട്.

ഇന്ത്യയിലെ ഒരു സംസ്ഥാനങ്ങളിലും ഇത്തരം ക്ഷേമനിധികൾ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല എന്നതുകൊണ്ടുതന്നെ അവിടെയുള്ള തൊഴിലാളികൾക്ക് ഈ 18 മാസക്കാലത്തെ കോവിഡ് കാലഘട്ടത്തിൽ ആനുകൂല്യങ്ങളൊന്നും ക്ഷേമനിധി ബോർഡിൽനിന്നും കിട്ടിയിട്ടില്ല. കേരളത്തിൽ പതിനാറോളം വരുന്ന ക്ഷേമനിധി ബോർഡിൽനിന്നുള്ള ആനുകൂല്യങ്ങൾ, സംസ്ഥാന ഗവൺമെന്റിന്റെ പ്രത്യേക ആനുകൂല്യങ്ങൾ എന്നിവയൊക്കെത്തന്നെ ഈ തൊഴിലാളികൾക്ക് കൊടുക്കുന്നതിനുവേണ്ടി തയ്യാറായിട്ടുണ്ടെന്ന കാര്യം നാം കാണേണ്ടതായിട്ടുണ്ട്. തൊഴിലാളികളുടെ ക്ഷേമനടപടികൾ നടപ്പാക്കുന്ന കാര്യത്തിൽ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽനിന്നും ഏറെ മുന്നിലാണ് കേരളമെന്നുള്ള കാര്യത്തിൽ

യാതൊരു സംശയവുമില്ല. സംസ്ഥാനത്തെ വിവിധ തൊഴിലാളി ക്ഷേമ പദ്ധതികളിലായി 80 ലക്ഷത്തോളം വരുന്ന തൊഴിലാളികൾ അംഗങ്ങളാണ്. ഈ ക്ഷേമപദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഇന്ന് പരിഗണിക്കപ്പെട്ട നാല് നിയമ ഭേദഗതികൾ ബഹുമാനപ്പെട്ട അംഗങ്ങളുടെ മുമ്പാകെ അവതരിപ്പിച്ചത്. സംസ്ഥാനത്തെ തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ പ്രതിജ്ഞാബദ്ധമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി. കേരളത്തിന്റെ അവസ്ഥയിൽനിന്നും തികച്ചും ഭിന്നമായ അവസ്ഥയാണ് മറ്റു സംസ്ഥാനങ്ങളിൽ നിലനിൽക്കുന്നത്. രാജ്യത്താകെ 56 കോടിയോളം തൊഴിൽ ചെയ്യുന്നവർ വരുമെന്നുള്ള കാര്യം ഞാനിവിടെ സൂചിപ്പിക്കുകയാണ്. ഇവരിൽ 25 കോടി കർഷകത്തൊഴിലാളികളും 31 കോടി കാർഷികേതര തൊഴിലുകൾ ചെയ്യുന്നവരുമാണ്. 31 കോടി സ്ഥിരം ജോലിയുള്ളവരാണെങ്കിൽ കേന്ദ്ര-സംസ്ഥാന സർവ്വീസുകളിലുൾപ്പെടെ 5 കോടിയോളംപേർ വരും. ബാക്കിയുള്ള 26 കോടി തൊഴിലാളികൾ അസംഘടിത പരമ്പരാഗത തൊഴിൽ ചെയ്യുന്നവരും സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുമാണ്.

ഇന്ത്യയിലെ അസംഘടിത മേഖല രാഷ്ട്രത്തിന്റെ ജി.ഡി.പി.-യിൽ 50 ശതമാനം സംഭാവന ചെയ്യുന്നുവെന്ന് നാം അറിയേണ്ടതായിട്ടുണ്ട്. അന്തർസംസ്ഥാന കുടിയേറ്റ തൊഴിലാളികൾ ഏകദേശം 10 കോടിയോളം വരും. ഇവർ ജി.ഡി.പി.-യുടെ 6 ശതമാനം സംഭാവന ചെയ്യുകയാണ്. അസംഘടിത മേഖലാ തൊഴിലാളികൾക്ക് തുച്ഛമായ വേതനമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. തൊഴിൽ നിയമങ്ങളിലെ വിവിധ ഷെഡ്യൂളുകളിലുൾപ്പെടുന്ന തൊഴിലാളികൾക്കു മാത്രമേ മിനിമം വേതനം ബാധകമാകൂ. മഹാഭൂരിപക്ഷം വരുന്ന മറ്റു തൊഴിലാളികൾക്ക് ലഭിക്കുന്നത് തുച്ഛമായ വേതനം മാത്രമാണ്. അസംഘടിത മേഖലയിലെ തൊഴിലാളികൾ നിർമ്മാണം, വാണിജ്യം, വ്യാപാരം, മോട്ടോർ, വഴിയോരക്കച്ചവടം, മത്സ്യത്തൊഴിലാളികൾ, അങ്കണവാടി, ആശാ വർക്കർ, സ്കൂൾ, പാചകം, ഉച്ചഭക്ഷണ പദ്ധതി തൊഴിലാളികൾ, സ്വയം തൊഴിൽ ചെയ്യുന്നവർ, വീട്ടുജോലിക്കാർ, വീട് കേന്ദ്രമാക്കി തൊഴിൽ ചെയ്യുന്നവർ എന്നിവർക്കൊന്നും കേരളത്തെപ്പോലെ സാമൂഹ്യക്ഷേമ പദ്ധതിയും സംരക്ഷണവും ഇന്ത്യയിലെ മറ്റൊരു സംസ്ഥാനങ്ങളിലുമില്ല എന്നുള്ള കാര്യം നാം അറിഞ്ഞിരിക്കേണ്ടതായിട്ടുണ്ട്. പ്രോവിഡന്റ് ഫണ്ട്, ഇ.എസ്.ഐ.

എന്നീ സാമൂഹ്യക്ഷേമ പദ്ധതികൾ സംഘടിത മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്കു മാത്രമേ ബാധകമാകൂ; മഹാഭൂരിപക്ഷം വരുന്ന അസംഘടിത പരമ്പരാഗത മേഖലാ തൊഴിലാളികൾക്കിത് ബാധകമല്ല.

കുടിയേറ്റ തൊഴിലാളികളുടെ തൊഴിൽ സുരക്ഷയെ മുൻനിർത്തി ഇന്റർസ്റ്റേറ്റ് മൈഗ്രന്റ് ലേബേഴ്സ് സുരക്ഷ എന്നൊരു നിയമം പാർലമെന്റ് പാസ്സാക്കിയിരുന്നു. തൊഴിലാളി സംഘടനകളുടെ ശക്തമായ എതിർപ്പിനെ മാനിക്കാതെ പ്രസ്തുത നിയമം ലേബർ കോഡിൽ ലയിപ്പിക്കുകയാണുണ്ടായത്. കുടിയേറ്റ തൊഴിലാളികൾ അഥവാ അതിഥി തൊഴിലാളികളുടെ ക്ഷേമത്തിനായി മാതൃകാപരമായ ചില പദ്ധതികൾ കേരളം നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തും ഇത്തരം നിയമങ്ങൾ നിലവിലില്ല. കോവിഡ് -19 മഹാമാരി പടർന്നുപിടിച്ച കാലത്ത് ദേശീയതലത്തിൽ ലോക്ക്ഡൗൺ ഏർപ്പെടുത്തിയപ്പോൾ അതിഥി തൊഴിലാളികൾക്ക് താമസവും ഭക്ഷണവും കേരള സർക്കാർ ഉറപ്പുവരുത്തിയെന്ന് അഭിമാനത്തോടുകൂടി നമുക്ക് പറയാൻ കഴിയുമെന്നുള്ള കാര്യം ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്. ട്രെയിൻ സർവ്വീസ് ആരംഭിച്ചതിനുശേഷം സുരക്ഷിത യാത്രയ്ക്കും സർക്കാർ നടപടി

സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നിലവിലുള്ള തൊഴിൽക്ഷേമപദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി സമാനസ്വഭാവമുള്ളവ കൂട്ടിച്ചേർക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്തതാണ് ഈ തീരുമാനമെടുത്തിട്ടുള്ളത്. ആ നടപടി പൂർത്തീകരിച്ചാൽ ക്ഷേമപദ്ധതികളുടെ കൂടുതൽ ആനുകൂല്യം തൊഴിലാളികൾക്ക് നൽകാനാകും. എന്നുമാത്രമല്ല, രണ്ടാം പിണറായി ഗവൺമെന്റ് വന്നതിനുശേഷം മൂന്നുപ്രാവശ്യം തൊഴിലാളി സംഘടനകളുടെ യോഗം ചേർന്നു. ബി.എം.എസ് അടക്കമുള്ള ഒരു ഡസനോളം വരുന്ന തൊഴിലാളിസംഘടനകളുമായി ആശയവിനിമയം നടത്തുന്നതിന് തയ്യാറായി. സർക്കാരിനെ സംബന്ധിച്ചിടത്തോളം തൊഴിലാളി സംഘടനകളെ, ഏത് കൊടിപിടിക്കുന്ന സംഘടനയായിരുന്നാലും, ആ തൊഴിലാളി സംഘടനയെ പരിപൂർണ്ണമായി വിശ്വസിച്ചുകൊണ്ടുള്ള പ്രവർത്തനവുമായിട്ടാണ് മുന്നോട്ടുപോകുന്നത്.

സംസ്ഥാനത്ത് മിനിമം വേതനം ആക്ടിന്റെ ഷെഡ്യൂളിൽപ്പെട്ട 87-ഓളം വരുന്ന തൊഴിൽ മേഖലകളിലാണ് മിനിമം വേതനം നടപ്പിലാക്കുന്നത്. മിനിമം വേതന നിയമപ്രകാരം വേതനം കാലോചിതമായി

പുതുക്കേണ്ടതായിട്ടുണ്ട്. തൊഴിലുടമ, തൊഴിലാളി, സർക്കാർ പ്രതിനിധികൾ അടങ്ങുന്ന മിനിമം വേജസ് അഡ്വൈസറി ബോർഡ് കാര്യക്ഷമമായി പ്രവത്തിച്ചുവരികയാണ്. ഇൻഡ്യയിൽ കൊളോണിയൽ കാലം മുതൽ തൊഴിൽ നിയമങ്ങൾ ഉണ്ടാക്കുവാൻ തുടങ്ങിയിരുന്നു. ട്രേഡ് യൂണിയൻ ആക്ട്, ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്ട് എന്നിവ സ്വാതന്ത്ര്യത്തിന് മുൻപ് രൂപം കൊണ്ടതാണ്. ഡോ. ബി. ആർ. അംബേദ്കർ ആയിരുന്നു ആദ്യത്തെ തൊഴിൽ നിയമങ്ങളുടെ ഉപജ്ഞാതാവ്. അക്കാലത്തെ തൊഴിൽ നിയമങ്ങളുടെ ലക്ഷ്യം തൊഴിൽബന്ധങ്ങൾ ക്രമീകരിക്കുക എന്നതായിരുന്നു. തൊഴിൽ മേഖലയിൽ തൊഴിലാളികളും തൊഴിലുടമയും തമ്മിലുണ്ടാകുന്ന തർക്കങ്ങൾ സർക്കാർ നിഷ്പക്ഷം എന്നതായിരുന്നു അക്കാലത്തെ നിലപാട്. തൊഴിൽത്തർക്കങ്ങൾ ഉണ്ടായാൽ ത്രികക്ഷി സംവിധാനമുണ്ടാക്കി പരിഹാരം കാണാൻ നിയമങ്ങൾ വ്യവസ്ഥ ചെയ്തു. തൊഴിലാളി സംഘടനകൾക്ക് അക്കാലത്ത് നിയമപരിരക്ഷ നൽകി. 1926-ലെ ട്രേഡ് യൂണിയൻ നിയമത്തിലെ വ്യവസ്ഥതന്നെ അതായിരുന്നു. 1948-ലെ ഫാക്ടറീസ് ആക്ട്, വ്യവസായ സ്ഥാപനങ്ങളുടെ ജോലി, സമയം, സുരക്ഷ തുടങ്ങിയവ വ്യവസ്ഥ ചെയ്യുകയാണ്. 1948-ലെ മിനിമം വേതന നിയമം

തൊഴിലാളികൾക്ക് മിനിമം കൂലി ഉറപ്പുനൽകിയിരുന്നു. സ്ത്രീ തൊഴിലാളികൾക്ക് പ്രസവസുരക്ഷാ ആനുകൂല്യങ്ങൾ വ്യവസ്ഥ ചെയ്യുന്ന മെറ്റേണിറ്റി ബെനഫിറ്റ് ആക്ട്, തൊഴിലാളികൾ വിരമിച്ചശേഷവും അവർക്ക് സുരക്ഷ നൽകുന്ന പ്രോവിഡന്റ് ഫണ്ട് നിയമം എന്നിവ ചരിത്രപ്രാധാന്യം അർഹിക്കുന്ന നിയമങ്ങളാണ്. ഐ.എൽ.ഒ-യുടെ സ്ഥാപക അംഗം എന്ന നിലയിൽ ഐ.എൽ.ഒ അംഗീകരിക്കുന്ന പ്രമേയങ്ങൾ, നിർദ്ദേശങ്ങൾ തുടങ്ങിയവ രാജ്യത്തെ തൊഴിൽനിയമങ്ങൾക്ക് അടിസ്ഥാനമാക്കി അക്കാലത്ത് കണക്കാക്കപ്പെട്ടിരുന്നു. തൊഴിലാളികൾക്ക് ശമ്പളം നൽകുന്നതുസംബന്ധിച്ച് പേമെന്റ് ഓഫ് വേജസ് ആക്ട് തൊഴിലാളികൾക്ക് വലിയ സുരക്ഷ നൽകിയ നിയമമാണ്. ഫാക്ടറികളിലെ തൊഴിലാളികളുടെ സേവന വ്യവസ്ഥകൾ ക്രമീകരിക്കുന്ന ഇൻഡസ്ട്രിയൽ എംപ്ലോയിമെന്റ് (സ്റ്റാൻഡിംഗ് ഓർഡേഴ്സ്) ആക്ട് വളരെ പ്രധാനപ്പെട്ട നിയമമായിരുന്നു.

വ്യവസായമേഖലയിൽ ചൂഷണത്തിന് വിധേയമാകുന്ന തൊഴിലാളികൾക്ക് പരിമിതമായ തൊഴിലെങ്കിലും സംരക്ഷണം നൽകിയിരുന്ന സ്വതന്ത്ര ഭാരതത്തിലെ ആദ്യകാല തൊഴിൽ നിയമങ്ങളുടെ ലക്ഷ്യം..... ഇൻഡ്യൻ ഭരണഘടന ഉറപ്പുനൽകിയ സമത്വം, സാമൂഹ്യസുരക്ഷ

തുടങ്ങിയ തത്വങ്ങളും ഇൻഡ്യൻ തൊഴിൽ നിയമങ്ങളെ സ്വാധീനിച്ചിരുന്നു. സ്വാതന്ത്ര്യാനന്തര ഇൻഡ്യയിൽ ഇൻഡ്യൻ ലേബർ കോൺഫറൻസ് (ഐ.എൽ.സി) എന്ന ത്രികക്ഷി സമിതി കാര്യക്ഷമമായി പ്രവർത്തിച്ചിരുന്നു. ഭാരതസർക്കാർ നിയോഗിച്ച ഒന്നാം ദേശീയ ലേബർ കമ്മീഷൻ ജസ്റ്റിസ് ഗജേന്ദ്ര ഗാഡ്കറുടെ അദ്ധ്യക്ഷതയിലായിരുന്നു. പ്രസ്തുത കമ്മീഷൻ നിലവിലുള്ള തൊഴിൽ നിയമങ്ങൾ പരിഷ്കരിക്കാനും പുതിയ നിയമങ്ങളുണ്ടാക്കാനും ശിപാർശ ചെയ്തു. തൊഴിൽ നിയമങ്ങൾ തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്താനും അവരുടെ മനുഷ്യാവകാശം സംരക്ഷിക്കാനുമുള്ളതാണ് എന്ന തത്വം അക്കാലത്തെ നീതിന്യായ വ്യവസ്ഥകൾ അംഗീകരിച്ചിരുന്നു. തൊഴിൽ എന്ന വിഷയം ഭരണഘടനയുടെ കൺകറന്റ് ലിസ്റ്റിൽപ്പെട്ടതാണ്. എന്നാൽ ഇന്നത്തെ കേന്ദ്രസർക്കാർ ഭരണഘടനയുടെ ഫെഡറൽ തത്വത്തെ മാനിക്കാതെയാണ് പല നിയമങ്ങളും ഉണ്ടാക്കുന്നത്. പാർലമെന്റ് പാസ്സാക്കിയ നാല് ലേബർ കോഡുകൾ അത്തരത്തിലുള്ളതാണ്. നേരത്തെ തൊഴിലാളികളുടെ ക്ഷേമവും അവകാശവും സംരക്ഷണവും ഉറപ്പുവരുത്താനാണ് തൊഴിൽ നിയമങ്ങൾ രൂപംകൊണ്ടതെങ്കിൽ നവഉദാരവത്കരണ നിയമങ്ങൾ

നടപ്പിലാക്കിയശേഷം സ്ഥിതിമാറി. ഇപ്പോൾ 'Ease of doing business' എന്ന നയത്തെ അടിസ്ഥാനപ്പെടുത്തിയാണ് തൊഴിൽ നിയമങ്ങൾ ഉണ്ടാക്കിയിരിക്കുന്നത്. മൂലധനനിക്ഷേപം മാത്രം ലക്ഷ്യമാക്കിയുള്ളതാണ് നിയമം. സംഘടിത വ്യവസായങ്ങളിൽ hire and fire വ്യവസ്ഥ അംഗീകരിച്ചുകൊടുത്തിരിക്കുകയാണ്. ഇതിന്റെ ഫലമായി വ്യവസായങ്ങളിൽ സ്ഥിരം സ്വഭാവമുള്ള ജോലികളും കരാറടിസ്ഥാനത്തിലാക്കിയിരിക്കുകയാണ്. പുറംകരാർ ജോലികളും വ്യാപകമായി. മുതലാളിമാരുടെ ലാഭം വർദ്ധിപ്പിക്കുകയെന്നതല്ലാതെ തൊഴിലാളികൾക്ക് ന്യായമായ വേതനമോ സാമൂഹ്യസുരക്ഷയോ ഉറപ്പുവരുത്തുകയെന്നത് നിയമങ്ങളുടെ ലക്ഷ്യമല്ലാതായി. ഈ പശ്ചാത്തലത്തിലാണ് 29 തൊഴിൽ നിയമങ്ങൾ ക്രോഡീകരിച്ച് നാല് ലേബർ കോഡുകൾക്ക് രൂപം നൽകിയത്. ലേബർ കോഡുകൾ പരിശോധിച്ച് പാർലമെന്റ് സ്റ്റാൻഡിംഗ് കമ്മിറ്റി മുമ്പാകെ കേരള സർക്കാർ കുറേ നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നു. സ്റ്റാൻഡിംഗ് കമ്മിറ്റി റിപ്പോർട്ടിൽ അവയിൽ ചിലത് ഉൾപ്പെടുത്തുകയും ചെയ്തു. എന്നാൽ സ്റ്റാൻഡിംഗ് കമ്മിറ്റി ശിപാർശകൾ ഒന്നും കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടില്ല. പാർലമെന്ററി

മര്യാദകൾ പോലും പാലിക്കാതെയാണ് കോഡുകൾ പാസ്സാക്കിയത്.

പാർലമെന്റ് പാസ്സാക്കിയ നാല് ലേബർ കോഡുകളും തൊഴിലാളികളുടെ താല്പര്യങ്ങൾ തകർക്കുന്നതാണ്. രാജ്യത്തിന്റെ ഭൂരിപക്ഷം തൊഴിലാളി സംഘടനകളും ലേബർ കോഡുകൾക്കെതിരെ പ്രക്ഷോഭത്തിലാണ്. ഈ കോഡുകൾക്ക് സംസ്ഥാനത്ത് ചട്ടങ്ങൾ തയ്യാറാക്കുമ്പോൾ തീർച്ചയായും തൊഴിലാളികളുടെ താല്പര്യം പരമാവധി സംരക്ഷിക്കുവാൻ ഇടതുപക്ഷജനാധിപത്യ മുന്നണി സർക്കാർ ശ്രമിക്കുമെന്നുള്ള കാര്യം ഈ സഭയെ ഞാൻ അറിയിക്കുകയാണ്. സംസ്ഥാനത്തെ തൊഴിലുടമ, തൊഴിലാളി സംഘടനകൾ എന്നിവരുമായും സർക്കാർ ചർച്ച നടത്തും. ഐ.എൽ.ഒ-യുടെ നേതൃത്വത്തിൽ ചേരാറുള്ള ഇന്റർനാഷണൽ ലേബർ കൺവൻഷൻ (ഐ.എൽ.സി) അംഗീകരിച്ച 87-98 കൺവെൻഷനുകൾ അഥവാ പ്രമാണങ്ങൾ തൊഴിലാളികൾക്ക് സംഘടന രൂപീകരിക്കുവാനും കൂട്ടായി വിലപേശൽ നടത്താനുമുള്ള അവകാശം പ്രഖ്യാപിക്കുന്നതാണ്. ഐ.എൽ.ഒ-യുടെ സ്ഥാപക അംഗം എന്നുള്ള നിലയിൽ ഈ രണ്ട് പ്രമാണങ്ങളും അംഗീകരിക്കുവാൻ ഇൻഡ്യ ബാധ്യസ്ഥമാണ്. ദേശീയ അടിസ്ഥാനത്തിലുള്ള ഒരു സ്ഥിതിവിശേഷം

ഇവിടെ ഉണ്ടെന്നുള്ള കാര്യം ഞാൻ സൂചിപ്പിക്കുകയാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം തൊഴിലാളിക്ഷേമം ഉറപ്പുവരുത്തുക എന്നുള്ളതാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ നിലപാട്. ഇവിടെ ഇപ്പോൾ പുതിയ കേന്ദ്രനിയമമനുസരിച്ച് തൊഴിലാളികൾക്ക് സംഘടന രൂപീകരിക്കാൻപോലും പ്രയാസം നേരിടുന്ന ഒരു പുതിയ അവസ്ഥ നിലനിൽക്കുകയാണ്. ഇതെല്ലാം സൂചിപ്പിക്കുന്നത് കേന്ദ്രഗവൺമെന്റ് അദ്ധ്വാനിക്കുന്ന വർഗ്ഗത്തെ അവഗണിക്കുന്ന ഒരു നിലപാട് സ്വീകരിച്ചുകൊണ്ടിരിക്കുകയാണ് എന്നാണ്. രാജ്യത്തെ സാമ്പത്തിക അസമത്വം വർദ്ധിക്കുകയാണ്. സമ്പന്നവർഗ്ഗങ്ങൾ കൂടുതൽ സമ്പന്നമായിക്കൊണ്ടിരിക്കുകയാണ്. പുതിയ ലേബർ കോഡുകൾ, കോഡ് ഓൺ വേജസ്, മിനിമം വേതന തത്വം വികൃതമാക്കിയിരിക്കുകയാണ്. ഈയൊരു സാഹചര്യത്തിലാണ് നാം മനസ്സിലാക്കേണ്ടത്, അങ്കണവാടി, ആശ, സ്കൂൾ ഉച്ചഭക്ഷണ തൊഴിലാളികൾ, തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾ എന്നിവരെയെല്ലാം 'തൊഴിലാളി' എന്ന നിർവ്വചനത്തിൽ പെടുത്തിയിട്ടില്ല. ഇവരെയെല്ലാം വോളണ്ടിയേഴ്സ് മാത്രമായിട്ടാണ് കണക്കാക്കിയിരിക്കുന്നത്. രാജ്യത്ത് നിലവിൽ 25 കോടിയോളം വരുന്ന

കർഷകത്തൊഴിലാളികൾക്ക് ഒരു തൊഴിൽ നിയമം പോലും ബാധകമല്ല. ഈയൊരു സാഹചര്യത്തിലാണ് കേരളത്തിൽ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലുള്ള കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ എന്നിവ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഇതിൽ ഭേദഗതി ഞാൻ നേരത്തെ അവതരിപ്പിച്ചു; സമയക്കുറവുമൂലം ഇനി ആവർത്തിക്കണമെന്ന് ആഗ്രഹിക്കുന്നില്ല. സബ്ജക്ട് കമ്മിറ്റി ചർച്ച ചെയ്ത് വരുന്ന അവസരത്തിൽ കൂടുതൽ ഭേദഗതിയെ സംബന്ധിച്ചിടത്തോളം ചർച്ച ചെയ്യാമെന്നുള്ള കാര്യം ഞാൻ സൂചിപ്പിക്കുകയാണ്. ഇവിടെ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, ഈയൊരു ദേശീയ സാഹചര്യത്തിലാണ് കേരളത്തിലെ തൊഴിലാളി സംഘടനകളെയും തൊഴിലാളികളെയും സംരക്ഷിക്കുന്നതിനുവേണ്ടി കേരളത്തിലെ ഇടതുപക്ഷജനാധിപത്യ ഗവൺമെന്റ് എടുക്കുന്ന സമീപനത്തെ നാം വിലയിരുത്തേണ്ടത്. അതിന്റെ അടിസ്ഥാനത്തിലാണ് ഈ നാല് ക്ഷേമനിധി ബോർഡുകളിലെയും തൊഴിലാളികൾക്ക് കൂടുതൽ ക്ഷേമങ്ങൾ ചെയ്ത് കൊടുക്കുന്നതിനുവേണ്ടി,

കൂടുതൽ ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കുന്നതിനുവേണ്ടി ചെറിയതോതിലുള്ള അംശദായ വർദ്ധനവിനെ സംബന്ധിച്ചിടത്തോളമുള്ള നിർദ്ദേശം ഈ സഭ മുമ്പാകെ അവതരിപ്പിച്ചിട്ടുള്ളത്. ഈ ബില്ലുകൾ സബ്ജക്ട് കമ്മിറ്റിക്ക് വിടണമെന്ന പ്രമേയം ഐകകണ്ഠ്യേന അംഗീകരിച്ചുതരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കേരളത്തിന്റെ മികവിനായുള്ള വിദ്യാഭ്യാസം സാക്ഷാൽകരിക്കുന്നതിനുവേണ്ടി ഒരു വിദഗ്ദ്ധ സമിതിയെ സർക്കാർ നിയമിച്ചുണ്ടായിരുന്നു. ഡോ. എം. എ. ഖാദർ ചെയർമാനും ജ്യോതി ചൂഡൻ, ഡോ. സി. രാമകൃഷ്ണൻ എന്നിവർ അംഗങ്ങളായ ഒരു കമ്മിറ്റിയെയാണ് നിയോഗിച്ചിട്ടുള്ളത്. ഖാദർ കമ്മിറ്റി റിപ്പോർട്ട് സംസ്ഥാന ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ളതാണ്. അതിൽ ഒന്നാം ഘട്ടം റിപ്പോർട്ടാണ് വന്നിട്ടുള്ളത്. ആ റിപ്പോർട്ടിൽ അക്കാഡമിക്കായ കാര്യങ്ങളൊന്നുമില്ലെന്ന് ബഹുമാനപ്പെട്ട ചില മെമ്പർമാർ ഇവിടെ സൂചിപ്പിച്ചു. അത് ശരിയല്ല. കേരളീയ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം എങ്ങനെ വേണം, കേരളാ വിദ്യാഭ്യാസത്തിന്റെ ഇന്നലെകൾ എങ്ങനെയായിരുന്നു, ഇന്നത്തെ അവസ്ഥാവിശകലനം നാളെയുടെ വിദ്യാഭ്യാസം, പ്രീ സ്കൂളിനെ സംബന്ധിച്ച്, സ്കൂൾ പ്രവേശന പ്രായം, സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഘട്ടങ്ങൾ, ഘടനയും

ഭരണനിർവ്വഹണവും, നിയന്ത്രണവും മോണിറ്ററിംഗും, വിദ്യാഭ്യാസ വകുപ്പിലെ വിവിധ ഏജൻസികൾ, അദ്ധ്യാപക യോഗ്യത, അദ്ധ്യാപക പരിശീലനം തുടങ്ങിയ കാര്യങ്ങൾ ഖാദർ കമ്മീഷൻ റിപ്പോർട്ടിൽ വളരെ വിശദമായി പറഞ്ഞിട്ടുണ്ട്. അതിന്റെ ഒന്നാം ഘട്ടം എന്നുള്ള നിലയിലാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഭേദഗതികൾ. "വിദ്യാഭ്യാസ വകുപ്പ്" എന്നീ വാക്കുകൾക്കുപകരം "പൊതു വിദ്യാഭ്യാസ വകുപ്പ്" എന്നീ വാക്കുകളും "ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ" എന്നീ വാക്കുകൾക്കുപകരം "പൊതു വിദ്യാഭ്യാസ ഡയറക്ടർ" എന്നീ വാക്കുകളും "ഹെഡ്മാസ്റ്റർ" എന്ന വാക്കിനുപകരം "ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ്/വൈസ്-പ്രിൻസിപ്പൽ" എന്നീ വാക്കുകളും ചേർക്കണമെന്നതാണ് നിർദ്ദേശം. 10 മുതൽ 12-ാം ക്ലാസ് വരെ ഒരു കുടക്കീഴിൽ കൊണ്ടുവരികയെന്നതാണ് ഇതിന്റെ ലക്ഷ്യം. ഒരു വിദ്യാഭ്യാസ സ്ഥാപനത്തിൽ രണ്ടുമൂന്ന് അധികാരികൾ ഉണ്ടാകുമ്പോൾ അസൗകര്യങ്ങളുണ്ടാകുന്നുണ്ട്. ദേശീയാടിസ്ഥാനത്തിലുള്ള വിദ്യാഭ്യാസത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. ബഹുമാനപ്പെട്ട പ്രധാനമന്ത്രി, നരേന്ദ്ര മോഡിയുടെ നേതൃത്വത്തിൽ നാഷണൽ എഡ്യൂക്കേഷൻ പോളിസി തയ്യാറാക്കിയിട്ടുണ്ട്. അത് നമ്മുടെ സംസ്ഥാനത്തിനും നൽകിയിട്ടുണ്ട്. ആ

നാഷണൽ എഡ്യൂക്കേഷൻ പോളിസിയെ സംബന്ധിച്ച് കേരള ഗവൺമെന്റ് ചർച്ച ചെയ്യേണ്ടതായിട്ടുണ്ട്. കേരളം വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ വളരെയധികം മുന്നോട്ടാണ് പോയിക്കൊണ്ടിരിക്കുന്നത്. കേരളത്തിന്റെ സാഹചര്യമനുസരിച്ച് അത് എങ്ങനെ നടപ്പിലാക്കണമെന്ന് പരിശോധിക്കേണ്ടതുണ്ട്. അതോടൊപ്പം തന്നെ ഒരു ഫെഡറൽ രാജ്യത്ത് ജീവിക്കുന്നവരാണെന്ന നിലയിൽ, ഇൻഡ്യയുടെ ഭാഗമായ സംസ്ഥാനമെന്ന നിലയിൽ ദേശീയ വിദ്യാഭ്യാസത്തിലും നമുക്ക് പ്രധാനപ്പെട്ട ഒരു പങ്കുണ്ട്. ദേശീയ വിദ്യാഭ്യാസം ഉപേക്ഷിച്ചുകൊണ്ട് നമുക്ക് മാത്രമായി ഒരു സ്വതന്ത്ര വിദ്യാഭ്യാസം നടപ്പിലാക്കുന്ന കാര്യം പ്രയാസമാണ്. അതെല്ലാം പരിഗണിച്ചുകൊണ്ട് നമുക്കത് എങ്ങനെ സ്വീകരിക്കാമെന്ന് നോക്കേണ്ടതുണ്ട്. ഒരു വിദ്യാലയത്തിൽ ഒരു അധികാരി എന്നാണ് ഖാദർ കമ്മിറ്റി റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്നത്. അതാണ് ഭേദഗതിയായി അവതരിപ്പിച്ചിരിക്കുന്നത്.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, ഖാദർ കമ്മിറ്റി ഒന്നാം ഘട്ട റിപ്പോർട്ടാണ് വന്നിട്ടുള്ളത് ബഹുമാനപ്പെട്ട മന്ത്രിതന്നെ സമ്മതിച്ച വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ്. രണ്ടാംഘട്ട റിപ്പോർട്ട് വന്നിട്ടില്ല. അപൂർണ്ണമായ ഒരു

റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വളരെ പ്രധാനപ്പെട്ട നയതീരുമാനമെടുത്ത് ഹയർ സെക്കണ്ടറിയെയും സെക്കണ്ടറിയെയും യോജിപ്പിക്കുന്ന തീരുമാനം എടുക്കുന്നത് ശരിയാണോ എന്നതാണ് ആദ്യത്തെ കാര്യം. ഇത് സെൻട്രലൈസേഷനാണ്, കമ്മേഴ്ഷ്യലൈസേഷനാണ്, കമ്മ്യൂണലൈസേഷനാണ് എന്നാണ് നാഷണൽ എഡ്യൂക്കേഷൻ പോളിസിയെക്കുറിച്ച് ബഹുമാനപ്പെട്ട സീതാറാം യെച്ചൂരി പറഞ്ഞത്. അതിൽ ആദ്യം പറഞ്ഞ പോയിന്റ് സെൻട്രലൈസേഷനാണ്. സെൻട്രലൈസേഷൻ പോയിന്റിലേക്ക് ദേശീയ വിദ്യാഭ്യാസ നയം മാത്രമല്ല ഖാദർ കമ്മീഷൻ റിപ്പോർട്ടിലൂടെ നിങ്ങളും അതിലേയ്ക്ക് എത്തി എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഇത് രണ്ടും ഗൗരവതരമായ അടയാളങ്ങളാണ്. അപൂർണ്ണമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വലിയ മാറ്റം കൊണ്ടുവരുന്ന രീതി ശരിയല്ല.

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, അങ്ങ് ഖാദർ കമ്മിറ്റി റിപ്പോർട്ട് വായിച്ചില്ലെന്ന് ഞാൻ പറയുന്നില്ല. ഒരിക്കലും ഞാനത് പറയുകയില്ല, അങ്ങ് അത് വായിച്ചിട്ടുണ്ടാകും. ഇപ്പോൾ നമ്മുടെ സംസ്ഥാനത്തുള്ളതും എന്റെ കയ്യിലിരിക്കുന്നതുമായ ഒന്നാം ഘട്ട റിപ്പോർട്ട് പരിപൂർണ്ണമാണ്. ആ

റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള കാര്യമാണ് ചെയ്തിട്ടുള്ളത്. കേന്ദ്ര ന്യൂ എഡ്യൂക്കേഷൻ പോളിസിയെ സംബന്ധിച്ച് ഇന്ത്യാ രാജ്യത്ത് ഇടതുപക്ഷം ശക്തമായ നിലപാട് സ്വീകരിക്കുന്നുണ്ട്. കോൺഗ്രസ്സും ഒരു നിലപാട് സ്വീകരിക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ച ജനവിരുദ്ധമായ ദേശീയ വിദ്യാഭ്യാസ നയത്തിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തണമെന്ന് നമുക്ക് ഒരുമിച്ച് ശബ്ദമുയർത്തുന്നതിനെക്കുറിച്ച് ആലോചിക്കാം. പുതിയ വിദ്യാഭ്യാസ നയം കേരളത്തിന്റെ സാഹചര്യമനുസരിച്ച് നടപ്പിലാക്കുന്നതാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. ദേശീയ വിദ്യാഭ്യാസ നയത്തെക്കുറിച്ച് ബഹുമാനപ്പെട്ട സീതാറാം യെച്ചൂരി പറഞ്ഞ അഭിപ്രായമാണ് സി.പി.ഐ.(എം)-നും ഉള്ളത്. ഞാൻ മറ്റ് കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഇവിടെ പറഞ്ഞ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ ബില്ലുകൾ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## (i) 2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ

മി. സ്പീക്കർ: ശ്രീ. ടി. സിദ്ദിഖ്, 2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി. സിദ്ദിഖ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ആന്റണി ജോൺ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ആന്റണി ജോൺ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ഇ. കെ. വിജയൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(ii) 2021-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ

മി. സ്പീക്കർ: ശ്രീ. പി. സി. വിഷ്ണുനാഥ്, 2021-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ്, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ഡോ. എൻ. ജയരാജ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2021-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(iii) 2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ

മി. സ്പീക്കർ: ശ്രീ. എ. പി. അനിൽകുമാർ, 2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. പി. അനിൽകുമാർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത്, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(iv) <u>2021-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ</u>

<u>മി. സ്പീക്കർ</u>: ശ്രീ. നജീബ് കാന്തപുരം, 2021-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ജോയി അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(not in the seat)

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2021-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(v) 2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

മി. സ്പീക്കർ: ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), 2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ പ്രഭാകരൻ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. പ്രഭാകരൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ നിരാകരിച്ചിരിക്കുന്നു.

2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

ഓർഡർ.... ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും ഒക്ടോബർ 27-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2021 ഒക്ടോബർ 27-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 6.49-ന് പിരിഞ്ഞു.)

* * * * *